## എന്റെ കഥ



മാധവിക്കുട്ടി

"കാലം ജീനിയസ്സിന്റെ പദവിമുദ്രകൾ നൽകി അംഗീകരിച്ച മാധവിക്കുട്ടി സമകാലികമൂല്യങ്ങൾക്ക് വിപരീതമായി സ്വയം നിർമിച്ച എഴുത്തുകാരിയാണ്. *എന്റെ കഥ* ഇതിനു തെളിവാണ്. ഇന്ത്യയിൽ മറ്റൊരു എഴുത്തുകാരിയും ഇങ്ങനെയൊരു സംഭാവന ആത്മകഥയുടെ രൂപത്തിൽ സാഹിത്യത്തിനു നൽകിയിട്ടില്ല. നിരുപാധികമായ സ്വാതന്ത്ര്യത്തിന്റെ ബലിഷ്ഠ സൗന്ദര്യമാണ് ആ കൃതി. ഹിമഭൂമികളുടെ അലസമായ സമാധാനം വെറുക്കുന്ന കലാകാരിയാണ് *എന്റെ കഥ* എഴുതിയ മാധവിക്കുട്ടി. എഴുതുമ്പോൾ അവർക്ക് ഭയത്തിന്റെ അർത്ഥം അറിഞ്ഞുകൂട. വിനാശത്തിന്റെ മുന്നേറ്റംപോലെ എഴുതാൻ പോലും അവർക്ക് കഴിയുന്നു. പ്രാർത്ഥനയുടെ അടിസ്ഥാനരൂപങ്ങൾ കൈകാര്യം ചെയ്യുന്നതുപോലെ സെക്സിനെ അവർ വിശകലനം ചെയ്യുന്നു. *എന്റെ കഥ*യിൽ ആത്മകഥാപരമായ യാഥാർത്ഥ്യങ്ങൾ അവർ ആവിഷ്കരിക്കുന്നു. അതോടൊപ്പം ആത്മസുഖത്തിനുവേണ്ടി സ്വന്തം യാഥാർത്ഥ്യങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. ഈ കലാസൃഷ്ടി ഒരേസമയം ആത്മകഥയും സ്വപ്നസാഹിത്യവുമാണ്. സ്നേഹത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പുതിയ ആഖ്യാനങ്ങൾക്കുവേണ്ടിയുള്ള പരീക്ഷണംകൂടിയാണത്."

-കെ. പി. അപ്പൻ


ഡി സി ബുക്സ്

ആത്മകഥ

ISBN 81-713-0059-6

60 രൂപ

# മാധവിക്കുട്ടി



# എന്റെ കഥ

23-ാം പതിപ്പ്

dcb

Malayalam Language
**Ente Katha**
Autobiography
by **Madhavikkutty**
Rights Reserved
First Published February 1973 by Current Books
First DC Books edition August 1982
23rd edition April 2003

*Cover Design*
N. Ajayan

Printed in India
at D C Press (P) Ltd., Kottayam 686 012

*Publishers*
**D C Books**, Kottayam 686 001
Kerala State, India
website : www.dcbooks.com
e-mail : info@dcbooks.com
Online Bookstore : www.dcbookstore.com

*Distributors*
**D C Books**
Thiruvananthapuram, Kottayam, Eranakulam, Rajagiri, Cochin Airport,
Thekkady, Kozhikode, New Delhi
**Current Books**
Kottayam, Thiruvananthapuram, Kollam, Pathanamthitta, Alappuzha, Thodupuzha,
Eranakulam, Aluva,Irinjalakuda, Palakkad, Kozhikode, Vatakara, Thalassery, Kalpetta, Kanhangad
D C Bookshop Thrissur, Kairali Pusthakasala Thrissur

No part of this publication may be reproduced, or transmitted in any form
or by any means, without prior written permission of the publisher.

ISBN 81-7130-963-1

D C BOOKS - The first Indian Book Publishing House to get ISO Certification

**Rs. 60.00**

03/03-04 S.No. 4914 dcb 489(23)-3000-1100-04-03-Bpl. 18.6

## ഉള്ളടക്കം

ഒരു കുരുവിയുടെ ദുരന്തം 7
നായാടിയുടെ കുട്ടി 15
കണ്ടെത്തിക്കഴിഞ്ഞിട്ടില്ലാത്ത ഭൂഖണ്ഡം 18
സിമിത്തേരിയിലെ ബോഗൻവില്ല 22
ഒരു പിറന്നാളിന്റെ ഓർമ്മ 26
അനുരാഗം എന്ന പദത്തിന്റെ അർഥം 30
ബുച്ചു എന്ന ഹിരൺ 33
ഒരു ഹിറ്റ്ലർ കോംപ്ലക്സ് 36
സ്ഥിരവും ഭദ്രവുമായ ഒരു സ്നേഹത്തിനുവേണ്ടി 40
ശ്രീകൃഷ്ണൻ-സ്ത്രീയുടെ പുരുഷൻ 44
മുഖത്തു സുഷിരങ്ങളുള്ള ഗന്ധർവപ്രതിമ 48
വരാഹൻ 51
ഹരിനിവാസിലെ കിളിക്കൂട് 57
ജനൽപ്പടിയിലെ വിളക്ക് 59
അന്ധകാരത്തിന്റെ ആദ്യത്തെ അധ്യായം 62
അന്ധകാരത്തിന്റെ രണ്ടാമധ്യായം 66
ബലിമൃഗങ്ങൾ 69
വെള്ളിത്തളിക 72
പഞ്ച്ഗിനിയെന്ന സുഖവാസകേന്ദ്രം 76
സൗന്ദര്യമെന്ന ഋതുകാലം 81
ഞാൻ സ്നേഹിക്കുന്ന ബോംബെ 84
സദാചാരം, പുനർജന്മം.... 86
കൽക്കത്ത 88
മദ്യപാനം 90
ചൈനീസ് ചായ 93
ഉയിർത്തെഴുന്നേററ പക്ഷി 96
അന്ന 100
ജന്മങ്ങൾ എന്ന കണ്ണാടികൾ 105

# ഒരു കുരുവിയുടെ ദുരന്തം

കുറേ വർഷങ്ങൾക്കു മുമ്പ് ഒരു ദിവസം ഉച്ചയ്ക്കുശേഷം എന്റെ മുറിയുടെ കിളിവാതിലിലൂടെ ഒരു കുരുവി ഉള്ളിലേക്കു പറന്നുവന്നു. അതിന്റെ മാറ് ചുററിത്തിരിഞ്ഞിരുന്ന പങ്കയിൽ ചെന്നടിച്ചു കിളി തെറിച്ചുപോയി. ജാലകത്തിന്റെ സ്ഫടികത്തിൽ തട്ടി, നിമിഷങ്ങളോളം അതിന്മേൽ പററിപ്പിടിച്ചിരുന്നു. കുരുവിയുടെ നെഞ്ചിൽനിന്നു രക്തം വാർന്നു സ്ഫടികത്തിന്മേൽ പടർന്നു. ഇന്ന് എന്റെ രക്തം ഈ കടലാസിലേക്കു വാർന്നു വീഴട്ടെ, ആ രക്തംകൊണ്ടു ഞാൻ എഴുതട്ടെ. ഭാവിയുടെ ഭാരമില്ലാത്ത ഒരാൾക്കു മാത്രം എഴുതാൻ കഴിയുന്ന വിധത്തിൽ ഓരോ വാക്കും ഒരനുരഞ്ജനമാക്കി ഞാനെഴുതട്ടെ. ഞാനിതിനെ കവിത എന്നു വിളിക്കാനിഷ്ടപ്പെടുന്നു. എന്റെ ഉള്ളിൽ സുന്ദരമായ ഒരു പ്രക്ഷുബ്ധത സൃഷ്ടിച്ചിട്ട്, മുകൾപ്പരപ്പിലേക്കുയർന്നുവന്നു ഗദ്യമെന്ന താരതമ്യേന ദൃഢതരമായ രൂപത്തിൽ ഒതുങ്ങുമ്പോൾ വാക്കുകൾക്ക് അവയുടെ സംഗീതം നഷ്ടപ്പെട്ടുപോവുന്നുവെങ്കിലും ഇതിനെ കവിത എന്നു വിളിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നു. ഇതെഴുതാനുള്ള കഴിവുണ്ടാകണമെന്ന് എല്ലാ കാലത്തും ഞാൻ ആഗ്രഹിച്ചുപോന്നു. പക്ഷേ, കവിത നമുക്കുവേണ്ടി പക്വമാവുന്നില്ല. കവിതയ്ക്കു വേണ്ട പക്വത നാം നേടേണ്ടിയിരിക്കുന്നു.

ഗുരുതരമായ അസുഖം ബാധിച്ചു മൂന്നാം പ്രാവശ്യം ആശുപത്രിയിൽ എത്തിയിരിക്കുകയാണു ഞാൻ. ഇത് 565-ാം നമ്പർ മുറിയാണ്. പോയ തവണ അസുഖമുണ്ടായപ്പോഴും ഞാൻ ഇതേ മുറിയിൽത്തന്നെയായിരുന്നു. അതു കൊണ്ട് ഇതു വീട്ടിലേക്കുള്ള ഒരു തിരിച്ചുവരവാണ്. ഇക്കുറി ഡോക്ടർമാരെന്നോടു കൂടുതൽ ദയവു കാട്ടുന്നു. അവർ എന്റെ കൈ പിടിച്ച് എനിക്കു സമീപം ഇരിക്കുന്നു. അനാഥക്കുട്ടി ഗൃഹത്തിലേക്കു മരിക്കാൻ വേണ്ടി മടങ്ങിവന്നിരിക്കയാണ്. വാതിലിന്മേൽ 'സന്ദർശകർക്ക് അനുമതി ഇല്ല' എന്ന ബോർഡ് തൂങ്ങുന്നു. വെള്ളിയാഴ്ച നടക്കേണ്ട അടുത്ത ശസ്ത്രക്രിയയ്ക്ക് എന്നെ ഒരുക്കുകയാണിവിടെ. കഴിഞ്ഞ വെള്ളിയാഴ്ചത്തെ ശസ്ത്രക്രിയ താരതമ്യേന നിസ്സാരമായിരുന്നു. സന്ദർശകർ എന്റെ കിടക്കയ്ക്കടുത്തേക്കു കസേരകൾ വലിച്ചടുപ്പിച്ച് ഇരിക്കുമ്പോൾ അവരുടെ വിയർപ്പിന്റെയും ദുഷിച്ച ഉച്ഛ്വാസവായുവിന്റെയും ഗന്ധങ്ങൾ എന്നിലേക്കു കടന്നുവരുന്നു. ഈ ഗന്ധങ്ങൾ എന്നെ വിഷണ്ണയാക്കുന്നു. ഞാൻ അവരെ നോക്കുമ്പോഴൊക്കെ അവരുടെ അധരങ്ങളിൽ ഉല്ലാസപൂർണമായ മന്ദഹാസങ്ങൾ വിരിയുന്നു. ഇത്തരം കാഴ്ചകൾ ഒഴിവാക്കാൻ വേണ്ടി ഏതാണ്ടെല്ലായ്പോഴും ഞാൻ കണ്ണട മാററിവെച്ചു കിടക്കുകയാണ് പതിവ്. എന്റെ ചെറിയ മകൻ എന്നെ കാണാൻ വരുമ്പോൾ മാത്രമേ ഞാൻ കണ്ണട ധരിക്കാറുള്ളു. അവൻ അടങ്ങിയി

രിക്കില്ല. നഴ്സിനെ ശല്യപ്പെടുത്തുകയും ബിസ്കററുതുണ്ടുകൾ നിലത്തു വിതറുകയും ചെയ്യും. ഞാനെന്തുകൊണ്ട് അവരോടൊപ്പം വീട്ടിലേക്കു ചെല്ലുന്നില്ല എന്നവൻ അന്വേഷിക്കും. എന്റെ ഡോക്ടർ എന്നെ കാണാൻ വരുമ്പോഴും ഞാൻ കണ്ണട ധരിക്കാറുണ്ട്. ഞാനയാളുമായി അഗാധപ്രേമത്തിലാണ്. അയാൾക്കു മുപ്പത്തഞ്ചു വയസ്സേ പ്രായമുള്ളുവെങ്കിലും കണ്ടാലതിലധികം തോന്നും. കഷണ്ടിയുണ്ട്. അയാൾ പറഞ്ഞു: 'എന്റെ മുഖം ഭംഗിയില്ലാത്തതാണ്.' ഞാനയാളുടെ മുഖത്തേക്കു നോക്കി. നിഷേധാർത്ഥത്തിൽ തല കുലുക്കി. അത് ഒരു കൊച്ചുകുട്ടിയുടെ മുഖമാണ്. കരയാനുദ്ദേശിക്കുന്ന ഒരു കൊച്ചുപയ്യന്റെ മുഖം. ഞാൻ ആ മുഖത്തേക്കു നോക്കുമ്പോൾ എന്റെ മുലകൾ ചുരത്താനുള്ള തീക്ഷ്ണവാഞ്ഛയാൽ വേദനിക്കുകയും അയാളുടെ അമ്മയാവണമെന്നു ഞാൻ ആഗ്രഹിക്കുകയുംചെയ്യുന്നു. 'നിന്റെ മുഖം എന്നിൽ ഒരു ബാധയായി നിൽക്കുന്നു' ഞാൻ അയാളോടു പറയുന്നു. അയാൾ കുനിഞ്ഞുനോക്കുന്നു. ബെൻസൻ ആൻഡ് ഹെഡ്ജസ് വലിച്ചു ചാരം നിലത്തു വിതറുന്നു. അയാളുടെ നഖം വെട്ടിയതു നേരെ ആയിട്ടില്ല. അയാളുടെ തടിച്ച വിരലുകൾക്കു സിഗരററിന്റെ ഗന്ധം. നീണ്ട നേരം ഞാൻ അയാളുടെ കൈയിലേക്കു മിഴിച്ചു നോക്കവേ അയാൾ തനിക്കൊരു ജലദോഷമുള്ളതിനാൽ മുഖം തിരിച്ച് ഇരിക്കുന്നു.

ഈ മുറിക്കു പച്ചച്ചായം തേച്ചിരിക്കയാണ്. ഇതൊരു ജലഗർഭപേടകം പോലെയാണ്. എയർകണ്ടീഷണർ ഒരു ജലചക്രംപോലെ മൂളുന്നു. ചില ദിവസങ്ങളിൽ സുഹൃത്തുക്കൾ എനിക്കു പൂക്കൾ കൊടുത്തയയ്ക്കാറുണ്ട്. എന്റെ നേഴ്സ് കുഴലിലിട്ട റോസാപുഷ്പങ്ങൾ കുളിമുറിയിൽ സൂക്ഷിക്കുന്നു. കുഴലിലിട്ട റോസാപുഷ്പങ്ങൾ എനിക്കു ജലദോഷം പിടിപ്പിക്കും. ആരും എനിക്ക്, ഞാൻ വളരെക്കൂടുതൽ ഇഷ്ടപ്പെടുന്ന റോസാപുഷ്പങ്ങൾ കൊടുത്തയയ്ക്കുന്നില്ല. ഒരു വേള ഇതു റോസ് പൂക്കുന്ന കാലമാവില്ല. എനിക്കു റോസാപുഷ്പങ്ങൾ കിട്ടിയാൽ ഞാൻ എന്റെ തലയണയിൽ റോസാദലങ്ങൾ വിതറും.

കഴിഞ്ഞ തവണ കരളും ശ്വാസകോശവുമായിരുന്നു തകരാറിൽ. ഇക്കുറി ഹൃദയവും ഗർഭപാത്രവുമാണ്. എനിക്കു കൂടുതൽ കുട്ടികൾ ഉണ്ടാകേണ്ടതായിരുന്നു. ഞാൻ ഫലഭൂയിഷ്ഠമായ ഭൂമിയായിരുന്നു. എന്റെ ഗർഭപാത്രം തരിശാക്കിയിട്ടതിനാൽ മരുഭൂമികളിൽ കള്ളിച്ചെടികൾ മുളയ്ക്കുന്നതുപോലെ എന്റെ ഗർഭപാത്രത്തിൽ തന്തുക്കളും മാംസപേശികളും കെട്ടിപ്പിണഞ്ഞ പിണ്ഡങ്ങൾ മുളച്ചു. മാംസം കാർന്നു തിന്നുന്ന ചെടികളെപ്പോലുള്ള അവ എന്റെ ചോര കുടിച്ചു തടിച്ചപ്പോൾ എന്റെ തൂക്കം കുറയുകയും ഞാൻ വിളറുകയും ചെയ്തു. കഴിഞ്ഞ മൂന്നു മാസങ്ങളായി എനിക്കു ശ്വാസം കുറവാണ്. പ്രഭാതങ്ങളിൽ ലളിതയോടു പ്രാർത്ഥിക്കുമ്പോൾ ഞാൻ വിയർക്കുകയും കിതയ്ക്കുകയും ചെയ്യാറുണ്ട്.

ഇവിടെ എല്ലാവരും എന്നോടു ദയവു കാട്ടുന്നു. അവർ എനിക്ക് എല്ലാ ദിവസവും ഗ്ലൂക്കോസ് നൽകുന്നു. ലോകത്തിലെ ഏററവും വലിയ





അനാഥയ്ക്ക് ഏററവും സമ്പന്നമായ മരണം നൽകാൻ അവർ തയ്യാറാണ്. ഞാൻ എന്നും അനാഥയായിരുന്നു; ആത്മീയമായും വൈകാരികമായും. ഞാനെന്റെ ഭർത്താവിനെ അഗാധമായി സ്നേഹിച്ചിരുന്നിട്ടും എന്നെ സ്നേഹിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നില്ല. സ്നേഹിക്കാനറിയാവുന്ന ഒരു പുരുഷനെ ഞാനിന്നോളം കണ്ടിട്ടില്ല. എന്റെ ഭർത്താവ് എന്നെ ഭോഗിക്കുമ്പോൾ ഭോഗാനന്തരം അദ്ദേഹം എന്നെ തന്റെ കരവലയത്തിൽ സൂക്ഷിക്കണമെന്നു ഞാൻ ആഗ്രഹിച്ചു. അദ്ദേഹം എന്റെ മുഖത്തു തലോടുകയോ എന്റെ വയററത്തു കൈ വെക്കുകയോ ചെയ്തിരുന്നെങ്കിൽ ഓരോ സംഭോഗക്രിയയ്ക്കുശേഷം ഞാനനുഭവിച്ചുപോന്ന നിരാകരണബോധം അത്രതന്നെ കൂടുതൽ എനിക്കനുഭവപ്പെടുമായിരുന്നില്ല. ഒരു സ്ത്രീ തന്റെ ആദ്യപുരുഷനെ ഉപേക്ഷിച്ചു മറെറാരു പുരുഷന്റെ കിടക്കയിലേക്കു നടക്കുമ്പോൾ അത് ഉപഹാസ്യമോ അസാന്മാർഗികമോ അല്ല. അതു ദാരുണമാണ്. അവൾ അപമാനിക്കപ്പെട്ടവളാണ്; മുറിവേററവളാണ്. അവൾക്കു ശമനം ആവശ്യമാണ്. എന്റെ ഭർത്താവിന്റെ മുമ്പിൽ എനിക്കൊരിക്കലും കാമാർത്തി ഉണ്ടായിട്ടില്ല. അദ്ദേഹത്തിന്റെ മുമ്പിൽ വെച്ച് എന്റെ കാമാർത്തി എങ്ങോ പോയ്മറഞ്ഞിരുന്നു. വിഷയാസക്തിക്കു പ്രസിദ്ധനായ എന്റെ കാമുകൻ എന്നിൽ എപ്പോഴും ഭ്രാന്തമായ ലൈംഗികവാഞ്ഛ ഉണർത്തി. അദ്ദേഹം എനിക്കു സംതൃപ്തി നൽകിയെങ്കിലും അദ്ദേഹം സംതൃപ്തനാവുന്നതു കാൺകെ ഞാൻ സന്തുഷ്ടയായി. ഒരിക്കൽ ഭോഗാനന്തരം ഞാനൊരർദ്ധനിദ്രയിൽ മയങ്ങവേ എന്റെ കപോലങ്ങളിന്മേൽ അമർന്നിരുന്ന അദ്ദേഹത്തിന്റെ കൈപ്പടം പെട്ടെന്നു മൃദുവാകുന്നതായി എനിക്കു തോന്നുകയും അദ്ദേഹം രഹസ്യമായി മെല്ലെ എന്റെ പേരുച്ചരിക്കുന്നതു ഞാൻ കേൾക്കുകയും ചെയ്തു.

ഞാനുണർന്നിരിക്കുകയായിരുന്നുവെങ്കിൽ അദ്ദേഹം അത്ര ദയാലു ആവുമായിരുന്നില്ല.

അതായിരുന്നു എന്റെ ജീവിതത്തിലെ ഏററവും വലിയ നിമിഷം. ആ നിമിഷത്തിൽ ഞാനൊരനാഥ അല്ലെന്ന് എനിക്കു തോന്നി. പക്ഷേ, അദ്ദേഹം എന്നെ സ്നേഹിച്ചിരുന്നില്ല. അദ്ദേഹം സ്നേഹത്തിൽ വിശ്വസിച്ചിരുന്നുമില്ല. 'നാം വികാരാധീനരാവരുത്,' അദ്ദേഹം പറഞ്ഞു: 'വികാരം ആനന്ദത്തിന്റെ യഥാർത്ഥ ശത്രുവാണ്.' അദ്ദേഹത്തെ സ്നേഹിക്കുന്നത് അന്ധന് നൂറുറുപ്പികനോട്ടു കൊടുക്കുന്നതുപോലെയായിരുന്നു. അദ്ദേഹം അതിന്റെ വിലയറിഞ്ഞില്ല. ഞാൻ വിഡ്ഢിയാണെന്നു മനസ്സിലാക്കിയിട്ടും നൂറു റുപ്പികനോട്ടു നൽകുന്നതിൽ ഞാൻ ആനന്ദം കണ്ടെത്തി. അദ്ദേഹത്തിനു മൃദുവും രോമരഹിതവുമായ ചർമവും ഒരു കാട്ടുപോത്തിന്റെ കരുത്തും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ വിയർപ്പ് എന്റെ വിയർപ്പുപോലെ സൗരഭ്യമുള്ളതായിരുന്നു. എന്നിൽ ഭോഗാസക്തി ഉണരുമ്പോൾ എനിക്കൊരു വെരുകിന്റെ ഗന്ധമുണ്ടെന്ന് അദ്ദേഹം പറഞ്ഞിരുന്നു. ഞങ്ങൾ അരോഗ ദൃഢഗാത്രരായിരുന്നു. ഞങ്ങളുടെ സ്നേഹം പ്രചണ്ഡമായിരുന്നു. ഞങ്ങൾ ഞങ്ങളുടെ

കാമഭ്രാന്തിന്റെ സമുദ്രത്തിൽ നീന്തിത്തുടിച്ചു. അദ്ദേഹം സംതൃപ്തനാവുമ്പോൾ മുറിവേററൊരു സിംഹത്തെപ്പോലെ അമറി. മുറി അടയ്ക്കപ്പെട്ടിരുന്നതും എയർകണ്ടീഷൻഡും ആയിരുന്നിട്ടുപോലും പരിചാരകർ ആ ശബ്ദം കേൾക്കുമെന്നു ഞാൻ ഭയപ്പെട്ടു. നിലക്കണ്ണാടിക്കു മുമ്പിൽ നിന്നു വസ്ത്രം ധരിക്കവേ ഞങ്ങളുടെ കണ്ണുകൾ കണ്ണാടിയിൽ പരസ്പരം കൂട്ടിമുട്ടുക പതിവായിരുന്നു. ഞാനതു വളരെ ഇഷ്ടപ്പെട്ടു. അദ്ദേഹത്തിന്റെ മുടി പററെ വെട്ടിയതും നരവീണു തുടങ്ങിയതുമായിരുന്നു. വീര്യമുള്ളൊരു പുരുഷന്റെ ഉരുക്കിന്റെ നിറമുള്ള മുടി. അദ്ദേഹത്തിന്റെ കക്ഷങ്ങൾക്കും ശുക്ളത്തിന്റെ ഗന്ധമായിരുന്നു. മങ്ങിയ സിരകളിൽ ചലനമുണർത്തുന്ന ഗന്ധം. അദ്ദേഹം ആശുപത്രിയിൽ എന്നെ കാണാൻ വന്നപ്പോൾ എന്നെ ചുംബിച്ചില്ല. ഞങ്ങളൊന്നിച്ചുള്ള ലോകം ഞരക്കത്തിന്റെയും ഭ്രാന്തിന്റെയും കാമാർത്തിയുടെയുമായിരുന്നു. ഇവിടെ ഞങ്ങൾ ഞങ്ങളായിരുന്നില്ല. അദ്ദേഹം പറഞ്ഞു: 'പെട്ടെന്നു സുഖപ്പെട്ടു വരൂ. നമുക്കു വീണ്ടും ആനന്ദിക്കാം.' ഇക്കുറി ഞാൻ രക്ഷപ്പെട്ടാൽ അദ്ദേഹത്തെ ഞാൻ അത്ഭുതപ്പെടുത്തും. അദ്ദേഹം ഒരിക്കൽ പറഞ്ഞു: 'പ്രതിഭാശാലികളായ വ്യക്തികളൊക്കെ ലൈംഗികവാഞ്ഛ കൂടുതലുള്ളവരാണ്; അതുകൊണ്ടാണ് നീയിങ്ങനെയായിരിക്കുന്നത്.' ഞാൻ ഇനി മേലിൽ അദ്ദേഹത്തോടൊപ്പം കിടക്കില്ല. ആഴ്ചയിലൊരിക്കൽ മദ്ധ്യാഹ്നത്തിൽ ഞാനെന്റെ ഡോക്ടറെ സന്ദർശിക്കുകയും നിമിഷങ്ങളോളം അയാളെ എന്റെ കരവലയത്തിൽ ബന്ധിച്ചുനിർത്തുകയുംചെയ്യും. ഇതു മാത്രമാണ് എനിക്കു ചെയ്യാനാഗ്രഹമുള്ളത്. അദ്ദേഹത്തിനു ദുഃഖകാരണമായിരിക്കുന്ന മുഖത്തു ചുംബിച്ച് അദ്ദേഹത്തിൽ താൻ സുന്ദരനാണെന്ന ബോധം ഞാൻ ഉണർത്തും. ഞാൻ സുന്ദരി ആയിരുന്നില്ലെങ്കിലും സൗന്ദര്യമില്ലായ്മ ഒരു പ്രശ്നമായി എനിക്കു നേരിടേണ്ടിവന്നില്ല. പലപ്പോഴും ഞാൻ സുന്ദരിയാണെന്ന ബോധം എന്നിൽ ഉണ്ടായിട്ടുണ്ട്. എന്റെ വലിയ മുലകളെ പ്രശംസിക്കാൻ എന്നും ഏതെങ്കിലും വിഡ്ഢി ഉണ്ടായിരുന്നു. എന്റെ ഭർത്താവ് അവ ആദ്യമായി കണ്ടപ്പോൾ പകച്ച് ശബ്ദിക്കാനാവാതെ നിന്നു. അതിനുശേഷം ഞാനവ ഭദ്രമായി സൂക്ഷിക്കുകയും എന്റെ തുറുപ്പുശീട്ടായി ഉപയോഗിക്കുകയുംചെയ്തു. ഞാനീ ലോകത്തിലെ ഏററവും ആരോഗ്യവതിയായ സ്ത്രീയായിരുന്നപ്പോൾ കലങ്ങിമറിഞ്ഞൊഴുകുന്ന ഒരു നദിപോലെ ആയിരുന്നു. എന്തും കീഴടക്കാൻ എനിക്കുള്ള ശക്തിയെക്കുറിച്ചു ഞാൻ ബോധവതിയായിരുന്നു. എന്റെ ചുണ്ടുകൾ മധുരമാണെന്നും എന്റെ ഗന്ധം വശ്യമാണെന്നും ഞാൻ മനസ്സിലാക്കിയിരുന്നു. അരണ്ട ബ്രൗൺ കണ്ണുകളും ആകാരസൗഷ്ഠവമുള്ള ശരീരവുമുള്ള സുഭഗനായ ഒരു പുരുഷനുമായി ഏതാണ്ട് ഒരു കൊല്ലത്തോളം നേരിയൊരു പ്രേമബന്ധം പുലർത്തിയിരുന്നു ഞാൻ. ഞങ്ങളൊന്നിച്ചു തെരുവീഥികളിൽ നടക്കുക പതിവായിരുന്നു. കണ്ടവരൊക്കെ കരുതി, ഞങ്ങൾ ദമ്പതികളാണെന്ന്. ഞങ്ങൾ സംഭോഗത്തിൽ ഏർപ്പെട്ടിട്ടില്ല. അയാൾ എന്നെ ആരാധിക്കുന്നുവെന്നും ആ ആരാധന ഒരു





സാധാരണബന്ധമായി അധഃപതിപ്പിക്കാൻ ഇഷ്ടപ്പെടുന്നില്ലെന്നും അയാൾ പറഞ്ഞു. കുറേക്കാലം കഴിഞ്ഞപ്പോൾ അയാളുമായുള്ള നടത്തത്തിൽ എനിക്കു മടുപ്പുതോന്നുകയും ഞാനതുപേക്ഷിക്കുകയും ചെയ്തു.

ഞാനെന്റെ മക്കൾക്ക് ഒരു നല്ല അമ്മയായിരുന്നു. ഞാനവർക്ക് മാന്ത്രികവിദ്യയും സ്വപ്നങ്ങളും മനസ്സിലാക്കിക്കൊടുത്തു. ഞാൻ കത്തുകളെഴുതി ദൈവത്തിന്റെ ഒപ്പിട്ട് അവർക്ക് അയച്ചു. അങ്ങനെ എന്റെ മക്കൾ ഹിന്ദുമിതോളജിയിലെ എല്ലാ ദേവന്മാരും ദേവികളുമായി സൗഹൃദബന്ധം സ്ഥാപിക്കുകയും സമ്പർക്കം പുലർത്തുകയും ചെയ്തു. ഒരിക്കൽ എന്റെ മൂത്ത മകന് പഞ്ച്ഗിനിയിലെ അണ്ണന്മാരിൽനിന്ന് ഒരു ചായസല്ക്കാരത്തിനുള്ള ക്ഷണക്കത്തു കിട്ടി. ഞങ്ങൾ പഞ്ച്ഗിനിയിൽ അവധിക്കാലം കഴിച്ചു കൂട്ടിയിരുന്നപ്പോഴാണ് ഇതു സംഭവിച്ചത്. എന്റെ കുഞ്ഞുങ്ങൾ എന്റെ ദൈവങ്ങളോ എന്റെ കളിക്കോപ്പുകളോ ആയിരുന്നാലെന്നപോലെ അവരെ ഞാൻ സ്നേഹിച്ചു. അവർ എന്റെ ലോകം ഒരു പറുദീസയാക്കിയിരിക്കുന്നു.

പതിനഞ്ചാം വയസ്സിൽ, ഞാൻ തിരണ്ടുകഴിഞ്ഞ കാലത്ത്, ഒരു ചെറുപ്പക്കാരൻ തന്റെ അമ്മയും ഒരു ക്യാമറയുമായി എന്റെ വീട്ടിൽ വിരുന്നുവന്നു. ഞാൻ ലജ്ജാശീലയും പല അപകടധാരണകൾ സൂക്ഷിക്കുന്നവളുമായിരുന്നു. ഞാൻ ചുംബിക്കപ്പെട്ടിരുന്നില്ല. എന്നോടാരും ഞാൻ സുന്ദരിയാണെന്നു പറഞ്ഞിട്ടുണ്ടായിരുന്നില്ല. അയാൾ ഒരിക്കൽ എന്നെ വിക്ടോറിയാ മെമ്മോറിയലിലേക്ക് കൂട്ടിക്കൊണ്ടുപോയി. ഫോട്ടോ എടുക്കാനായി എന്നെ പല പോസുകളിൽ നിറുത്തി. എന്റെ കണ്ണട എടുത്തു മാററിയിട്ട് അയാൾ പറഞ്ഞു: 'നീ സുന്ദരിയാണ്, ഞാൻ ക്യാമറ കൊണ്ടുവന്നതു നന്നായി.' ഇതു കേട്ട് ഞാൻ അത്ഭുതപ്പെട്ടു. അയാളുടെ ക്യാമറയിലേക്കു നോക്കി ചിരിച്ചപ്പോൾ ഞാനൊരു ചലച്ചിത്രതാരമാണെന്ന് എനിക്കു തോന്നി. എന്റെ ഒരു ബന്ധുവുമായുള്ള എന്റെ വിവാഹനിശ്ചയം അന്നേ കഴിഞ്ഞിരുന്നു. അല്ലെങ്കിൽ ഞാൻ അന്ന്, അവിടെവെച്ച് ആ ചെറുപ്പക്കാരനുമായി പ്രേമബന്ധത്തിലാവുമായിരുന്നു. പകൽ പതിനൊന്നു മണിക്ക് എന്നോടൊപ്പം ഒരു മരത്തണലിലിരുന്ന് അയാൾ അന്നു പ്രചാരത്തിലിരുന്ന ഒരു പ്രേമഗാനം പാടി. അയാളുടെ ചർമത്തിന് റോസ് നിറമായിരുന്നു. അയാൾക്ക് മുഖക്കുരു ഉണ്ടായിരുന്നു. എന്റെ വിവാഹത്തിനു വന്നപ്പോൾ, അന്നു രാത്രിയിലെ കഥകളി കാണാൻ അയാളുടെ സമീപം ചെന്നിരിക്കണമെന്ന് അയാൾ എന്നോടാവശ്യപ്പെട്ടു. പക്ഷേ, എന്റെ ഭർത്താവ് എന്നെ കിടപ്പറയിൽ സൂക്ഷിച്ചു. അതുകൊണ്ട് ജനാലയ്ക്കടുത്ത് ചെന്നിരുന്ന് വിദൂരതയിലെ മൃദുവായ ചെണ്ടമേളം കേൾക്കാനേ എനിക്കു കഴിഞ്ഞുള്ളു. ഞാൻ സ്നേഹിച്ച ആ ചെറുപ്പക്കാരനെ ഞാൻ വല്ലാതെ നിരാശപ്പെടുത്തിയിരിക്കണം. എന്നെക്കാൾ വളരെ പ്രായക്കൂടുതലുള്ള എന്റെ ഭർത്താവ് ആ രാത്രിതന്നെ എന്നെ ബലമായി ഭോഗിച്ചു. ആ ഭോഗം എന്നെ പരിഭ്രമിപ്പിക്കുകയും അലോസരപ്പെടുത്തുകയും ചെയ്തു. ഞാൻ കഥകളിക്കു പോയി എന്റെ പത്തൊമ്പതുകാരനായ കാമുകന്റെ കൈപിടിച്ചിരിക്കേണ്ടതായിരുന്നു. അന്ന് ഞാൻ വിവാഹത്തിനും ലൈംഗി

കവേഴ്ചയ്ക്കും തയ്യാറായിരുന്നില്ല. അടുത്ത ദിവസം രാവിലെ ആറു മണിക്ക് അയാൾ കോവണിപ്പടിയുടെ ചുവട്ടിൽ വന്നുനിന്ന് എന്നെ വിളിച്ചു. അയാൾ യാത്ര പറയാൻ വന്നതായിരുന്നു. എനിക്ക് സംസാരിക്കാൻ കഴിഞ്ഞില്ല. എന്റെ കണ്ണുകൾ നിറഞ്ഞിരുന്നു. ഒരു നിമിഷത്തെ നിശ്ശബ്ദത കടന്ന് അയാൾ നടന്നകന്നുപോയി.

പാതോളജിക്കൽ ലാബിലെ ചെറുപ്പക്കാർ എന്നും എന്റെ രക്തം എടുക്കാൻ വരാറുണ്ട്. അവർക്കത് പരിശോധനയ്ക്കു വേണം. ഇന്നലെ അതിന്റെ നിറം മാറിയിരിക്കുന്നത് ഞാൻ ശ്രദ്ധിച്ചു. അതിന് ബ്രൗൺ നിറമായിരുന്നു. പക്ഷേ, എടുത്തത് എന്റെ രക്തത്തിന്റെ മട്ടിവരെ എത്തിയിട്ടുണ്ടാവും. കഴിഞ്ഞ തവണ ഞാനിവിടെയായിരുന്നപ്പോൾ അവർ ശ്വേതാണുക്കൾ എണ്ണുകയായിരുന്നു. രാവിലെ പരുഷശബ്ദത്തിൽ 'ഖൂൻ, ഖൂൻ' (രക്തം, രക്തം) എന്നലമുറയിട്ട് അവരെന്നെ ഉണർത്തുക പതിവായിരുന്നു. ഇവിടെ വന്നതിനുശേഷം ഞാനെന്തിന്റെയോ ഭാഗമാണെന്നും എന്നെ ആർക്കോ ആവശ്യമുണ്ടെന്നുമുള്ള ബോധം എന്നിൽ വളർന്നിരിക്കുന്നു. പാതോളജിക്കൽ ലാബിലെ ചെറുപ്പക്കാർക്ക് യഥാർത്ഥത്തിൽ, സത്യത്തിൽ എന്നിൽനിന്നു പലതും വേണം.

ഇതൊരു ശക്തനായ എതിരാളിയാണ്, ഈ രോഗം. ഡോക്ടർമാർ ഒടുവിലതിന് എന്തു പേരിട്ടാലും ശരി, ഈ ദ്വന്ദ്വയുദ്ധം ഇരുകൂട്ടർക്കും ബഹുമാന്യമാണെന്നു ഞാൻ കരുതുന്നു.

ആശുപത്രിയിലെ ഓരോ കിടക്കയിന്മേലും ഒരു മൂടൽമഞ്ഞൊഴുകുന്നു. ഓരോ രോ ഗിയെയും ഉപദ്രവിക്കുന്നത് മരണഭയമാണ്. സന്ദർശക ബന്ധുക്കളോട് അയാൾക്കു വെളിപ്പെടുത്താൻ കഴിയാത്ത ഭീതി. കഴിഞ്ഞകുറി ഞാനും ഭയപ്പെട്ടിരുന്നു. ഞാൻ മണിക്കൂറുകളോളം പ്രാർത്ഥിക്കുകയും എന്റെ മക്കളെ കാണുമ്പോൾ കരയുകയും ചെയ്തിരുന്നു. ഇനിയൊരു കാലാവധിനീട്ടൽകൂടി ആവശ്യപ്പെടുന്നത് അത്യാഗ്രഹമാവുമെന്ന് ഇക്കുറി എനിക്കു തോന്നുന്നു. ജീവിതം മന്ത്രജലമാണ്. അതു കുടിക്കുംതോറും ദാഹം വർദ്ധിക്കുന്നു. ഈ ജീവിതവും ഈ പ്രേമവും എനിക്കു വേണ്ടിടത്തോളമായി എന്നു പറയാൻ എനിക്കൊരിക്കലും പററില്ല. ഉണങ്ങിവരണ്ടൊരു വൃക്ഷത്തിൽ ആകസ്മികമായി ഒരു മുള പൊട്ടുന്നതുമാതിരിയാണ് രണ്ടാഴ്ചകൾക്കു മുമ്പ് എന്റെ പുതിയ പ്രേമം എന്നിൽ മുളച്ചത്. കാലം തെററിയ പൂക്കൾ വിടരുന്നതുപോലെയും ആർത്തവം നിലച്ച് വളരെക്കഴിഞ്ഞ് പൊടുന്നനെ രക്തസ്രാവം തുടങ്ങുംപോലെയുമായിരുന്നു അത്. കഴിഞ്ഞ ആറു വർഷങ്ങളായി എനിക്ക് പിടിപെട്ട രോഗങ്ങളും രോഗശമനത്തിനായി ഞാൻ കഴിച്ച ഡ്രഗ്ഗുകളും ഒക്കെ കാരണം എന്റെ ശരീരത്തിൽ ഒരു വരൾച്ചയും ജീർണ്ണതയും വന്നുപെട്ടിരുന്നു. അതുകൊണ്ട് വീണ്ടും പ്രേമബദ്ധയായപ്പോൾ അതൊരു മഹാത്ഭുതമായി ഞാൻ കരുതി. ഇവിടെ നല്കപ്പെടുന്ന ഉറക്കഗുളികകൾ കഴിക്കാൻ കൂട്ടാക്കാതെ, രാത്രിയിൽ ഉണർന്നു കിടക്കവേ എനിക്കു സുഖമായിരുന്നെങ്കിൽ അയാളുമായുള്ള എന്റെ ജീവിതം എങ്ങനെയൊക്കെ ഉണ്ടാവുമായി





രുന്നു എന്നതിനെക്കുറിച്ച് ഞാൻ ചിന്തിക്കുന്നു. അയാൾ എന്റെമേൽ ഒരു കൊടുങ്കാററുപോലെ വന്നു പതിക്കും.

ഒരിക്കൽ സല്ക്കാരങ്ങൾ നടത്തിയിരുന്ന ഒരു വലിയ കെട്ടിടംപോലെയാണെന്റെ ശരീരം. നർത്തകർ നൃത്തം ചെയ്തു. സംഗീതജ്ഞർ സംഗീതം ആലപിച്ചു. ഓരോ അതിഥിയും മാന്യനായിരുന്നു. ഓരോ അതിഥിയും സുഖഭോഗാന്വേഷകനായിരുന്നു. അനന്തരം വീടു തകരുകയും ഒരു ദിവസം ചേരിവാസികൾ അവരുടെ കെട്ടുകളുമായി വന്നെത്തുകയും ചെയ്തു. ഓരോ ചുവടുവയ്പിനും അവർ മാപ്പു പറഞ്ഞു: 'ഞങ്ങളിവിടെ വരാൻ പാടില്ലായിരുന്നു.' ഒരിക്കൽ സുഖങ്ങൾ മാത്രം തഴച്ചുവളർന്നിരുന്ന ഈ ശരീരത്തിലേക്ക് രാത്രികാലങ്ങളിൽ ചേരിനിവാസികളെപ്പോലെ വേദനകൾ കടന്നുവരുന്നു. അവരാണ് പുതിയ കുടികിടപ്പുകാർ. അവർ സ്ഥിരതാമസത്തിനു വന്നവരാണെന്ന് അവർക്കറിയാം.

ഒരു കാല് ജീവിക്കുന്നവരുടെ ലോകത്തും മറേറ കാല് മരിച്ചവരുടെ ലോകത്തും ചവിട്ടുക എന്നതാണ് ഒരു മനുഷ്യജീവിക്ക് സ്വീകരിക്കാൻ കഴിയുന്ന ഏററവും പൂർണമായ നില. അപ്പോൾ ആ വ്യക്തിക്ക് സമനില കിട്ടുന്നു. അപ്പോൾ ഉൾക്കാഴ്ച കൂടുതൽ അഗാധമാവുന്നു. ഭയപ്പെടാനൊന്നുമില്ല. തെരഞ്ഞെടുക്കാനുള്ള അവകാശം അയാളുടേതുതന്നെ. പരിശ്രമിച്ചാൽ അയാൾക്കിഷ്ടമുള്ളതിലേക്കു നീങ്ങാം. പക്ഷേ, ഈ രണ്ടു ലോകങ്ങളിൽ ഒന്നു തെരഞ്ഞെടുക്കുക ബുദ്ധിമുട്ടാണ്. മറെറാരു മാർഗമെനിക്കുണ്ടായിരുന്നെങ്കിൽ, നിഴലുകളുടേതായ മറെറാരവ്യക്തലോകമോ ഒരു ചന്ദ്രലോകമോ അങ്ങനെയേതെങ്കിലുമൊരു സ്ഥലമോ എനിക്കുണ്ടായിരുന്നെങ്കിൽ, ഞാനിപ്പോൾ അങ്ങോട്ടു പോകുമായിരുന്നു. മററു രണ്ടു ലോകങ്ങളും—ജീവിക്കുന്നവരുടെയും മരിച്ചവരുടെയും—നശിക്കട്ടെ—നശിച്ചുപോവട്ടെ.

## 1

## നായാടിയുടെ കുട്ടി

ഞാൻ ഈയിടെ ആത്മകഥാശകലങ്ങൾ എഴുതിവരുന്നു എന്നറിഞ്ഞപ്പോൾ എന്റെ മിത്രങ്ങളിൽ ചിലർ പറഞ്ഞു, നാല്പതു വയസ്സു പോലും കഴിയാത്ത ഒരാളും ആത്മകഥ എഴുതുവാൻ തുനിയരുത് എന്ന്. ഈ അഭിപ്രായത്തോടു ഞാൻ തീരെ യോജിക്കുന്നില്ല. ഒരാൾ നൂററിയിരുപതു വയസ്സുവരെ ജീവിച്ചാലും, അറുപതു വയസ്സുവരെ ജീവിച്ചാലും, അല്ല, മുപ്പതു വയസ്സുവരെ ജീവിച്ചാലും അയാളുടെ ജീവിതം ഒരു മനുഷ്യജന്മമെന്ന നിലയിൽ പൂർണമായിരിക്കും; അതിന് ആദിയും മദ്ധ്യവും അവസാനവും ഉണ്ടായിരിക്കും. അതിൽ സുഖവും ദുഃഖവും സൗന്ദര്യവും വൈരൂപ്യവും വിധിച്ച പാകത്തിൽ വിലയിതമായിരിക്കും.

എനിക്കു കഴിഞ്ഞ ആറു കൊല്ലങ്ങളായി കരൾദീനം പിടിപെട്ടിരിക്കുന്നു. ഡൽഹിയിൽ വെച്ചും ബോംബെയിൽ വെച്ചും എന്റെ രോഗം മൂർച്ഛിക്കുകയും ഞാൻ കുറെ ദിവസങ്ങൾ ആസ്പത്രിയിൽ പ്രജ്ഞ നശിച്ച മട്ടിൽ കിടക്കുകയുമുണ്ടായി. മരണത്തിന്റെ മണിമുഴക്കം എന്നു കവി പാടിപ്പുകഴ്ത്തിയ ആ വിശുദ്ധനാദം ഞാൻ രണ്ടു തവണ കേട്ടു. മൂന്നാമത്തെ ബെല്ലടിക്കുമ്പോൾ എന്റെ തീവണ്ടി പ്ലാററ്ഫോം വിട്ടു കിതച്ചുകിതച്ചുകൊണ്ടു മുന്നോട്ടു നീങ്ങുമെന്ന് എനിക്കു തോന്നുന്നു. അതാണ് ഇത്ര ധൃതിപിടിച്ച് ഇത് എഴുതുവാൻ തുടങ്ങിയതിന്റെ മുഖ്യകാരണം.

മനുഷ്യമനസ്സിനെ പരിപൂർണമായും സൂക്ഷ്മമായും പഠിക്കുവാൻ ഞാൻ എല്ലായ്പോഴും ശ്രമിച്ചിട്ടുണ്ട്. പത്തു വയസ്സുമുതൽ എഴുതിത്തുടങ്ങിയ കഥകൾ നിങ്ങളിൽ പലരും വായിച്ചിരിക്കണം. ഇനി എന്റെ സ്വന്തം കഥ പറഞ്ഞുതരാം. വ്യവസ്ഥയോട് എതിർത്തും പിന്നീട് അവ്യവസ്ഥയോട് എതിർത്തും അവസാനിക്കുന്ന ഒരു തുച്ഛ ജീവിതത്തിന്റെ കഥ. തത്ത്വജ്ഞാനിയായ നിയററ്ഷെ ഒരിക്കൽ പറഞ്ഞു, ഒരെഴുത്തുകാരൻ തന്റെ രക്തംകൊണ്ട് എഴുതിയ വാക്കുകളെ മാത്രമേ താൻ മാനിക്കുകയുള്ളു എന്ന്. രക്തം അകൃത്രിമമാണ്. അതിൽ അവനവന്റെ ആത്മസത്ത അലിഞ്ഞുകിടക്കുന്നു. അത് ആത്മാർത്ഥതയുടെ പ്രതീകമാണ്. എന്റെ ഉള്ളിലേക്കു ചുഴിഞ്ഞുനോക്കിക്കൊണ്ട് യാഥാസ്ഥിതികരുടെയും നിയമജ്ഞരുടെയും അഭ്യുദയകാംക്ഷികളുടെയും പിറുപിറുക്കൽ ഗൗനിക്കാതെയും ഏററവും സത്യസന്ധതയോടെയും ഈ കഥ എഴുതിത്തീർക്കുവാനുള്ള കെല്പും ധൈര്യവും തരുവാൻ ഞാൻ ഇന്ന് ശ്രീകൃഷ്ണനോട് പ്രാർത്ഥിക്കുന്നു.

ആദ്യമായി ഞാൻ ശ്രീകൃഷ്ണനെ കണ്ടത് കൽക്കത്തയിൽ വെച്ചാണ്. ഞങ്ങൾ അന്നു പാർക്ക് സ്ട്രീററിലുള്ള ഒരു മോട്ടോർ കമ്പനിയുടെ മുകളിലുള്ള മുറികളിലാണു താമസിച്ചിരുന്നത്. നാല്പത്താറു കോണിപ്പടികൾ കയറിച്ചെന്നാൽ ഞങ്ങളുടെ സല്ക്കാരമുറി കാണാം. അച്ഛനും അമ്മയും ഗാന്ധിശിഷ്യരായതുകൊണ്ടു വളരെ ലളിതങ്ങളായ വേഷവിധാനങ്ങൾ മാത്രമേ അ

മുറിക്ക് ഉണ്ടായിരുന്നുള്ളു. വെള്ള ഖദർകൊണ്ടുള്ള കർട്ടനുകൾ, ഒട്ടകത്തിന്റെ വർണത്തിലുള്ള ഒരു കാർപ്പററ്, റോസ്‌വുഡ്കൊണ്ടും ചൂരൽകൊണ്ടും നിർമിച്ച മൂന്നു സോഫകൾ, പിച്ചളത്തളിക പതിച്ച ഒരു വട്ടമേശ, മേശപ്പുറത്തു ചെമ്പുകൊണ്ടുണ്ടാക്കിയ ഒരു പൂപ്പാത്രം. തോട്ടക്കാരൻ ദിവസേന രാവിലെ ഏഴു മണിക്കു പൂക്കൾ കൊണ്ടുവന്നു യാതൊരു സൗന്ദര്യബോധവുമില്ലാത്ത മട്ടിൽ ആ ചെമ്പുപാത്രത്തിൽ കുത്തിനിറച്ചുവെച്ചു പോവുമായിരുന്നു. മിക്ക ദിവസവും ഞങ്ങളുടെ വീട്ടിന്റെ അടുത്തുണ്ടായിരുന്ന പഴയ യൂറോപ്യൻ സെമിത്തേരിയുടെ അതിർത്തികളിൽ വളർന്നു നില്ക്കുന്ന മാറിഗോൾഡ് പൂക്കളായിരിക്കും അയാൾ കൊണ്ടുവരിക. ഏററവും അവസാനത്തെ അറ, വടക്കോട്ടു ജനലുകളുള്ള ഒരു മുറിയായിരുന്നു ഞങ്ങളുടെ കിടപ്പറ. അതിൽ ഇടത്തേ ചുവരിനോടടുപ്പിച്ചിട്ട ഇരട്ടക്കട്ടിലിൽ വിലങ്ങനെ ഞാനും ജ്യേഷ്ഠനും അമ്മയുടെ രണ്ടു വശത്തുമായി കിടന്നുറങ്ങാറുണ്ടായിരുന്നു. ഒരു ദിവസം പനി ബാധിച്ചു സ്കൂളിൽ പോകാതെ വീട്ടിൽ കിടക്കവേ, മണി ഏകദേശം പതിനൊന്നായപ്പോൾ, ഞാൻ ഞങ്ങളുടെ നിറം മങ്ങിയ ചുവരിന്മേൽ ചില നിഴലുകൾ ചലിക്കുന്നതു കണ്ടു. കട്ടിലിന്റെ അടിയിൽനിന്ന്, ഒരാൾ അടിച്ചുവാരുന്ന ശബ്ദം എനിക്കു കേൾക്കാൻ കഴിഞ്ഞു. താമസിയാതെ ചുവരിലെവിടെയോ ഒരു സാക്ഷ നീങ്ങുന്നതായും ഒരു കതകു തുറക്കപ്പെടുന്നതായും എനിക്കു തോന്നി. അതിനുശേഷം ആ നാലു ചുവരുകളിൽക്കൂടി വർണശബളമായ ഒരു ഘോഷയാത്രയായി ശ്രീകൃഷ്ണനും കൂട്ടുകാരും പശുക്കളും പശുക്കിടാങ്ങളും സാവധാനം നീങ്ങാൻ തുടങ്ങി. മഞ്ഞിനുള്ളിൽക്കൂടി കാണുന്ന മുഖങ്ങളുടെ അവ്യക്തത അവരുടെ മുഖങ്ങൾക്കുണ്ടായിരുന്നു. കണ്ണുകളടച്ചിട്ടും പശുക്കളുടെ കണ്ഠമണികളുടെ ശബ്ദം ഞാൻ കേട്ടുകൊണ്ടിരുന്നു. എന്റെ അമ്മ പരിഭ്രമിച്ചു. മൂന്നു ദിവസത്തോളം ഈ സ്വപ്നദർശനം എന്റെ കിടപ്പറയിൽ തങ്ങിനിന്നു. അതിനുശേഷം ഞാൻ ഒരിക്കലും കൃഷ്ണന്റെ ചാരുമുഖം കണ്ടിട്ടില്ല. ഇപ്പോഴും ജനക്കൂട്ടത്തിനിടയിൽ വെച്ചു പണ്ടു കണ്ടതെങ്കിലും, ഇപ്പോഴും ഓർമയിൽ ജീവിക്കുന്ന ആ മുഖം ഞാൻ തിരയാറുണ്ട്.

എന്റെ അമ്മ ഈശ്വരഭക്തയായിരുന്നുവെങ്കിലും അവർ ഭക്തി ഞങ്ങളിൽ കുത്തിച്ചെലുത്തുവാൻ ഒരിക്കലും ശ്രമിച്ചില്ല. ഞങ്ങളെ ഏതെങ്കിലും ക്ഷേത്രത്തിലേക്ക് അവർ കൊണ്ടുപോയതായും ഞാൻ ഓർക്കുന്നില്ല. അമ്മ ദിവസേന രാവിലെ ഒരു പായത്തടുക്ക് എടുത്തു നിലത്തിട്ട് അതിൽ രണ്ടു കാലുകളും പിന്നോക്കം മടക്കിയിരുന്നുകൊണ്ട് ലളിതാസഹസ്രനാമം ജപിച്ചിരുന്നു. പക്ഷേ, അവർ നാമം ഒരിക്കലും ഉറക്കെ ചൊല്ലിയിരുന്നില്ല. ഈശ്വരന്റെ തിരുനാമത്തിന് നെഹ്റുവിന്റെയും ഗാന്ധിജിയുടെയും ഹിററ്ലറുടെയും പേരുകൾക്ക് അക്കാലത്തു ഞങ്ങളുടെ വീട്ടിൽ മുതിർന്നവർ കൊടുത്തിരുന്ന പ്രാധാന്യം മാത്രമേ ഞാൻ കല്പിച്ചുകൊടുത്തുള്ളു. രക്ഷിക്കുവാനും ശിക്ഷിക്കുവാനും കെല്പുള്ള ഒരു രക്ഷിതാവായി അന്നു ഞാൻ ഈശ്വരനെ കണക്കാക്കിയിരുന്നില്ല. ചുവരിൽക്കൂടി തലവെട്ടിച്ചും ചിരിച്ചുംകൊണ്ടു നീങ്ങിക്കൊണ്ടിരുന്ന ഒരു കൂട്ടുകാരനായി ഞാൻ അദ്ദേഹത്തെ കരുതി. എന്റെ ശരീരത്തിലെ അഗ്നിയിലും വായുവിലും നീരിലും





അലിഞ്ഞുചേർന്നിരിക്കുന്നു, അന്നു കണ്ട ആ മുഖചൈതന്യമെന്നു പിന്നീടാണ് എനിക്കു മനസ്സിലായത്. അതിനുശേഷം ഒരിക്കലും ഞാൻ ഏകാകിയായിട്ടില്ല. അതിലാണ് എന്റെ ആദിയും മദ്ധ്യവും അന്ത്യവുമെന്നു ഞാനിന്നു മനസ്സിലാക്കുന്നു—ത്രികാലജ്ഞാനമെന്നത് ഏററവും സരളമായ ഒരു മനഃസ്ഥിതിയാണ്. നമുക്കു മൂന്നു കാലങ്ങളെപ്പററിയും ബോധമുണ്ടാവുമ്പോഴാണ് നാം ത്രികാലജ്ഞാനികളാവുന്നത്. മൂന്നു സത്യങ്ങൾ മാത്രമേ നമുക്കു മനസ്സിലാവേണ്ടതുള്ളു. ഭൂതകാലത്തിൽ ജനനം, വർത്തമാനത്തിൽ ജീവിതം, ഭാവിയിൽ മരണം. ഈ സത്യങ്ങൾക്കപ്പുറത്ത് അനന്തമായ ശൂന്യതയാണ്. അവിടെ മിഥ്യകൾ പ്രേതരൂപങ്ങളെപ്പോലെ അലഞ്ഞു നടക്കുന്നു.

എനിക്കു നാലു വയസ്സുള്ളപ്പോൾ ഞങ്ങളുടെ വീട്ടിൽ രണ്ടു ട്യൂട്ടർമാർ വരാറുണ്ടായിരുന്നു—വൈകുന്നേരം മൂന്നരയ്ക്ക് ഇംഗ്ലീഷ് പഠിപ്പിക്കാൻ വന്നിരുന്ന മിസ്സിസ് സെകീറ എന്ന മംഗലാപുരത്തുകാരിയും സന്ധ്യയ്ക്കു ശേഷം മലയാളം പഠിപ്പിക്കാൻ വന്നിരുന്ന കറുത്ത നമ്പ്യാരും. മിസ്സിസ് സെകീറ അയഞ്ഞ പട്ടുകുപ്പായങ്ങളും നീല പളുങ്കുമാലകളും തവിട്ടുനിറമുള്ള സ്റോക്കിങ്ങുകളും ധരിക്കാറുണ്ടായിരുന്നു. അവർക്ക് ആ വീട്ടിൽ നമ്പ്യാർ മാസ്റ്ററെക്കാൾ സ്വാതന്ത്ര്യമുണ്ടായിരുന്നു. അവർ അച്ഛനോടും അമ്മയോടും വളരെ നേരം സംസാരിച്ചുകൊണ്ടിരിക്കാറുണ്ടായിരുന്നു. എന്നെ അവർ കല്യാണി എന്നാണു വിളിച്ചിരുന്നത്. എന്റെ ഛായയിൽ കല്യാണി എന്ന ഒരു ശിഷ്യ പണ്ട് അവർക്കുണ്ടായിരുന്നുവത്രേ. നമ്പ്യാർ സന്ധ്യയ്ക്കു വന്നാലുടനെ ശബ്ദമുണ്ടാക്കാതെ ഭക്ഷണമുറിയിലേക്കു രക്ഷപ്പെടും. അവിടെ വെപ്പുകാരന്റെ സാന്നിദ്ധ്യത്തിൽ എന്റെ മലയാളപാഠങ്ങൾ തുടങ്ങും. നമ്പ്യാർ ചായയും പരിപ്പുവടയും തിന്നതിനു ശേഷം അച്ഛന്റെ കണ്ണിൽപ്പെടാതിരിക്കാൻ ശ്രദ്ധിച്ചുകൊണ്ടു മടങ്ങിപ്പോവുകയുംചെയ്യും. മിസ്സിസ് സെകീറയ്ക്ക് ഇംഗ്ലീഷ് ചൈനയുടെ കോപ്പയിലും നമ്പ്യാർക്കു കുപ്പിഗ്ലാസ്സിലും വെപ്പുകാരൻ ചായ ഒഴിച്ചുകൊടുത്തു. അക്കാലത്ത് മലയാള ഭാഷയ്ക്ക് നമ്പ്യാരുടെ നിറവും അപകർഷതാബോധവുമുള്ളതായി ഞങ്ങൾക്കു തോന്നി. ഇംഗ്ലീഷ് ഭാഷയിൽ ഇംഗ്ലീഷ്കുട്ടികളെയും തോല്പിക്കുകയെന്നതായിരുന്നു എന്റെയും ജ്യേഷ്ഠന്റെയും ലക്ഷ്യം. പലപ്പോഴും ഞങ്ങൾ ആ സംരംഭത്തിൽ വിജയികളായി. എന്റെ നിറം വെളുപ്പിക്കാനും ചില ശ്രമങ്ങൾ വീട്ടിൽ നടന്നു കൊണ്ടിരുന്നു. ഉള്ളിയുടെ മണമുള്ള ഒരു തരം മഞ്ഞളെണ്ണ എന്റെ ദേഹത്തിലാകെ അമ്മ പുരട്ടിക്കാറുണ്ടായിരുന്നു. എങ്കിലും അധികമൊന്നും ഫലിച്ചില്ല ആ ശ്രമം.

അമ്മ അന്നൊക്കെ എല്ലായ്പോഴും കാരയ്ക്കയും ഉലുവയും വായിലിട്ടു ചവച്ചുകൊണ്ടു പുസ്തകങ്ങൾ വായിക്കുമായിരുന്നു. അവർ അന്നു തികച്ചും സുന്ദരിയായിരുന്നു. ഒരു നേർത്ത നീല ഞരമ്പ് തുടിക്കുന്ന വെളുത്ത കഴുത്തും, ഒരു നിർവികാരത്വം നിഴലിക്കുന്ന വിടർന്ന കണ്ണുകളും അവർക്കുണ്ടായിരുന്നു. അന്നൊക്കെ അമ്മ ചുവന്ന കരയുള്ള ഇളം മഞ്ഞ സാരികളാണു ധരിച്ചിരുന്നത്. അമ്മയ്ക്കു മററു നിറങ്ങളോടു താല്പര്യമുണ്ടായിരുന്നില്ല.

എനിക്കു കടുംനിറങ്ങളോടു ഭ്രമമുണ്ടായിരുന്നു. പക്ഷേ, അവയെല്ലാം ബാഹ്യപ്പകിട്ടോടുകൂടിയതാണെന്ന് (gandy) അച്ഛൻ എന്നെ പറഞ്ഞു മനസ്സിലാക്കുവാൻ ശ്രമിച്ചു. ഞങ്ങളുടെ കുടുംബം ഒരാദർശകുടുംബമാണെന്നും

ലളിതമായ ജീവിതരീതികൊണ്ടു ഞങ്ങൾ മററുള്ളവർക്കു മാതൃകകളായി തീരണമെന്നും അച്ഛൻ പറഞ്ഞു. ജീവിതം കുറച്ചുകൂടി പകിട്ടുള്ളതായിക്കഴിഞ്ഞാൽ അതെനിക്കൊരു ഉത്സവമായിത്തീരുമെന്ന് എനിക്ക് ഉറപ്പുണ്ടായിരുന്നു. നിറങ്ങളുടെ കടുപ്പം വർദ്ധിച്ചാൽ, സംഗീതത്തിൻെറ ഉച്ചത വർദ്ധിച്ചാൽ, നൃത്തത്തിനു വേഗത കൂടിയാൽ ആ വർണശബളമായ പരിപൂർണത ഒരു പൊട്ടിത്തെറിക്കലിൽ അവസാനിക്കുമെന്നും എനിക്കറിയാമായിരുന്നു. സംയമനമെന്ന മാർഗത്തിൽ, സമവൃത്തിയെന്ന സന്ധിയിൽ മാത്രമേ തങ്ങൾക്കു രക്ഷയുള്ളു എന്ന് എൻെറ മാതാപിതാക്കൾ വിശ്വസിച്ചു. ആ വിശ്വാസം എനിക്കില്ലാതിരുന്നതുകൊണ്ട് എൻെറ കാലടികൾ നിലംവിട്ടു പൊങ്ങി. ആകാശത്തിൽ മേഘങ്ങളുടെയൊപ്പം അലയുവാനും പാതാളച്ചെളിയിൽ തളർന്നു വന്നു വീഴുവാനും എനിക്കു കഴിഞ്ഞു. നായാടികൾ പണ്ടൊക്കെ ഒരു ശിശു ജനിച്ചാൽ അതിനെ മലയുടെ മുകളിൽ കൊണ്ടുപോയി കിടത്തുമായിരുന്നുവത്രെ. രണ്ടു ദിവസം കാററും വെയിലും മഴയും തട്ടിക്കിടക്കുന്ന കുട്ടി ആ ഘോരതപസ്സിനെ അതിജീവിച്ചാൽ അവൻ ജീവിക്കാൻ അർഹതയുള്ളവനാണെന്നു തെളിഞ്ഞു. അവനു മാത്രമേ അമ്മയുടെ മുലപ്പാലും കുടുംബത്തിൻെറ വാത്സല്യവും ലഭിക്കുകയുള്ളു. ഞാൻ ഒരു നായാടിശിശുവെന്നപോലെ സകല ഭൂതങ്ങളുടെയും സ്പർശത്തിനും അധീനയായി. എൻെറ സിരകളിൽ ചുടുള്ള വീഞ്ഞ് ഒഴുകി. എൻെറ ചുണ്ടുകളിൽ ഒരായിരം ചുംബനങ്ങൾ തങ്ങി നിന്നു.

## 2

## കണ്ടെത്തിക്കഴിഞ്ഞിട്ടില്ലാത്ത ഭൂഖണ്ഡം

ഇന്നലെ വൈകുന്നേരം എൻെറ സല്ക്കാരമുറിയിൽ വെച്ച് എൻെറ ഭർത്താവ് മറാത്തികവിയായ പുരുഷോത്തം റേഗേയോടു പറഞ്ഞു: കമല അവളുടെ ആത്മകഥ എഴുതുവാൻ തുടങ്ങിയിരിക്കുന്നു. എന്നോട് ആദ്യത്തെ അദ്ധ്യായം കൊണ്ടുവന്ന് റേഗേയ്ക്കു വായിച്ചുകേൾപ്പിക്കാനും പറഞ്ഞു. ഞാൻ അനുസരിച്ചില്ല. ഒരു മാസം വളർച്ചയെത്തിയ ഒരു ഭ്രൂണത്തെ ഗർഭപാത്രത്തിൽനിന്നു പുറത്തെടുത്തു പ്രദർശിപ്പിക്കുന്നതുപോലെയാവും ആ പ്രവൃത്തിയെന്ന് എനിക്കു തോന്നി. അച്ചടിക്കും മുമ്പ് മറെറാരാൾക്കും വായിക്കാൻ ഞാൻ എൻെറ കഥകളോ കവിതകളോ കൊടുക്കാറില്ല.

വെള്ളത്തിൽ മുങ്ങിമരിക്കുന്നവർ ജീവിതത്തിലെ സകലസംഭവങ്ങളും വീണ്ടും ഒരു സിനിമപോലെ മരണത്തിനു മുമ്പുള്ള നിമിഷത്തിൽ കാണുമെന്നു ഞാൻ എവിടെയോ വായിച്ചതായി ഓർക്കുന്നു. ശ്വാസകോശത്തെ വെള്ളം ആക്രമിക്കുന്ന നിമിഷത്തിൽ ഓർമശക്തി അതിൻെറ ഉച്ചനില പ്രാപിക്കുന്നു. എൻെറ വലത്തേ ശ്വാസകോശം വെള്ളം നുണഞ്ഞും വ്രണപ്പെട്ടും എന്നെ വല്ലാതെ കുഴക്കിയിരുന്ന ദിവസങ്ങളിൽ ആസ്പത്രിക്കട്ടിലിൽ തല കീഴോട്ടു ചായ്ച്ച് (കഫം വായിൽക്കൂടി ഒഴുകുവാൻ വേണ്ടി ഡോക്ടർമാർ





നിർദേശിച്ചതായിരുന്നു ആ കിടപ്പ്) കിടക്കുമ്പോൾ ഞാൻ എൻെറ ബാല്യകാലത്തെ വീണ്ടും കണ്ടുകൊണ്ടിരുന്നു. എൻെറ ഓർമ ആരംഭിക്കുന്നത് കല്ക്കത്തയിലെ ഇടത്തരക്കാർ താമസിച്ചിരുന്ന രാജാബസൻത റോയ് റോഡ് എന്ന തെരുവിൽ, നിരത്തിലേക്കു മുഖം കാട്ടിനില്ക്കുന്ന ഒരു ചുവന്ന വീട്ടിൽ വെച്ചാണ്. ചുളിഞ്ഞ മുലകളുള്ള ഒരു സ്ത്രീ എന്നെ എടുത്ത് ടെറസ്സിലേക്കു കൊണ്ടുപോയി. അവരുടെ വായുടെ രണ്ടു വശത്തും വെളുത്ത വിള്ളലുകൾ ഉണ്ടായിരുന്നു. 'ശാഠ്യം പിടിക്കരുത്, അച്ഛനു സുഖക്കേടാണ്.' അവർ എന്നോടു പറഞ്ഞു.

ഞങ്ങളുടെ ജീവിതത്തിൻെറ പശ്ചാത്തലം സൃഷ്ടിച്ചിരുന്നവരും അരങ്ങിൻെറ താങ്ങുകളുമായിരുന്ന വേലക്കാരെ ഞാനൊരിക്കലും മറക്കുകയില്ല. നാടകം തുടങ്ങുന്നതിനുമുമ്പ് ചൂലുമായി വന്ന് അരങ്ങു വൃത്തിയാക്കുന്നവരായിരുന്നു അവർ. അവർ പൊയ്ക്കഴിഞ്ഞാൽ മുഖ്യവേഷങ്ങൾ പുറത്തേക്കു വരികയായി. ഏററവും ആദ്യത്തെ ഭൃത്യരിൽ ഒന്നാമനായും അവിസ്മരണീയനായും നിലകൊള്ളുന്ന ചരബിലാൽ മുഷിഞ്ഞ ധോത്തിയും കേടുവന്ന പല്ലുകളുമുള്ള ഒരു ഒറിയക്കാരനായിരുന്നു. ചുവന്ന കല്ലുവെച്ച തെക്കൻ താലി കഴുത്തിൽ കെട്ടിയ ഒരു വൃദ്ധ, തേഞ്ഞ പല്ലുകളുള്ള ത്രിപുര, മൂക്കുത്തിയിട്ട പാറുക്കുട്ടി, ഞാൻ നടക്കാനിറങ്ങുമ്പോൾ പച്ചപ്പാവാടയും ധരിച്ച് എൻെറ പിന്നിൽ പറന്നുകളിച്ചിരുന്ന ജാനകി, ഇവരൊക്കെ ഏതേതു യവനികകൾക്കു പിന്നിൽ പോയി മറഞ്ഞുവെന്ന് എനിക്കറിയില്ല.

വീട്ടുവേലക്കാരുടെയൊപ്പം വളരെയധികം സമയം ചെലവഴിച്ചതുകൊണ്ട് എനിക്കു ലഭിച്ച നേട്ടങ്ങളിലൊന്നാണു സഹജാവബോധത്തോടെ മററുള്ളവരുമായി അടുക്കുവാനുള്ള കഴിവ്. ആത്മാർത്ഥതയില്ലാത്ത ഇടത്തരം (Mediocre) സാഹിത്യകൃതികൾ മനസ്സിൽ വളർത്തുന്ന വിലങ്ങുകൾ ഇവരെ ബാധിക്കുകയില്ല. കരച്ചിലും ചിരിയും കോപവും താപവും കാമവും അവരുടെ തൊലിക്കുനേരെ താഴെ വസിക്കുന്നു. ധനികരെന്ന് അഭിമാനിക്കുന്നവരുടെ മനസ്സിൻെറ ജീർണിച്ച അഗാധതയിൽ ഈ വികാരങ്ങൾ ചാണകപ്പുഴുക്കളെപ്പോലെ കിടന്നു പുളയ്ക്കുന്നുണ്ടായിരിക്കാം. പക്ഷേ, പുറത്തേക്കു വരുന്നതു വിദൂരമായ ഒരു ഓവുചാലിൽനിന്നു കാററിൽ പറന്നെത്തുന്ന ഒരു നേർത്ത ദുർഗന്ധം മാത്രമാണ്. വേലക്കാരികളുടെ ജാക്കററുകളുടെ വിയർപ്പുഗന്ധം വാത്സല്യത്തിൻെറ ഗന്ധമായി ഞാൻ കണക്കാക്കിയിരുന്ന ഒരു കാലം എനിക്കുണ്ടായിരുന്നു. ഒരിക്കൽ അവരുടെ പരുത്ത കൈകൾ വളരാൻ വെമ്പുന്ന എൻെറ ശരീരത്തെ തഴുകി. അച്ഛൻെറയും അമ്മയുടെയുംമേൽ യാതൊരു സ്വാധീനശക്തിയും ചെലുത്താൻ കഴിവില്ലാതിരുന്ന എന്നിൽനിന്നു വേലക്കാർക്കു സാരവത്തായ യാതൊരു സമ്പാദ്യവും ലഭിക്കുമായിരുന്നില്ല. എന്നു വേണമെങ്കിലും തങ്ങളെ പിരിച്ചുവിടാനുള്ള സ്വാതന്ത്ര്യം എൻെറ മാതാപിതാക്കൾക്ക് ഉണ്ടെന്നും അവർക്കറിയാമായിരുന്നു. മാസാരംഭത്തിൽ കിട്ടുന്ന അഞ്ചു റുപ്പികയുടെയോ ഇരുപതു റുപ്പികയുടെയോ തുച്ഛമായ ഒരു ബന്ധം മാത്രമേ തങ്ങൾക്കും യജമാനത്തികൾക്കും തമ്മിൽ ഉണ്ടാവുകയുള്ളു എന്നവർക്കറിയാമായിരുന്നു. എന്നിട്ടും, ഞാൻ രാത്രിയിൽ പ്രേതങ്ങളെയും കള്ളന്മാരെയും ഭ്രാന്തന്മാരെയും ഓർത്തു ഭയപ്പെട്ട് ഉറങ്ങാതെ കിടക്കു

േമ്പാൾ ഒരിക്കൽ വൃദ്ധയായ ത്രിപുര തൻെറ പായയിൽ എഴുന്നേററിരുന്നുകൊണ്ടു പറഞ്ഞു:

'ചെറിയ മകൾ എൻെറകൂടെ വന്നു കിടന്നുകൊള്ളു. പേടിക്കേണ്ട, ത്രിപുര ഇവിടെയുണ്ട്....'

കൽക്കത്തയിലെ ബാല്യകാലത്ത് ഞാൻ വളരെയധികം സ്നേഹിച്ചിരുന്ന ഒരു വ്യക്തി കെ.എസ്. മേനോനായിരുന്നു. അദ്ദേഹം ഞങ്ങളുടെ വീട്ടിൻെറ കീഴിലുള്ള മോട്ടോർ കമ്പനിയുടെ സ്റേറാഴ്സ് മാനേജരായിരുന്നു. കൊമ്പൻ മീശയും കുടവയറുമുള്ള ഒരാൾ. മരംകൊണ്ടു പല കൗതുകവസ്തുക്കളും ചെത്തിയുണ്ടാക്കുവാൻ അദ്ദേഹത്തിനു കഴിയുമായിരുന്നു. രണ്ടു നിലയുള്ളതും ധനികരായ പാവക്കുട്ടികൾക്കു പററിയതുമായ ഒരൊന്നാന്തരം വീട് അദ്ദേഹം ഒരിക്കൽ എനിക്കു സമ്മാനിച്ചു. അതിൻെറ പിൻവശത്തെ ചുവരായ വെള്ളപ്പലക എടുത്തു നീക്കിയാൽ ആ മുറികളിലെ കസാലകളും സോഫകളും കട്ടിലുകളും നമുക്കു കൈകൊണ്ടു തൊടാം. ഇത്ര മനോഹരമായ മറെറാരു സമ്മാനവും എനിക്കു ജീവിതത്തിൽ ഇന്നേവരെ കിട്ടിയിട്ടില്ല. ഇടയ്ക്ക് ഒഴിവു ദിവസങ്ങളിൽ ഞാൻ അദ്ദേഹത്തിൻെറ മുറിയിൽ ചെന്ന് എഴുത്തുമേശയ്ക്കുമേൽ സ്ഥലം പിടിക്കും. മേശപ്പുറത്തു കടലാസുകൾ പറക്കാതിരിക്കാൻ വെക്കാറുള്ള കട്ടികൾക്കു കിട്ടാറുള്ള ശ്രദ്ധ മാത്രമേ എനിക്കും ആ കമ്പനിയിൽനിന്നു കിട്ടിയിരുന്നുള്ളു. പലരും കെ.എസ്. മേനോനെ കാണാൻ വന്നിരുന്നു. ഇടയ്ക്കു വായിൽ മുഴുവൻ ചുവന്ന വെററിലച്ചണ്ടി നിറച്ചു നടക്കുന്ന ഒരു മദ്ധ്യവയസ്കൻ അവിടെ ചിരിച്ചുകൊണ്ടു വന്നെത്തും. നൂറോളം തവണ കണ്ടുകഴിഞ്ഞ ആ മനുഷ്യനെ ചൂണ്ടിക്കാണിച്ചുകൊണ്ട് മേനോൻ എന്നോടു ചോദിക്കും: 'കുട്ടിക്കു നമ്മുടെ കാളി ബാബുവിനെ പരിചയമില്ലേ?'

എൻെറ ജ്യേഷ്ഠൻ അന്നൊക്കെ ജർമനിയുടെ സ്വേച്ഛാധിപതിയായ അഡോൾഫ് ഹിററ്ലറുടെ ഒരു മുഴുത്ത ആരാധകനായിരുന്നു. വർത്തമാനക്കടലാസുകളിൽ തുടരെത്തുടരെ വന്നുകൊണ്ടിരുന്ന ഹിററ്ലർചിത്രങ്ങൾ മുറിച്ചെടുത്ത് ജ്യേഷ്ഠൻ ഒരൊന്നാന്തരം ആൽബമുണ്ടാക്കി. 'നിനക്കു വേണമെങ്കിൽ മുസ്സോലിനിയെ എടുത്തുകൊള്ളൂ' എന്നു ജ്യേഷ്ഠൻ എന്നോടു പറഞ്ഞു. അതുകൊണ്ടു ഞാൻ മനസ്സില്ലാമനസ്സോടെ എങ്കിലും ഇററലിയുടെ ബെനിറേറാ മുസ്സോലിനിയുടെ ആരാധികയായിത്തീർന്നു.

സ്കൂളില്ലാത്ത ദിവസങ്ങളിൽ ഞങ്ങൾ ജനലിൽകൂടി ഓരോ കളിപ്പാട്ടങ്ങൾ ചരടിൽ കെട്ടി താഴോട്ട് ഇറക്കും. വല്ലവരും അതു തൊടുവാൻ പുറപ്പെടുമ്പോൾ വലിയ ഹർഷാരവത്തോടെ ഞങ്ങൾ ആ ചരടു മേല്പോട്ടു വലിക്കുകയുംചെയ്യും. താഴത്തെ മോട്ടോർകാർ കമ്പനിയിൽ അക്കാലത്തു റിപ്പേറിനായി റോൾസ്റോയ്സും ബെൻറ്ലിയും മററും വന്നെത്താറുണ്ടായിരുന്നു. അത്തരം കാറുകളിൽ കയറി ഇരിക്കുവാനും സീററുകളുടെ തോൽ മണം ശ്വസിക്കുവാനും ഞങ്ങൾ ഇഷ്ടപ്പെട്ടു. അന്നു ഞാനും ജ്യേഷ്ഠനും കവിതകളും കഥകളും എഴുതുവാൻ തുടങ്ങി. അന്നു ദുഃഖപര്യവസായിയായ കഥകളാണു ഞങ്ങൾക്ക് ഇഷ്ടപ്പെട്ടിരുന്നത്. കുറച്ചു കളിക്കണം; എന്നിട്ടു വിയർക്കണം. കുറച്ചു ദുഃഖിക്കണം; എന്നിട്ടു കരയണം. ഞങ്ങളുടെ പാഠപുസ്തകത്തിൻെറ അവസാനത്തെ ഏട്ടിൽ 'എനിക്കൊരു പാവയുണ്ടായിരുന്നു' എന്നു തുടങ്ങുന്ന ഒരു കൊച്ചു കവിതയുണ്ടായിരുന്നു. അത് ഒരു പാവക്കുട്ടിയുടെ വീഴ്ചയെപ്പററിയുള്ള കവിതയായിരുന്നു. അതിൻെറ തല തകരുന്നതിനെപ്പററി ക്ലാസ്സിൽ ഉറക്കെ വായിക്കേണ്ടിവന്നപ്പോൾ എൻെറ കണ്ണുകൾ നിറഞ്ഞൊഴുകി. എൻെറ കണ്ഠം ഇടറി. ഞാൻ മററുള്ളവരുടെ പരിഹാസപാത്രമാവുകയും ചെയ്തു.





നിയന്ത്രിക്കാൻ വയ്യാത്ത കണ്ണുനീരും തൊലിയുടെ തവിട്ടു നിറവും എന്നെ ആ സ്കൂളിൽ ഒരു അന്യയാക്കിത്തീർത്തു. ഒരിക്കൽ വില്യം എന്നു പേരുള്ള ഒരിംഗ്ലീഷുകാരൻ—എൻെറ ജ്യേഷ്ഠൻെറ സഹപാഠി—എന്നോടു ചോദിച്ചു: 'നിനക്കു കുറച്ചുകൂടി വെടുപ്പായി കുളിച്ചുകൂടേ? സ്പോഞ്ചുകൊണ്ടു നല്ലപോലെ ഉരച്ചു കുളിച്ചാൽ നീയും ഞങ്ങളെപ്പോലെ വെളുക്കും.'

ഒരിക്കൽ എൻെറ ക്ലാസ്സിലെ കുട്ടികളെ ടീച്ചർ വിക്ടോറിയ മെമ്മോറിയൽ ഗാർഡനിലേക്കു കൊണ്ടുപോയി. വഴിക്കുവെച്ചു ഞങ്ങൾ കരിമ്പിൻ നീരു കുടിച്ചു. പുൽത്തകിടിയിൽ ടീച്ചറുടെ ചുററും ഓടി നടന്നു കളിച്ചിരുന്ന മററു കുട്ടികളിൽനിന്നും അകന്ന് ഞാൻ ഒരു മൈലാഞ്ചിവേലിക്കു പിന്നിൽ മലർന്നു കിടന്നു. ആകാശത്തിൽ വെളുത്ത ഗ്രീഷ്മകാല സൂര്യൻ. വേദനയെ അനുസ്മരിപ്പിക്കുന്ന മൈലാഞ്ചിപ്പൂമണം. ഏകാന്തത.

'നീയെന്താണ് അവിടെ ചെയ്യുന്നത്? നീ എന്തു വിചിത്രജാതിയാണ്?' എൻെറ ടീച്ചർ ചോദിച്ചു. 'ഹ! ഹ! ഹ! ഹ!....കമല വിചിത്ര ജാതിയാണ്. ഹ! ഹ! ഹ! ഹ!' എൻെറ സതീർത്ഥ്യർ പൊട്ടിച്ചിരിച്ചു. എൻെറ സൂര്യൻ, നീ അന്നും എല്ലാററിനും സാക്ഷിയായി വിളർത്ത മുഖത്തോടെ നോക്കി നിന്നു. കോടതിമുറിയിലെ സാക്ഷിക്കൂട്ടിൽ നീ വന്നുദിക്കുന്നു. നീ കത്തുന്നു. നീ നീറുന്നു. നീ അസ്തമിക്കുന്നു.

രണ്ടാം ലോകമഹായുദ്ധത്തിൻെറ വിഷവായു ലോകം മുഴുവൻ വ്യാപിച്ചു തുടങ്ങിയ കാലമായിരുന്നു അത്. ജർമനി കത്തിച്ച കാട്ടുതീയുടെ ചൂട് ഇന്ത്യയിലും അനുഭവപ്പെട്ടുതുടങ്ങി. അന്നു ഞാനും എൻെറ ജ്യേഷ്ഠനും കൽക്കത്ത വിട്ട് നാലപ്പാട്ടെ വീട്ടിലേക്കും അമ്മമ്മയുടെ സംരക്ഷണയിലേക്കും വന്നെത്തി. നാലപ്പാടും പരിസരവുമായി ചുരുങ്ങി ഞങ്ങളുടെ ലോകം. കണ്വാശ്രമം പോലെ ശ്രീ വിളങ്ങിയിരുന്ന ആ സ്ഥലത്തിൻെറ മനോഹാരിതകൾ വർണിക്കുവാൻ എനിക്ക് ഇന്നും വാക്കുകൾ കിട്ടുന്നില്ല. വിദ്യാഭ്യാസം പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടില്ലാത്ത എനിക്ക് വാക്കുകളുടെ ക്ഷാമം എല്ലായ്പോഴും അനുഭവപ്പെടുന്നത് സ്വാഭാവികമാണ്. ഞാൻ ഇന്ന് ഇംഗ്ലീഷിലും മലയാളത്തിലും എഴുതുന്നു. പക്ഷേ, കുഷ്ഠം പിടിച്ചും മററും വിരലുകൾ നഷ്ടപ്പെട്ട ഒരുത്തൻ തൻെറ കൈകളാകുന്ന കുററികൾകൊണ്ടു ടൈപ്പു ചെയ്യുന്നതുപോലെയോ കൊട്ട നെയ്യുന്നതുപോലെയോ ആണ് എൻെറ സാഹിത്യരചന. വാക്കുകളുടെ ദാരിദ്ര്യം എൻെറ കലയെ പരിമിതമാക്കുന്നു. രാത്രിയിൽ എൻെറ ഭർത്താവും ചെറിയ കുഞ്ഞും അടുത്ത് ഉറങ്ങിക്കിടക്കുമ്പോൾ ഞാൻ ഇരുട്ടിൽ വാക്കുകൾക്കുവേണ്ടി പരതിനടക്കും. എൻെറ മനസ്സു കണ്ടെത്താത്ത ഒരു ഭൂഖണ്ഡമാണെന്നും തീനാളങ്ങളെപ്പോലെ ജ്വലിക്കുന്ന വാക്കുകൾകൊണ്ട് അതിൻെറ തുറമുഖങ്ങളെ പ്രകാശിപ്പിച്ചാൽ ഓരോ വായനക്കാരനും ഓരോ ദേശസഞ്ചാരിയെപ്പോലെ അതിലെ കരിങ്കൽവിഗ്രഹങ്ങൾക്കു മുമ്പിൽ

അത്ഭുതദൃഷ്ടിയോടെ വന്നു നില്ക്കുമെന്നും എനിക്കു തോന്നുന്നു. തൃജിക്കപ്പെട്ട്, പിന്നെയും പിന്നെയും തൃജിക്കപ്പെട്ടു കുഴിപ്പെട്ട എന്റെ ആത്മാവിനു മ്യൂസിയം തോട്ടങ്ങളിൽ കാണുന്ന കരിങ്കൽപ്രതിമകളുടെ ഛായ ഉണ്ടെന്ന് അവർ കണ്ടുപിടിക്കും. സംവൽസരങ്ങളുടെ മഴയും വെയിലും തട്ടി കുഴിപ്പെട്ടു വസൂരിക്കലകൾ നിറഞ്ഞ മുഖമുള്ള ഒരു കരിങ്കൽദൈവത്തെ ഞാൻ പണ്ടൊരിക്കൽ കൽക്കത്താ മ്യൂസിയത്തിൽ കണ്ടു. അതിന്റെ ഛായയുള്ള ഒരാൾ രണ്ടു മാസം മുമ്പു മഴ നനഞ്ഞൊലിച്ചുകൊണ്ട് എന്റെ വീട്ടിൽ വന്നു കയറി....

നാലപ്പാട്ടിലേക്കുതന്നെ മടങ്ങുക. പടിപ്പുരമാളികയുടെ പിന്നിൽ, വേലിയുടെ പിന്നിൽ നിന്നുകൊണ്ട് മഞ്ഞ അരളിപ്പൂക്കളുടെ കൊമ്പുകൾ കൈകൊണ്ട് അകത്തി, അകത്തേക്ക് എത്തിനോക്കാറുള്ള ചെട്ടിച്ചിയാചകികൾ 'ധർമം തരമ്മാ....ധർമം തരമ്മാ....' എന്നു വിളിച്ചലച്ചിരുന്നു. അവരുടെ തലമുടി ചിരട്ടവെച്ചു വൃത്തത്തിൽ കെട്ടിയിരിക്കും. അവരുടെ മാറാപ്പുകളിൽ ഉറങ്ങുന്ന ശിശുക്കളുമുണ്ടാവും.

ഇടത്ത് പച്ചിലപ്പാമ്പുകളെ വഹിക്കുന്ന രണ്ടു വടുകപ്പുളി നാരകമരങ്ങൾ. അതിനും ഇടത്ത് വേലിക്കരികിൽ ഓലമേഞ്ഞ തണ്ണീർപ്പന്തൽ ചാഞ്ഞു നില്ക്കുന്ന പ്ലാശുമരം. ചെറിയമ്മയുടെ ഓമനയായ ചുവന്ന നന്ദിനിയുൾപ്പെടെ മൂന്നു പശുക്കൾ താമസിച്ചിരുന്ന തൊഴുത്ത്. നെല്ലി, ആകാശത്തിലേക്കു കൈ നീട്ടിയ പാരിജാത മരം. പാമ്പിൻകാവിലെ വൃദ്ധരാക്ഷസനായ കാഞ്ഞിരം, ഇലഞ്ഞി; ഇലഞ്ഞിയിൽ പടർന്ന തിപ്പലി. കുളക്കോഴികൾ വസിക്കുന്ന പൊന്തകൾ. ചീങ്കണ്ണികൾ ഇളംവെയിലിൽ വായ് തുറന്നു വിശ്രമിക്കുന്ന കുളക്കടവുകൾ. ഉമ്മറത്ത് അമ്മാവൻ നട്ടുവളർത്തിയ പനിനീർ പൂന്തോട്ടം. കാക്കകളും അണ്ണികളും മാത്രം ഭക്ഷിക്കുന്ന പുളിയൻമാങ്ങകളുണ്ടാവുന്ന തെക്കൻ മാവ്. ചുവരിന്റെയും ചവിട്ടുകല്ലിന്റെയും അരികിൽ വളർന്നു നിന്നിരുന്ന പുളിയാറൽച്ചെടി....ഇതൊക്കെയായിരുന്നു അക്കാലത്തെ നാലപ്പാട്ടു വീട്.

## 3

## സിമിത്തേരിയിലെ ബോഗൻവില്ല

അച്ഛന്, നേപ്പാളിൽ നിന്നു വന്ന ഒരാൾ ഒരു സാളഗ്രാമം സമ്മാനിച്ചിരുന്നു. അതിൽ രാധാകൃഷ്ണമൂർത്തിയായിരുന്നു വസിച്ചിരുന്നത്. അത് അച്ഛൻ നാലപ്പാട്ടു കൊണ്ടുവന്ന് അതിനായി തെക്കിനിയിൽ മരം കൊണ്ട് ഒരമ്പലമുണ്ടാക്കി അതിൽ പ്രതിഷ്ഠിച്ചു. അമ്പലത്തിന്റെ വാതില്പടിമേൽ വെള്ളികൊണ്ട് 'ഓം' എന്ന അക്ഷരവും പതിച്ചു. എല്ലാ ദിവസവും രാവിലെ കൃത്യം ഏഴു മണിക്ക് അമ്മമ്മ കുളിച്ച് ഈറനും ചുററിക്കൊണ്ട് ആ അമ്പലത്തിൽ പ്രവേശിക്കും. പിന്നെ പൂജയ്ക്കും നാമത്തിനും ശേഷം അമ്മാമന്റെ പൂജയ്ക്കായി തീർത്ഥവും കർപ്പൂരവും സാമ്പ്രാണിയും മററും ഒരുക്കി





വെക്കും. അമ്മാമന്റെ കുളി—അമ്മായിയുടെ സഹായത്തോടെ നട ത്തുന്ന കുളി—കൃത്യം 8.30 നു കഴിയും. മെതിയടി കാലിലിട്ടുകൊണ്ട് അഞ്ചാം പുരയിൽക്കൂടി അമ്പലത്തിലേക്കു നടക്കുന്നതിനിടയിൽ പൊടിയരിക്കഞ്ഞി കുടിക്കാനിരിക്കുന്ന ഞങ്ങൾ കുട്ടികളെ നോക്കി അമ്മാമൻ ചിരിക്കും. സ്വന്തം മരുമക്കളോടുള്ള വാത്സല്യം ഒരു ജീവിതപദ്ധതിയാക്കി കഴിഞ്ഞിരുന്ന അമ്മാമന് അന്യവീട്ടിലെ കുട്ടികളെ തീരെ ഇഷ്ടമുണ്ടായിരുന്നില്ല. ചിലപ്പോഴെങ്ങാനും പടി കടന്നു വല്ല ദരിദ്രബാലനും ഞങ്ങളുടെ ഉമ്മറമുററത്തേക്കു പ്രവേശിച്ചാലുടനെ വായിക്കുന്ന പുസ്തകത്തിൽനിന്നു തലയുയർത്തി അമ്മാമൻ ഗർജിക്കും, 'പോ.... പോ..... കടന്നുപോ.'

അമ്മാമന്റെ അമ്മ, മാധവിയമ്മ എന്ന വലിയമ്മ, നാലപ്പാട്ടെ മററു മുത്തശ്ശികളിൽനിന്നു വളരെ വ്യത്യസ്തയായിരുന്നു. അവർക്കു മററുള്ളവരുടെ നിറമുണ്ടായിരുന്നില്ല. പക്ഷേ, കറുത്തുള്ള ശരീരവും നിബിഡമായ തലമുടിയും അവർക്കുണ്ടായിരുന്നു. അവരുടെ തലമുടി ഒരു പാമ്പിൻപത്തിപോലെ തലയുടെ ഇടതുഭാഗത്തേക്കു ചരിച്ചു കെട്ടി വെച്ചിരുന്നു. അവരുടെ കഴുത്തിൽ സ്വർണംകെട്ടിച്ച തുളസിമാലയുണ്ടായിരുന്നു. വലിയമ്മ ചിരിച്ചു കണ്ടതായി ഞാനോർക്കുന്നില്ല. അവർ തന്റെ മകനുമായിട്ടു സംസാരിക്കുന്നതും ഞാൻ കേട്ടിട്ടില്ല. അതിൽ വലിയ അത്ഭുതത്തിനവകാശമില്ല. കാരണം, അക്കാലത്തു പുരുഷന്മാരുടെ ലോകം ഉമ്മറവും കിഴക്കേ മുററവും മാത്രമായിരുന്നു. സ്ത്രീകളുടെ വിശാലമായ ലോകത്തിൽ രണ്ടു കോലായകളും കിണററിൻകരയും നെല്ലുകുത്തുപുരയും നടുമുററവും എല്ലാം ഉണ്ടായിരുന്നു. ഭക്ഷണം കഴിക്കാൻ മാത്രമേ അമ്മാമൻ തെക്കിനിയിലേക്കു പ്രവേശിച്ചിരുന്നുള്ളു. കൃത്യം പന്ത്രണ്ടുമണിക്ക് അമ്മാമനു ഭക്ഷണം തെക്കിനിയിൽ നിരത്തപ്പെടും. വെണ്ണ, തൈര്, രണ്ടു കൂട്ടാൻ, ഒരു മെഴുക്കുപുരട്ടി, പപ്പടം, ഉപ്പിലിട്ടത്. അമ്മാമൻ എന്നും നാക്കിലയിലാണ് ഊണു കഴിച്ചിരുന്നത്. മിക്ക ദിവസങ്ങളിലും അമ്മാമന് കൂട്ടിനു വല്ല അതിഥികളും ഉണ്ടായിരിക്കും. അന്ന് നാലപ്പാട്ടു വളരെ സ്വാഗതാർഹനായ ഒരതിഥി പ്രസിദ്ധ വൈയാകരണനായ കുട്ടിക്കൃഷ്ണമാരാരായിരുന്നു. അദ്ദേഹവും അമ്മാമനും സാഹിത്യകാരന്മാരെപ്പ ററിയും സാഹിത്യകൃതികളെപ്പററിയും സംസാരിക്കുമ്പോൾ ഞാനും ജ്യേഷ്ഠനും തെക്കേ കോലായിൽ ഇരുന്ന് അവരുടെ സംസാരം ശ്രദ്ധിച്ചുകേട്ടു. ഞാൻ മലയാളത്തിന്റെ എ.ബി.സി പഠിച്ചതും 'മലയാള ശൈലി' എന്ന പുസ്തകം വായിച്ചതിനു ശേഷമാണ്.

അന്നൊക്കെ ഞങ്ങൾക്കു രണ്ട് ആരാധനാമൂർത്തികളുണ്ടായിരുന്നു—'രമണ'നിൽക്കൂടി പ്രേമത്തെപ്പററി പറഞ്ഞു തേങ്ങിയ ചങ്ങമ്പുഴയും 'നാടൻ പ്രേമം' എഴുതിയ പൊററെക്കാട്ടും. പൊററെക്കാട്ടിന്റെ 'സ്ത്രീ'യുടെ ആദ്യഭാഗം മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വന്നപ്പോൾ നാലപ്പാട്ടെ സ്ത്രീകൾക്കിടയിൽ അതൊരു കോളിളക്കം ഉണ്ടാക്കി. ഭാർഗവിയുടെ അന്ത്യം അവരെ വളരെ വിസ്മയിപ്പിച്ചു.

ഞങ്ങൾക്കു പണ്ടേന്നോ ബന്ധുത്വമുണ്ടായിരുന്ന ഒരു കോവിലകം നാലപ്പാട്ടിന്റെ അടുത്തുണ്ടായിരുന്നു. ആ കോവിലകത്തേക്ക് അമ്മമ്മ എന്നെ ഇടയ്ക്കിടയ്ക്ക് കൊണ്ടുപോവാറുണ്ടായിരുന്നു. പടിവാതില്ക്കൽ, ചുവരിൽ

മഞ്ഞച്ചായം ചേർത്തു വരഞ്ഞ ദ്വാരപാലകന്മാരും നാടകശാലയിൽ സ്ഥിതി ചെയ്തിരുന്ന വേട്ടക്കാരന്റെ ക്ഷേത്രവും എന്നെ വളരെ ആകർഷിച്ചു. അവിടെയുള്ള സ്ത്രീകൾ ഞങ്ങളെ തൊടുമായിരുന്നില്ല. ഞങ്ങളെ തൊട്ടാൽ രാജകുടുംബത്തിലെ അംഗങ്ങൾക്ക് അയിത്തം ബാധിക്കുമെന്ന് അമ്മമ്മ സാവധാനത്തിൽ എന്നെ പറഞ്ഞു മനസ്സിലാക്കി.

'ശ്രീകൃഷ്ണൻ എന്നെ തൊടുമോ?' ഞാൻ അമ്മമ്മയോടു ചോദിച്ചു: 'ശ്രീകൃഷ്ണൻ മഥുരയിലെ രാജാവല്ലേ? ആ ശ്രീകൃഷ്ണൻ എന്നെ തൊടുമോ?'

'അതൊന്നും എനിക്കറിയില്ല.' അമ്മമ്മ പറഞ്ഞു.

ഗ്രഹണി പിടിച്ചു ശോഷിച്ചു കഴിഞ്ഞിരുന്ന എന്റെ ശരീരത്തിൽ അമ്മമ്മ ആഴ്ചയിലൊരിക്കൽ കാച്ചിയ തൈലം തേച്ചു തിരുമ്മി. സുഖക്കേടിനു മുമ്പ് എനിക്കുണ്ടായിരുന്ന പവൻമാററു ശരീരകാന്തിയെപ്പററി അപ്പോഴൊക്കെ അമ്മമ്മ എന്നോടു വിസ്തരിച്ചു പറയാറുണ്ടായിരുന്നു. എന്റെ ചുരുണ്ട തലമുടി കോതിക്കെട്ടുവാൻ അമ്മമ്മയ്ക്കു താല്പര്യമായിരുന്നു. രാത്രിയിൽ നാലപ്പാട്ടെ മാളികയുടെ നടുവിലത്തെ മുറിയിൽ അടിച്ചുവാരി വെള്ളം നനച്ചു തുടച്ചിട്ട നിലത്ത് ഒരു കിടക്ക വിരിച്ചിട്ട് അതിലായിരുന്നു ഞാനും അമ്മമ്മയും കിടന്നിരുന്നത്. സ്വപ്നം കണ്ട് ഉണരുമ്പോൾ, വരാന്തയിലേക്കു ചോരുന്ന നാട്ടുവെളിച്ചത്തിൽ പ്രഭാതചന്ദ്രനെപ്പോലെ മങ്ങിത്തിളങ്ങുന്ന അമ്മമ്മയുടെ മുഖം എനിക്കു ജീവിതത്തിൽ ആദ്യമായി ഒരു സുരക്ഷിതത്വം നേടിത്തന്നു.

ഞാനും ജ്യേഷ്ഠനും ക്രമേണ ഗ്രാമീണജീവിതവുമായി ഇണങ്ങിച്ചേർന്നു. നഗ്നപാദരായി സ്കൂളിൽ പോവാനും ചെളി നിറഞ്ഞ കുളത്തിൽ മുങ്ങിക്കുളിക്കുവാനും ഞങ്ങൾ പഠിച്ചു. അങ്ങനെയിരിക്കുമ്പോൾ അച്ഛൻ വീണ്ടും രംഗത്തു നഗരപരിഷ്കാരത്തിന്റെ അലകളുമായി വന്നെത്തി. ഞാനൊരു ശുദ്ധ കൺട്രിയായിരിക്കുന്നുവെന്ന് അച്ഛൻ മനസ്സിലാക്കി. ഉടനെ ഒരു അമ്പട്ടനെ വിളിച്ചുവരുത്തി അച്ഛൻ എന്റെ മുടി ചെവിക്ക് ഒരിഞ്ചു താഴെ വെച്ചു മുറിച്ചുകളഞ്ഞു. ഒരു വെളുത്ത ഉടുപ്പും ധരിച്ചുകൊണ്ട് ഞാൻ വീണ്ടും കൽക്കത്തയിലേക്കു യാത്രയായി. അവിടെയെത്തിയതു രണ്ടാം ടേമിന്റെ അവസാനത്തിലായതുകൊണ്ട് എന്നെ സ്കൂളിൽ ചേർക്കാൻ അച്ഛനു സാധിച്ചില്ല. വീട്ടിൽ മേബിൽ ഡിസെൽവ എന്ന ചെറുപ്പക്കാരി ട്യൂഷനായി വന്നുതുടങ്ങി.

ഞങ്ങളുടെ പാർക്ക് സ്ട്രീററിലെ വീട്ടിന്റെ വടക്കോട്ടുള്ള ജനലുകൾ തുറന്നാൽ ഫാക്ടറിയുടെ തുത്തനാകപ്പലകകൊണ്ടു മേഞ്ഞ മേൽക്കൂര കാണാം. അതിന്മേൽ കുരങ്ങുകൾ ഓടിനടക്കുന്നതും കാണാം. ചില ദിവസങ്ങളിൽ ഒരു വയസ്സൻ കുരങ്ങ് ഞങ്ങളുടെ അടുക്കളയിൽ പ്രവേശിച്ചു തേങ്ങയും മററും മോഷ്ടിച്ചു ജനലിൽകൂടി ഓടി രക്ഷപ്പെടാറുണ്ടായിരുന്നു. ഒരു ദിവസം വെപ്പുകാരൻ ഒരു കുററിച്ചൂലെടുത്തു കുരങ്ങിനെ അടിക്കുവാൻ മുതിർന്നു. വാതില്ക്കൽ തലേദിവസത്തെ ചോറു കിട്ടുവാൻ കാത്തു നിന്നിരുന്ന തോട്ടി അപ്പോൾ കണ്ണുകൾ ഉരുട്ടിക്കൊണ്ടു പറഞ്ഞു:

'താക്കൂർ....അടിക്കരുതേ, അതു സാക്ഷാൽ ഹനുമാൻജിയല്ല എന്നു നമുക്കെങ്ങനെ അറിയാം?' വെപ്പുകാരൻ കുരങ്ങിനോടു പറയുന്ന അസഭ്യ





വാക്കുകൾ ചില ദിവസങ്ങളിൽ രാവിലെ 11 മണി നേരത്തിന്റെ നിശ്ശബ്ദതയെ ഭഞ്ജിക്കാറുണ്ട്. ചുവട്ടിലെ കമ്പനിയുടെ റിപ്പ്പ്പയാർഡിൽനിന്നു ഝീങ്ങ് ഝീങ്ങ്....

ട്ടെ! ട്ടെ! ട്ടെ! ട്ടെ....

എന്റെ അമ്മ ഉച്ചയ്ക്ക് ഉറങ്ങിക്കഴിഞ്ഞാൽ, വെപ്പുകാരനും നിദ്രയ്ക്കായി കോണിയുടെ പിന്നിലെ തന്റെ ഇരുട്ടുമാളത്തിലേക്കു നൂണു കടന്നാൽ, ഞാൻ മെല്ലെ വാതിൽ ചാരിവച്ചുകൊണ്ടു പുറത്തിറങ്ങും. ചിലപ്പോൾ ഗേററിന്റെ അടുത്തു കയററുകട്ടിലിൽ ഇരുന്നു പുകവലിക്കുന്ന കാവല്ക്കാരൻ എന്നെ അവിടെ പിടിച്ചിരുത്തി കുശലാന്വേഷണങ്ങൾ തുടങ്ങും. അയാൾ ഇടയ്ക്കിടയ്ക്ക് എന്നോടു ചോദിക്കാറുള്ള ഒരു ചോദ്യം, 'നിങ്ങളുടെ വീട്ടിലെ വെപ്പുകാരനു തലയ്ക്കു ഭ്രാന്തുണ്ടോ?' എന്നായിരുന്നു. കാവൽക്കാരന്റെ കണ്ണു തെററിയാൽ ഞാൻ ധൃതിയിൽ ഗേററു കടന്ന് ഇടത്തോട്ടു തിരിയും. ഏകദേശം ഒരു ഫർലോങ് ദൂരം പോയാൽ അടച്ചിട്ടതെങ്കിലും പൂട്ടാത്ത പുരാതന യൂരോപ്യൻ സിമിത്തേരി കാണാം.

പുപ്പൽ പിടിച്ച ശവകുടീരങ്ങളുടെ ശിഖരങ്ങളെ ആശ്ലേഷിച്ചുകൊണ്ട് രാജ്ഞികളെപ്പോലെ അഭിമാനികളായ ബോഗൻവില്ലപ്പൂങ്കുലകൾ വളർന്നു നില്ക്കുന്നതും കാണാം. സംവത്സരങ്ങളുടെ മഴയും വെയിലും തട്ടി നിറം മങ്ങിക്കഴിഞ്ഞിരുന്ന ശ്മശാനക്കല്ലുകൾ മഞ്ഞച്ചുപോയ പല്ലുകളെപ്പോലെ എനിക്കു തോന്നി. പഴഞ്ചൻ പല്ലുകളുടെ ഒരു കൊയ്ത്ത്. ഷാലിമാറിന്റെ അടുത്തുവച്ചു താൻ സ്നേഹിച്ച വിളർത്ത കൈകളെപ്പററി പാടിയ സുപ്രസിദ്ധ കവയിത്രി ലോറൻസ് ഹോപ്പ് അവിടെ ഒരു മൂലയിൽ സംസ്കരിക്കപ്പെട്ടിരുന്നു. പക്ഷേ, ഈ വിവരം എനിക്കു വളരെ കൊല്ലങ്ങൾക്കു ശേഷം ദില്ലിയിൽ നിന്നാണു കിട്ടിയത്. അനുഗൃഹീത കവിയായ ലോറൻസ് ബാൻറൽമൻ എന്നോടു പറഞ്ഞു: 'ലോറൻസ് ഹോപ്പിന്റെ ശവകുടീരം ഞാൻ കണ്ടിട്ടുണ്ട്. പാർക്ക് സ്ട്രീററിലെ പുരാതന സിമിത്തേരിയിൽ വടക്കുകിഴക്കേ മൂലയിലാണ് അതു സ്ഥിതിചെയ്യുന്നത്.' സ്നേഹം മതമാക്കി മാററിയ ആ സുന്ദരിയുടെ ചപലമായ ആത്മാവായിരിക്കണം ആ ശവക്കല്ലറയുടെ മേൽ ചലിക്കുന്ന നീലനിഴലായി ആ മദ്ധ്യാഹ്നങ്ങളിൽ ഓടിക്കളിച്ചിരുന്നത്. അവളുടെ ഒടുങ്ങാത്ത ജീവിതതൃഷ്ണയാവാം, ആ പൂവള്ളികളെ നിത്യനർത്തകരെപ്പോലെ ചാഞ്ചാടിച്ചിരുന്നത്.

അന്ന് എന്റെ അമ്മയ്ക്ക് സരസ്വതി എന്നു പേരുള്ള ഒരു വേലക്കാരിയുണ്ടായിരുന്നു. എന്റെ അനുജത്തിയെ എടുത്തുകൊണ്ടു നടക്കലും അവളെ കളിപ്പാട്ടങ്ങൾ നിരത്തിവെച്ചു കളിപ്പിക്കലും മാത്രമായിരുന്നു സരസ്വതിയുടെ ജോലികൾ. അവൾക്ക് അന്നു പതിനെട്ടു വയസ്സു പ്രായമായിരുന്നു. കറുത്ത നിറമുള്ള ഒരു സുന്ദരിപ്പെണ്ണ്. എന്റെ അമ്മയ്ക്ക് അവളെ വളരെ ഇഷ്ടമായിരുന്നു. അവളുടെ മുഖത്തിന്റെ ഭംഗിയെപ്പററി അമ്മ സംസാരിക്കുമ്പോഴും എനിക്കു കുപ്പായം തുന്നിക്കാൻ വാങ്ങിയ തുണികൊണ്ട് അവൾക്ക് ബ്ലൗസ് തയ്പിക്കാൻ കൊടുക്കുമ്പോഴും എന്റെ ഉള്ളിൽ അസൂയയുടെ നേർത്ത വേദന എനിക്കനുഭവപ്പെട്ടു. എനിക്കു സൗന്ദര്യം കമ്മിയായതുകൊണ്ടാണ് എന്റെ മാതാപിതാക്കന്മാർക്ക് എന്നോട് സ്നേഹമില്ലാത്തത് എന്ന്

അന്നൊക്കെ ഞാൻ വിചാരിച്ചിരുന്നു. കണ്ണാടിയിൽ ഒരു ഞെട്ടലോടെ മാത്രമേ ഞാൻ നോക്കിയിരുന്നുള്ളു. തവിട്ടുനിറം. മെലിഞ്ഞ കൈകാലുകൾ. അല്പം പൊങ്ങിയ പല്ലുകൾ. മുഖത്തു കണ്ണട. എട്ടു വയസ്സിൽത്തന്നെ ലോകം എന്നെ ത്യജിച്ചു എന്ന് എനിക്കു തോന്നി. 'എനിക്കു തീരെ ഭംഗിയില്ലേ നാരായണൻ നായരെ?' ഞാൻ വെപ്പുകാരനോടു ചോദിച്ചു: 'കുട്ടിക്കു ഭങ്ങിയൊക്കെ തന്നെ വരും. കൊറച്ചുകാലം അങ്ങ്ട്ട് കഴിയട്ടെ....' അയാൾ പറഞ്ഞു.

എന്റെ ജ്യേഷ്ഠൻ അന്നു നാട്ടിലെ ഒരു ഹൈസ്കൂളിലായിരുന്നു പഠിച്ചിരുന്നത്. ജ്യേഷ്ഠനുമായുള്ള വിരഹം എന്നെ വളരെയധികം പീഡിപ്പിച്ചു. ഒരിക്കൽ വീണയും നാദവുമെന്നപോലെയായിരുന്നു ഞങ്ങൾ. ജ്യേഷ്ഠന്റെ സങ്കല്പങ്ങളെല്ലാം യാഥാർത്ഥ്യങ്ങളാക്കുവാൻ ഞാനെന്നും ശ്രമിക്കാറുണ്ടായിരുന്നു. നാടകങ്ങളെഴുതി ഞങ്ങൾ അഭിനയിച്ചു. ഞങ്ങൾ കൈയെഴുത്തു മാസികകൾ പുറത്തിറക്കി. ഓല മേഞ്ഞ അമ്പലങ്ങളുണ്ടാക്കി. അവിടെ വിഗ്രഹങ്ങളെ പ്രതിഷ്ഠിച്ചു. ഞങ്ങൾ രാജ്യകാര്യങ്ങളെപ്പററി പ്രസംഗങ്ങൾ നടത്തി. ഈ ലോക ത്തിലെ ഏററവും വലിയ പ്രതിഭാശാലി എന്റെ ജ്യേഷ്ഠനാണെന്നു ഞാൻ കണ്ണടച്ചു വിശ്വസിച്ചു. വളരെക്കാലം എന്റെ ഒരു ഫോട്ടോ ജ്യേഷ്ഠൻ തന്റെ പേഴ്സിൽ കൊണ്ടുനടന്നിരുന്നു. ഒരിക്കൽ വേനൽ ഒഴിവിനു ഞങ്ങൾ ഒന്നിച്ചു കണ്ടുമുട്ടിയപ്പോൾ പേഴ്സിൽ ആ പഴയ ഫോട്ടോ ഞാൻ കണ്ടില്ല. അന്നു ജ്യേഷ്ഠൻ തന്നെ സ്നേഹിച്ചു തുടങ്ങിയ പെൺകുട്ടിയെപ്പററി ആദ്യമായി എന്നോടു പറഞ്ഞുതന്നു.

## 4

## ഒരു പിറന്നാളിന്റെ ഓർമ്മ

എന്റെ ഒമ്പതാം വയസ്സിൽ അച്ഛൻ എന്നെ തൃശൂരിലുള്ള ഒരു ബോർഡിങ്ങിൽ കൊണ്ടുപോയി ചേർത്തു. റോമൻ കത്തോലിക്ക സമുദായത്തിൽപ്പെട്ട കന്യാസ്ത്രീകളുടെ ഒരു മഠമായിരുന്നു അത്.

മുൻവശത്തു ചരൽപാകിയ മുററം, ഇടത്ത്, കുറച്ചു വാരകൾക്കപ്പുറം, ഒരു കയററത്തിൽ നിർമിച്ച ബോർഡിങ്. അതിന്റെ മുമ്പിൽ വെണ്ടയ്ക്കാത്തോട്ടം. കോൺവെൻറിന്റെ പിന്നിൽ, കടച്ചക്കമരം. ആ മരത്തിന്റെ കീഴിൽ ഒരാശ്ചര്യദ്യോതകമായ ശബ്ദമുണ്ടാക്കി ഓടി നടക്കുന്ന തുർക്കിക്കോഴികൾ....പള്ളി. ഇതെല്ലാം നോക്കി കണ്ടു ഞാൻ കരച്ചിലൊതുക്കി.

അച്ഛൻ മടങ്ങിയപ്പോൾ സിസ്ററർ ഫിലോമിന എന്ന മദ്ധ്യവയസ്ക തന്റെ തടിച്ച മൃദുലമായ കൈത്തലം എന്റെ ചുമലിൽ വെച്ചു. 'വരൂ, ഡിയർ', അവർ പറഞ്ഞു. അപ്രതീക്ഷിതമായ ആ സ്നേഹപ്രകടനത്തിന്റെ മുമ്പിൽ വളർച്ച എത്താത്ത എന്റെ ഹൃദയം സർവായുധങ്ങളും നിലത്തു വെച്ചു കീഴടങ്ങി.

രണ്ടോ മൂന്നോ മാസം കൂടുമ്പോൾ എന്നെ നാലപ്പാട്ടേക്കു കൊണ്ടുവരാൻ അമ്മ ചില ബന്ധുക്കളെയും കാര്യസ്ഥന്മാരെയും പറഞ്ഞു ശട്ടം





കെട്ടിയിരുന്നു. ഞാൻ കോൺവെൻറിലെത്തിയതു ശവപ്പെട്ടിപോലെ നീണ്ടു പരന്ന ഒരു കറുത്ത പെട്ടിയുംകൊണ്ടാണ്. അതു കണ്ടയുടനേ കുട്ടികൾ പരിഹസിച്ചു ചിരിച്ചു. എന്റെ കുപ്പായങ്ങൾ കണ്ടപ്പോൾ അവർ അതിലും അധികം ചിരിച്ചു. കോൺവെൻറിലേക്കു കൊണ്ടുപോവാനായി അമ്മമ്മ വെളുത്ത മിൽഖദറിന്റെ എട്ടു ഫ്രോക്കുകളാണ് കുമാരനെന്ന തുന്നൽക്കാരനെക്കൊണ്ട് ഉണ്ടാക്കിച്ചിരുന്നത്. നേർത്തതും ഇഴകൾ നീങ്ങിയതുമായ ആ തുണിയിൽക്കൂടി എന്റെ ശരീരത്തിന്റെ നഗ്നപാമരത്വം പ്രത്യക്ഷപ്പെട്ടു. ഫ്രോക്കിന്റെ അടിയിൽ പെററിക്കോട്ട് എന്നൊരു അടിവസ്ത്രം ധരിക്കണമെന്ന് അന്ന് അമ്മമ്മയ്ക്കോ എനിക്കോ അറിവുണ്ടായിരുന്നില്ല,

She had nothing under
When she came....

എന്ന് ഉറക്കെ പാടിക്കൊണ്ട് ചില ആംഗ്ലോഇന്ത്യൻ കുട്ടികൾ എന്നെ എതിരേററു. അവരുടെ പൊട്ടിച്ചിരിക്കു മുമ്പിൽ ഒരു കുററവാളിയെപ്പോലെ ഞാൻ നിന്നു പരുങ്ങി. ഭാഗ്യവശാൽ എനിക്ക് റൂംമേററുകളായി കിട്ടിയത് സൗശീല്യമുള്ള മൂന്നു പേരെയാണ്. 12 വയസ്സുകാരി രാജി, 14 വയസ്സായ മീനാക്ഷി, 16 വയസ്സായ ശാരദ മേനോൻ. ശാരദ മുറിയുടെ കാരണവത്തിയായിരുന്നു. എനിക്ക് അവരെല്ലാംകൂടി 'ഉൽഭ' എന്ന ഓമനപ്പേര് സമ്മാനിച്ചു. നാലു കട്ടിലുകളുള്ള ആ ലോകത്തിലെ ഏററവും പ്രായം കുറഞ്ഞവളായിരുന്നതുകൊണ്ട് അവരാരെങ്കിലും എന്തു തിന്നുമ്പോഴും എനിക്ക് ഒരോഹരി തരുമായിരുന്നു.

ശാരദ സിങ്കപ്പൂരിൽ വളർന്നവളായിരുന്നതുകൊണ്ട് ഭംഗിയായി തയ്പിച്ച പല ഉടുപ്പുകളും അവൾക്കുണ്ടായിരുന്നു. ശാരദയ്ക്ക് അന്നു തന്നെ അഞ്ചടി അഞ്ചിഞ്ച് ഉയരമുണ്ടായിരുന്നു. അല്പം പാർശ്വങ്ങളിലേക്കു വളഞ്ഞതെങ്കിലും (bowlegged) ഒരു പ്രത്യേക ഭംഗിയുള്ള കണങ്കാലുകൾ പ്രദർശിപ്പിച്ചുകൊണ്ടു നടന്നിരുന്ന ശാരദയെ പ്രേമിക്കാനും ആരാധിക്കാനും കോൺവെൻറിലെ സ്വവർഗപ്രേമികൾ ഒരുങ്ങിപ്പുറപ്പെട്ടു. പക്ഷേ, ശാരദ അവരെ കഠിനമായി ശകാരിച്ചു. ഒടുവിൽ ഫ്ളോറി എന്നൊരുത്തി ഒഴികെ എല്ലാവരും പിന്മാറി. ഫ്ളോറി ശാരദ മുറിയിലില്ലാത്തപ്പോൾ അവളുടെ തലയണ ചുംബിക്കുകയും അവളുടെ തോർത്തുമുണ്ട് മണക്കുകയും മററും ചെയ്തുകൊണ്ടിരുന്നു. ഈ രംഗങ്ങൾക്കൊക്കെ സാക്ഷിയായി ഞാൻ എന്റെ കട്ടിലിൽ ഇരുന്നു. പക്ഷേ, ഫ്ളോറി എന്റെ സാന്നിദ്ധ്യം തീരെ ഗൗനിച്ചില്ല.

രാജി, പണക്കാരനായ ഒരു ഡോക്ടറുടെ ഏക പുത്രിയായിരുന്നു. അമിതമായ ലാളന തന്നിഷ്ടക്കാരിയാക്കിയ ഒരു കുട്ടി. അവളെ ഒരു പാഠം പഠിപ്പിക്കാനായിരുന്നു മാതാപിതാക്കന്മാർ ബോർഡിങ്ങിലേക്ക് അയച്ചത്. അവളാണെങ്കിലോ, സദാസമയം കന്യാസ്ത്രീകളെ ഒരു പാഠം പഠിപ്പിക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. ബോർഡിങ് മിസ്ട്രസ്സായ സിസ്ററർ ലോറൻസ് എന്ന കന്യാസ്ത്രീയെ രാജി കലശലായി വെറുത്തു. അവരുടെ ശകാരം കേൾക്കുമ്പോഴൊക്കെ രാജി പിറു പിറുത്തു: 'കൊല്ലണം ഈ അസത്തിനെ.'

ഒരിക്കൽ രാജിക്കു പനിപിടിച്ചു ക്ലാസ്സിൽ പോവാതെ മുറിയിൽത്തന്നെ കിടക്കുമ്പോൾ സിസ്റ്റർ ലോറൻസ് കള്ളദീനക്കാരെപ്പറ്റി ഒരു ലഘുപ്രസംഗം നടത്തി. ക്ലാസ്സിൽ പോവാനുള്ള മടികൊണ്ട് രാജി വായിൽ കൈകടത്തി ഛർദിച്ചതാണെന്ന് അവർ പറഞ്ഞുവത്രെ. അന്നു വൈകുന്നേരം ക്ലാസ്സു കഴിഞ്ഞു മടങ്ങിയെത്തിയപ്പോൾ രാജി പെട്ടിയിൽ സാമാനങ്ങൾ ഒതുക്കിക്കൊണ്ടു വീട്ടിലേക്കു പുറപ്പെടുകയായിരുന്നു. അവൾക്കു മഞ്ഞക്കാമലയാണെന്നു ഡോക്ടർ പറഞ്ഞുവെന്നും വീട്ടിൽ അറിയിച്ചപ്പോൾ അച്ഛൻ ഉടനെ കാറിൽ വന്നു വീട്ടിലേക്കു കൊണ്ടുപോവാമെന്നു പറഞ്ഞുവെന്നും രാജി പറഞ്ഞു. കാറിൽ കയറുന്നതിനു മുമ്പു മഞ്ഞക്കണ്ണുകളും കരിഞ്ഞ ചുണ്ടുകളുമായി രാജി ഒരിക്കൽക്കൂടി എന്റെ അടുത്തേക്ക് ഓടിവന്നു:

'ഇന്ന് ഉച്ചയ്ക്ക് ഞാൻ കക്കൂസിന്റെ ചുവരിലും കുളിപ്പുരയുടെ ചുവരിലും സിസ്റ്റർ ലോറൻസിനെപ്പറ്റി ചില കാര്യങ്ങൾ എഴുതിയിട്ടുണ്ട്. നീ പോയി നോക്ക്.'

അവൾ എന്റെ ചെവിയിൽ മന്ത്രിച്ചു:

'എനിക്ക് ഈ സിസ്റ്ററിനെയെന്നല്ല, ഈ മദറിനെയും പേടിയില്ല.' രാജി പറഞ്ഞു.

രാജി പോയ ഉടനെ ഞാൻ കക്കൂസിന്റെ ചുവരിലും കുളിപ്പുരയുടെ ചുവരിലും എഴുതപ്പെട്ട രഹസ്യങ്ങൾ വായിക്കുവാൻ ഓടിച്ചെന്നു. സിസ്റ്റർ ലോറൻസ് ഒരു മൊച്ചക്കുരങ്ങ് ആണെന്നും അവരുടെ തലയുടെ അകത്തു ദൈവം നായിന്റെ കാഷ്ഠവും ചാണകവും തിരുകി വെച്ചിരിക്കയാണെന്നും അവരെ ഒടുവിൽ ഈശ്വരൻ അടിച്ചുകൊല്ലാതിരിക്കില്ല എന്നും ഞാൻ ആ ചുവർ ലിഖിതത്തിൽനിന്നു മനസ്സിലാക്കി. രാജിയോട് ആ നിമിഷത്തിൽ എനിക്ക് അനന്യസാധാരണമായ ആദരവു തോന്നി.

രാജി മടങ്ങിവന്ന മാസത്തിലായിരുന്നു എന്റെ പത്താം ജന്മദിനം. അതു ഗംഭീരമായി ആഘോഷിക്കുവാൻ എന്റെ റൂംമേററുകൾ തീരുമാനിച്ചു. ആദ്യമായി ഒരു പട്ടുടുപ്പ് അയച്ചു തരാൻ എന്റെ അച്ഛന് എഴുതുവാൻ അവർ എന്നെ നിർബന്ധിച്ചു. മനസ്സില്ലാമനസ്സോടെ ഞാൻ അച്ഛനെഴുതി. ഈ വസ്ത്രഭ്രമം കാരണം ഞാൻ അച്ഛന്റെ കണ്ണിൽ അല്പംകൂടി താണു പോവുമെന്ന് എനിക്കറിയാമായിരുന്നു. പക്ഷേ, എന്റേതിൽനിന്നു തുലോം വ്യത്യസ്തമായ ഒരു പശ്ചാത്തലത്തിൽ വളർന്നു വന്ന ആ മൂത്ത സഹോദരിമാരോട് ഒരക്ഷരം മറുത്തു പറയുവാനും എനിക്കു കെല്പുണ്ടായില്ല. ജന്മദിനം അടുത്തു വന്നു. ഫ്രോക്ക് കൽക്കത്തയിൽനിന്നു വന്നിട്ടുമില്ല. ആയിടയ്ക്ക് ശനിയും ഞായറും നാലപ്പാട്ടു കഴിച്ചുകൂട്ടി. എന്റെ വലിയമ്മായിയുടെ സഹോദരന്റെ കൂടെ ഞാൻ തൃശൂർക്കു മടങ്ങി. എനിക്ക് ഒരു കുപ്പായത്തിനു തുണി വാങ്ങിക്കണമെന്നു പറഞ്ഞ് അമ്മമ്മ കുറച്ചു പണം അദ്ദേഹത്തിന്റെ കൈയിൽ കൊടുത്തു. അതു തുച്ഛമായ ഒരു സംഖ്യ ആയിരുന്നിരിക്കണം. എന്തുകൊണ്ടെന്നാൽ ചാക്കോളയുടെ തുണിക്കടയിൽ കയറിയ ഉടനെ അദ്ദേഹം തെരുവിൽക്കൂടി പോവുന്നവർക്കു കൂടി കേൾക്കാവുന്ന വിധത്തിൽ വിളിച്ചു പറഞ്ഞു:





'ഈ കുട്ടിക്കു കുപ്പായത്തിന്റെ ശീല വേണം. എന്തു നിറമായാലും വേണ്ടില്ല, 'ചീപ്പാ'വണം, പല തരത്തിലുള്ള തുണികൾ ഞങ്ങളുടെ മുമ്പിൽ നിരത്തപ്പെട്ടു. പക്ഷേ, ഒന്നും അദ്ദേഹം ഉദ്ദേശിച്ചിരുന്നത്ര ചീപ്പായിരുന്നില്ല.

'ഇതിലും ചീപ്പായിട്ട് ഒന്നുമില്ലെന്നോ?' അദ്ദേഹം അത്ഭുതം പ്രകടിപ്പിച്ചു. എനിക്കു ഭൂമിയുടെ ഉള്ളിലേക്കു സീതാദേവിയെപ്പോലെ അന്തർദ്ധാനം ചെയ്യാൻ ആഗ്രഹംതോന്നി. ആ നിമിഷത്തെപ്പററി ഞാൻ ഇരുപത്തഞ്ചു കൊല്ലങ്ങൾക്കു ശേഷം ഒരു ദിവസം വിനോദത്തോടെ ഓർത്തുപോയി. ഞാൻ വളരെയധികം സ്നേഹിച്ചിരുന്ന ഒരു ധനികൻ എന്റെ പിറന്നാൾ ദിവസം എന്നോടു പറഞ്ഞു: 'നിനക്ക് എന്താണ് ഞാൻ വാങ്ങിത്തരേണ്ടത്? വൈരമാലയോ? പട്ടുസാരികളോ? നിനക്കാണു സമ്മാനം തരുന്നത് എന്ന് ആലോചിക്കുമ്പോൾ ഇതൊക്കെ വളരെ വില കുറഞ്ഞ വസ്തുക്കളായി എനിക്കു തോന്നുന്നു.'

എന്റെ വലിയമ്മായിയുടെ സഹോദരൻ ചാക്കോളയുടെ പീടികയിൽ നിന്നു കറുത്ത പുള്ളികളുള്ള ഒരു വെള്ളത്തുണി വാങ്ങി എന്റെ കൈയിൽ ഏല്പിച്ചു.

എന്റെ റൂംമേററുകൾക്ക് ആ തുണി തീരെ ഇഷ്ടപ്പെട്ടില്ല. 'പാവം ഉൽഭ' അവർ പറഞ്ഞു. കല്ക്കത്തയിൽനിന്നു ഫ്രോക്ക് വരാതിരിക്കില്ല എന്നു പറഞ്ഞ് ഞാൻ അവരെ സമാധാനിപ്പിച്ചു. പക്ഷേ, അച്ഛൻ ജോലിയിൽ സദാസമയവും വ്യാപൃതനാണെന്നും ഫ്രോക്ക് മുതലായ അപ്രധാന കാര്യങ്ങൾ ഓർക്കുവാൻ സമയം കിട്ടില്ല എന്നും എനിക്ക് അറിയാമായിരുന്നു. ജന്മദിനത്തിന്റെ തലേ ദിവസം മദർ സുപ്പീരിയറുടെ അനുമതിയോടെ ഞാനും ശാരദയും മീനുവും രാജിയും ഷോപ്പിങ്ങിനു പോയി. ശാരദയുടെ ചെറിയമ്മയുടെ മകൾ സത്യവതിക്ക് തുണി വാങ്ങി അയയ്ക്കാനാണെന്നു പറഞ്ഞ് ശാരദ ഞങ്ങളെ ഒരു തുണിപ്പീടികയിലേക്ക് ആനയിച്ചു. 'സത്യവതിക്കു നിന്റെ പ്രായമാണ്. അതുകൊണ്ട് നീ അവൾക്കുള്ള ശീല തിരഞ്ഞെടുക്കണം.' ശാരദ എന്നോടു പറഞ്ഞു.

പല വർണങ്ങളിലുമുള്ള തുണികൾ മഹാത്ഭുതങ്ങൾപോലെ എന്റെ മുമ്പിൽ വന്നു വീണു. ഓരോ കെട്ടും നിവരുമ്പോൾ അതിൽ നിന്ന് ഉതിരുന്ന പുതുമണം മത്തു പിടിപ്പിച്ചു.

ഞാൻ വയലററ് നിറത്തിൽ വെളുത്ത പൂക്കളുള്ള ഒരു ഇംഗ്ലീഷ് ചീട്ടിത്തുണി തിരഞ്ഞെടുത്തു.

പിറേറദിവസം രാവിലെ എന്റെ റൂംമേററുകൾ ഓരോരുത്തരും എന്നെ ഉണർത്തി ജന്മദിനാശംസകൾ തന്നു. ഒടുവിൽ എന്റെ തലയിൽ കൈവച്ച് അനുഗ്രഹിച്ചുകൊണ്ട് ശാരദ ഒരു പൊതി എനിക്കു നീട്ടി.

'ഇതു നിനക്കാണ് ഉൽഭ.' അവൾ പറഞ്ഞു. അങ്ങനെ സത്യവതിക്കായി വാങ്ങിയ ആ മനോഹരസമ്മാനം എനിക്കു കിട്ടി. എന്റെ ഹൃദയം കിളികൾ പാടുന്ന ഒരു പൂങ്കാവനമായി. ഞാൻ ചിരിച്ചു. കരഞ്ഞു. കണ്ണുനീർ എന്റെ കവിളിലേക്ക് ഒഴുകിയത് ശാരദ തന്റെ റുമാൽകൊണ്ടു തുടച്ചു നീക്കി.

ഏകദേശം മൂന്നാഴ്ച കഴിഞ്ഞപ്പോൾ കൽക്കത്തയിൽനിന്നു ഫ്രോക്ക് ബങ്കിയായി വന്നെത്തി. എന്നെ ഒരിക്കലും കാണാത്ത ഒരു മിസ് കാരാപ്പിയററ്, ഓഫീസിലെ സെക്രട്ടറി എന്ന ഒരു മദ്ധ്യവയസ്ക, തിരഞ്ഞെടുത്തതായിരുന്നതുകൊണ്ട് അത് ഒരു പത്തു വയസ്സു കാരിക്കു തീരെ യോജിക്കാത്തതായിരുന്നു. എന്നെപ്പോലെ നാലു കുട്ടികളെ ഒതുക്കി നിർത്താൻ കഴിയുമായിരുന്നു. ഞാൻ നിരാശയോടെ അത് എൻെറ പെട്ടിയുടെ അടിയിൽ മടക്കി വച്ചു. തൃശൂരിലെ ആ താമസക്കാലം ഒരായുഷ്കാലംപോലെ ദീർഘമായി എനിക്ക് അനുഭവപ്പെട്ടു. ഓരോ ദിവസത്തിൻെറ ചരിത്രവും ഓരോ സാഹസ ചരിത്രമായിത്തീർന്നു. പേരയ്ക്ക പൊട്ടിച്ചെടുത്ത് അടിക്കാലുകളിൽ ഒളിപ്പിച്ച് ഓടുക, മൊട്ടച്ചിമാരായ സിസ്ററുകൾ തലമുടി ഉറങ്ങുന്ന മുറികളിലേക്ക് ജനലിൻെറ പടിയിൽ കേറി എത്തിച്ചു നോക്കുക, ചിരിച്ചുകൊണ്ട് അവിടെ നിന്ന് ഓടുക, കോൺവെൻറിൻെറ എതിർവശത്തുണ്ടായിരുന്ന നീഗൽ ഹോട്ട ലിൽ നിന്നു രഹസ്യമായി ഐസ്ക്രീം വരുത്തുക, അനാഥാലയത്തിലെ കുട്ടി കൾ പലഹാരങ്ങൾ കക്കുന്നതു കണ്ടുപിടിക്കുക—ഇത്തരം പ്രവൃത്തിക ളിൽ മുഴുകിക്കൊണ്ട് ഞാനും രാജിയും ഞങ്ങളുടെ ബോർഡിങ് ജീവിതം സംഭവബഹുലമാക്കി. ആ കാലത്തെപ്പററി ഓർക്കുമ്പോഴൊക്കെ എൻെറ കൈ മുറുക്കിപ്പിടിച്ചുകൊണ്ട് ഓടുന്ന കുസൃതിക്കാരിയായ രാജി എൻെറ കൺമുമ്പിൽ വന്നു നില്ക്കും.

## 5

## അനുരാഗം എന്ന പദത്തിൻെറ അർത്ഥം

കോൺവെൻറ് വാസം അവസാനിപ്പിച്ച് വീണ്ടും അച്ഛൻെറയും അമ്മയുടെയും കൂടെ കൽക്കത്തയ്ക്കു പുറപ്പെടുവാൻ ഒരുങ്ങി നിന്നിരുന്ന ആ ആഴ്ചയിൽ എൻെറ വല്യമ്മാമൻെറ അമ്മ കാൻസർ പിടിച്ചു മരിച്ചു. 68 വയസ്സെങ്കിലും അരോഗദൃഢഗാത്രയായിരുന്ന വല്യമ്മ ആയിട യ്ക്കു മെലിഞ്ഞു കഴിഞ്ഞിരുന്നു. മരിക്കുന്നതിനു 15 ദിവസം മുമ്പ് അവർ ആദ്യമായി ഒരു വെളുത്ത ഗുളിക (ആസ്പിരിൻ) ആവശ്യപ്പെട്ടു. രണ്ടു ദിവസ മായി വയറു വേദനിക്കുന്നുവെന്ന് അവർ മനസ്സില്ലാമനസ്സോടെ മററുള്ളവരെ അറിയിച്ചു. 'കേശുമേനോൻ (വല്യമ്മായിയുടെ സഹോദരൻ) തലവേദനയ്ക്കു കഴിക്കാറുള്ള ആ ഗുളിക ഒന്നു മേടിച്ചു കൊണ്ടു വരൂ.' അവർ പറഞ്ഞു. സകല വേദനകളും— മാനസികവും ശാരീരികവും—മറച്ചുപിടിക്കാൻ ശീലിച്ച തൻെറ ഹൃദയത്തിനു ചുററും കരിങ്കൽമതിൽ ഉയർത്തിയ ഭീഷ്മൻെറ മുഖഭാ വമുള്ള ആ ധൈര്യവതിയുടെ സ്വരം വേദനയാൽ ഇടറിയിരുന്നു. അമ്മമ്മ പരി ഭ്രാന്തയായി. അമ്മമ്മയുടെ അമ്മയ്ക്കും ഭയം തോന്നി.

അവർ രണ്ടു ദിവസങ്ങൾക്കുള്ളിൽ തീരെ കിടപ്പിലായി. കിഴക്കേ മുറിയിൽ നിന്നു ചായ കൂട്ടുന്ന പാത്രങ്ങളും അലമാരിയും എടുത്തു മാററപ്പെട്ടു. അവിടെ വീതി കുറഞ്ഞ ഒരു കട്ടിലിൽ കിടക്ക വിരിച്ച് വല്യമ്മയെ കിടത്തി. ഡോക്ടർ





വേദന ശമിപ്പിക്കാൻ മോർഫിയ കൊടുത്തു തുടങ്ങിയതിനു ശേഷം ഉറ ങ്ങിയും, ഉണർന്നാലും ഉറങ്ങിയ മട്ടിൽ കിടന്നും വല്യമ്മ 10 ദിവസം കഴിച്ചു കൂട്ടി. അവരുടെ തലമുടിയിൽ വെളുത്ത പേനുകൾ സഞ്ചരിക്കുന്നത് ഞാൻ കണ്ടു. അവരുടെ തലയോടിനു ജീർണതയുടെ മണം വന്നെത്തി. വല്യമ്മ മരിക്കുകയാണെന്ന് എനിക്കു തോന്നി. അന്ന്, എൻെറ വല്യമ്മാമൻ പ്രമേഹം പിടിച്ച് ദേഹമാസകലം പഴുത്ത കുരുക്കളുമായി വളരെ വേദന അനുഭവിച്ചു തെക്കേ അറയിൽ കിടപ്പായിരുന്നു. ഒരു വൈകുന്നേരം മററുള്ളവർ അമ്മയെ കാണാൻ അമ്മാമനെ താങ്ങിക്കൊണ്ടുവന്ന് ഒരു കസാലയിൽ ഇരുത്തി. കണ്ണു മിഴിച്ചെങ്കിലും ബോധശൂന്യയായി കിടക്കുന്ന അമ്മയെ നോക്കിക്കൊണ്ട് അമ്മാമൻ തേങ്ങിക്കരഞ്ഞു.

പിറേറദിവസം വല്യമ്മ മരിച്ചു. ആയിടയ്ക്ക് എൻെറ ചെറിയമ്മ വിവാ ഹിതയായി, ഒരു ജന്മിയുടെ ഗൃഹനായികയായി മറെറാരിടത്തു താമസി ക്കുകയായിരുന്നു. ആ ഗ്രാമത്തിൻെറ കിരീടമണിയാത്ത രാജാവായിരുന്നു ചെറിയമ്മയുടെ ഭർത്താവായ കരുണാകരമേനോൻ. അദ്ദേഹത്തിൻെറ വീട് ശരിക്കും ഒരു കൊട്ടാരമായിരുന്നു. അതിൻെറ ഉമ്മറത്തും കോലായിലും മുററത്തും എല്ലാ സമയത്തും ജനം ഹർജികളുമായി വന്നു നിന്നിരുന്നു. തർക്കങ്ങൾ പറഞ്ഞു തീർക്കാൻ എൻെറ ചെറിയച്ഛൻെറ പാടവം മറെറാരേ യൊരാളിൽ മാത്രമേ ഞാൻ ലോകത്തിൽ കണ്ടുമുട്ടിയിട്ടുള്ളു. ആ ആൾ കിരീടം ധരിക്കാത്ത രാജാക്കന്മാരിലൊരാളായ പാട്ടീലായിരുന്നു. ചെറിയ ച്ഛൻ ഉയരം കുറഞ്ഞു തടിച്ച്, ചെവിയിൽ രോമമുള്ള ഒരാളായിരുന്നു. മനോഹരമായി പൊട്ടിച്ചിരിക്കാൻ അദ്ദേഹത്തിനു വശമുണ്ടായിരുന്നു. ഞങ്ങൾ, കുട്ടികൾക്ക് അദ്ദേഹം ഒരു ഹീറോ ആയിരുന്നു. അത്ര വീരനായ ഒരാളെ പാട്ടിലാക്കിക്കഴിഞ്ഞ ചെറിയമ്മയോടും എനിക്കു ബഹുമാനം തോന്നി. ഭർത്താവും ഭാര്യയും തമ്മിൽ നടക്കുന്ന സ്നേഹപ്രകടനങ്ങളെപ്പററി ആദ്യ മായി ആ വീട്ടിൽ വച്ചാണ് എനിക്ക് ഒരു ഏകദേശരൂപം കിട്ടിയത്. എല്ലാവ രുടെയും മുമ്പിൽ വെച്ച് അവർ അന്യോന്യം കൈമാറിയിരുന്ന കടാക്ഷങ്ങളും പുഞ്ചിരികളും എനിക്കു പുതുതായ ഒരു ലോകം കാട്ടിത്തന്നു. അനുരാഗമെന്ന പദത്തിൻെറ അർത്ഥം ശിവനും പാർവതിയുംപോലെ അന്യോന്യാനുരക്ത രായ ആ ദമ്പതിമാരാണ് എന്നെ പഠിപ്പിച്ചത്. ഒരു വിവാഹവും ഒരു മര ണവും ഒരു രോഗബാധയും നാലപ്പാട്ട് ഒരു ഭയങ്കര ശൂന്യത വരുത്തിക്കഴി ഞ്ഞിരുന്നു. താമസിയാതെ ഞാൻ അമ്മമ്മയെപ്പററി ഓർക്കുമ്പോൾ പൊങ്ങി വരുന്ന കണ്ണീരൊതുക്കാൻ ശ്രമിച്ചുകൊണ്ട്, അച്ഛൻെറ കൂടെ വണ്ടിയിൽ കയറി കൽക്കത്തയ്ക്കു യാത്രയായി. ഞങ്ങളുടെ കൂടെ പരിചാരകനായി കുഞ്ഞാത്തു എന്ന അറുപതുകാരനും കൽക്കത്തയിലെത്തി. പട്ടിണിയായി കുടുംബത്തെ പുലർത്താൻ കെല്പില്ലാതെ കുന്നംകുളത്ത് അനാഥപ്രേതം പോലെ അലഞ്ഞു നടന്നിരുന്ന കുഞ്ഞാത്തുവിന് അച്ഛനോടെങ്ങനെ യാണു നന്ദി പ്രകടിപ്പിക്കേണ്ടത് എന്ന് അറിയില്ലായിരുന്നു. അതുകൊണ്ട് കൽക്കത്തയിലെ ഞങ്ങളുടെ ലാൻഡ് ഡൗൺ റോഡിലെ വീട്ടിൻെറ അടു ക്കളപ്പുരയിലെ കരിമുറിയിലിരുന്നുകൊണ്ട് ബീഡി വലിക്കുമ്പോൾ അയാൾ എന്നും എന്നോടു പറഞ്ഞു:

'അച്ഛൻ രാജാവാണ്, ചക്രവർത്തി. എന്റെ കണ്ണില് അദ്ദേഹം ഈശ്വരനാണ്. എന്റെ കുടുംബം രക്ഷിച്ചത് അച്ഛനാണ്.' അതെല്ലാം കേട്ട് ഒരു രാജപുത്രിയുടെ സന്തുഷ്ടമായ മന്ദഹാസം പൊഴിച്ചുകൊണ്ട് ഒരു കരിച്ചാക്കിന്റെ മീതെ ഞാൻ ഇരുന്നു. ജീവിതം വീണ്ടും കാൽച്ചിലങ്കകളണിഞ്ഞു. എന്റെ ജ്യേഷ്ഠനെ വീണ്ടും അച്ഛൻ നാട്ടിൽ നിന്നു വരുത്തി. ഞങ്ങളുടെ അയല്ക്കാരായി ഒരു ആന്ധ്രകുടുംബവും രണ്ടു ബംഗാളി കുടുംബങ്ങളും ഉണ്ടായിരുന്നു. അവിടെയെല്ലാം ഞങ്ങൾക്കു കളിത്തോഴന്മാരും കളിത്തോഴികളുമുണ്ടായി. മുകളിലെ വരാന്തയിൽനിന്നു നോക്കുമ്പോൾ പ്രസിദ്ധപ്പെട്ട ഭവാൽ സന്ന്യാസിയുടെ ഭാര്യ താമസിക്കുന്ന വീടും പനിനീർത്തോട്ടവുമാണു കാണുക. ഒരു പ്രഭുകുടുംബത്തിലെ അംഗം മരിച്ചപ്പോൾ അദ്ദേഹത്തെ ചുടലക്കാട്ടിൽ കൊണ്ടുപോയി. അവിടെ മഴയും കൊടുങ്കാററും വന്നപ്പോൾ എല്ലാവരും ശവത്തെ അവിടെ ഉപേക്ഷിച്ചിട്ട് ഓടി രക്ഷപ്പെട്ടു. പിന്നീട് കുറെ കൊല്ലങ്ങൾക്കു ശേഷം ഒരു സന്ന്യാസി വന്നു വിധവയോടും വിധവാ സഹോദരനോടും താൻ മരിച്ചുപോയി എന്നു വിശ്വസിച്ച രാജകുമാരനാണെന്നു പറഞ്ഞു. മരിച്ചിട്ടില്ലായിരുന്ന തന്നെ സന്ന്യാസിസംഘം എടുത്തുകൊണ്ടുപോയി ശുശ്രൂഷിച്ചുവെന്നും തങ്ങളുടെ സംഘത്തിൽ അംഗമാക്കി എന്നും അദ്ദേഹം പറഞ്ഞു. രാജകുമാരന് ഉണ്ടായിരുന്ന ചില രഹസ്യ ചിഹ്നങ്ങൾ അദ്ദേഹം തന്റെ ശരീരത്തിൽ പ്രദർശിപ്പിച്ചു. എന്നിട്ടും ഭാര്യയും ഭാര്യാ സഹോദരനും അദ്ദേഹത്തെ വിശ്വസിച്ചില്ല. സന്ന്യാസി കേസ് കൊടുത്തു. കേസ് പൂർത്തിയാവുന്നതിനു മുമ്പ് സന്ന്യാസി മരിച്ചുപോയി. ആ സ്ത്രീ വിധവയുടെ വെളുത്ത സാരി ചുററി ഉദ്യാനത്തിൽ ഇരിക്കുന്നതു ഞാൻ ഇടയ്ക്കിടയ്ക്ക് നോക്കിക്കൊണ്ടു നിന്നു. ഒരു സിനിമ കാണുമ്പോഴത്തെ ഉന്മേഷവും കൗതുകവും എനിക്ക് അത്തരം കാഴ്ചകൾ ഉണ്ടാക്കിത്തന്നു.

ഞങ്ങളുടെ വീടിന്റെ വലതുവശത്തെ വളപ്പിൽ ഒരു ധനിക കുടുംബമായിരുന്നു. മധുപ്പൂരിലെ സെമീന്ദാർമാരായ ബാനർജികളുടെ ഗൃഹമായിരുന്നു അത്. അവിടെ ഉണ്ടായിരുന്ന എന്റെ സമപ്രായക്കാരിയായ ശാന്തു എന്ന പെൺകുട്ടി ഒരിക്കൽ എന്നെ ആ വീട്ടിലേക്കു കൊണ്ടുപോയി. ഇരുണ്ട തളത്തിൽ പ്രവേശിച്ചപ്പോൾ ഞാൻ അവിടത്തെ കൗതുകവസ്തുക്കൾ കണ്ടു വിസ്മയിച്ചുപോയി. പണക്കാരുടെ ജീവിതചലനങ്ങളുടെ പശ്ചാത്തലം സൃഷ്ടിക്കുന്നത് ഇത്തരം സുന്ദര വസ്തുക്കളാണെന്ന് അന്നാണെനിക്കു മനസ്സിലായത്. കൊത്തുപണിയുള്ള കസാലകൾ, വില്ലീസ് പർദകൾ, ലോഹനിർമ്മിതങ്ങളായ പാവകൾ, പ്രതിമകൾ, സ്വർഗത്തിലെ പൂങ്കാവനംപോലെ വിളങ്ങുന്ന പട്ടുപരവതാനി....കോണി കയറിച്ചെന്നപ്പോൾ അവിടെ ഒരു മുറിയിൽ മേല്ക്കട്ടിയുള്ള കട്ടിലിൽ ഒരു വൃദ്ധൻ പുതച്ചു കിടക്കുന്നുണ്ടായിരുന്നു. അത് ശാന്തുവിന്റെ മുത്തച്ഛനായിരുന്നു. 'ദാദൂ, ഇതാണ് കമല.' ശാന്തു അദ്ദേഹത്തോടു പറഞ്ഞു. അദ്ദേഹം ഒരു കോലാടിന്റെ മുഖച്ഛായയുള്ള മുഖം കോട്ടി ചിരിച്ചു. നേരംപോക്കു കേട്ടാൽ പുറപ്പെടുന്ന ചിരിപോലെ നീണ്ടുനിന്ന ഒരു ചിരി. ഒടുവിൽ അവിടെ നിന്നു രക്ഷപ്പെട്ടപ്പോൾ ഞാൻ ആകെ വിയർപ്പിൽ കുളിച്ചിരുന്നു. പിന്നീട് ടെറസ്സിന്റെ മുകളിൽ ഏകയായി





നില്ക്കുമ്പോൾ ശാന്തുവിന്റെ മരത്തിലേക്കു കൈയെത്തിച്ച് ജാമ്പക്കകൾ പൊട്ടിച്ചു തിന്നുകൊണ്ട് ഞാൻ മനക്കോട്ടകൾ കെട്ടി. ഒരു ജമീന്ദാരുടെ ഭാര്യയായി ഞാൻ അത്തരം ഒരു വീട്ടിൽ താമസിക്കുന്നത് സങ്കല്പിച്ചു. ഞാൻ വളരെനേരം ഉന്മേഷത്തോടെ കഴിച്ചു കൂട്ടി. ഈ ലോകത്തിൽ ഒരു സ്വർഗം സൃഷ്ടിച്ചുകൊണ്ട് ദേവന്മാരെപ്പോലെ ഞാനും എന്റെ ഭർത്താവും ജീവിക്കും.

## 6

## ബുച്ചു എന്ന ഹിരൺ

ഇടയ്ക്ക് ഇത്തരം ദിവാസ്വപ്നങ്ങളെ തകർത്തുകൊണ്ട് ഒരു പരുക്കൻ സ്വരം ഉയരും: 'ഏയ് ആമീ.... ഏയ് ആമീ...' കോണിവാതില്ക്കൽ ഒരു തടിച്ചു വീർത്ത രൂപം പ്രത്യക്ഷമാവും. അടുത്ത വീട്ടിലെ ഹിരൺ എന്ന പേരും ബുച്ചുവെന്ന് ഓമനപ്പേരും വഹിക്കുന്ന പതിമ്മൂന്നുകാരനായിരിക്കും ആഗതൻ. 'നാലണ നിന്റെ അമ്മ തരുമോ?' അവൻ ചോദിക്കും. 'നാലണയ്ക്ക് ആവശ്യം നേരിട്ടിരിക്കുന്നു. അത്യാവശ്യം.' ബുച്ചുവിനു പണത്തിന്റെ ആവശ്യമില്ലാത്ത ഒരൊററ ദിവസവും ഉണ്ടായിരുന്നില്ല. അമ്മയുടെ തുന്നൽപ്പെട്ടിയായ ഇരുമ്പു ചെപ്പിൽനിന്നു ഞാൻ പണമെടുത്ത് അവനു കൊടുക്കുകയും ചെയ്തിരുന്നു. കുറേ കാലത്തിനുശേഷമാണ് അവൻ ഈ പണംകൊണ്ടൊക്കെ വെള്ളിക്കപ്പുകളും മെഡലുകളും വാങ്ങുകയായിരുന്നു എന്നു മനസ്സിലാക്കിയത്. സ്കൂളിൽനിന്നും മററു ക്ലബ്ബുകളിൽനിന്നും തനിക്കു കിട്ടിയ സമ്മാനങ്ങൾ കാണാൻ ഇടയ്ക്കിടയ്ക്ക് അവൻ ഞങ്ങളെ ക്ഷണിച്ചിരുന്നു. ഞങ്ങൾ ആ കപ്പുകൾ കണ്ട് അതിശയിച്ചു. അവന്റെ പേര് എഴുതിയിരുന്ന മെഡലുകൾ തൊട്ടുനോക്കി ഞങ്ങൾ ഓരോരുത്തരും അസൂയപ്പെട്ടു. പിന്നീട് ഒരു ദിവസം സ്കൂളിൽ ചെന്ന് ബുച്ചുവിന്റെ അച്ഛൻ സത്യസ്ഥിതികൾ മനസ്സിലാക്കി. അന്ന് ബുച്ചുവിനു ചൂരൽകൊണ്ട് അടി കിട്ടി. അക്കൊല്ലം ബുച്ചു പരീക്ഷയിൽ ദയനീയമായി പരാജയപ്പെട്ടു. ഒരു മാസത്തോളം അവനെ പുറത്തു കളിക്കാൻ അച്ഛനമ്മമാർ സമ്മതിച്ചില്ല. എന്നാലും ഒരിക്കൽ വീടിന്റെ മേൽക്കൂരയിൽ ചവിട്ടിക്കൊണ്ട് ഒരു പൂച്ചയെപ്പോലെ ഒരു ഉച്ചയ്ക്ക് ബുച്ചു ഞങ്ങളുടെ അടുക്കളപ്പുരയുടെ തട്ടിന്മേൽ പ്രത്യക്ഷപ്പെട്ടു.

'എന്താണിത്രകാലം വരാഞ്ഞത്?' ഞാൻ ചോദിച്ചു.

'എനിക്കു ചിക്കൻ പോക്സായിരുന്നു.' ബുച്ചു പറഞ്ഞു. പക്ഷേ, മുഖത്തു യാതൊരു പാടും ഞാൻ കണ്ടില്ല.

'ഈയിടെയെങ്ങാനും പുതിയ മെഡലുകൾ കിട്ടിയിട്ടുണ്ടോ?' ഞാൻ ചോദിച്ചു.

'ഉണ്ട്. ഇന്നലെ ടോളിഗഞ്ച് ക്ലബ്ബ് ക്രിക്കററിന് ഒരു കപ്പ് എനിക്കു തന്നു. ഗവർണറാണ് തന്നത്. ഞാൻ നന്ദി സൂചകമായി ഒരു പ്രസംഗം അടിച്ചുവിട്ടു....'

'എനിക്കു കാണിച്ചുതരുമോ?' ഞാൻ ചോദിച്ചു.

'ഇപ്പോൾ വയ്യ. അത് എന്റെ സ്കൂൾ പ്രിൻസിപ്പൽ കൊണ്ടു പോയി

രിക്കയാണ്, പ്രദർശനമുറിയിൽ വെക്കാൻ. ഇനിയത്തെ ബുധനാഴ്ച സ്കൂളിലെ വാർഷികമാണ്. അതു കഴിഞ്ഞാൽ അത് എനിക്കു മടക്കിക്കിട്ടും....' എന്നിട്ടു സ്വരം താഴ്ത്തിക്കൊണ്ട് ബുച്ചു ചോദിക്കും: 'ആമീ, കുട്ടിയുടെ അമ്മ യുടെ കൈവശം ഒരു റുപ്പിക യുണ്ടോ? എനിക്കൊരത്യാവശ്യം വന്നുപെട്ടി രിക്കുന്നു....' ബുച്ചുവിൻെറ മാതാപിതാക്കന്മാർ എം.ആർ.എ.യിൽ ചേർന്നു കഴിഞ്ഞിരുന്നു. അതു കൊണ്ടു പല വിദേശീയരും അവരുടെ വീട്ടിൽ അതിഥി കളായി ചെന്നിരുന്നു. അവിടെ ഇടയ്ക്കു നടന്നിരുന്ന വിരുന്നുകൾ ഞങ്ങൾ ജനലിൻെറ കർട്ടൻെറ പിന്നിൽ ഒളിച്ചുനിന്നു കണ്ടിരുന്നു. വിശേഷപ്പെട്ട വേഷഭൂഷകളണിഞ്ഞ സ്ത്രീപുരുഷന്മാർ പാട്ടിനനുസരിച്ചു നൃത്തം ചെയ്യുന്നത് എത്രനേരം നോക്കിനിന്നാലും എനിക്കു മതിവന്നിരുന്നില്ല. ഗാംഭീ ര്യമുള്ള പുരുഷന്മാർ, സുന്ദരികളായ സ്ത്രീകൾ, പൂക്കൾ, രത്നങ്ങളുടെ തിളക്കമുള്ള ഉടയാടകൾ, പല ഭക്ഷണങ്ങളും നിരത്തിയ മേശകൾ, പണ്ടങ്ങൾ, സ്ത്രീകളുടെ കാതിൽ തിളങ്ങിയിരുന്ന വൈരക്കല്ലുകൾ..... ആകാശത്തിൻെറ തിരശ്ശീല അല്പം പൊക്കി ദേവലോകത്തേക്കു നോക്കുകയാണു ഞാനെന്ന് എനിക്കു തോന്നിപ്പോയി. തീവ്രമായ സാരള്യം ജീവിതരീതിയാക്കാൻ എൻെറ മാതാപിതാക്കന്മാരെ പഠിപ്പിച്ച മഹാത്മാഗാന്ധിയെ ഞാൻ നിശ്ശബ്ദമായി ട്ടെങ്കിലും ശപിച്ചു.

ബുച്ചുവിൻെറ വീട്ടിൽ അതിഥികളായി ഒരു അമേരിക്കൻ കുടുംബം ഒരു മാസം താമസിച്ചു. അവർക്കു മൂന്നു കുട്ടികളുണ്ടായിരുന്നു. കാത്തറീൻ എന്ന വായാടിയായ കാത്തി ബുച്ചുവിനെ അമേരിക്കൻ ഉച്ചാരണം പഠിപ്പിച്ചു കൊടുത്തു. അന്നൊക്കെ ബുച്ചു എന്നെ കണ്ടാലും കണ്ടില്ലെന്നു നടിച്ചു. ബുച്ചു വലിയ സൊസൈററിയിൽ പെട്ടുകഴിഞ്ഞുവെന്നും ഇനി ഒരിക്കലും അവൻ ഞങ്ങളുടെ പാമരലോകത്തിലേക്കു മടങ്ങിവരില്ലയെന്നും എനിക്കു തോന്നി. രാത്രി അതെല്ലാം ആലോചിച്ച് എനിക്കിടയ്ക്ക് കരച്ചിൽ വന്നു. ഗാന്ധിശിക്ഷണങ്ങളും കർശനമായ ആദർശങ്ങളും വിലക്കുകളും എൻെറ ചുററും ഇരുമ്പഴികളെറിഞ്ഞ് ഒരു കാരാഗാരം നിർമിച്ചിരിക്കുന്നു എന്ന് എനിക്കു തോന്നി. ജനലിൻെറ അഴികളിൽ മുഖം അമർത്തിക്കൊണ്ട് ഞാൻ പുറത്തേക്ക്, സ്വാതന്ത്ര്യത്തിൻെറ മേഖലയിലേക്ക്, പറക്കുവാൻ ആശിച്ചു. അക്കാലത്ത് എന്നെ കണക്കും ഭൂമിശാസ്ത്രവും മററും പഠിപ്പിക്കുവാൻ ഒരു തിരുവിതാംകൂർകാരി ടീച്ചറുണ്ടായിരുന്നു. അവർ 30 വയസ്സായ ഒരു അവി വാഹിതയായിരുന്നു. ഒരിക്കൽ ബുച്ചുവിൻെറ വീട്ടിൽ നടന്നിരുന്ന ഡിന്നർ പാർട്ടി ഇരുട്ടാക്കിയ മുറിയിൽ നിന്നുകൊണ്ട്, എന്നോടൊത്തു കണ്ടു രസി ക്കയായിരുന്നു. അപ്പോൾ അവർ പെട്ടെന്ന് എൻെറ കൈ കടന്നുപിടിച്ചു:

'അതാ നോക്കൂ, ആ പച്ചക്കുപ്പായക്കാരനെ കണ്ടുവോ? അയാൾ ഒരു ദുർന്നടപ്പുകാരനാണ്. എനിക്കയാളെ അറിയാം.'

എന്നിട്ട് അവർ തൻെറ മുഖം നിശ്ശേഷം പർദയ്ക്കുള്ളിൽ മറച്ചു കൊണ്ടു നിന്നു വിറച്ചു. ഒരു ദുർന്നടപ്പുകാരൻ പുലിയോ സിംഹമോ എന്നപോലെ എൻെറ ടീച്ചറെ ഭയചകിതയാക്കുമെന്നു മനസ്സിലാക്കിയ ഞാൻ അത്ഭുത ത്തോടും കൗതുകത്തോടും കൂടി അയാളുടെ ചലനങ്ങൾ ശ്രദ്ധിച്ചു. അയാൾ ഇരുണ്ടുതടിച്ച് ചുരുളൻ മുടിയുള്ള ഒരു യുവാവായിരുന്നു. അയാൾ സ്ത്രീക





ളുടെ മുമ്പിൽ വളരെ വിനീതനായി നടിച്ചു. അവരിലോരോരുത്തരും സംസാ രിക്കുമ്പോൾ മുഴുവൻ ശ്രദ്ധയും അവരുടെ വാക്കുകളിൽ കേന്ദ്രീകരിച്ച് ഒരു പുഞ്ചിരിയോടെ അയാൾ നിന്നു. വളരെയധികം പ്രാവശ്യം സ്ത്രീകളെ നോക്കി ചിരിച്ചു. ഇരയെ തേടുന്ന ഒരു കാട്ടുമൃഗത്തിൻെറ മെയ്യൊതുക്കം ഞാൻ അയാളിൽ ദർശിച്ചു. അന്നത്തെ ആ സംഭവത്തിനു ശേഷം ഞാൻ ദുർന്ന ടപ്പുകാരുടെ മാന്ത്രികശക്തിയെപ്പററി കൗതുകത്തോടെ ചിന്തിച്ചു നോക്കാ റുണ്ട്. ചീത്തപ്പേരുള്ളവരെ തേടിപ്പിടിച്ച് അവരുമായി അടുക്കുവാനും അവരെ സ്നേഹിക്കുവാനും ഞാൻ എല്ലായ്പോഴും ശ്രമിച്ചുകൊണ്ടിരുന്നു. ഒരപരി ചിതഗൃഹത്തിലെ ആദിവാസികളായിരുന്നു അവർ, എന്നെ സംബന്ധിച്ചിട ത്തോളം.

പന്ത്രണ്ടാം വയസ്സിൽ ഞാൻ പുസ്തകപാരായണത്തിൻെറ ലഹരിയിൽ ആകെ മുഴുകിപ്പോയി. ഡിക്കൻസിൻെറ പുസ്തകങ്ങളോരോന്നും ഞാൻ സ്കൂൾ ലൈബ്രറിയിൽനിന്നു കൊണ്ടുവന്നു വായിച്ചു. ഒഴിവുസമയത്ത് കര ഞ്ഞും മൂക്കുചീററിയും ഞാൻ കഥകൾ വായിച്ചുകൊണ്ടിരുന്നു. ട്രാജഡിക ളായിരുന്നു എനിക്ക് ഇഷ്ടപ്പെട്ട പുസ്തകങ്ങൾ.

ആയിടയ്ക്ക് മേജർ മേനോൻ എന്ന ഒരാൾ ഞങ്ങളുടെ കുടുംബ സ്നേഹിതനായിത്തീർന്നു. അദ്ദേഹം ലക്ഷപ്രഭുവായ ഒരു നാടുവാഴി യുടെ മകനായിരുന്നു. അദ്ദേഹം അവിവാഹിതനാണെന്ന് അറിഞ്ഞ ഒരു സ്ത്രീ—വീട്ടിലെ മറെറാരതിഥി—ഒരിക്കൽ ശൃംഗാരചേഷ്ടകളോടും ഭയങ്കരമായ ലജ്ജാപ്രകടനങ്ങളോടുംകൂടി വാതിൽക്കർട്ടൻെറ പിന്നിൽ നിന്നുകൊണ്ട്, 'എന്തു തൈലമാണ് തേക്കാറുള്ളത്? രാത്രിയും കുളിക്കുമോ?' എന്നു തുടങ്ങിയ വ്യക്തിഗതങ്ങളായ പല ചോദ്യങ്ങളും മാരശരങ്ങളെപ്പോലെ അദ്ദേഹത്തിൻെറ നേർക്ക് എറിയുന്നത് ഞാൻ കേട്ടു. അവരുടെ മുഖസ്തുതിയും സ്നേഹപ്രക ടനവും മുറുകിവന്നതോടെ മേജർക്കും അവരോട് അല്പം താല്പര്യം വന്നു തുടങ്ങിയെന്ന് ഞങ്ങൾക്ക് മനസ്സിലായി. ഉടനെ ഞങ്ങൾ ആ അഭിനിവേശം കല്യാണത്തിൽ അവസാനിക്കാതിരിക്കാൻ ആ സ്ത്രീയുടെ പഴകി ദ്രവിച്ച, നിറം മാറിയ ടൂത്ത്ബ്രഷ് എടുത്തു കൊണ്ടുവന്ന് മേജർക്കു കാണിച്ചു കൊടുത്തു. പിന്നീട് അവരെ കണ്ടാൽ ഒരു പകുതി പുഞ്ചിരിയോടെ മേജർ ആ മുറിയിൽനിന്ന് എഴുന്നേററു പോവും. മേജർ മേനോൻ ഞങ്ങൾ കുട്ടികളെ ഇടയ്ക്കു സിനിമ കാണിക്കാൻ കൊണ്ടുപോയി. നാലോ അഞ്ചോ പുസ്ത കങ്ങളും അദ്ദേഹം എനിക്കു സമ്മാനിച്ചു. അക്കാലത്ത് ഞങ്ങൾ ഒരു ബാഡ് മിൻറൺ ക്ലബ്ബ് തുടങ്ങി, കാസ്മാ പ്ലേയേഴ്സ് എന്ന പേരിൽ. ഒരു മണിപ്പുരി നർത്തകൻ—ഭ്രജ ഭാഷി എന്നു പേരുള്ള ഒരു ഗുരു—എന്നെയും എൻെറ അയൽക്കാരി സരോജയെയും ഡാൻസ് പഠിപ്പിക്കാൻ വരാറുണ്ടായിരുന്നു. വ്യായാമങ്ങളിൽ തിളങ്ങുന്ന തൊലിയും സാവധാനത്തിൽ പുഷ്ടിപ്പെട്ടു വരുന്ന ശരീരവും എനിക്ക് അക്കാലത്ത് ഒരു ആത്മവിശ്വാസം നേടിത്തന്നു. ആരുമില്ലാത്തപ്പോൾ ഉച്ചയ്ക്കു ഞാൻ കുപ്പായമൂരി കണ്ണാടിയിൽ കണ്ട എൻെറ ശരീരത്തെ പരിശോധിച്ചുനോക്കി. മുഴുത്തുവന്നിരുന്ന മാറിടം നോക്കി യപ്പോൾ പെട്ടെന്ന് ഒരു നിധി കണ്ടെത്തിയ ഒരാളുടെ ചാരിതാർത്ഥ്യം എനിക്ക് അനുഭവപ്പെട്ടു. ആയിടയ്ക്ക് ആദ്യമായി എൻെറ ഉടുപ്പിൽ ആർത്തവരക്തം

കണ്ട് ഞാൻ ഭയന്നു നിലവിളിച്ചു. 'ഇത്ര പൊട്ടിയായാലോ കുട്ട്യേ.' എന്റെ വേലക്കാരി തന്റെ മൂക്കത്തു വിരൽ വെച്ചുകൊണ്ടു പറഞ്ഞു: 'അപ്പോ കുട്ടിക്ക് ഒരു കല്യാണക്കാരൻ വരുമ്പോഴോ, കുട്ടി അലറിപ്പൊളിക്കില്ലേ?'

വായന പുതിയ മണ്ഡലങ്ങളിലേക്കു നീങ്ങിക്കൊണ്ടിരുന്നു. ഇസഡോറ ഡങ്കന്റെ (Isadora Duncan) ജീവിതകഥ, അന്നാകരിനീന, ഓസ്കാർ വൈൽഡിന്റെ കൃതികൾ എന്നിവ എന്നെ വശീകരിച്ചു. രാത്രി പന്ത്രണ്ടുവരെ ഞാൻ വായനയിൽ മുഴുകി കഴിച്ചുകൂട്ടി. എന്റെ കണ്ണടയുടെ ചില്ലിനു കട്ടി കൂടിവന്നു. എന്റെ ദിവാസ്വപ്നങ്ങൾ കൂടുതൽ നിറപ്പകിട്ടോടെ ജ്വലിക്കുവാനും തുടങ്ങി.

ആദ്യമായി ഞാൻ പ്രേമിച്ചത് ഞങ്ങളുടെ ബന്ധുക്കളിൽ ഒരാളായ ഒരു പതിനെട്ടുവയസ്സുകാരനെയായിരുന്നു. രാജ്യകാര്യങ്ങളിൽ അമിതമായ ശ്രദ്ധയുള്ളവനും ഒരു എതിർപ്പുകാരനുമായിരുന്നു അയാൾ.

## 7

## ഒരു ഹിറ്റ്ലർ കോംപ്ലക്സ്

എന്റെ ആദ്യത്തെ ഓർമയായി ഇന്നും ആ 'പിക്നിക്' രംഗം കാണുന്നു. കൽക്കത്തയിലെ ഏതോ ഒരു പാർക്കിലേക്ക് എന്നെയും മററു കുട്ടികളെയും അദ്ധ്യാപികമാരും ആർച്ചി എന്നൊരാളും കൂടി കൂട്ടിക്കൊണ്ടു വന്നിരിക്കയാണ്. തണുപ്പുകാലത്തെ വെള്ളസൂര്യൻ ആകാശത്തിന്റെ ഒരു പാർശ്വത്തിൽ നിന്നു ജ്വലിക്കുകയാണ്. പുല്ലിൽ കിടന്നും ഉരുണ്ടും പൊട്ടിച്ചിരിക്കുന്ന കുട്ടികൾ. 'ആർച്ചി ഓ ആർച്ചി' എന്നു വിളിച്ചു പറഞ്ഞുകൊണ്ട് ഒരു മനുഷ്യന്റെ മുഖത്ത് ഒരു സില്ക്കുതൂവാല കുടയുന്ന സ്ത്രീ. അയാളുടെ കനത്ത പൊട്ടിച്ചിരി. മൈലാഞ്ചി വേലിക്കരികിൽ കിടന്നുകൊണ്ട് ഞാൻ ആകാശത്തേക്ക് നോക്കി. എനിക്ക് ആരും അന്ന് കൂട്ടുണ്ടായിരുന്നില്ല. മൈലാഞ്ചിപ്പൂക്കളുടെ നേർത്ത മണവും ആത്മാവിന്റെ വേദനയും അന്ന് എനിക്ക് അനുഭവപ്പെട്ടു.

എന്റെ ആദ്യത്തെ വിദ്യാലയം പാർക്ക് സ്ട്രീററ് എന്ന തെരുവിലായിരുന്നു. എന്റെ വീട്ടിൽനിന്ന് വെപ്പുകാരന്റെ അകമ്പടിയോടെ ഞാനും ജ്യേഷ്ഠനും അങ്ങോട്ടു പോവുമ്പോൾ വഴിക്കുള്ള ശ്മശാനത്തിൽ ബോഗൻവില്ലകൾ പൂത്തുനില്ക്കുന്നതു കാണാറുണ്ടായിരുന്നു. അതിനും അപ്പുറത്ത് ഒരു ചെറിയ പീടികയുണ്ടായിരുന്നു. അതിൽനിന്ന് ആഴ്ചയിൽ ഒന്നോ രണ്ടോ തവണ ചുവന്ന കടലാസിൽ പൊതിഞ്ഞ ഒരു നെസിൽസ് ചോക്കലററ് വാങ്ങി ഞാനും ജ്യേഷ്ഠനും കൂടി പങ്കിടാറുണ്ടായിരുന്നു. വെപ്പുകാരൻ ഒരു കെട്ട് ബീഡി വാങ്ങി, അതു കീശയിലിട്ട്, അതിൽനിന്ന് ഒരു ബീഡി മാത്രമെടുത്തു ചെവിക്കു മുകളിൽ തിരുകിവെച്ചു.

എന്റെ സ്കൂളിൽ അന്നു തവിട്ടുനിറമുള്ളവരായി ഞാനും എന്റെ ജ്യേഷ്ഠനും മററു മൂന്നു കുട്ടികളും മാത്രമേ ഉണ്ടായിരുന്നുള്ളു. പ്രഭാത പ്രാർത്ഥനയുടെ തളത്തിൽ പിയാനോവിന്റെ അടുത്തുള്ള ചുവരിന്മേൽ





ബ്രിട്ടീഷ് രാജകുടുംബത്തിന്റെ ഒരു വർണഛായാചിത്രം ഗിൽട്ടു കൂട്ടിലിട്ടു തൂക്കിയിരുന്നു—ആറാം ജോർജും രാജ്ഞിയും അവരുടെ രണ്ടു പെൺ കുട്ടികളും. റൂൾ ബ്രിട്ടാനിയ എന്ന ദേശീയഗാനം പാടുമ്പോൾ ഇടയ്ക്കിടയ്ക്കു തലയുയർത്തി ഹെഡ്മിസ്ട്രസ് ആ പടത്തിലേക്കു നോക്കാറുണ്ടായിരുന്നു. രാജകുമാരിമാർ ധാരാളം ഞൊറികളുള്ള ഇളം നീലക്കുപ്പായങ്ങളാണു ധരിച്ചിരുന്നത്. അവരെ നോക്കിക്കൊണ്ടു മററു കുട്ടികളുടെയൊപ്പം പാടുവാനും ചുണ്ടുകളനക്കുവാനും എനിക്കു വളരെ ഉത്സാഹം തോന്നിയിരുന്നു.

ഞങ്ങളുടെ ക്ലാസ് ടീച്ചറുടെ പേര് മേബൽ എന്നായിരുന്നു. അവൾക്ക് അന്നു പതിനാറോ പതിനെട്ടോ വയസ്സു മാത്രമേ ഉണ്ടായിരുന്നുള്ളു എന്നു പിന്നീട് ഞാൻ കേട്ടറിഞ്ഞു. ചുവപ്പു ചായം തേച്ച ചുണ്ടുകളും ചുരുണ്ട മുടിയുമുള്ള ഒരുത്തിയായിരുന്നു മേബൽ. അവളെ കാണുവാനും അവളുടെ തലമുടിച്ചുരുളുകൾ വലിക്കുവാനുമായി ദിവസേന വന്നെത്തിയിരുന്ന ആർച്ചി എന്ന മനുഷ്യനെ ഞങ്ങൾക്കു പേടിയായിരുന്നു. അയാൾ വെറുപ്പോടെയല്ലാതെ തൊലി കറുത്തവളായ എന്നെ നോക്കിയിട്ടില്ല. വർണവിവേചനത്തിന്റെ ക്രൗര്യം ആ സ്കൂളിൽ വെച്ചാണ് എനിക്ക് ആദ്യമായി അനുഭവപ്പെട്ടതും. സ്വർണത്തലമുടിയും വെളുത്ത തൊലിയുമുള്ള കുട്ടികളെ എടുത്തു മടിയിൽ വെക്കുകയും അവരെ ചുംബിക്കുകയും ചെയ്തിരുന്ന അദ്ധ്യാപികമാർ ഒരിക്കലെങ്കിലും എന്നെ അടുത്തേക്കു വിളിക്കുകയോ തൊടുകയോ ഉണ്ടായില്ല. വെള്ളത്തുണികൊണ്ടുണ്ടാക്കിയ ഒരൊഴുക്കൻ ഫ്രോക്ക് ധരിച്ചുകൊണ്ട് ആ വെളുത്ത സമൂഹത്തിൽ നില്ക്കുമ്പോൾ എന്റെ കറുപ്പിനെപ്പററി ഓർത്തു ഞാൻ കുണ്ഠിതപ്പെടാറുണ്ടായിരുന്നു. ഏതോ ഒരു ദുഷ്ടദൈവം എന്റെയും ജ്യേഷ്ഠന്റെയും മേലാകെ ചെളി തേച്ച് ഈ ലോകത്തിലേക്ക് ഞങ്ങളെ ഭ്രഷ്ടാക്കി തള്ളിയതാണെന്നു ഞാൻ വിശ്വസിച്ചു. വെള്ളക്കാരുടെ ഈ പരിഷ്കൃതലോകത്തിൽ ഞാനെന്നും ശപിക്കപ്പെട്ടവളായിരിക്കുമെന്ന് എനിക്കു തോന്നി. ഇംഗ്ലീഷുകാരെ അനുകരിക്കാൻ, അല്ലെങ്കിൽ അവരെ അനുകരിക്കുന്ന ആംഗ്ലോ ഇന്ത്യക്കാരെയെങ്കിലും അനുകരിക്കാൻ അന്നു ഞങ്ങളോരോരുത്തരും ശ്രമിച്ചുകൊണ്ടേയിരുന്നു. ഈ ലോകത്തിൽ തെല്ലൊരംഗീകാരം നേടുവാനും മററുള്ളവരുടെ ലാളനകൾ അനുഭവിക്കാനും അതല്ലാതെ മറെറാരു ഉപായവും ഞാൻ കണ്ടില്ല.

എന്റെ ഹെഡ്മിസ്ട്രസിന്റെ പേര് മാഡം ഡിസിൽവ എന്നായിരുന്നു. അവർ ഒരു വിധവയായിരുന്നതുകൊണ്ട് എന്നും കറുത്ത ഉടുപ്പുകളാണ് ധരിച്ചിരുന്നത്. അവരുടെ കഴുത്തിൽ ഒരു വലിയ സ്വർണ ക്കുരിശ് ചങ്ങലയിൽ കെട്ടിത്തൂക്കിയിരുന്നു. അവരുടെ പിറന്നാൾ ആഘോഷിക്കുമ്പോൾ കുട്ടികൾ അവർക്കു സമ്മാനങ്ങൾ കൊടുക്കുന്നത് ആ സ്കൂളിലെ ഒരു പതിവായിരുന്നു. വിവേകിയും ബിസിനസ്മാനുമായ എന്റെ അച്ഛൻ അവർക്കു കൊടുക്കുവാനായി ഒരിക്കൽ വിലപിടിച്ച ഒരു വെള്ളിപ്പാത്രമാണ് വാങ്ങിത്തന്നത്. ആ സമ്മാനദാനത്തിനുശേഷം ഗുരുശിഷ്യബന്ധം അല്പം മെച്ചപ്പെട്ടു. സ്കൂൾ കാണുവാൻ ഇടയ്ക്കിടയ്ക്ക് ചില പ്രശസ്താതിഥികൾ വന്നെത്താറുണ്ടായിരുന്നു. ആ ദിവസം സൗന്ദര്യം കൂടിയ കുട്ടികളെ തളത്തിൽ അതിഥികൾക്കു മുമ്പിൽ അണിനിരത്താറുണ്ടായിരുന്നു. ഷെർലി ടെമ്പിൾ എന്നു പേരുള്ള

ബാലനടി അന്ന് എല്ലാവരുടെയും ആരാധനാപാത്രമായി. അവളുടെ ഛായയുള്ള മറ്റൊരു ഷെർലി എന്റെ ക്ലാസിലുണ്ടായിരുന്നു. അവളെ എല്ലാ അതിഥികൾക്കും പരിചയപ്പെടുത്താൻ ഹെഡ്മിസ്ട്രസ് ഒരിക്കലും മറന്നില്ല. സ്കൂളിലെ മറ്റൊരു മണിദീപം കോളിൻ എന്ന നർത്തകി ആയിരുന്നു. അവൾ അതിഥികൾക്കു വേണ്ടി ബാലെ നൃത്തം ചെയ്തു. കരിപിടിച്ച ദീപങ്ങളായ ഞാനും വേറെ ചിലരും ഇതൊക്കെ നോക്കിക്കൊണ്ട് കർട്ടന്റെ പിന്നിൽ ഒളിച്ചുനിന്നു.

പത്തുകൊല്ലങ്ങൾക്കു മുമ്പു ഞാൻ ഭർത്താവുമൊന്നിച്ച് കല്ക്കത്തയിലെത്തി. പഴയ സ്മരണകളും പേറിക്കൊണ്ട് ഞാൻ ഒരു ദിവസം രാവിലെ പത്തരമണിക്ക് പാർക്ക് സ്ട്രീറ്റിൽക്കൂടി നടന്നു. എന്റെ സ്കൂൾ നിന്നിരുന്നയിടത്ത് ഒരു വേശ്യാലയമാണ് ഇപ്പോൾ പ്രവർത്തിക്കുന്നതെന്ന് ഒരാൾ എന്നെ പറഞ്ഞു മനസ്സിലാക്കി. ഗേറ്റിന്റെ അടുത്തെത്തിയപ്പോൾ എന്റെ കാലുകൾ മുന്നോട്ടു നീങ്ങിയില്ല. പുൽത്തകിടിയിൽ ചൂരൽക്കസേരകളിൽ ഇരുന്നുകൊണ്ട് ചില മദ്ധ്യവയസ്കകൾ 'യഥാർത്ഥപ്രണയകഥകൾ' എന്നു പേരുള്ള മാസികകൾ വായിച്ചുകൊണ്ടിരുന്നു. രാവിലെ കഴുകി ഉണങ്ങാൻ പുറകോട്ട് ഇട്ടിരുന്ന തലമുടിയിൽ വെളുത്ത ഇഴകളുണ്ടായിരുന്നു. ഇവരാണെന്നോ രാത്രിയുടെ കളിപ്പാട്ടങ്ങൾ? ഞാൻ വിസ്മയത്തോടെ അവരെ നോക്കിക്കൊണ്ടുനിന്നു. എന്റെ സ്കൂളിന്റെ ചരിത്രത്തിനും അതിന്റേതായ ഒരു ഗുണപാഠം ലോകത്തിനോടു പറയുവാനുണ്ടായിരിക്കണം. അത് എന്താണെന്നു മാത്രം എനിക്ക് അറിഞ്ഞുകൂടാ.

പണ്ട് കല്ക്കത്തയിൽ ഞങ്ങൾ താമസിച്ചിരുന്ന വീട്ടിലേക്കു കയറിച്ചെല്ലുവാൻ ഏകദേശം അറുപതു പടികളുണ്ടായിരുന്നു. വാൾഫോഡ്സ് എന്ന മോട്ടോർ കാർ കമ്പനിയുടെ വർക്ക്ഷോപ്പിന്റെ മുകളിലായിരുന്നു എന്റെ വീട്. കോണിപ്പടികളിൽ പകുതിയും കയറിക്കഴിഞ്ഞാൽ കോണിയുടെ വലതു ഭാഗത്തായി ഒരു പ്രവേശനമാളം കാണാം. അതിൽക്കൂടി പ്രവേശിച്ചാൽ വെപ്പുകാരന്റെ ഇരുട്ടറയും കുളിമുറിയും നിങ്ങൾക്കു കാണാം. ഇരുട്ടറയിൽ എല്ലായ്പോഴും ബീഡിപ്പുക കെട്ടിനില്ക്കുന്നുണ്ടായിരുന്നു. കുളിമുറിയിൽ സദാസമയം ലീക്ക് ചെയ്യുന്ന ഒരു പൈപ്പുമുണ്ടായിരുന്നു. വെപ്പുകാരന്റെ വാസസ്ഥലം സന്ദർശിക്കേണ്ട എന്നുണ്ടെങ്കിൽ നിങ്ങൾക്കു കോണിപ്പടികൾ തുടർന്നുകയറി എന്റെ വീട്ടിലെ സല്ക്കാരമുറിയിലെത്താം. അവിടെയും മറ്റെല്ലാ മുറികളിലും നിലംതൊട്ടു തട്ടുവരെ ഉയരമുള്ള ജനൽവാതിലുകൾ ഉണ്ടായിരുന്നു. കീഴ്ഭാഗത്തുള്ള പാളികൾ എല്ലായ്പോഴും അടച്ചിട്ടിരുന്നു. എന്നാലും ചിലപ്പോൾ അവ തുറന്നിട്ട് ഞാനും ജ്യേഷ്ഠനും അഴികൾക്കിടയിലൂടെ കാലുകൾ തൂക്കിയിട്ട് നിരത്തിൽക്കൂടി പോവുന്ന വാഹനങ്ങളെയും മനുഷ്യരെയും നോക്കി രസിക്കാറുണ്ടായിരുന്നു. തല, മാത എന്നു പേരുള്ള രണ്ടു പെൺകുട്ടികൾ ആ നിരത്തിൽക്കൂടി എല്ലാ ദിവസവും സന്ധ്യയ്ക്കു പോവാറുണ്ടെന്ന് ഞാനന്നു വിശ്വസിച്ചിരുന്നു. അമ്മ അവരെ കണ്ടിട്ടേയില്ല എന്നു പറയാറുണ്ട്. അതുകൊണ്ട് അവർ ഒരു സ്വപ്നമായിരുന്നിരിക്കണം.

സ്കൂളില്ലാത്ത ദിവസങ്ങളിൽ എന്നെയും ജ്യേഷ്ഠനെയും അമ്മ എണ്ണ തേച്ചു നിറുത്താറുണ്ട്. മേലാകെ എണ്ണ തേച്ചുകഴിഞ്ഞാൽ പിന്നെ ചുവരോ





വീട്ടുസാമാനങ്ങളോ തൊടാതെ നിലത്തു വിരിച്ച വർത്തമാനക്കടലാസിൽ ഇരുന്നുകൊണ്ട് വല്ല കളിയും കളിക്കാം. അമ്മ ആ സമയത്തൊക്കെ നിലത്ത് ഒരു പായ് വിരിച്ച് അതിൽ കമിഴ്ന്നു കിടന്നു കൊണ്ട് കവിതയെഴുതുകയാവും. എഴുതുന്നതിനിടയിൽ അടുത്തു വെച്ച ടിന്നിൽനിന്ന് കാരയ്ക്ക പെറുക്കിയെടുത്തു തിന്നുന്നതും കാണാം.

അമ്മയും അച്ഛനും ലളിതമായ ഒരു ജീവിതമാണ് നയിച്ചിരുന്നത്. അമ്മ ഷോപ്പിങ്ങിനായി ഒരിക്കലും പോയിരുന്നില്ല. വീട്ടുകണക്കുകൾ നോക്കലും അടുക്കളഭരണവും ഡോബിക്കു തുണികൊടുക്കലുമെല്ലാം വെപ്പുകാരന്റെ ജോലികളായിരുന്നു. അമ്മയുടെ കൈവശം പണം ഉണ്ടായിരുന്നില്ല. വൃത്താകൃതിയിലുള്ള ഒരു ഇരുമ്പളുക്കിൽ കുടുക്കുകളും സൂചിയും നൂലും അച്ഛന്റെ ബക്കിളുകളും മററും അമ്മ സൂക്ഷിച്ചുവെച്ചിരുന്നു. അതു തുറന്ന് അതിൽ കൈയിട്ടു പരതി ഒന്നോ രണ്ടോ അണത്തുട്ടുകൾ അമ്മ ഇടയ്ക്ക് എനിക്കും ജ്യേഷ്ഠനും തരാറുണ്ടായിരുന്നു. നിരത്തിൽക്കൂടി പോവാറുള്ള കുരങ്ങുകളിക്കാരെ വീട്ടിലേക്കു വരുത്തി കുരങ്ങനെ കളിപ്പിക്കുവാൻ ഞങ്ങൾ ആ പണം ചെലവഴിച്ചിരുന്നു. ഇടയ്ക്ക് മദ്ധ്യാഹ്നത്തിൽ അമ്മ ഉറങ്ങിക്കിടക്കുമ്പോഴാവും ഐസ്ക്രീംകാരന്റെ വിളി നിരത്തിൽനിന്ന് ഏതോ ഒരു പറവയുടെ കരച്ചിലെന്നപോലെ പൊങ്ങിവരിക. 'ഐസ്ക്രീം മഗ്നോലിയാ...' നീട്ടിനീട്ടിക്കൊണ്ടുള്ള ഒരു വിളി. അമ്മയുടെ തുന്നൽപ്പെട്ടിയിൽ തപ്പി പണമെടുത്തു ഞങ്ങൾ അവനെ മുകളിലേക്കു വിളിക്കും. മഞ്ഞനിറത്തിലുള്ള ഒരു പെട്ടി തന്റെ സൈക്കിളിൽ ഘടിപ്പിച്ചാണ് ഐസ്ക്രീംകാരൻ സഞ്ചരിക്കാറുള്ളത്. കോലിന്മേലുള്ള വെളുത്ത ഐസ്ക്രീമിനു രണ്ടണയായിരുന്നു അന്നു വില.

എന്റെ അമ്മ അന്നു വെളുപ്പോ ഇളം മഞ്ഞയോ നിറമുള്ള ഖദർ സാരികളാണ് ദിവസേന ധരിച്ചിരുന്നത്. കുളി കഴിഞ്ഞാൽ ഇന്നത്തെപ്പോലെതന്നെ അന്നും ഒരു മണിക്കൂർ നിലനില്ക്കുന്ന പ്രാർത്ഥനയുണ്ടായിരുന്നു. അതു കഴിഞ്ഞാൽ അമ്മ നെററിയിലും മൂർദ്ധാവിലും കുങ്കുമപ്പൊട്ടു തൊടും. അന്ന് അച്ഛനും അമ്മയും ഗാന്ധിജിയുടെ ശിഷ്യരായിരുന്നു. ആഡംബരഭ്രമം മോശമാണെന്ന് അവർ രണ്ടുപേരും വിശ്വസിച്ചിരുന്നു. അതുകൊണ്ട് എനിക്കു വെളുത്ത ടവിൽ കൊണ്ടുള്ള കുപ്പായങ്ങൾ മാത്രമേ അച്ഛൻ തന്നിരുന്നുള്ളു. മററു കുട്ടികൾ അവരുടെ അച്ഛനമ്മമാരുടെയൊപ്പം ഞങ്ങളെ സന്ദർശിക്കാൻ വന്നപ്പോൾ ഞാൻ അവരുടെ നിറപ്പകിട്ടുള്ള വസ്ത്രങ്ങൾ കണ്ട് അസൂയപ്പെട്ടു. രാത്രിയിൽ എന്റെ സ്വപ്നങ്ങളിൽ ഞാൻ എല്ലായ്പോഴും നിറമുള്ള ഉടുപ്പുകൾ ധരിച്ചു. കഴുത്തിലും കൈയിലും സ്വർണാഭരണങ്ങൾ അണിഞ്ഞു. എന്റെ നിറം വെളുത്തു. എന്റെ മുടിയുടെ കറുപ്പു മാഞ്ഞ് അതിനു സ്വർണനിറം വന്നെത്തി. അതിഥി കളുടെ മുമ്പിൽ ഒരു മഴവില്ലെന്ന പോലെ ഞാൻ പ്രത്യക്ഷപ്പെട്ടു. ഞാനും ഒരു ഷെർലി ടെമ്പിളായി. ഞാൻ ഞൊറികളുള്ള പാവാടയുടെ വക്കു പിടിച്ചുകൊണ്ട് ബാലെ നൃത്തം ചെയ്തു. രാജാവും രാജ്ഞിയും രാജകുമാരിമാരും എന്റെ നേർക്ക് പനിനീർപ്പൂക്കൾ എറിഞ്ഞു....

എന്റെ കൈവശം ചുരുക്കം ചില കളിപ്പാട്ടങ്ങളേ ഉണ്ടായിരുന്നുള്ളു. സ്വർണത്തലമുടിയുള്ള ഒരു സെലിലോയ്ഡ് പാവയും ഒരു മരക്കുരങ്ങും

മാത്രമേ എടുത്തു കളിക്കാൻ എനിക്കുണ്ടായിരുന്നുള്ളു. പാവയുടെ പേര് മമ്മ എന്നായിരുന്നു. അതിന് അമ്മ ഒരു വെള്ളക്കുപ്പായം തുന്നിത്തന്നു. അതിന്റെ അരയിൽ ഞാൻ ഒരു ചുവന്ന നാടയും കെട്ടി. ആയിടയ്ക്കാണ് ഞാൻ എന്റെ ജീവിതത്തിലെ ഏക മോഷണം നടത്തിയത്. അച്ഛന്റെ സ്നേഹിതനായ ഒരു കൃഷ്ണൻ നായർ കൽക്കത്ത സന്ദർശിക്കയും ഒരാഴ്ച ഞങ്ങളുടെ കൂടെ താമസിക്കുകയും ചെയ്തു. അദ്ദേഹത്തെ കപ്പൽ കൃഷ്ണൻ നായർ എന്നാണ് എന്റെ വീട്ടുകാർ വിളിച്ചിരുന്നത്. അദ്ദേഹത്തിന്റെ കൈവശം തിരിച്ചാൽ മുന പൊങ്ങി വരുന്ന ഒരു പെൻസിലുണ്ടായിരുന്നു. അതും വെളുത്തതും പ്ലാസ്ററിക്കോ സെലിലോയ്ഡോ മറെറാകൊണ്ടു നിർമിച്ചതുമായിരുന്നു. അതിന്മേൽ ആ വർഷത്തെ കലണ്ടറും ഉണ്ടായിരുന്നു. അത്തരമൊരു അത്ഭുതവസ്തു ഞാനന്നേ വരെ കണ്ടിട്ടുണ്ടായിരുന്നില്ല. ഒരു സന്ധ്യയ്ക്കു ഞാൻ അതിഥി മുറിയിൽ കട്ടിലിന്റെ തലയ്ക്കു തൂങ്ങിക്കിടക്കുന്ന കോട്ടിൽനിന്ന് ആ പെൻസിൽ കട്ടെടുത്തു. എന്റെയുള്ളിൽ അപ്പോൾ ഒരു ഭൂമി കുലുക്കം നടന്നുകൊണ്ടിരുന്നു. ആ പെൻസിൽ ഞാൻ ഷൂസുകൾ വെച്ചിരുന്ന സ്ററാൻറിന്റെ കീഴിൽ ഒളിച്ചു വെച്ചു. പക്ഷേ, പിറേറ ദിവസം രാവിലെ അവിടെ ചെന്നു പരതി നോക്കിയപ്പോൾ എനിക്ക് അതു കിട്ടിയില്ല. മോഷണകലയിൽ എന്നെക്കാൾ വൈദഗ്ദ്ധ്യം സമ്പാദിച്ച മറെറാരാൾ ആ വീട്ടിൽ ഉണ്ടായിരുന്നിരിക്കണം. ഒഴിവുദിവസങ്ങളിൽ വർത്തമാനക്കടലാസുകളിൽ വരാറുള്ള ഫോട്ടോകൾ വെട്ടിയെടുത്ത് ഞാനും ജ്യേഷ്ഠനും ഒരു ആൽബത്തിൽ പതിക്കാറുണ്ടായിരുന്നു. ജ്യേഷ്ഠന്റെ ഹീറോ മുസ്സോളിനിയായിരുന്നു. എന്റേത് ഹിററ്ലറും. ജ്യേഷ്ഠൻ മേശപ്പുറത്തു കയറിനിന്ന് മുസ്സോളിനിയായി അഭിനയിച്ചു പല പ്രസംഗങ്ങളും നടത്തി. ഞാൻ ഹിററ്ലറെ അനുകരിച്ച് തലമുടി നെററിയിലേക്ക് ഇറക്കി ചീകിവെച്ചു. വലുതായാൽ മറെറാരു ഹിററ്ലറാവണമെന്നു ഞാൻ അന്ന് ആഗ്രഹിച്ചു. എന്റെ ശരീരത്തിന്റെ മെലിച്ചിൽ അടുക്കളയിൽ ഒരു സംഭാഷണവിഷയമായിരുന്നു. വെപ്പുകാരനും നിലമടിച്ചുവാരുന്നവനും കൂടി എന്റെ ഭക്ഷണരീതി കളെ കഠിനമായി വിമർശിച്ചു. മത്സ്യവും മാംസവും തിന്നുതുടങ്ങ ണമെന്ന് അവർ പറഞ്ഞു. എന്നും ഇങ്ങനെ ഒരു 'എല്ലിൻകൊട്ട'യായിരുന്നാൽ മതിയോ എന്നു വെപ്പുകാരൻ എന്നോട് ചോദിച്ചു.

## 8

## സ്ഥിരവും ഭദ്രവുമായ ഒരു സ്നേഹത്തിനുവേണ്ടി

രണ്ടാം ലോകമഹായുദ്ധം തുടങ്ങി. യുദ്ധം മുറുകിവന്നപ്പോൾ അച്ഛൻ എന്നെയും ജ്യേഷ്ഠനെയും നാട്ടിലേക്കു വണ്ടി കയററി അയച്ചു. അന്ന് എന്റെ തറവാടായ നാലപ്പാട്ടു വീട്ടിൽ പ്രായപൂർത്തി വന്നവരായി ഏഴു പേരുണ്ടായിരുന്നു. അമ്മമ്മ, ചെറിയമ്മ, വാതംപിടിച്ചു കിടക്കുന്ന മുത്തശ്ശി, മറെറാരു മുത്തശ്ശി, വലിയ അമ്മാമൻ, അമ്മാമന്റെ അമ്മയായ മുത്തശ്ശി,





ഏഴാമതായി മഹാത്മാഗാന്ധിയും. മഹാത്മജി അങ്ങനെ പറഞ്ഞു, മഹാത്മജി ഇങ്ങനെ പറഞ്ഞു എന്ന് എല്ലായ്പോഴും ആ വീട്ടിലെ മുത്ത്ശ്ശികൾ ഉരുവിട്ടുകൊണ്ടിരുന്നു. മഹാത്മജിയുടെ പടങ്ങൾ മിക്ക മുറികളിലും തൂക്കിയിട്ടിരുന്നു. മഹാത്മജി ഗുരുവായൂരിൽ വന്നപ്പോൾ നാലപ്പാട്ടെ സ്ത്രീകൾ അവരുടെ ആഭരണങ്ങൾ അഴിച്ച് അദ്ദേഹത്തിനു കാഴ്ചവെച്ചുവത്രേ. നാലപ്പാട്ടെ സ്ത്രീകളുടെ മോശപ്പെട്ട ധനസ്ഥിതി ഓർത്തു നോക്കുമ്പോൾ മാത്രമേ ഈ ത്യാഗത്തിന്റെ മഹത്ത്വം ആർക്കും മനസ്സിലാവുകയുള്ളു. എന്റെ ചെറിയമ്മ അക്കാലത്ത് ഒരു സന്ന്യാസിനിയെപ്പോലെയായിരുന്നു. വെളുത്ത ഖദർവേഷം. എണ്ണമയമില്ലാത്ത ചുരുണ്ട മുടി അലക്ഷ്യമായി ഒരു ചരടുകൊണ്ടു കെട്ടി പിന്നിൽ ഇട്ടിരിക്കും. ഒരു വിഷാദഭാവം മാത്രം ആഭരണമാക്കിക്കൊണ്ട് അവർ നടന്നു പോകുന്നതു കണ്ടിട്ട് പല യുവാക്കളും അവരെ കാമിച്ചിരിക്കണം. വിവാഹാഭ്യർത്ഥനകൾ അവർ നിരസിച്ചുകൊണ്ടേയിരുന്നു. ആശാന്റെ കവിതകൾ ഒരു നോട്ടുബുക്കിൽ പകർത്തി വെച്ചിരുന്നത് ഒരു മൃദുസ്വരത്തിൽ വായിച്ചുകൊണ്ട് ഒരു ജനൽ വാതിൽപ്പടിമേൽ അവർ ഇരിക്കുന്ന ആ മനോഹരചിത്രം ഞാൻ ഇപ്പോഴും ഓർക്കുന്നു. സ്നേഹം ഭ്രാന്താണെന്നും ദീനമാണെന്നും വേദനയാണെന്നും ഒരു തപസ്യയാണെന്നും ഞാനന്നു മനസ്സിലാക്കി. ദിവാകരന്റെ മടിയിൽ കിടന്നു പുഞ്ചിരിയോടെ മരിക്കുന്ന നളിനിയെയും ഭ്രാന്തനായ കാമുകനെത്തേടി വന്നെത്തിയ ക്ഷീണിതയായ ലീലയെയും സമയം തെററി ചെന്നെത്തിയ ഉപഗുപ്തനെ സ്നേഹമസൃണങ്ങളായ കണ്ണുകളോടെ വീക്ഷിക്കുന്ന തീവ്രവ്രണിതയായ വാസവദത്തയെയും ഞാൻ കണ്ടു. അവർ യഥാർത്ഥ തപസ്വിനിമാരാണ് എന്ന് എനിക്കു തോന്നി.

ഞാൻ നാട്ടിൽ എത്തിയതിനുശേഷം അമ്മമ്മയും മുത്തശ്ശിമാരുംകൂടി എന്റെ ദേഹം തടിപ്പിക്കുവാനും എന്റെ വൈരൂപ്യങ്ങൾ കുറയ്ക്കുവാനും ഒരു പദ്ധതി രൂപീകരിച്ചു. മഞ്ഞളെണ്ണ തേപ്പിച്ചു കുളിപ്പിച്ചും തലമുടിയിൽ ദിവസേന എണ്ണതേച്ചു തിരുമ്മിയും അമ്മമ്മ എന്നെ സുന്ദരിയാക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. ചീരക്കുഴി അച്യുതൻനായർ എന്നു പേരുള്ള ഒരു ബാലചികിത്സാവിദഗ്ദ്ധൻ അന്ന് ഗുരുവായൂരിൽ താമസമാക്കിയിരുന്നു. അദ്ദേഹത്തെ ക്ഷണിച്ചു വരുത്തി എന്റെ ദേഹം പരിശോധിപ്പിക്കലുമുണ്ടായി. ആട്ടിൻപാലിൽ മുത്തങ്ങ ചതച്ചിട്ടു രാവിലെ അതു കുടിച്ചിട്ടാണ് ഞാൻ പഠിപ്പുമുറിയിലേക്കു പ്രവേശിച്ചിരുന്നത്. എന്റെ ഗുരുനാഥൻ ആ നാട്ടിലെ ഏക സ്കൂളിന്റെ ഹെഡ്മാസ്ററായിരുന്ന ഒരു ബ്രാഹ്മണനായിരുന്നു. അദ്ദേഹത്തെ മാത്രമേ ഞാൻ ഇപ്പോഴും എന്റെ ഗുരുനാഥനായി കണക്കാക്കുന്നുള്ളു. എന്റെ ഹ്രസ്വമായ വിദ്യാർത്ഥിജീവിതത്തിൽ മറെറാരദ്ധ്യാപകനെയും ഞാനിത്ര ബഹുമാനിച്ചിട്ടില്ല. അവരെല്ലാവരും പിന്നീട് സുഹൃത്തുക്കളായിച്ചമഞ്ഞു. അവരുടെ മുഖങ്ങൾ തന്നെ ഞാൻ ഇപ്പോൾ മറന്നുപോയിരിക്കുന്നു.

നാട്ടിൻപുറത്തെ എലിമെൻററി സ്കൂളിൽ ചേർന്നപ്പോൾ കല്ക്കത്തയിൽ നിന്നു വ്യത്യസ്തമായ ഒരു ലോകത്തിലാണ് ഞാൻ പ്രവേശിച്ചത്. എന്റെ വീട്ടിലും മുററത്തും വളപ്പുകളിലും വേല ചെയ്യുന്നവരുടെ മക്കളുടെയൊപ്പം ഒരേ ബഞ്ചിൽ ഇരുന്നു പഠിക്കുവാൻ ആരംഭിച്ചപ്പോൾ എനിക്കും സ്വല്പ പ്രാധാന്യം ഒക്കെ വന്നു ചേർന്നുവെന്നു തോന്നി. ബഞ്ചിൽ എന്റെ അടുത്ത്

ഇരിക്കാറുള്ള വേലു എന്ന കുട്ടി ഒരിക്കൽ ഞങ്ങളുടെ വീട്ടിൽ മിഥുനമാസത്തിൽ പൂരാടം നാളിൽ നടത്താറുള്ള കഞ്ഞിപകർച്ചയിൽ പങ്കുകൊള്ളാൻ ചട്ടിയുമായി വന്നെത്തി. അന്ന് മററു ധർമ്മക്കാരുടെയിടയിൽ വേലു ഒരു പ്രധാനിയായിത്തീർന്നു. വേലുവിനു കുറച്ചുകൂടി കഞ്ഞി കൊടുക്കണം, വേലുവിന് ഒരു ഉപ്പുമാങ്ങ കൂടി കൊടുക്കണം എന്നൊക്കെ വിളിച്ചു പറഞ്ഞുകൊണ്ട് ഞാനും ജ്യേഷ്ഠനും എന്റെ കൊച്ചനുജനും ജനവാതിൽപ്പടിമേൽ ഇരുന്നു.

എന്റെ ക്ലാസ് മാസ്ററർ മീശയും ചുരുണ്ട തലമുടിയും മററുമുള്ള ഒരു യുവാവായിരുന്നു. അയാൾ ഒരിക്കൽ യാതൊരു കാരണവും കൂടാതെ തന്നെ എന്നെ പരിഹസിക്കുവാൻ തുടങ്ങി. അരപ്രാണൻ എന്ന ഒരു പരിഹാസപ്പേരും അയാൾ എനിക്കു ക്ലാസിൽവെച്ചു നല്കി. കുട്ടികളെല്ലാവരും ഉറക്കെ ചിരിച്ചു. എന്റെ സ്നേഹിതൻ വേലു മാത്രം ചിരിച്ചില്ല. സദാ പീളകെട്ടി കലങ്ങിയ കണ്ണുകൾ അടച്ചും മിഴിച്ചും ബഞ്ചിലിരുന്നുകൊണ്ട് ഉറക്കം തൂങ്ങുകയായിരുന്നു വേലു.

പ്രായപൂർത്തിവന്ന കുട്ടികൾ—എട്ടാംക്ലാസിലെ വിദ്യാർത്ഥികൾ —ആ മാസ്റററുടെ ഓമനകളായിരുന്നു. അവരെ അടുത്തു നിർത്തി അവരോടു നേരമ്പോക്കു പറയുന്നതും അവരെ ചിരിപ്പിക്കുന്നതും മററും ഞാൻ കാണാറുണ്ടായിരുന്നു. ക്ലാസ് കഴിഞ്ഞാൽ ഉച്ചഭക്ഷണത്തിനു പോകുന്നതിനു കുറച്ചു മുമ്പ് മാസ്ററർ ഒരു ഗോപികാനാഥനായി ചമയുകയായിരുന്നു. സെക്സ് അപ്പീൽ എന്ന വിചിത്ര തേജസ്സിന്റെ മഹത്ത്വം അന്നായിരിക്കാം എനിക്ക് ഏതാണ്ടൊക്കെ മനസ്സിലായത്.

എന്റെ സഹപാഠിനിയായ ദേവകി ആയിടയ്ക്ക് എനിക്ക് ഒരു കത്തു തന്നു. അതു വീട്ടിൽപോയി വായിക്കണമെന്നും അതിന്റെ മറുപടി·പിറേറന്നാൾ സ്കൂളിലേക്കു കൊണ്ടുവരണമെന്നും ദേവകി എന്നോടു പറഞ്ഞു. ആ കത്തു ഞാൻ പോക്കററിലിട്ടു. അതിനെപ്പററി മറക്കുകയും ചെയ്തു. എന്റെ അമ്മമ്മ അതു കണ്ടപ്പോൾ അത്ഭുതപ്പെട്ടു. എന്റെ പ്രാണസഖീ, ഞാൻ കമലയെ സ്നേഹിക്കുന്നു, എന്റെ ജീവനാഥേ എന്നും മററും ദേവകി എഴുതിക്കൂട്ടിയിരുന്നു. അമ്മമ്മ അന്ന് എന്നെ ദേഷ്യപ്പെട്ടു. ആ കുട്ടിയുമായിട്ടു വർത്തമാനം പറയാൻ പോവരുതെന്നും അത്തരം കത്തുകൾ തോന്ന്യാസക്കത്തുകളാണെന്നും അമ്മമ്മ പറഞ്ഞു. പിറേറ ദിവസം ദേവകി എന്നോടു മറുപടി തരുവാൻ പറഞ്ഞപ്പോൾ ഞാൻ പറഞ്ഞു: ‘എനിക്കു കത്തെഴുതാൻ അറിയില്ല’ ദേവകിക്ക് അതോടെ എന്നെ മടുത്തു. പിന്നീട് അവൾ ക്ലാസിലെ ഏററവും പ്രായം കൂടിയ ഒരു പെൺകുട്ടിയുമായി കത്തിടപാടു തുടങ്ങി. അത് ഒരു കൊല്ലക്കാലം നീണ്ടുനിന്നു.

അന്ന് ഗോവിന്ദക്കുറുപ്പ് എന്നുപേരുള്ള ഒരു കുട്ടി ഞങ്ങളുടെ സ്കൂളിൽ പഠിച്ചിരുന്നു. സ്കൂളിൽ വെച്ച് ഏററവും വികൃതിയുള്ള കുട്ടിയായിരുന്നു അയാൾ. കാഴ്ചയിൽ സുന്ദരനുമായിരുന്നു. ഞാൻ ഇരുന്നിരുന്ന മുറിയിൽ എന്റെ ക്ലാസും ഗോവിന്ദക്കുറുപ്പിന്റെ ക്ലാസും ഉണ്ടായിരുന്നു. അയാൾ മാസ്റററർമാരോട് തർക്കുത്തരം പറയുന്നതും ശിക്ഷിക്കപ്പെടുന്നതും മററും കണ്ടിട്ടും കേട്ടിട്ടും എന്റെ മനസ്സ് അസ്വസ്ഥമായി. മാസ്റററെപ്പററി എന്തോ





ചില വൃത്തികേടു ചുവരിൽ എഴുതിവെച്ചപ്പോൾ മാസ്ററർ ഗോവിന്ദക്കുറുപ്പിന്റെ കവിളത്തു വേദനിക്കുമാറ് അടിച്ചു. ചുവന്ന കവിളുകൾ തലോടിക്കൊണ്ട് ആ കുട്ടി ക്ലാസിൽനിന്ന് ഇറങ്ങിപ്പോയി. എനിക്ക് അപ്പോൾ അയാളെ അനുഗമിക്കുവാനും അയാളുടെ ഭാഗത്താണ് താനെന്ന് അറിയിക്കുവാനും മോഹം തോന്നി. പക്ഷേ, ഞാൻ ഭീരുവായിരുന്നു. ഒരിക്കൽ ഞാൻ അമ്മമ്മയോടു പറഞ്ഞു:

‘എനിക്ക് ഗോവിന്ദക്കുറുപ്പിനെ കല്യാണംകഴിച്ചാൽ മതി.’

‘ഛേ, വിഡ്ഢിത്തം പറയരുത്.’ അമ്മമ്മ പറഞ്ഞു. പക്ഷേ, ദേഷ്യപ്പെടുന്നതിനു പകരം അവർ ചിരിക്കുകയാണുണ്ടായത്. ഒരു ഞായറാഴ്ച മദ്ധ്യാഹ്നത്തിൽ ഞാനും കൂട്ടുകാരും കൂടി പാമ്പിൻകാവിന്റെ തിണ്ണമേൽ എന്തോ കളിച്ചുകൊണ്ട് ഇരിക്കുമ്പോൾ ഗോവിന്ദക്കുറുപ്പ് പടി കടന്നു ഞങ്ങളുടെ മുററത്തു വന്നു. എന്റെ ഹൃദയം ശക്തിയായി മിടിച്ചു. രണ്ടോ മൂന്നോ നിമിഷങ്ങൾക്കുള്ളിൽ അയാളുടെ ഉറക്കെയുറക്കെയുള്ള സംസാരം കേട്ട്, എന്റെ വലിയമ്മാമൻ ഉച്ചയുറക്കത്തിൽനിന്ന് ഉണർന്നു. അമ്മാമൻ പടിപ്പുരമാളികയിൽനിന്ന് ഇറങ്ങിവന്നപ്പോൾ അപരിചിതനായ ഗോവിന്ദക്കുറുപ്പിനെക്കണ്ടു ക്ഷോഭിച്ചു: ‘എവിടെനിന്നു വന്നതാണ് ഈ ചെക്കൻ? കടന്നുപോ ഇവിടെനിന്ന്’ എന്ന് അമ്മാമൻ വിളിച്ചുപറഞ്ഞു. സ്വതവേ തർക്കുത്തരക്കാരനും ധൈര്യവാനുമായ, ഗോവിന്ദക്കുറുപ്പ് തല താഴ്ത്തിക്കൊണ്ട് വേഗത്തിൽ പടി കടന്നു പോയി. എന്റെ വലിയമ്മാമൻ ഒരു ‘സ്നോബാ’യിരുന്നു. ധനസ്ഥിതി ക്ഷയിച്ചവരെ അവരവരുടെ നിലയ്ക്കു നിർത്തണമെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. ദരിദ്രരായവരെയും അല്പബുദ്ധികളെയും അമ്മാമൻ പലപ്പോഴും ശകാരിച്ചു. പക്ഷേ, വീട്ടിലെ കുട്ടികളെ ഒരിക്കലും അദ്ദേഹം ശകാരിച്ചില്ല. കൊല്ലത്തിൽ ഒരിക്കലോ രണ്ടു തവണയോ അദ്ദേഹം തൃശൂർക്കു പോവാറുണ്ടായിരുന്നു. അവിടെ നിന്നു വൈകുന്നേരും മടങ്ങുമ്പോൾ എനിക്കു കുപ്പായം തുന്നിക്കുവാനായി ഓരോ പുള്ളിത്തുണിയും എഴുതുവാൻ വയലററ് പെൻസിലും കൊണ്ടുവന്നു തരാറുണ്ടായിരുന്നു. അമ്മാമന് സ്ത്രീകൾ ആഡംബരപ്രിയകളാവണമെന്ന് അഭിപ്രായമുണ്ടായിരുന്നു. അമ്മാമന്റെ ഭാര്യയായ കാളിപുറയത്തു ബാലാമണിയമ്മ എല്ലാ ദിവസവും സർവാഭരണവിഭൂഷിതയായും വിശേഷവസ്ത്രങ്ങൾ ധരിച്ചും മാത്രമേ നാലപ്പാട്ടു പ്രത്യക്ഷപ്പെട്ടിരുന്നുള്ളു. അവരുടെ സ്വഭാവത്തിന്റെ മാധുര്യവും വേഷഭൂഷകളുടെ തിളക്കവും അവർ ഉപയോഗിച്ചിരുന്ന ഓട്ടോദിൽബഹാർ എന്ന വാസനദ്രവ്യത്തിന്റെ മണവും ഞാൻ ഇപ്പോഴും ഓർക്കുന്നു. ഓർക്കുമ്പോൾ എനിക്കു കരച്ചിലും വരുന്നു. അമ്മാമന്റെ മരണത്തിനുശേഷം അവർ ഒരു വിധവയുടെ മുഷിഞ്ഞതും പ്രാകൃതവുമായ വേഷത്തിലാണ് നടന്നിരുന്നത്. അവരിൽ വന്ന മാററം കഠിനമായിരുന്നു. അസഹനീയമായിരുന്നു.

മലയാളം വായിക്കുന്നതിൽ വിദഗ്ദ്ധയായിത്തീർന്നപ്പോൾ എന്റെ ജീവിതത്തിലേക്കു സാഹിത്യകാരന്മാർ ഒച്ചപ്പാടോടുകൂടി പ്രവേശിച്ചു. എല്ലാ തിങ്കളാഴ്ച വൈകുന്നേരവും വന്നെത്തിയിരുന്ന മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പൊറെറക്കാട്ടിന്റെ കഥകൾ ഞാൻ വായിച്ചു. മദിരാശിയിൽ ഒരു ലോഡ്ജിൽ താമസിച്ചിരുന്ന നാരായണൻകുട്ടി എന്ന നിഷ്കളങ്കൻ വേലക്കാരിയെ ഗർഭി

ണിയാക്കിയ ഒരു കഥ പി.സി. കുട്ടിക്കൃഷ്ണൻ അന്നു പ്രസിദ്ധീകരിച്ചിരുന്നു. പാപം നിഷ്കളങ്കതയിൽനിന്നു ജനിക്കുന്നു എന്ന തിയറി എന്നിൽ അക്കാലത്തു വളരെയധികം ചിന്താക്കുഴപ്പം സൃഷ്ടിച്ചു. സ്ത്രീപുരുഷബന്ധത്തെപ്പററിയും അതിൻെറ അടിസ്ഥാനമായ അനുരാഗത്തെപ്പററിയും എനിക്കു പല സംശയങ്ങളും ഉണ്ടായിരുന്നു. പക്ഷേ, ആ സംശയങ്ങൾ നികത്തിക്കിട്ടുവാൻ അമ്മമ്മയും മുത്തശ്ശിമാരും എന്നെ ഒട്ടും സഹായിച്ചില്ല. എല്ലാ സ്ത്രീകളുടെയും കാമുകൻ ശ്രീകൃഷ്ണനാണോ? എല്ലാ പുരുഷന്മാരുടെയും കാമുകി രാധയാണോ? ഈ വക ചോദ്യങ്ങൾക്കു മുത്തശ്ശിമാർ ഒരിക്കലും മറുപടി പറഞ്ഞില്ല. മഹാത്മജി അനുരാഗത്തിൻെറ വിഭാഗത്തിൽ അഭിജ്ഞത ഒരിക്കലും പ്രകടിപ്പിക്കുകയുണ്ടായിട്ടില്ലല്ലോ.

കുറച്ചു കാലത്തിനുള്ളിൽ എൻെറ തലമുടി വളരുകയും ഞാനൊരു തനി ഗ്രാമീണയായിത്തീരുകയും ചെയ്തു. ഓണക്കാലത്തു പൂവട്ടികളിൽ പൂക്കൾ ശേഖരിക്കാനും പൂക്കളമൊരുക്കാനും കർക്കിടകത്തിൽ 'ശ്രീഭഗവതിക്കു വെയ്ക്കു'വാനും ധർമ്മക്കാർക്ക് അരിയും നെല്ലും വാരിക്കൊടുക്കാനും 'പറ' വരുമ്പോൾ നിറപറയും പൂക്കുലയും വിളക്കും ഒരുക്കിവെയ്ക്കാനും അമ്പലത്തിൽ ചെന്നു തൊഴാനും പ്രസാദം കൈ നീട്ടി വാങ്ങാനും മററും ഞാൻ പഠിച്ചുവെച്ചു.

വീണ്ടും കൽക്കത്തയിലേക്കു പോകേണ്ടിവന്നപ്പോൾ ഹൃദയത്തിൽ ഒരു മരവിപ്പോടുകൂടിയാണ് ഞാൻ വണ്ടി കയറിയത്. അമ്മമ്മയുടെ കരഞ്ഞു തുടുത്ത മുഖം ഞാൻ ആ യാത്രയിൽ ഒരു സ്വപ്നംപോലെ കണ്ടുകൊണ്ടിരുന്നു. ഗ്രാമീണത്വത്തിൻെറ ഉടുപ്പൂരി വീണ്ടും പരിഷ്കാരിയായിത്തീരാൻ ഞാൻ നിർബന്ധിതയായി. സ്നേഹത്തിൻെറ രാജ്യത്തിൽനിന്ന് ഇടയ്ക്കിടയ്ക്ക് എന്നെ ഭ്രഷ്ടാക്കിക്കൊണ്ടിരുന്ന എൻെറ വിധിയെ ഞാൻ ശപിച്ചു. സ്ഥിരവും ഭദ്രവുമായ ഒരു സ്നേഹബന്ധത്തിനുവേണ്ടി ഞാൻ വെമ്പുകയായിരുന്നു. എൻെറ കാലടികൾക്ക് ഉറച്ചുനില്ക്കുവാൻ പററിയ ഒരു അസ്ഥിവാരത്തിനുവേണ്ടിയും....

## 9

## ശ്രീകൃഷ്ണൻ-സ്ത്രീയുടെ പുരുഷൻ

എൻെറ അച്ഛൻ എന്നെ അഞ്ചാം വയസ്സിൽ നാട്ടിൽ കൊണ്ടുവന്ന് അമ്മമ്മയെ ഏല്പിച്ച്, കൽക്കത്തയ്ക്കു തിരിച്ചുപോയി. കുട്ടികളെ പിരിഞ്ഞിരിക്കുവാൻ അല്പം ബുദ്ധിമുട്ടുണ്ടെന്ന് അമ്മ അഭിപ്രായപ്പെട്ടുവെങ്കിലും അച്ഛൻ ആ അഭിപ്രായം തീരെ ഗൗനിച്ചില്ല. എൻെറ അമ്മയ്ക്ക് അച്ഛനെ വശീകരിച്ചു പാട്ടിലാക്കാനുള്ള സ്ത്രീസഹജമായ ആ കഴിവ്

'എൻെറ കഥ'യുടെ ഏഴും എട്ടും അദ്ധ്യായങ്ങളിലെ ചില ഭാഗങ്ങൾ 'വിശാല കേരള'ത്തിലും ഒമ്പതാമദ്ധ്യായത്തിലെ ചില ഭാഗങ്ങൾ 'ലാവ'യിലും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളവയാണ്.





ഉണ്ടായിരുന്നില്ല. എൻെറ അമ്മ സ്ത്രീശരീരമുള്ള ഒരു പുരുഷനാണെന്ന് എനിക്കു പലപ്പോഴും തോന്നിയിട്ടുണ്ട്. തൻെറ ബലഹീനത പ്രദർശിപ്പിച്ച് ഒരാളുടെ രക്ഷാകർതൃത്വം യാചിച്ചെടുക്കുന്ന വിദ്യ അവർക്കു തീരെ അറിയില്ല.നേരെ മറിച്ച് തൻെറ ശക്തിയെ പ്രദർശിപ്പിക്കുവാൻ അവർ ഉത്സാഹം കാണിച്ചു. നാലു ജോലിക്കാർ ചെയ്യുന്ന വീട്ടുജോലി അവർ സന്തോഷത്തോടെ എല്ലാ ദിവസവും ചെയ്തുപോന്നു. വീട്ടുവേലക്കാർ തടിച്ചുവന്നു. അവർ മടിയന്മാരായി. അവർ അമ്മയുടെ സ്വഭാവഗുണങ്ങളെ പുകഴ്ത്തിപ്പാടി. അമ്മ ഷോപ്പിങ് നടത്തുമ്പോൾ അവനവനുവേണ്ടി യാതൊന്നും വാങ്ങുകയേയില്ല. ഭംഗിയുള്ള വസ്തുക്കളെ സ്വന്തമാക്കാൻ അവർ ഒരിക്കലും ആഗ്രഹിച്ചില്ല. ഇടയ്ക്കു വല്ല പുസ്തകവും വാങ്ങും; അത്രമാത്രം. അമ്മയുടെ സ്വഭാവ മാണ് എൻെറ ഭർത്താവിൻെറയും സ്വഭാവം. ആ നിസ്വാർത്ഥതയെ ഞാൻ ബഹുമാനിക്കുന്നു.

എൻെറ അമ്മമ്മ മുപ്പത്തിയാറാം വയസ്സിൽ വിധവയായിത്തീർന്നു. അവരുടെ ദാമ്പത്യം ആനന്ദകരമായിരുന്നുവത്രെ. ധനം ക്ഷയിച്ചു കഴിഞ്ഞ ഒരു രാജകുടുംബത്തിലെ മൂത്തവനായിരുന്നു അമ്മമ്മയുടെ ഭർത്താവ്. കണ്ണും കാതുമടച്ചു സ്നേഹിച്ചു അമ്മമ്മ. അത്തരം സ്നേഹത്തിന് അതർഹിച്ച പ്രതിഫലവും അമ്മമ്മയ്ക്ക് അദ്ദേഹത്തിൽ നിന്നു ലഭിച്ചു. ഒരിക്കൽ ഒരു ചുവന്ന റൗക്ക ധരിച്ച് തൃശൂരു പോയി പൂരം കാണണമെന്ന് അമ്മമ്മ ആഗ്രഹം പ്രകടിപ്പിച്ചു. പിറേറ ദിവസമായിരുന്നു പൂരം. അദ്ദേഹം അന്നു രാത്രി പതിനൊന്നു മണിക്കു ചുവന്ന റൗക്കയും തയ്പിച്ചുകൊണ്ടുവന്നു. എന്നിട്ടു ചുവന്ന റൗക്ക ധരിച്ചവളും സുന്ദരിയുമായ അമ്മമ്മ അദ്ദേഹത്തിൻെറ കൂടെ കാളവണ്ടിയിൽ തൃശൂർക്കു രാവിലെ നാലുമണിക്കു യാത്ര തിരിച്ചു. അങ്ങനെ ഭർത്തൃവാത്സല്യമെന്ന അമൃത് അനുഭവിക്കുവാൻ ഭാഗ്യമുണ്ടായി രുന്ന അമ്മമ്മ ഒരിക്കൽ എന്നോടു പറഞ്ഞു: 'ഭർത്താവു മരിച്ചാൽ ഒരു സ്ത്രീ വെറും ദാസിയായിത്തീരും. ദാസി എന്ന നിലയിൽ മാത്രമേ അവളെക്കൊണ്ടു മററുള്ളവർക്ക് ആവശ്യമുണ്ടാവുകയുള്ളു.'

നിറം മങ്ങിത്തുടങ്ങിയ മൽമൽമുണ്ടും ബ്ലൗസുമായിരുന്നു എൻെറ അമ്മമ്മയുടെ വേഷം. അവരുടെ ശരീരത്തിനു വേണ്ടത്ര അവയവഭംഗിയും തൊലിക്കു മിനുമിനുപ്പുമുണ്ടായിരുന്നു. ഒരു ദിവസം അവർ കുളിക്കാൻ കുളത്തിൽ ഇറങ്ങിനിന്നിരുന്നപ്പോൾ നാലപ്പാട്ട് അതിഥിയായി വന്നിരുന്ന ഒരഭിഭാഷകൻ കുളപ്പുരയുടെ വാതിൽ തള്ളിത്തുറന്ന് അകത്തേക്കു പ്രവേശിച്ചു. അദ്ദേഹം കേരളത്തിലാകെ അറിയപ്പെടുന്ന ഒരു സ്ത്രീലമ്പടനായിരുന്നു. പടവുകൾ ഇറങ്ങി തൻെറ നേർക്ക് അടുക്കുന്ന ആ മനുഷ്യനെ കണ്ടപ്പോൾ അമ്മമ്മ ഭയചകിതയായി. നനഞ്ഞ തോർത്തു മാത്രം ചുററിക്കൊണ്ട് അവർ അവിടെ നിന്ന് ഓടി രക്ഷപ്പെട്ടു. പിന്നീടു പല തവണയും ആ ഭയങ്കര നിമിഷത്തെപ്പററി എൻെറ മുമ്പിൽവെച്ച് ഒരാത്മഗതമെന്നപോലെ അമ്മമ്മ സംസാരിച്ചു. തൻെറ സ്ത്രീത്വത്തെപ്പററിയും സൗന്ദര്യസമ്പത്തിനെപ്പററിയും ആ സംഭവം അവരെ ഓർമിപ്പിച്ചിരിക്കണം. ആ ഓർമപ്പെടുത്തൽ അവരെ ഞെട്ടിക്കുകയും ചെയ്തിരിക്കണം. ഒരു പഴയ പെട്ടി തുറന്നപ്പോൾ പണ്ടെങ്ങോ അതിൽവെച്ചു മറന്ന സ്വർണനാണ്യം വീണ്ടും കണ്ണിൽപ്പെടുന്നതുപോലെ

യായിരുന്നു ആ ഓർമപ്പെടുത്തൽ. കാരണം, വീട്ടിൽ ജോലികൾ വേഗം വേഗം നടത്തുവാൻ സഹായിക്കുന്ന ഒരുപകരണം മാത്രമായിട്ടാണ് അവർ ആയിടെയായി തൻെറ ശരീരത്തെ നിരീക്ഷിച്ചിരുന്നത്. നാലപ്പാട്ടു വീട്ടിൽ അക്കാലത്ത് കണ്ണാടികൾ എങ്ങും ഉണ്ടായിരുന്നില്ല. എൻെറ ചെറിയമ്മ വെള്ളഖാദിയും ഗാന്ധിയുടെ ലളിതജീവിതരീതികളും സ്വീകരിച്ച് ഏതാണ്ടൊരു സന്ന്യാസിനിയെപ്പോലെ ജീവിക്കുന്ന കാലമായിരുന്നു അത്. അവർക്കും കണ്ണാടി ആവശ്യമുണ്ടായിരുന്നില്ല. വടക്കേ അറയുടെ വാതിൽപ്പടിമേൽ ഒരു രഹസ്യമെന്നപോലെ ഒരു കണ്ണാടിത്തുണ്ടു വേലക്കാരി ഒളിച്ചു വെച്ചിരുന്നു. കണ്ണാടി നോക്കിരസിക്കൽ ദുരഭിമാനം പ്രദർശിപ്പിക്കലാണെന്ന് നാലപ്പാട്ടുള്ളവർ വിശ്വസിച്ചു. അവനവൻെറ രൂപത്തെപ്പററിയുള്ള, മനഃപൂർവം വളർത്തിക്കൊണ്ടുവന്ന, ആ അശ്രദ്ധയും ദുരഭിമാനത്തിൻെറ ഒരു വകഭേദമാണെന്ന് അവർ അറിഞ്ഞില്ല. മനുഷ്യർക്കു സാധാരണ കാണാറുള്ള ദോഷങ്ങളൊന്നും എനിക്കില്ല എന്നു കരുതി ജീവിക്കുന്ന ഒരാൾ, ദൈവത്തെ കബളിപ്പിക്കുവാനാണു ശ്രമിക്കുന്നത്.

ആയിടയ്ക്ക് സുന്ദരിയും സംഗീതകുശലയുമായ ഒരു സ്ത്രീ ഞങ്ങളുടെ വീട്ടിൽ വേലയ്ക്കായി വന്നുചേർന്നു. അവർ ചില പാട്ടുകൾ പാടി. എന്നെ നൃത്തം ചെയ്യാൻ പഠിപ്പിച്ചു. എന്തു നൃത്തം? ഒരു തരം കോമാളിത്തം. ഒരു ദിവസം വൈകുന്നേരം ഞാൻ മുകളിലെ എൻെറ മുറിയിൽ വെച്ച് അത്തരത്തിൽ ഒരു ഡാൻസ് നടത്തി. ഏററവും ആഹ്ളാദത്തോടെ എൻെറ ഏക കാണിയായി നിന്നിരുന്ന ആ സ്ത്രീയെ കെട്ടിപ്പിടിച്ചു. ആ നിമിഷത്തിൽ ഞാൻ മഹർഷിയും അവർ മത്സ്യഗന്ധിയുമാണെന്നു ഞാൻ സങ്കല്പിച്ചു. എൻെറ അമ്മമ്മ ആ വാതില്ക്കൽ വന്ന് എത്തിച്ചുനോക്കിയത് ഞാൻ കണ്ടതുമില്ല. അന്നു രാത്രി അമ്മമ്മ എന്നെ ശകാരിച്ചു. എന്തു കോപ്രാട്ടികളാണു കാണിക്കുന്നത് എന്ന ചോദ്യത്തോടെയാണ് ആ ശകാരവർഷം ആരംഭിച്ചത്. പെൺകുട്ടികളുടെ സൽപ്പേരു നശിക്കുവാൻ എളുപ്പമാണെന്നും അതു നശിച്ചാൽ പിന്നെ മറെറന്തുണ്ടായിട്ടും ഫലമില്ലെന്നും അവർ പറഞ്ഞു. ചിരിച്ചാൽ സൽപ്പേരു പോവുമോ? ഡാൻസ് ചെയ്താൽ സൽപ്പേരു പോവുമോ? ഒരാളെ കെട്ടിപ്പിടിച്ചാൽ സൽപ്പേരു പോവുമോ? ഞാൻ അങ്ങനെ ചോദിച്ചുകൊണ്ടിരുന്നു. അവർ മറുപടിയൊന്നും പറയാതെ കലങ്ങിയ കണ്ണുകളോടെ ഉറങ്ങുവാൻ കിടന്നു. ഒരാളെ കെട്ടിപ്പിടിക്കുവാനും ചുംബിക്കുവാനും സ്നേഹം പ്രകടിപ്പിക്കുവാനും എന്തുകൊണ്ടാണ് ആഗ്രഹിക്കുന്നത് എന്നു ഞാൻ തന്നെത്താൻ അന്നു രാത്രി എൻെറ കിടക്കയിൽ കിടന്നുകൊണ്ടു ചോദിച്ചു. ആ ചോദ്യത്തിന് ഇന്നും മറുപടിയില്ല.

എന്നെ എൻെറ . അച്ഛനമ്മമാർ ചുംബിച്ചിട്ടില്ല. എൻെറ അമ്മമ്മയും ഒരിക്കലും ചുംബിച്ചിട്ടില്ല. ആദ്യമായി എന്നെ ചുംബിച്ചതു പതിനെട്ടുവയസ്സായ ഒരു കോളേജ് വിദ്യാർത്ഥിനിയായിരുന്നു. അവൾ ഒരു സ്വവർഗപ്രേമിയാണെന്നും വിശ്വസിക്കാൻ കൊള്ളാത്തവളാണെന്നും അവളുടെ സഹപാഠികൾ എന്നോടു പറഞ്ഞുതന്നിരുന്നു. ഞാനും അവളും മററു പലരോടുമൊപ്പം തീവണ്ടിയിൽ നാട്ടിലേക്കു യാത്രചെയ്യുകയായിരുന്നു. അർദ്ധരാത്രി ഇരുട്ടിൽ അവൾ എൻെറ അടുത്തു വന്ന് എൻെറ മുഖം ചുംബനങ്ങൾകൊണ്ടു





പൊതിഞ്ഞു. 'ഞാൻ നിന്നെ സ്നേഹിക്കുന്നു' എന്ന് അവൾ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞു. അന്നെനിക്കു പതിനാലു വയസ്സായിരുന്നു. ഞാൻ ആ ചുംബനത്തിനു മുമ്പിൽ കീഴടങ്ങി. ആദ്യമായി എന്നെ വിലയിരുത്താൻ ഒരുമ്പെട്ട ആ പെൺകുട്ടിയോട് ഇപ്പോഴും എനിക്കു നന്ദിയുണ്ട്. അവൾ ഉണ്ടാക്കിത്തന്ന ആത്മവിശ്വാസം പിന്നീടൊരിക്കലും എന്നെ കൈവിട്ടിട്ടില്ല.

സ്ത്രീത്വത്തോടു ബന്ധമുള്ള സകല സ്വഭാവദൂഷ്യങ്ങളും എനിക്കു സമൃദ്ധിയായി ഉണ്ട്. സുരക്ഷിതത്വത്തിനുവേണ്ടിയുള്ള അമിതമായ വെമ്പൽ, മനോഹരവസ്തുക്കളോടും സുഗന്ധദ്രവ്യങ്ങളോടുമുള്ള ഭ്രമം, ആഘോഷിക്കുവാനും അഹങ്കരിക്കുവാനുമുള്ള താല്പര്യം, വീരപുരുഷന്മാരോടുള്ള ആരാധനാ മനോഭാവം—അങ്ങനെ നീണ്ടുപോകുന്ന ഒരു പട്ടിക. സുരക്ഷിതത്വത്തെപ്പററി പറഞ്ഞപ്പോൾ എനിക്ക് ഒരു കഥ ഓർമ വരുന്നു. പണ്ടൊരിക്കൽ എൻെറ ചെറിയമ്മ ഗുരുവായൂരു പോയി തൊഴുതു മടങ്ങുകയായിരുന്നു. അവിടെ നടയ്ക്കൽ നിന്നിരുന്ന ഒരു ഭിക്ഷക്കാരിത്തള്ള അവരുടെ നേർക്കു കൈ നീട്ടിക്കൊണ്ടു കെഞ്ചി: 'ഒരു കാശു തരണേ, കണ്ണു കാണാത്ത തള്ളയാണേ....'

ചെറിയമ്മ ആ മുഖത്തേക്കുററുനോക്കി. ചുക്കിച്ചുളിഞ്ഞു വെളുത്ത ഒരു മുഖം. പാടവീണ കണ്ണുകൾ. നെററിമേൽ പച്ചകുത്തിയ പൊട്ട്.

'നിങ്ങൾ ഉണ്ണിമായമ്മയല്ലേ?' എൻെറ ചെറിയമ്മ ചോദിച്ചു. ആ വൃദ്ധ പൊട്ടിക്കരഞ്ഞു. നാലപ്പാട്ടു വീട്ടുകാരുമായി പണ്ടു ബന്ധമുണ്ടായിരുന്ന ഒരു കുടുംബത്തിലെ ഉണ്ണിമായമ്മയായിരുന്നു അവർ. അവരുടെ രണ്ടാമത്തെ മകൾ താഴ്ന്ന ജാതിയിൽപ്പെട്ട ഒരാളുടെ കൂടെ നാടുവിട്ട് ഇറങ്ങിപ്പോയപ്പോൾ ഉണ്ണിമായമ്മയും അവരുടെ കൂടെ പോയി. പിന്നീട് ദാരിദ്ര്യദുഃഖംകൊണ്ടു കഠിനമനസ്കയായിത്തീർന്ന ആ മകൾ തൻെറ അമ്മയെ വീട്ടിൽനിന്ന് തല്ലിയിറക്കി. എൻെറ ചെറിയമ്മ അവരെ കൈപിടിച്ചു കാറിൽക്കയററി നാലപ്പാട്ടേക്കു കൊണ്ടുവന്നു. പടിഞ്ഞാറെ അറയിൽനിന്നു ചേനയും മത്തനും എടുത്തുമാററി, ആ ഇരുട്ടിൽ മെത്തപ്പായ് വിരിച്ച് അവിടെ ഉണ്ണിമായമ്മയെ സ്ത്രീജന്മത്തിലെ ദുഃഖത്തിൻെറ പ്രതീകമെന്നപോലെ, ഒരു ബീഭത്സവിഗ്രഹമെന്നപോലെ, പ്രതിഷ്ഠിച്ചു. അവിടെ കൂനിയിരുന്നുകൊണ്ട് അവർ നാലരക്കൊല്ലം കഴിഞ്ഞു മരിക്കുന്നതുവരെ തൻെറ മകളുടെ നന്ദിയില്ലായ്മയെപ്പററി കാകസ്വരത്തിൽ പിറുപിറുത്തുകൊണ്ടിരുന്നു.

നാലപ്പാട്ടു പടിക്കൽ, നെൽവയലിൻെറ മറെറാരു വക്കത്തു വേറെയൊരു ഉണ്ണിമായമ്മ താമസിച്ചിരുന്നു. വൃദ്ധയെങ്കിലും സുമംഗലയായിരുന്ന ഒരു സ്ത്രീ. അവർ ദിവസേന കുളി കഴിഞ്ഞു കണ്ണെഴുതി, നെററിയിൽ കളഭക്കുറി തൊട്ടു. പിന്നെ ഭർത്താവുമായി കോലായിലിരുന്ന് ഒടുങ്ങാത്ത പ്രണയ കലഹവും നടത്തി. അവരെ യാത്ര പുറപ്പെടുന്നവർ ഒരൊന്നാംതരം ശകുനമായി കണക്കാക്കി. ഒരു സ്ത്രീക്കു സുരക്ഷിതത്വം നല്കുവാൻ മക്കൾക്കും ബന്ധുമിത്രാദികൾക്കും സാദ്ധ്യമല്ല എന്ന് എനിക്ക് അക്കാലത്ത് മനസ്സിലായി. സ്ത്രീയുടെ ശരീരത്തിനു മാത്രമല്ല സുരക്ഷിതത്വം ആവശ്യമുള്ളത്, അവളുടെ ആത്മാവിനും അത് ആവശ്യമാണ്. സ്ത്രീക്ക് അവളുടെ പുരുഷൻ മാത്രമാണ് തണലും വിശ്രമവും. സ്നേഹിക്കപ്പെട്ടും ആരാധിക്കപ്പെട്ടും ജീവിച്ച അമ്മമ്മ

വിധവയായിക്കഴിഞ്ഞപ്പോൾ വീണ്ടും വിവാഹം ചെയ്തിരുന്നുവെങ്കിൽ അവരുടെ ജീവിതം മുഷിഞ്ഞ മൽമൽമുണ്ടാവുമായിരുന്നില്ല. സ്ത്രീക്കു തന്റെ പുരുഷൻ ഈശ്വരനാണ്; ശ്രീകൃഷ്ണനാണ്. അയാളിലുള്ള ശ്രീകൃഷ്ണനെയാണ് അവൾ സ്നേഹിക്കുന്നത്. രണ്ടാമതു വിവാഹം ചെയ്താലും ആ ഭർത്താവിൽ അന്തർലീനനായി വസിക്കുന്ന ഭഗവാനെ മാത്രമാണ് അവൾ സ്നേഹിക്കുന്നത്. നാനാവിധ രൂപങ്ങളും പലവിധ നാമങ്ങളും നമ്മിൽ അമ്പരപ്പുളവാക്കുന്നു. അതെല്ലാം മിഥ്യയാണ്. പരിപൂർണ സ്നേഹംകൊണ്ടും സ്നേഹത്തിനുവേണ്ടിയുള്ള ബലിയർപ്പിക്കൽകൊണ്ടും ഒരിക്കലും പാതിവ്രത്യഭംഗം സംഭവിക്കയില്ല. സ്നേഹം തപസ്സാണ്. തപസ്സിന്റെ അന്ത്യമായ സായുജ്യവും അതുതന്നെ. •

## 10

## മുഖത്ത് സുഷിരങ്ങളുള്ള ഗന്ധർവപ്രതിമ

എനിക്കു പന്ത്രണ്ടു വയസ്സുള്ള കാലത്ത് കൽക്കത്തയിലെ ചൗരംഗിയിൽ ഘോഷ് എന്നൊരു ദന്തവൈദ്യൻ ഉണ്ടായിരുന്നു. ദന്തചികിത്സയിൽ ഉപരിപഠനത്തിനായി അനേക വർഷങ്ങൾ ഇന്ത്യയ്ക്കു വെളിയിൽ കഴിച്ചുകൂട്ടിയ ഒരാളായിരുന്നു അദ്ദേഹം. എന്റെ ലേശം ഉന്തിയ പല്ലുകൾ ഭംഗിയാക്കാനാവുമോ എന്നു ശ്രമിക്കാനായി എന്റെ അച്ഛൻ എന്നെ അദ്ദേഹത്തിന്റെ അടുത്തു കൂട്ടിക്കൊണ്ടുപോയി. ഘോഷ് സന്തുഷ്ടനായിരുന്നു. അദ്ദേഹം ഞങ്ങളെ രണ്ടു ഫോട്ടോ ഗ്രാഫുകൾ കാട്ടി—ഒന്ന് ഒരു വികൃത മുഖവും മറേറത് ഒരു സുന്ദരമുഖവും. രണ്ടു ഫോട്ടോഗ്രാഫുകളും ഒരേ പെൺകുട്ടിയുടേതാണെന്ന് അദ്ദേഹം പറഞ്ഞു. എന്റെ മുഖം ചുണ്ടി അദ്ദേഹം തുടർന്നു: 'ഈ കുട്ടിക്ക് അതിസുന്ദരമായ പുരികക്കൊടിയുണ്ട്. മനോഹരമായ കണ്ണുകളുണ്ട്. നീണ്ടുരുണ്ട മുഖമുണ്ട്. പല്ലുകളിത്തിരി പരിഷ്കരിച്ചെടുത്താൽ ആൾ അതിസുന്ദരിയാവും.' ഞാനും എന്റെ അച്ഛനും അദ്ദേഹത്തെ വിശ്വസിച്ചു. ചികിത്സ രണ്ടു വർഷം നീണ്ടു.

ഇക്കാലത്തൊരിക്കൽ വേനലവധിക്കു ഞാൻ നാലപ്പാട്ടു വീട്ടിലേക്കു പോയി. എന്റെ അമ്മമ്മ തുന്നൽക്കാരൻ കുമാരനോടു പറഞ്ഞു, എനിക്കു രണ്ടു വെള്ള ബ്ലൗസുകളും ഉപ്പൂററി മൂടുന്ന രണ്ടു പച്ചപ്പാവാടകളും തുന്നുവാൻ. ഞാൻ പാശ്ചാത്യ രീതിയിലുള്ള വസ്ത്രങ്ങൾ ധരിച്ച് കേരളത്തിൽ നടക്കുന്നത് അമ്മമ്മ ഇഷ്ടപ്പെട്ടില്ല.

അന്ന്, ഞങ്ങളുടെ വീട്ടിനടുത്തു പ്രസിദ്ധനായൊരു വിദ്യാർത്ഥി വിപ്ലവകാരി താമസിച്ചിരുന്നു. അയാൾ തന്റെ രാഷ്ട്രീയ പ്രവർത്തനംകൊണ്ടു കുടുംബത്തിനു ദുഷ്പേരു വരുത്തിയിരുന്നു. അന്ന് അയാൾക്കു പത്തൊമ്പതു വയസ്സായിരുന്നുവെന്നു തോന്നുന്നു പ്രായം. ഞങ്ങൾ അവതരിപ്പിക്കാനുദ്ദേശിച്ച ഒരു നാടകം സംവിധാനം ചെയ്യാമെന്ന് അയാൾ സമ്മതിച്ചു. എന്റെ സഹോദരനും മററു ചിലരും ഞാനും കൂടി വന്നേരി ചിൽഡ്രൻസ് ഡ്രമാററിക്





സൊസൈററി എന്നൊരു നാടകസമിതിക്കു രൂപം നല്കിയിരുന്നു. ഞങ്ങൾ അവധിക്കു വരുമ്പോൾ മാത്രമേ അതു പ്രവർത്തിച്ചിരുന്നുള്ളു. അക്കൊല്ലത്തെ നാടകം 'മേവാടിന്റെ പതനം' ആയിരുന്നു. ഞങ്ങൾ ദിനവും റിഹേഴ്സൽ നടത്തി അംഗചലനങ്ങളും സംസാരവും മററും മെച്ചമാക്കി. വിപ്ലവകാരി എന്നിൽ പ്രത്യേക താല്പര്യമൊന്നും കാട്ടിയില്ല. പക്ഷേ, ഞാൻ അയാളിൽ അനുരക്തയായി. എനിക്കൊരിക്കലും രാഷ്ട്രീയപ്രവർത്തകരോടുള്ള ആഭിമുഖ്യം തടഞ്ഞുനിർത്താൻ കഴിഞ്ഞിട്ടില്ല. രാഷ്ട്രീയം പുരുഷന്റെ കളിയാണെന്നും അതിൽ ഏർപ്പെടുന്നവർക്കു പൗരുഷമേറുമെന്നുമുള്ള എന്റെ ധാരണയാവണം അതിനു നിദാനം. പില്ക്കാലത്തൊരു കമ്യൂണിസ്ററായിത്തീർന്ന ആ വിപ്ലവകാരി ഗൗരവക്കാരനായിരുന്നു. സംസാരിക്കെ അയാൾ തന്റെ കണ്ണുകൾ ഒരു പ്രത്യേക രീതിയിൽ ഉയർത്തുക പതിവായിരുന്നു. ഞാനെന്റെ അമ്മമ്മയോടു പറഞ്ഞു, അയാളെ വിവാഹം കഴിക്കണമെന്ന് എനിക്കു തീവ്രവാഞ്ഛയുണ്ടെന്ന്. അമ്മമ്മ എന്റെ വാക്കുകൾ കാര്യമായെടുത്തില്ല: 'നീ വളർന്നുകൊണ്ടിരിക്കുകയാണ്.' അമ്മമ്മ പറഞ്ഞു: 'ഇനി ഈ നാടകാഭിനയമൊക്കെ നിർത്താൻ കാലമായി.'

അക്കാലത്ത് എന്റെ മുലകളെക്കുറിച്ച് ഞാൻ തികച്ചും ബോധവതിയായിരുന്നു. അവ കൊഴുത്തുരുണ്ടു വളർന്നു. അഴകേററി നിന്നു; അവിശ്വസനീയമാംവിധം ചെറിയ മുലക്കണ്ണുകളോടെ. എന്റെ ആവൃതനിധിയായി ഞാനവയെ പരിഗണിച്ചു. കുളിമുറിയിലൊററയ്ക്കായപ്പോഴൊക്കെ ഞാനെന്റെ ഉടുപ്പൂരിയെറിഞ്ഞ് അവയിലേക്കു തുറിച്ചുനോക്കി. അവ എന്നിൽ കൗതുകമുണർത്തി.

ഞാൻ തിരണ്ടപ്പോൾ, കുഞ്ഞുങ്ങളെ ഗർഭം ധരിച്ചു പ്രസവിക്കാൻ മാത്രം വളർന്നിരിക്കുന്നുവെന്നാണ് അതിന്റെ അർത്ഥം എന്ന് അമ്മമ്മ പറഞ്ഞുതന്നു. ഈ പുതിയ അറിവ് ഐതിഹാസികമായിരുന്നു. അതു മുതൽ ഞാൻ കണ്ട ധീരനായ ഓരോ പുരുഷനേയും എന്റെ കുട്ടികളുടെ കരുത്തനായ അച്ഛനായി ഞാൻ കരുതിപ്പോന്നു. മഹാഭാരതത്തിലെ കുന്തിയോട് എനിക്ക് അസൂയ തോന്നി. അവരെ മത്സരിച്ചു തോല്പിക്കാൻ ഞാൻ കൊതിച്ചു.

അനേകം തവണ വീട്ടിൽ ഒററയ്ക്കായിരുന്നപ്പോൾ ഞാൻ സൂര്യപ്രകാശത്തിൽ നഗ്നയായി നിന്നു. എന്റെ ഗർഭപാത്രത്തെ ഉർവരമാക്കാൻ കരുത്തുള്ള പുരുഷദൈവം എന്നു ഞാൻ സൂര്യനെ ഗണിച്ചു. അവനെ ക്ഷണിക്കാനും വശീകരിക്കാനും വേണ്ടി ഞാൻ എന്റെ സ്വന്തം മന്ത്രങ്ങൾ നിർമിച്ചു. എന്നിട്ടും ഞാൻ കന്യകയായി അവശേഷിച്ചു.

പതിന്നാലാം വയസ്സിൽ, ദന്തചികിത്സ കഴിഞ്ഞ് എടുത്തുകാട്ടുന്ന ബോർഡറുകളുള്ള രണ്ടു വെള്ള കോട്ടൺ സാരികൾ അമ്മയെക്കൊണ്ട് എനിക്കു വേണ്ടി നിർബന്ധിച്ചു വാങ്ങിപ്പിച്ചു. ഘോഷ് എന്റെ പല്ലുകൾക്കു വരുത്തിയ പരിഷ്കാരത്തിനുശേഷം ഞാൻ നേടിയെടുത്ത എന്റെ പുതിയ മന്ദഹാസത്തെക്കുറിച്ച് എനിക്ക് അഭിമാനമുണ്ടായിരുന്നു. ഞാൻ കാണുന്നവരിലൊക്കെ അതു പരീക്ഷിച്ചുനോക്കി. എല്ലാവരും അത് ഇഷ്ടപ്പെടുന്നതായി തോന്നി. ആ കാലത്ത് എന്നെ ചിത്രകല അഭ്യസിപ്പിക്കാൻ അച്ഛൻ ഒരു ചിത്രകാരനെ ഏർപ്പാടു ചെയ്തു. അദ്ദേഹം കൽക്കത്ത മ്യൂസിയത്തിലെ

അസിസ്റ്റന്റ് ക്യൂറേറ്റർ ആയിരുന്നു. ഇരുപത്തൊമ്പതു വയസ്സു പ്രായം, നല്ല ഉയരം, വെള്ളനിറം, ലേശം കഷണ്ടി, സൗമ്യമായ മന്ദഹാസം, വലിയ ചുവന്ന കാതുകൾ. ആ കാതുകളിൽ സ്പർശിക്കാൻ ഞാൻ കൊതിച്ചു. പക്ഷേ, ചെയ്തില്ല. ഞാൻ അദ്ദേഹത്തിലേക്ക് ആകൃഷ്ടയായി. അദ്ദേഹം സൗമ്യമായി, തികച്ചും ബംഗാളി ശബ്ദക്രമീകരണത്തോടെ സംസാരിച്ചു. ചിത്രകലാ പഠനസമയത്ത് ഞാൻ സാരിയുടുത്തു. എന്റെ വികാരോജ്ജ്വലത ഏതാണ്ടു വ്യക്തമായിരുന്നു. മൂന്നുമാസം കഴിഞ്ഞപ്പോൾ അച്ഛൻ ട്യൂഷൻ നിർത്തി. എന്റെ കലാദ്ധ്യാപകൻ ഒരിക്കൽ എന്നോടു പറഞ്ഞിരുന്നു എന്റെ കൈ അനുഗൃഹീതവും എന്റെ രേഖകൾ അവിശ്വസനീയമാംവിധം നന്നും ആണെന്ന്. ചിത്രകലാപാഠം നിന്നുപോയതിൽ ഞാൻ ദുഃഖിച്ചു. ആ രാത്രി ഉണർന്നു കിടന്ന്, അദ്ധ്യാപകനുമായി അഗാധപ്രേമത്തിലാണു ഞാനെന്ന്, ഞാൻ വിചാരിച്ചു. ബുധനാഴ്ച സ്കൂളിൽ ദീർഘമായൊരു ലൈബ്രറി പീരിയഡ് ഉള്ളപ്പോൾ ഞാൻ സ്കൂളിൽനിന്ന് ഒളിച്ചു കടന്നിറങ്ങി. ഒരു ബസ്സിൽ മ്യൂസിയത്തിലേക്കു പോയി. പ്രേമസങ്കല്പങ്ങളിൽ ആഭിമുഖ്യമുള്ള ഒരു സഹപാഠി എനിക്കു ശരിയായ നിർദേശങ്ങൾ നല്കിയിരുന്നു. ജീവിതകാലമാകെ കാറും ഡ്രൈവറും ഉണ്ടായിരുന്ന എനിക്കു ബസ്സുകളെക്കുറിച്ചു ജ്ഞാനം തീരെ മോശമായിരുന്നു. സ്ഥലത്തെത്തിയ ഉടനെ എന്റെ അദ്ധ്യാപകൻ എവിടെയാണു പണിയെടുക്കുന്നതെന്നു ഞാൻ കാവൽക്കാരനോടു ചോദിച്ചു മനസ്സിലാക്കി. ഒരു വലിയ മുറ്റം കടന്നുവേണം അദ്ദേഹത്തിന്റെ മുറിയിൽ എത്താൻ. ഗ്രാനൈറ്റിലും സാൻഡ്സ്റ്റോണിലും നിർമിച്ച പ്രതിമാശില്പങ്ങൾ സ്ഥാപിച്ചിട്ടുള്ള ഒരു ചതുരമുറ്റം. ഒരു ദൈവത്തിന്റെയോ ഗന്ധർവന്റെയോ ആൾവലിപ്പത്തിലുള്ള വിഗ്രഹം നിൽക്കുന്നേടംവരെ ഞാൻ ഓടിയെത്തിയപ്പോഴേക്കും മഴ വീണു തുടങ്ങി. ആ പ്രതിമയുടെ താടിക്കീഴിൽ തല മറച്ചുപിടിക്കാൻ ഞാൻ ശ്രമിച്ചു. പ്രതിമയുടെ മുഖത്തു സുഷിരങ്ങൾ വീണിരുന്നെങ്കിലും അധരങ്ങളിൽ വിഷയാസക്തി നിറഞ്ഞുനിന്നു. മഴ നനഞ്ഞ് നിസ്സഹായയായി നിന്നു ഞാനവനെ മനസാ വാഴ്ത്തി. ബംഗാളിൽ മഴ വരുന്നതു പൊടുന്നനെ മുന്നറിയിപ്പില്ലാതെയാണ്. ദുഃഖഹേതു അറിയില്ലെന്നു പറഞ്ഞു പൊടുന്നനെ പൊട്ടിക്കരയുന്നൊരു സ്ത്രീയെപ്പോലെയാണത്. അതു യുക്തിരഹിതവും സുന്ദരവുമാണ്. ചില മിനിട്ടുകൾക്കു ശേഷം ചർമ്മംവരെ നനഞ്ഞ്, മേനിയോടൊട്ടിയ സ്കൂൾ യൂണിഫോറവുമായി ഞാൻ അദ്ദേഹത്തിന്റെ മുറിയുടെ വാതിൽ തള്ളിത്തുറന്നു. കടലാസുകൾ ചിതറിവീണ മേശയ്ക്കു പിന്നിൽ നിന്നു തല ഉയർത്തി നോക്കി, മൃദുവായ ശബ്ദത്തിൽ അദ്ദേഹം അന്വേഷിച്ചു: 'തുമി!*' ഞാൻ അദ്ദേഹത്തിന്റെ സമീപത്തേക്കോടിച്ചെന്നു. എന്റെ കണ്ണുനീർ അദ്ദേഹത്തിന്റെ വെള്ള നിറമുള്ള ജുബ്ബായിന്മേൽ വീണു. അപ്പോൾ അനിർവചനീയമായ ക്ഷമയോടെ അദ്ദേഹം വാതിൽ പൂട്ടി. എന്റെ നനഞ്ഞ വസ്ത്രങ്ങൾ ഓരോന്നായി ഉരിഞ്ഞെടുത്തു പിഴിഞ്ഞു തുടങ്ങി. അദ്ദേഹം സംസാരിച്ചില്ല. അദ്ദേഹത്തിന്റെ കണ്ണുകൾ ഈറനണിഞ്ഞിരുന്നു. എനിക്കു ലജ്ജ തോന്നിയില്ല. തുടർന്ന് അദ്ദേഹം ഒരു ടാക്സിയിൽ എന്നെ വീടിന്റെ പടിക്കൽ ഇറക്കി വിട്ടു. അദ്ദേഹം വീട്ടിനുള്ളിലേക്കു വന്നില്ല. പിന്നീട് ഒരിക്കലും ഞാൻ അദ്ദേഹത്തെ കണ്ടിട്ടുമില്ല.

*'തുമി' എന്നാൽ ബംഗാളിയിൽ 'നീ' എന്നർത്ഥം.





വളരെ വർഷങ്ങൾക്കു ശേഷം മുഖത്തു സുഷിരങ്ങളുള്ള ഗന്ധർവപ്രതിമ എന്റെ ഡ്രോയിംഗ് റൂമിലേക്കു നടന്നു കയറിവന്നു. 'ഞാനൊരു വാരികയുടെ പത്രാധിപരാണ്. ഇന്നിവിടെ വരാൻ എനിക്കു നിർദേശമുണ്ട്.' അയാൾ പറഞ്ഞു. ഞാൻ അവിശ്വാസത്തോടെ അയാളെ തുറിച്ചുനോക്കി. അയാൾ അത്യന്തം രൂപവാനായിരുന്നു. അയാൾ നീലക്കുപ്പായം അണിഞ്ഞിരുന്നു. അയാളുടെ തോളുകൾ വിറച്ചു. നിമിഷങ്ങളോളം ഞാൻ പരിഭ്രാന്തയായിരുന്നു. ലേശം ആത്മജ്ഞാന ദൂരക്കാഴ്ചയുള്ളവളാണു ഞാൻ. എനിക്കു പലപ്പോഴും എന്റെ ഭാവി മുൻകൂട്ടി അറിയാൻ കഴിയും. ഞങ്ങൾ ഒന്നിച്ചു തീവ്രമായ പല ദുഃഖാനുഭവങ്ങളും പങ്കിടേണ്ടിവരുമെന്ന് അന്നേ എനിക്ക് അറിയാമായിരുന്നു. ഓരോ പ്രേമബന്ധവും എന്നെ ദുഃഖത്തിന്റെ കയങ്ങളിൽ ആഴ്ത്തി.

ആദരണീയരും ധാർമികബോധത്തിൽ നിഷ്ഠയുള്ളവരുമായ എന്റെ മാതാപിതാക്കളുടെ കുട്ടിയായി ഞാൻ ജനിച്ചതെങ്ങനെ എന്നു ഞാൻ പലപ്പോഴും അത്ഭുതപ്പെടാറുണ്ട്. അവർ നിരപരാധികളാണ്. എനിക്കു തോന്നുന്നത് ഇതാണ്: എന്റെ ജന്മസമയത്ത് ഏതോ ഒരു കുരുത്തംകെട്ട ദൈവം മുറിയിലേക്കു പതുങ്ങിയിഴഞ്ഞു കയറിവന്ന് എന്നെ തൊട്ടു. അങ്ങനെ ഞാൻ ഇന്നത്തെ ഞാനായി.

## 11

## വരാഹൻ

എന്റെ ചെറുപ്പം മുതല്ക്കുതന്നെ ഞാൻ എന്റെ ഭർത്താവിനെ അറിയുമായിരുന്നു. അദ്ദേഹം എന്റെ ബന്ധുവാണ്. ഒരിക്കൽ അദ്ദേഹം എന്നെ എടുത്ത് തന്റെ തലയ്ക്കു മീതെ ഒരു പങ്ക മാതിരി ചുഴറ്റി. അന്നെനിക്ക് ഏതാണ്ട് ആറു വയസ്സാണ്. എല്ലാ മെലിഞ്ഞ ആൾക്കാർക്കുമെന്നപോലെ അദ്ദേഹത്തിനുമുണ്ടായിരുന്നു, ആൾക്കാരെയും വസ്തുക്കളെയും പരുക്കൻ മട്ടിൽ എടുത്തു പെരുമാറുന്ന സ്വഭാവം. എന്നെ ചുഴറ്റവേ അദ്ദേഹം ഉറക്കെ ചിരിച്ചു. ഈ പ്രയോഗം എന്റെ കൈകളെ വേദനിപ്പിച്ചുവെങ്കിലും എനിക്ക് അപ്രീതി ഉണ്ടായില്ല. കളിച്ചുകൊണ്ടിരുന്ന കുട്ടികളുടെ കൂട്ടത്തിൽ എനിക്കു മാത്രമാണല്ലോ ഈ ബഹുമതി കിട്ടിയത്. എന്റെ അമ്മയുടെ സഹോദരിയോടു സംസാരിക്കാനും നല്ലൊരു സസ്യഭോജനം നടത്തുവാനുമായി അദ്ദേഹം നാലപ്പാട്ടു വരാറുണ്ടായിരുന്നു. നാലപ്പാട്ടു വീട്ടുകാർ ധനികരല്ലെങ്കിലും അവിടെ നല്ല പാചകക്കാരുണ്ടായിരുന്നു. കാരണം, എന്റെ വലിയമ്മാമൻ നാരായണ മേനോൻ നല്ല ഭക്ഷണം ഇഷ്ടപ്പെട്ടു. ഭക്ഷണം

മതപരമായൊരു ചടങ്ങായിരുന്നു അവിടെ. ചിലപ്പോൾ അത് ഒരു മണിക്കുറോളം നീണ്ടു. സന്തോഷം നിറഞ്ഞ മുഖത്തോടെ, ചുവന്ന അഗ്രങ്ങളുള്ള വിരലുകളാൽ ഓരോ ഉരുളയും ആസ്വദിച്ച് അദ്ദേഹം ഉണ്ണുന്നതു നോക്കി നില്ക്കാൻ ഞാൻ ഇഷ്ടപ്പെട്ടു.

വളർച്ചയെത്തിയശേഷം ഞാൻ എൻെറ ഭർത്താവിനെ വീണ്ടും കണ്ടപ്പോൾ അദ്ദേഹം സന്തുഷ്ടനായി കാണപ്പെട്ടു. ബംഗാളിലെ ഗ്രാമീണ കന്യകമാർ ധരിക്കാറുള്ളതരം ഒരു വരയൻ സാരിയാണു ഞാൻ ധരിച്ചിരുന്നത്. എനിക്കേതാണ്ടു പതിനഞ്ചു വയസ്സു പ്രായമായിരുന്നു. പാമ്പിൻകാവിൻെറ പടിയിലിരുന്ന് എൻെറ മൂത്ത സഹോദരനോടു സംസാരിക്കുകയായിരുന്നു അദ്ദേഹം. എന്നെ കണ്ടപ്പോൾ അദ്ദേഹം എണീററു. അദ്ദേഹത്തിൻെറ മുഖത്ത് ഒരു മന്ദഹാസം വിടർന്നു. പെട്ടെന്നു ഞാൻ എൻെറ ആകാരഭംഗിയെക്കുറിച്ചു ബോധവതിയായി. ഞാനവരുടെ സമീപം നിശ്ശബ്ദയായി ഇരുന്നു. അദ്ദേഹം തൻെറ വീട്ടിലേക്കു പോവാനായി എണീററപ്പോൾ അദ്ദേഹത്തെ പകുതിവഴി അനുയാത്ര ചെയ്യാൻ എൻെറ ജ്യേഷ്ഠൻ ആഗ്രഹിച്ചു. ഞാനും അവരോടൊപ്പം ചെന്നു. മണി ഏഴര ആയിരുന്നു. മരങ്ങൾക്കിടയിൽ സാന്ദ്രമായ നിഴലുകൾ വീണിരുന്നു. പാരിജാതത്തിനു ചുവട്ടിൽ വെച്ച്, ജ്യേഷ്ഠൻ ശ്രദ്ധിക്കാതിരുന്ന നേരത്ത് അദ്ദേഹം എൻെറ ചുമലുകളിൽ അമർത്തിപ്പിടിക്കുകയും, എൻെറ മാറിടത്തു സ്പർശിക്കുകയും ചെയ്തു. ഈ പെരുമാററം എന്നെ അത്ഭുതപ്പെടുത്തി. പക്ഷേ, ഞാനാരോടും അതേപ്പററി ഒന്നും പറഞ്ഞില്ല. ഒരാഴ്ചയ്ക്കുള്ളിൽ അദ്ദേഹം കൂടുതൽ ധൈര്യവാനായി. വാതിലിൻെറ പിന്നിൽ നിന്ന് അദ്ദേഹം എൻെറ അധരങ്ങളിന്മേൽ വികൃതമായി ചുംബിച്ചു. 'നീയെന്നെ വിവാഹംകഴിക്കുമോ?' അദ്ദേഹം ചോദിച്ചു.

'നിങ്ങൾ എന്നെ സ്നേഹിക്കുന്നുണ്ടോ?' ഞാൻ മറുചോദ്യം ചോദിച്ചു.

അതിനു മറുപടി പറയാതെ അദ്ദേഹം എന്നെ ചുംബനങ്ങളിൽ പൊതിഞ്ഞു. മറുപടി പറയാൻ കഴിയാത്ത ഏതു ചോദ്യവും ഇത്തരത്തിലുള്ള അതിരു കടന്ന വാത്സല്യപ്രകടനത്താൽ പരിഹരിക്കാമെന്ന് അന്നുമുതൽ ഇന്നുവരെ അദ്ദേഹം കരുതുന്നു. ഞാൻ എപ്പോഴും കാമത്തെ സ്നേഹമായി തെററിദ്ധരിക്കുന്നു. എൻെറ തെററ് ഞാൻ മനസ്സിലാക്കുമ്പോഴേക്ക് എപ്പോഴും വൈകിപ്പോവുന്നു.

അക്കാലത്ത് എൻെറ ഭർത്താവ് ആൽഡസ് ഹക്സ്ലി വായിച്ചു. ഹക്സ്ലിയുടെ വാക്കുകൾ അദ്ദേഹം ധാരാളമായി ഉദ്ധരിച്ചിരുന്നു. ഈ സ്വഭാവവും അദ്ദേഹത്തിൻെറ മെലിഞ്ഞ ശരീരവുംകൂടി ചേർന്നപ്പോൾ ഒരു ബുദ്ധിജീവിയുടെ രൂപം അദ്ദേഹത്തിനു കൈവന്നതായി എനിക്കു തോന്നി. ഞങ്ങൾ വേർപിരിഞ്ഞപ്പോൾ അന്യോന്യം കത്തുകളയയ്ക്കാമെന്നു വാഗ്ദത്തം ചെയ്തു. എൻെറ കുടുംബം ഞങ്ങൾ തമ്മിലുള്ള വിവാഹത്തിന് ആഗ്രഹിച്ചു. ഞങ്ങളോ പ്രേമബദ്ധരായിരുന്നില്ല. അദ്ദേഹം എന്നെ സ്പർശിക്കാനിഷ്ടപ്പെട്ടു. ഞാൻ സ്പർശിക്കപ്പെടാനും.

അവധിക്കാലം കഴിഞ്ഞ് കൽക്കത്തയ്ക്കു പോയപ്പോൾ എനിക്കു തോന്നി,





ഞാനദ്ദേഹവുമായി പ്രേമത്തിലാവുകയാണെന്ന്. ആ സമയത്ത് എൻെറ അമ്മ നാലപ്പാട്ടായിരുന്നു. അച്ഛൻ പതിവുപോലെ ആഫീസ് പണി സംബന്ധിച്ച തിരക്കിലും. ഞങ്ങളോടൊപ്പം താമസിച്ചിരുന്ന ഇളയച്ഛനു സ്വന്തം പ്രശ്നങ്ങൾ ധാരാളമുണ്ടായിരുന്നതിനാൽ അദ്ദേഹത്തിൽനിന്നും എനിക്കൊരു സഹായവും കൈവന്നില്ല. വീട്ടുമാനേജരെപ്പോലെ ആയിരുന്ന പാചകക്കാരനും എപ്പോഴും ജോലിത്തിരക്കിലായിരുന്നു. എനിക്കാരെയും ശല്യപ്പെടുത്താൻ ആവുമായിരുന്നില്ല. ഞാൻ ഏകയായിരുന്നു. എൻെറ പുസ്തകപ്രിയനായ ബന്ധുവിനെ കാണാൻ ഞാൻ കൊതിച്ചു. ഞാനദ്ദേഹത്തിന്, നീണ്ട സ്നേഹം നിറഞ്ഞ കത്തുകളയച്ചു. 'എന്നെ എപ്പോഴും സ്നേഹിക്കൂ.' ഞാനെഴുതി, 'മാററരുത്'. ഞങ്ങളുടെ വിവാഹം കഴിഞ്ഞിട്ട് ഇരുപത്തി രണ്ടു കൊല്ലങ്ങളായി. ഇന്നുവരെ അദ്ദേഹം മാറിയിട്ടില്ല. ഇന്നും കിടപ്പറയിൽ അദ്ദേഹം മുമ്പത്തെപ്പോലെ അത്രതന്നെ വികാരഭ്രാന്തനും അസംസ്കൃതനുമാണ്.

വിവാഹം കഴിഞ്ഞയുടനെ ഞങ്ങൾ ബോംബെയിൽ സാന്താക്രൂസിലുള്ള ഒരു ചെറിയ വീട്ടിൽ താമസമാക്കി. അന്ന് എൻെറ ഭർത്താവിൻെറ വരുമാനം വളരെ തുച്ഛമായിരുന്നു. ഞങ്ങൾ ഒരു സുഹൃത്തിൻെറ ഫ്ളാററ് പങ്കുവയ്ക്കുകയായിരുന്നു. ഉറക്കം ഇരിപ്പുമുറിയിലായിരുന്നു. പാതിരാവരെ സന്ദർശകരുണ്ടായിരുന്നു. അവർ പൊയ്ക്കഴിഞ്ഞു വേണമായിരുന്നു ഞങ്ങൾക്കു കിടക്ക വിരിക്കാനും ഉറങ്ങാനും. ഉണരുന്നതോ, വളരെ നേരത്തെയും. രാവിലെ എൻെറ ഭർത്താവും അദ്ദേഹത്തിൻെറ സുഹൃത്തുക്കളും പണിക്കു പോവുന്നതിനു മുമ്പ് ഞങ്ങളൊന്നിച്ചു ചോറും ചൂടു സാമ്പാറും കഴിച്ചു. അതു കഴിഞ്ഞാൽ നാലു മണിവരെ എനിക്കു ഭക്ഷണമില്ല. ഞാൻ കൂടെക്കൂടെ സന്തോഷത്തോടെ ഭക്ഷണം കഴിക്കുന്നവളായിരുന്നു. ദാരിദ്ര്യപൂർണമായ ഈ ദിനചര്യ എൻെറ ആരോഗ്യത്തെ തകർത്തു. ഒരിക്കൽ കുളിമുറിയിൽ ഞാൻ ബോധംകെട്ടു വീഴുകപോലും ഉണ്ടായി.

ആയിടെ ഒരു ദിവസം, അന്ന് ഒരു ഓട്ടോമൊബൈൽ ഫേമിൻെറ മാനേജിങ് ഡയറക്ടറായിരുന്ന എൻെറ അച്ഛൻ ബോംബെ സന്ദർശിച്ചു. അദ്ദേഹം താജ്മഹൽ ഹോട്ടലിലാണു താമസിച്ചതെങ്കിലും എന്നെ സന്ദർശിക്കുകയും പുറത്തേക്കു കൂട്ടിക്കൊണ്ടു പോവുകയും ചെയ്തു. 'നീ എന്താ ഇത്ര മെലിഞ്ഞിരിക്കുന്നത്?' അദ്ദേഹം ചോദിച്ചു. 'എനിക്കു കുഴപ്പമൊന്നുമില്ല.' ഞാൻ പറഞ്ഞു. ഞാൻ എൻെറ ഭർത്താവുമായി അഗാധപ്രേമത്തിലായിരുന്നു. അദ്ദേഹത്തെ പിരിയാൻ ഞാനിഷ്ടപ്പെട്ടില്ല; മൃഗശാല സന്ദർശിക്കാൻ മുമ്പൊക്കെ ഞാനെത്ര കൂടുതൽ ഇഷ്ടപ്പെട്ടിരുന്നുവെന്ന് അറിയാമായിരുന്ന എൻെറ അച്ഛൻ എന്നെ വിക്ടോറിയ ഗാർഡൻസ് സൂവിലേക്കു കൂട്ടിക്കൊണ്ടുപോയി. അവിടത്തെ മുതലക്കുളത്തിൻെറ പടിയിന്മേലിരുന്നു ഞങ്ങൾ സംസാരിച്ചു.

'നിനക്കെന്തെങ്കിലും വാങ്ങണോ?' അച്ഛൻ അന്വേഷിച്ചു.

എന്തെങ്കിലും ആവശ്യം പ്രകടിപ്പിക്കുന്നതിന് എനിക്കു സഹജമായ അഭിമാനം എന്നെ അനുവദിച്ചില്ല. പക്ഷേ, ഒടുവിലദ്ദേഹം എനിക്ക് ഒരു

സിംഗർ തുന്നൽയന്ത്രം വാങ്ങിത്തന്നു. അനേകവർഷങ്ങൾ ഞാനത് ഉപയോഗിച്ചില്ല.

മുമ്പും എന്റെ ഭർത്താവ് മററു സ്ത്രീകളെ പ്രാപിച്ചിട്ടുണ്ട്. അത്തരം പരാക്രമങ്ങളെക്കുറിച്ച് അദ്ദേഹം എന്നോടു പറഞ്ഞു. ഇരുപതു വയസ്സിലേറെ പ്രായമുള്ളവരും ഈ കലകളിൽ വിദഗ്ദ്ധരുമായ ഈ വേശ്യകളെ പ്രശംസിച്ചാണ് അദ്ദേഹം സംസാരിച്ചത്. ഞാൻ ചെറുതാവുന്നതായി എനിക്കു തോന്നി. ലൈംഗിക വിഷയങ്ങളിൽ പരിചയസമ്പന്നയായിരുന്നില്ല ഞാൻ. ലൈംഗിക പ്രക്രിയയിൽ താല്പര്യമുണ്ടെന്നു ഭാവിക്കാൻ ഞാൻ ശ്രമിച്ചെങ്കിലും ഞാൻ അത് യഥാർത്ഥത്തിൽ ഇഷ്ടപ്പെട്ടിരുന്നില്ല. അത് എന്നെ ദുർബലയാക്കി. ഞാനുണർന്നു. അസ്വസ്ഥയായി കിടന്നു. എന്റെ ഭർത്താവിന് എന്നിൽ താല്പര്യം കുറഞ്ഞുതുടങ്ങി. എനിക്കു മൂന്നു മാസം ഗർഭമായപ്പോൾ നാലപ്പാട്ടേക്കു പോവുകയാണു നന്നെന്ന് അദ്ദേഹം എന്നെ പറഞ്ഞു ബോദ്ധ്യപ്പെടുത്തി. മനസ്സില്ലാമനസ്സോടെ, അസന്തുഷ്ടയായി, അദ്ദേഹത്തോടു യാത്ര പറഞ്ഞ് ഞാൻ നാലപ്പാട്ടേക്കു പോയി. എന്റെ ദയനീയാവസ്ഥ കണ്ട് അമ്മമ്മ ദുഃഖിച്ചു. അവർ കരഞ്ഞു. എന്റെ ചുമലെല്ലുകൾ തെളിഞ്ഞുനിന്നു. എന്റെ കൈത്തണ്ടകൾ ശോഷിച്ചിരുന്നു. ഞാൻ ഒരു ആയുർവ്വേദ വൈദ്യന്റെ സംരക്ഷണയിലായി. എന്റെ ഭർത്താവിന്റെ ആകാരസൗഷ്ഠവത്തെ വാഴ്ത്തിക്കൊണ്ട് ഞാൻ അദ്ദേഹത്തിനു ദുഃഖം നിറഞ്ഞ കത്തുകളെഴുതി. അദ്ദേഹത്തിന് എന്നിൽ താല്പര്യമുണ്ടാവാൻവേണ്ടി ലൈംഗികകാര്യങ്ങളെക്കുറിച്ചും ഞാൻ എഴുതി. അദ്ദേഹത്തിന് എന്റെ കളി പിടികിട്ടി. ഒരു മാസത്തെ അവധിയെടുത്ത് അദ്ദേഹം വന്നപ്പോൾ എന്റെ മകന് മൂന്നുമാസം പ്രായമായിരുന്നു. റോസ് നിറമുള്ള ഒരു സുന്ദരക്കുട്ടനായിരുന്നു അവൻ. ആ അവധിക്കാലത്തിന്റെ ആദ്യരാത്രി ഞങ്ങൾ ഉറങ്ങിയത് പടിപ്പുരമാളികയിലായിരുന്നു. എന്റെ ഭർത്താവ് കുട്ടിയിൽ വലിയ താല്പര്യം പ്രദർശിപ്പിച്ചില്ല. അവൻ കിടക്കയിൽ മൂത്രമൊഴിക്കുകയോ രാത്രിയിൽ കരയുകയോ ചെയ്തപ്പോഴൊക്കെ അദ്ദേഹം അസ്വസ്ഥത പ്രകടിപ്പിച്ചു. മൃദുവായ പെരുമാററവും അല്പം അനുകമ്പയും കൊതിച്ചിരിക്കുകയായിരുന്നു ഞാൻ. അടുത്ത രാത്രി കുഞ്ഞിനെ അമ്മമ്മയുടെ പക്കൽ ഏല്പിച്ച്, അടുത്ത മുറിയിൽ ഞാൻ എന്റെ ഭർത്താവിന്റെ ചാരത്ത് ഉറങ്ങി. അദ്ദേഹത്തിന്റെ ഈ വരവ് എനിക്കൊരു വലിയ നിരാശയായിരുന്നു. പ്രസവാനന്തരം ഒരു സ്ത്രീയിൽ ഹോർമോൺ സംബന്ധിച്ച ചില മാററങ്ങൾ ഉണ്ടാവുന്നു. അപ്പോൾ അവൾക്കു കൂടുതൽ സ്നേഹം വേണം. തന്റെ ചുമലുകളെ പൊതിയുന്ന ബലിഷ്ഠ ഹസ്തങ്ങളുടെ സുഖത്തിനായി അവൾ കൊതിക്കുന്നു. വന്യവും മൃഗീയവുമായ ലൈംഗികക്രിയ അവൾക്ക് ഒരു തരത്തിലും സഹായകമല്ല. ലൈംഗിക വൃത്തികളോടു വികർഷണ ഭാവവുമായി ഞാൻ എന്റെ കിടക്കയിൽ കിടക്കുക പതിവായിരുന്നു. എന്റെ സമീപം എന്റെ ഭർത്താവ് തളർന്നുറങ്ങിക്കിടന്നു. ആ കാലത്ത് എന്നെ പരിഗണിക്കാനുള്ള ബുദ്ധി അദ്ദേഹം പ്രദർശിപ്പിച്ചില്ല. വൈകുന്നേരങ്ങളിൽ ഞാൻ കുളിച്ച്, മുടിക്കെട്ടിൽ പാരിജാതപ്പൂക്കളണിഞ്ഞ് അദ്ദേഹത്തെ കാത്തുനിന്നു. പക്ഷേ, അദ്ദേഹം തന്റെ ഏതെങ്കിലും





സുന്ദരിയായ ഒരു ബന്ധുവിന്റെ തോളിൽ ചാരി നടന്നാണു വരിക. അദ്ദേഹം എന്നെ ശ്രദ്ധിച്ചതേയില്ല. എന്റെ യാതന കഠിനമായിരുന്നു. ഞാൻ സുഖക്കേടുകാരിയായി. ഞാൻ സുഖമില്ലാതെ കിടന്നപ്പോൾ അദ്ദേഹം വീട്ടിൽനിന്ന് ഇറങ്ങിപ്പോവുകയോ ബന്ധുക്കളുമായി കളിതമാശകൾ പറഞ്ഞു സമയം ചെലവഴിക്കുകയോചെയ്തു. എന്നെ സംബന്ധിച്ചിടത്തോളം ഈ കാലം ഏകാന്തതയുടെയും സ്വയം കണ്ടെത്തലിന്റെയും കാലമായിരുന്നു. മുപ്പത്തഞ്ചു വയസ്സുകാരിയായ എന്റെ വേലക്കാരിക്കുപോലും എനിക്കു കിട്ടുന്നതിലേറെ പരിഗണന അദ്ദേഹത്തിൽ നിന്നു കിട്ടി. ഒടുവിൽ അദ്ദേഹം പോയപ്പോഴേക്കും ഞാൻ മറെറാരു സ്ത്രീയായി മാറിക്കഴിഞ്ഞിരുന്നു. മധുര പ്രേമത്തിലും അകളങ്കതയിലും മുഴുകിയിരുന്നതുകൊണ്ടു പ്രയോജനമൊന്നുമില്ലെന്ന് ഞാൻ തീരുമാനിച്ചു. എന്റെ ഭർത്താവ് തന്റെ ഭാര്യയിൽ തിരഞ്ഞത് ഈ വക ഗുണങ്ങളായിരുന്നില്ല. ഒരു പങ്കിലയായ സ്ത്രീക്കു മാത്രം നല്കാൻ കഴിയുന്ന ഉദ്വേഗമായിരുന്നു അദ്ദേഹത്തിനാവശ്യം. തന്റെ ബന്ധുവിന്റെ ആട്ടോഗ്രാഫിൽ വൈൽഡിനെ ഉദ്ധരിച്ച് അദ്ദേഹം എഴുതുന്നതു ഞാൻ കണ്ടു: നന്നാവുന്നതിനെക്കാൾ നന്ന് കാഴ്ചയ്ക്കു നന്നാവുകയാണ്.' അതെഴുതവേ, താൻ എന്റെ നന്മയെക്കുറിച്ച് എന്തു ചിന്തിക്കുന്നുവെന്ന് എന്നെ ധരിപ്പിക്കാനെന്നവണ്ണം, അദ്ദേഹം ഗോപ്യമായി എന്നെ ഒന്നു നോക്കുകയും ചെയ്തു.

അദ്ദേഹം പോയ ഉടനെ ഞാൻ സെക്സിനെക്കുറിച്ചു കൂടുതൽ മനസ്സിലാക്കാൻ തുടങ്ങി. എന്നെ പഠിപ്പിക്കാൻ പല തരത്തിൽപ്പെട്ട വേലക്കാരികളും, എന്റെ വലിയമ്മാമൻ എഴുതിയ 'രതിസാമ്രാജ്യം' എന്ന പുസ്തകവും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആ കാലത്ത് കല്ക്കത്തയിലെ ഉദ്യോഗം രാജി കൊടുത്ത് നാട്ടിൽ വന്ന എന്റെ അച്ഛൻ ഒരു മാസം കോട്ടയ്ക്കൽ ആയുർവേദചികിത്സയ്ക്കു വിധേയനാവാൻ തീരുമാനിച്ചു. അദ്ദേഹത്തോടൊപ്പം കോട്ടയ്ക്കൽ താമസിക്കാനായി അദ്ദേഹം എന്റെ അമ്മ, സഹോദരി, അമ്മായി അമ്മ, എന്റെ കുഞ്ഞ്, ഞാൻ എന്നിവരെക്കൂടി കൊണ്ടുപോയി. പുറമേ കുറേ വേലക്കാരെയും. മറെറാന്നും ചെയ്യാനില്ലായ്കയാൽ ഞാൻ ഒരു നവരച്ചോറു ചികിത്സയ്ക്കു വിധേയയാവാൻ ശ്രമിച്ചു. ചർമഭംഗി വർദ്ധിപ്പിക്കാനുതകുന്നു ഈ ചികിത്സ. മുഖക്കുരു വളർന്ന കവിളുകളിൽ ഞാൻ കുങ്കുമത്തൈലം പൂശി. എന്റെ ശരീരകാന്തിയിൽ എനിക്കു താല്പര്യം ജനിച്ചു.

കോട്ടയ്ക്കൽ വിട്ടുകഴിഞ്ഞയുടനെ ഞാൻ ചില ചെറിയ പ്രേമബന്ധങ്ങളിൽ കുടുങ്ങി.

എന്റെ കുഞ്ഞു വളർന്നുകൊണ്ടിരുന്നു. ഞാൻ പൂർണ ആരോഗ്യവതിയായി. എന്നെ ബോംബെയിലേക്കു തിരിച്ചു വിളിക്കാൻ എന്റെ ഭർത്താവ് യാതൊരു താല്പര്യവും പ്രദർശിപ്പിച്ചില്ല. ക്രമേണ ഞാൻ വിവാഹിതയാണെന്ന കാര്യംതന്നെ മറന്നു. എന്റെ ഭർത്താവ് തന്റെ കാമവും അശ്രദ്ധയുംകൊണ്ട് എന്റെ ഹൃദയത്തെ ഏതാണ്ടു താറുമാറാക്കിയിരിക്കുന്നുവെന്നതും ഞാൻ മറന്നു. നല്ല സാരികളുടുത്ത് എന്റെ ബന്ധുക്കളായ പെൺകുട്ടികളോടൊപ്പം

ഞാൻ ഗ്രാമത്തിലെ സിനിമാശാലയിൽ പോയി. എൻെറ ബന്ധുവായ ഒരു ചെറുപ്പക്കാരൻ ഒരിക്കൽ എന്നെ മാളികമുറിയിലേക്കു കൂട്ടിക്കൊണ്ടു പോയി എൻെറ ചുണ്ടുകളിൽ ചുംബിച്ചു. ആ വേനല്ക്കാലത്ത് ഞങ്ങൾ രാഗബദ്ധരാണെന്നു ധരിച്ചു. വൈകുന്നേരത്ത് അയാൾ എൻെറ കരം ഗ്രഹിച്ച്, ചില ഹിന്ദിപ്പാട്ടുകൾ പാടാൻ എന്നെ പഠിപ്പിച്ചു. മുറിവേററൊരു ശബ്ദത്തിൽ അയാൾ ചോദിക്കുമായിരുന്നു: 'നീ എന്തേ ഇത്ര സുന്ദരിയാവാൻ?' എൻെറ സന്തോഷം അയാളിൽനിന്നു മറച്ചുവെക്കാൻ വേണ്ടി ഞാൻ എൻെറ മുഖം പൊത്തിപ്പിടിച്ചു.

ആ സമയത്ത് എൻെറ അച്ഛൻ നാലപ്പാട്ടു വീട്ടിൽ നിന്നു വാരകളകലെ ഒരു പുതിയ വീട് കെട്ടിക്കുകയായിരുന്നു. കുളിമുറിച്ചുവരുകളിൽ മാർബിളിൻെറ പ്രതീതി ജനിപ്പിക്കുവാനായി പൊന്നാനിയിൽനിന്ന് ഒരു വിദഗ്ദ്ധനെ കൊണ്ടുവന്നു. അയാൾ അതി സുന്ദരനായിരുന്നു. അയാളെ കാണാൻ വേണ്ടി ഞാനും എൻെറ കൂട്ടുകാരികളും എന്നും ഭവനനിർമാണസ്ഥലം സന്ദർശിക്കുക പതിവാക്കി. അയാൾ നല്ല നിറവും ചുവന്ന ചുണ്ടുകളും ആകാരഭംഗിയുമുള്ളവനായിരുന്നു. എന്നും രാവിലെ ഞാൻ അയാൾക്കു ചാവി നൽകുക പതിവായിരുന്നു. അപ്പോൾ അയാൾ തലയുയർത്തി എൻെറ നേരെ നോക്കുമെന്നു ഞാൻ പ്രതീക്ഷിച്ചു. പക്ഷേ, കണ്ണുയർത്താനുള്ള ധൈര്യം അയാൾ കാട്ടിയില്ല. എനിക്കു നിരാശയായി. അന്നെനിക്ക് എന്നെക്കാൾ ഒരു വയസ്സു പ്രായം കുറഞ്ഞ ഒരു വേലക്കാരി ഉണ്ടായിരുന്നു. അവൾക്ക് എന്നോടു വലിയ ഇഷ്ടമായിരുന്നു. ഒരു ദിവസം ഞാൻ അവളുടെ കൈവശം ഒരു 'വരാഹൻ'* കൊടുത്ത് അത് അയാൾക്ക് എൻെറ സമ്മാനമായി കൊണ്ടു ചെന്നു കൊടുക്കാൻ ആവശ്യപ്പെട്ടു. വൈകുന്നേരം ഏഴു മണിക്ക് അമ്പലത്തിൽ വെച്ച് അയാളെന്നെ കാണണമെന്നും ഞാൻ ആവശ്യപ്പെട്ടു. പക്ഷേ, വേലക്കാരി തിരിച്ചു വന്ന് എന്നോടു പറഞ്ഞു, അയാൾ പണി പൂർത്തിയാക്കി, തൻെറ ഗ്രാമത്തിലേക്കു മടങ്ങിപ്പോയെന്ന്. അച്ഛൻെറ വീട്ടിലേക്ക് ഓടിച്ചെന്ന് അയാളെ എനിക്കു വേണ്ടി തിരിച്ചു കൊണ്ടുവരണമെന്ന് ഇളയച്ഛനോടു ഞാൻ ആവേശപൂർവം ആവശ്യപ്പെട്ടത് ഞാൻ ഓർക്കുന്നു. എൻെറ ഉള്ളിൽ നിറഞ്ഞു നിന്ന ആ ചെറുപ്പക്കാരനുവേണ്ടി ഒരു അന്വേഷണം നടത്താമെന്ന് ഇളയച്ഛൻ സമ്മതിച്ചു. എൻെറ സ്നേഹത്തെക്കുറിച്ചു പറഞ്ഞ്, ഹൃദയഭേദകമായി വിലപിച്ചത് ഞാൻ ഓർക്കുന്നു. എൻെറ ഇളയച്ഛൻ അത്ഭുതപ്പെട്ടില്ല. അദ്ദേഹം ഒരു യഥാർത്ഥ മനുഷ്യജീവിയായിരുന്നു. കപടനാട്യക്കാരനായിരുന്നില്ല. അദ്ദേഹത്തോടു സംസാരിക്കുക എളുപ്പമാണ്. കാരണം, ഞാൻ യഥാർത്ഥത്തിലെന്താണോ അതിൽനിന്നു വ്യത്യസ്തമായി പെരുമാറണമെന്ന് അദ്ദേഹം പ്രതീക്ഷിക്കുന്നില്ല. 'സ്നേഹിക്കുക ചീത്തക്കാര്യമല്ല' അദ്ദേഹം എന്നോട് ഒരിക്കൽ പറഞ്ഞു: 'വെറുക്കുന്നതു തീർച്ചയായും ചീത്തക്കാര്യമാണ്.'

ഇന്നുവരെ ഞാൻ ആരെയും വെറുത്തിട്ടില്ല.

* വരാഹൻ—ഒരു വലിയ സ്വർണനാണയം



## 12

## ഹരിനിവാസിലെ കിളിക്കൂട്

എൻെറ മൂത്ത മകന് ഒന്നര വയസ്സായപ്പോൾ എൻെറ ഭർത്താവ് ഞങ്ങളെ ബോംബെയ്ക്കു കൊണ്ടുപോകാൻ നിശ്ചയിച്ചു. ആദ്യമായി അദ്ദേഹം ഒരു ഫ്ളാററ് വിലകൊടുത്തു വാങ്ങി. മദിരാശിവരെ ഞങ്ങളെ അദ്ദേഹത്തിൻെറ ഒരു അമ്മാമൻ കൊണ്ടുപോയി. അവിടെനിന്ന് എൻെറ ഭർത്താവ് ഞങ്ങൾക്ക് കൂട്ടിനുണ്ടായിരുന്നു. എൻെറ ശ്വശ്രുവും എൻെറ കൂടെ വന്നിരുന്നു. ഞങ്ങളെ സഹായിക്കാൻ മദ്ധ്യവയസ്കയായ ഒരു സ്ത്രീയും ഒരു വെപ്പുകാരനും. ഞങ്ങളുടെ സംഘം ദാദർ സ്റേറഷനിലിറങ്ങിയതു രാവിലെ അഞ്ചു മണിക്കായിരുന്നു. പ്ലാററ്ഫോറത്തിലെ വിളക്കുകൾക്കു നീലനിറമുണ്ടായിരുന്നു. നീല ഷർട്ടു ധരിച്ച്, സ്ത്രൈണഭാവം പ്രകടിപ്പിക്കുന്ന മുഖവും ചെറിയ ശരീരഘടനയുമുള്ള ഒരു ചെറുപ്പക്കാരൻ ഞങ്ങളെ എതിരേല്ക്കുവാൻ അവിടെ പുഞ്ചിരിയോടെ നിന്നിരുന്നു. 'ഇതാണ് ഞാൻ പറഞ്ഞു തന്നിരിക്കുന്ന സ്നേഹിതൻ. എൻെറ കൂടെ വൈ. ഐം. സി.എ.യിൽ ഉണ്ടായിരുന്ന ആൾ.' എൻെറ ഭർത്താവ് എന്നോടു പറഞ്ഞു. എന്നിട്ടു പെട്ടികൾ ഇറക്കി വെക്കുന്നതിനിടയിൽ അദ്ദേഹം അയാളുടെ നേർക്കു തിരിഞ്ഞു കൊണ്ടു പറഞ്ഞു: 'അവസാനത്തെ നിമിഷത്തിൽ ഒരു മാററമുണ്ടായി. ഈ തള്ളയെയാണു കൊണ്ടുവന്നത്. എന്തു ചെയ്യാം?' സ്നേഹിതൻ ഗ്ലാനതയോടെ എൻെറ പരിചാരികയെ നോക്കി. രൗദ്രഭാവം പ്രകടിപ്പിക്കുന്ന ചുവന്ന മുഖമുള്ള ഒരു നാല്പത്തിയഞ്ചുകാരി. വഴിക്കുവെച്ച് എൻെറ ഭർത്താവ് എൻെറ ചെവിയിൽ പിറുപിറുത്തു: 'മറേറ പെണ്ണ് —ആ ചെറുപ്പക്കാരി— വരുമെന്നാണു ഞങ്ങൾ പ്രതീക്ഷിച്ചിരുന്നത്. എന്നാൽ, അയാൾക്ക് അവളെ അനുഭവിക്കാമല്ലോ എന്നു കരുതി.....' ആ നിമിഷത്തിൽ ഞാൻ പുരുഷന്മാരെ ഒട്ടാകെ വെറുത്തു. എൻെറ മകൻ ടാക്സിയിൽ ഇരുന്നുകൊണ്ടു വണ്ടീ വണ്ടീ വണ്ടീ എന്നു പുലമ്പിക്കൊണ്ടിരുന്നു. എൻെറ ശ്വശ്രു ചോദിച്ചു: 'എൻെറ പെട്ട്യോള് ഒക്കെ എടുത്തു വെച്ചിട്ടില്ല്യേ ദാസ്സ്യേ?'

ദാദറിൽ ഹരിനിവാസ് എന്ന പ്രദേശത്ത് ഒരു വലിയ കെട്ടിടത്തിലായിരുന്നു ഞങ്ങളുടെ ഫ്ളാററ്. നാലു മുറികളുള്ള ഒരു പക്ഷിക്കൂട്. രണ്ടു വശത്തും വരാന്തകൾ. മുൻവശത്തെ വരാന്ത കെട്ടിടത്തിൻെറ ഒരു വശം മുതൽ മറേറവശംവരെ. അവിടെ നിന്നുകൊണ്ടു ഞങ്ങളുടെ ജനലുകളിൽക്കൂടി ആർക്കു വേണമെങ്കിലും അകത്തേക്കു നോക്കാം.

കുട്ടിയെ നോക്കുവാൻ വന്ന സ്ത്രീക്ക് ആ വീടും പരിസരവും തീരെ ഇഷ്ടപ്പെട്ടില്ല. 'ഇബടെ എങ്ങ്നെയാ കഴിയാ എൻെറ കുട്ട്യേ?' അവർ എന്നോടു ചോദിച്ചു. 'മോനുക്കുട്ടനു ശ്വാസം മുട്ടില്ല്യേ?' അവർ എൻെറ പതിമൂന്നാം വയസ്സിൽ നാലപ്പാട്ടു വന്നു താമസിച്ചു തുടങ്ങിയതായിരുന്നു. അതുകൊണ്ട് അവർക്ക് എന്നെ വളരെ ഇഷ്ടമായിരുന്നു. അത്രതന്നെ കൂറ് അവർ എൻെറ ഭർത്താവിനോടും അദ്ദേഹത്തിൻെറ അമ്മയോടും കാണിച്ചില്ല.

ഞങ്ങളുടെ അയൽക്കാർ മറാത്തേ എന്നു പേരുള്ള ഒരു മറാത്തിക്കുടുംബമായിരുന്നു. ഉഷാ കിരൺ എന്നു പേരുള്ള നടി അവരുടെ മകളായിരുന്നു.

ഉഷ സിനിമാഷൂട്ടിങ്ങിനും മററും നടന്നിരുന്നതു കൊണ്ട് വീട്ടിൽ വളരെ കുറച്ചു സമയം മാത്രമേ ചെലവഴിച്ചിരുന്നുള്ളു. അവരുടെ അനുജത്തിമാരായ സുധയും പുഷ്പയും എൻെറ കളിച്ചങ്ങാതികളായിത്തീർന്നു. എൻെറ ഉത്തരവാദിത്തങ്ങൾ തീരെ മറന്ന് ഞാൻ അവരുടെയൊപ്പം വീട്ടിൻെറ ടെറസ്സിൽ പോയി ഹിന്ദി സിനിമാപ്പാട്ടുകൾ പാടുകയും ഗുജറാത്തി ഗർഭാനൃത്തം ചവിട്ടുകയും ചെയ്തു. ഗണപതിപൂജ മഹാരാഷ്ട്രയിൽ പേരു കേട്ട ഒരു ഉത്സവമാണ്. ആ കൊല്ലത്തെ പൂജയ്ക്കു മുമ്പ് ആ കെട്ടിടത്തിലെ സ്ത്രീകൾ ഞങ്ങളെയെല്ലാം പല പാട്ടുകളും നൃത്തങ്ങളും പഠിപ്പിച്ചു. ചേരാബെ എന്നു പേരുള്ള ജാലവിദ്യക്കാരനും ആ കെട്ടിടത്തിൽ താമസിച്ചിരുന്നു. അരങ്ങ് എന്നു കേൾക്കുമ്പോൾത്തന്നെ രോമാഞ്ചംകൊള്ളുന്നവരിൽ ഒരാളായ എനിക്ക് ഈ സംരംഭങ്ങളിൽ പങ്കു കൂടാതിരിക്കുവാൻ കഴിഞ്ഞില്ല. ഇത്തരം അഹങ്കാരങ്ങളൊന്നും എൻെറ ഭർത്താവിനും ഭർത്തൃമാതാവിനും തീരെ ഇഷ്ടപ്പെട്ടില്ല. ഗണപതിപുജയുടെ തലേന്നാൾ സകല ഇനങ്ങളിൽ നിന്നും എനിക്കു തലയൂരേണ്ടതായി വന്നു. ഞാൻ കുട്ടിയെ പരിചരിച്ച് വീട്ടിൽത്തന്നെ എല്ലായ്പോഴും ഇരിക്കേണ്ടതാണെന്ന് എൻെറ വീട്ടിൽ തളം കെട്ടിനിന്ന അസുഖകരമായ മൗനം എന്നെ ഓർമിപ്പിച്ചു. എന്നിട്ടും, പുറത്തെ വരാന്തയിൽക്കൂടി സുധ നടന്നുപോകുമ്പോൾ ഞാൻ ജനലിനടുത്തേക്ക് ഓടിയെത്തി. എനിക്ക് ഭക്ഷണത്തിൽ രുചി കുറഞ്ഞു. മനസ്സിൽ കഠിനമായ ഒരു മൗഢ്യം വന്നു സ്ഥലം പിടിച്ചു. ഒരു ദിവസം രാവിലെ തെരുവിന്നപ്പുറത്ത് ഞങ്ങൾക്ക് അഭിമുഖമായി നില്ക്കുന്ന കെട്ടിടത്തിൻെറ മൂന്നാം നിലയിൽനിന്ന് ഒരു പഞ്ചാബിക്കുട്ടി നിലത്തു വീണു മരിച്ചു. എൻെറ കുട്ടിയെ നോക്കുന്ന മാധവിയമ്മ ആ കാഴ്ച കണ്ട ഉടനെ തലതിരിഞ്ഞു നിലത്തു വീണു. ഇതും എൻെറ മൗഢ്യത്തെ വർദ്ധിപ്പിച്ചു. എൻെറ ഭർത്താവ് എന്നോടു വളരെ കുറച്ചേ സംസാരിച്ചിരുന്നുള്ളു. ഞാൻ അദ്ദേഹത്തിൻെറ ഒരു ഭോഗവസ്തു മാത്രമായി മാറി. അദ്ദേഹം തൻെറ അമ്മയോടും സംസാരിച്ചിരുന്നില്ല. പലപ്പോഴും അവർ ചോദിച്ചു: 'എന്താ ദാസ്, ഇങ്ങനെ ഒരു മൂർഖനെപ്പോലെ?' അതിന് ഒരിക്കലും അദ്ദേഹം മറുപടി പറഞ്ഞില്ല. നാട്ടിൽ, കിരീടമണിയാത്ത രാജ്ഞിയായിരുന്ന എൻെറ ശ്വശ്രു ബോംബെജീവിതത്തിലെ ഏകാന്തതയോട് ഏററുമുട്ടിയപ്പോൾ ആകെ തളർന്നു പോയി. അവർ ദീനക്കാരിയായി. കൈത്തരിപ്പ്, തിണർക്കുക, കാലുകൾക്കു കടച്ചിൽ—ഇങ്ങനെ പല രോഗലക്ഷണങ്ങളും ഡോക്ടർ അവരിൽ കണ്ടെത്തി. വൈററമിൻ ബിയുടെ കമ്മി കാരണമാണെന്നു പറഞ്ഞ് അയാൾ ദിവസേന വന്ന് അവരെ മരുന്നു കുത്തിവെച്ചുകൊണ്ടിരുന്നു.

വിവാഹത്തെപ്പററി കണ്ടിരുന്ന സ്വപ്നങ്ങളെല്ലാം തകർന്നെന്ന് എനിക്ക് അക്കാലത്തു മനസ്സിലായി. ഞാൻ ഒരു ഉറക്കമരുന്നിൻെറ പേരു കടലാസ്സിൽ എഴുതിക്കൊടുത്ത് എൻെറ ഭൃത്യനെ മരുന്നുപീടികകളിലേക്ക് അയച്ചു. 'ഇതെന്തിനുള്ള മരുന്നാ കമലക്കുട്ട്യേമേ?' അയാൾ ചോദിച്ചു. 'ഇതു മരിക്കാനുള്ള വിഷമാണ്.' ഞാൻ പറഞ്ഞു. അപ്പോൾ കണ്ണുനീർ പൊഴിച്ചുകൊണ്ട് അയാൾ പറഞ്ഞു: 'ഇതിൻെറ പകുതി എനിക്കും തരണേ....എനിക്കു ചത്തുപോയാൽ മതി....' അയാൾക്കു ജീവിതം കയ്പു നിറഞ്ഞതായിരുന്നു. ഈ





സംഭാഷണം കേട്ട് ഓടിവന്ന മാധവിയമ്മ പറഞ്ഞു: 'ഇൻെറ കാര്യം മറക്കല്ലേ കുട്ട്യേ. എനിക്കും വേണം കുറച്ചു വെഷം. ഇങ്ങനെ ഇബടെ ജീവിച്ചു മടുത്തു. കുട്ടീടെ കഷ്ടപ്പാടു കാണുമ്പോ കുട്ടിയെ വിട്ടു നാട്ടിലേക്കു പൂവാനും തോന്നിണില്ല.' അന്ന് ആത്മഹത്യയ്ക്കു തയ്യാറായി വീട്ടിൽ മൂന്നു പേരുണ്ടായിരുന്നു. പക്ഷേ, വെപ്പുകാരനു മരുന്നുഷാപ്പുകാർ ഗുളികകൾ കൊടുത്തതേയില്ല. അയാൾ വെറുംകൈയോടെ മടങ്ങി വന്നു. അന്ന് ഉച്ചയ്ക്ക് അയാൾ അടുത്ത വീട്ടിൽ ജോലി ചെയ്യുന്ന ഒരു മറാത്തിപ്പെണ്ണിനോടു പ്രേമയാചന നടത്തി. വൈകുന്നേരം അവളുടെ ഭർത്താവിൻെറ വക പ്രഹരവും മേടിച്ചു. അതിനു ശേഷം വെപ്പുകാരനു കുറച്ചൊരു ഉത്തരവാദിത്തബോധമൊക്കെ വന്നെത്തി. അയാൾ ആത്മഹത്യയെപ്പററി പിന്നീടു സംസാരിച്ചതേയില്ല.

എട്ടു മാസങ്ങൾക്കു ശേഷം എല്ലാവർക്കും സഹികെട്ടപ്പോൾ എൻെറ ഭർത്താവ് ഒരു തീരുമാനത്തിലെത്തി. ഞങ്ങളെ നാട്ടിലേക്കു മടക്കി അയയ്ക്കുക. അദ്ദേഹത്തിൻെറ ഒരമ്മാവൻ നാട്ടിൽ നിന്നു രണ്ടു ഷാർക്ക് സ്കിൻ സൂട്ടുകളും തുന്നിച്ചു ബോംബെയിൽ വന്നെത്തി. ബോംബെ നഗരം കാണാൻ അദ്ദേഹം പുറപ്പെട്ടു. 'നമ്മുടെ നാട്ടിൽ നിന്നു പണ്ടൊരു നേഴ്സ്—ഒരു നായർ സ്ത്രീ — ബോംബെയിൽ വന്നിട്ടുണ്ട് എന്നു കേട്ടു. അവരെ ഒന്നു കണ്ടുപിടിക്കണം. പേരു മാത്രമേ എനിക്കറിയുകയുള്ളു.' അദ്ദേഹം എന്നോടു പറഞ്ഞു. അദ്ദേഹം ഉള്ളു തുറന്ന് എന്നോടു സംസാരിച്ചു. ഞാൻ അപ്പോഴൊക്കെ വളരെയധികം ചിരിച്ചു. ഒരാഴ്ച കഴിഞ്ഞപ്പോൾ ഞങ്ങൾ അദ്ദേഹത്തിനോടൊപ്പം യാത്രയായി. തലേ ദിവസം, രാത്രിയിൽ ഞാൻ എൻെറ ഭർത്താവിനെ കെട്ടിപ്പിടിച്ചു കിടന്നുകൊണ്ടു കുറെ കരഞ്ഞു. 'എൻെറ ജീവൻ എവിടെയാണെന്ന് ആരെങ്കിലും ചോദിച്ചാൽ ഞാൻ പറയും, അത് ദാസേട്ടൻെറയകത്താണെന്ന്......' ഞാൻ അദ്ദേഹത്തോടു പറഞ്ഞു. അദ്ദേഹം ഒന്നും പറഞ്ഞില്ല. 'എന്നെ വേഗം മടക്കിക്കൊണ്ടു വരില്ലേ?' ഞാൻ ചോദിച്ചു. 'നേരം അർദ്ധരാത്രിയായി, ഇനി വേഗം ഉറങ്ങ്.' അദ്ദേഹം പറഞ്ഞു.

# 13

## ജനൽപ്പടിയിലെ വിളക്ക്

എനിക്കു സുഖക്കേടായിരുന്ന കാലത്ത് എൻെറ ഭർത്താവും ഞാനും തമ്മിൽ ശാരീരികമായ ഒരടുപ്പം വർദ്ധിച്ചുവന്നു. അത് ലോനാവലയിലെ ഹോട്ടലിൽവെച്ചാണ് തുടങ്ങിയത്. അന്ന് ബ്രോമൈഡ് കഴിച്ചിരുന്ന എൻെറ പ്രജ്ഞയ്ക്കു മീതെ, ഒരു സുഖവാസകേന്ദ്രത്തിൻെറ മീതെ, പ്രഭാതത്തിൽ തങ്ങി നില്ക്കുന്ന മഞ്ഞുപോലെ ഒരു മധുരമായ മൂടൽമഞ്ഞു തങ്ങി നിന്നിരുന്നു. ഇന്ദ്രിയങ്ങൾ സന്ധ്യയിൽ കൂമ്പിപ്പോയ താമരപ്പൂക്കളായി. ലോകത്തിലെ സർവരൂപരേഖകളും അവ്യക്തങ്ങളായി.

എന്നെ ചുടുവെള്ളത്തിൽ കുളിപ്പിച്ച്, രോമക്കാലുറകളും ഷർട്ടും ഒരു

സ്വൈററും ധരിപ്പിച്ച് ഒരു കളിപ്പാട്ടത്തെയെന്നപോലെ മടിയിലിരുത്തി ലാളിച്ചുകൊണ്ട് അദ്ദേഹം വിളിച്ചു: 'എൻെറ ഓമനച്ചെറുക്കാ....'

ശരീരത്തിൻേറതായ ആ വാത്സല്യം സ്നേഹത്തിനു ബദലായി ഞാൻ അദ്ദേഹത്തിൽനിന്നു സ്വീകരിച്ചു. എൻെറ ശരീരത്തിൽ പൗഡർ പൂശുമ്പോഴും അദ്ദേഹത്തിൻെറ സ്വരം കാമവികാരത്താൽ ഇടറിക്കൊണ്ടിരുന്നു.

ഞാൻ സ്വതവേ ലജ്ജാവതിയായിരുന്നു. എൻെറ വസ്ത്രങ്ങൾ പിടിച്ചു വലിച്ച് ഊരിക്കളഞ്ഞിട്ടും ലജ്ജയുടെ ഒരു ഇരുമ്പുകവചം എൻെറ ശരീരത്തിൽ ബാക്കിയായിരുന്നു. അത് എൻെറ ചലനങ്ങളെ അന്തസ്സില്ലാത്തവയാക്കി മാററിയിരുന്നു. എൻെറ നഗ്നശരീരത്തിൻെറ ഓരോ രോമകൂപവും ഓരോ തുറന്ന കണ്ണാണെന്നും ആ കണ്ണുകളി ലെല്ലാം അവജ്ഞയാണെന്നും എനിക്കു തോന്നിയിരുന്നു. സുഖക്കേടു പിടിച്ചപ്പോൾ, ഒടുവിലത്തെ ആ അടിവസ്ത്രവും തനിയെ അഴിഞ്ഞു വീണു. പരിപൂർണ്ണമായും കീഴടങ്ങുവാൻ പഠിച്ച എൻെറ ശരീരം ആദ്യമായി ഒരഭിമാനിയായി മാറി.

എന്നിട്ടും എനിക്ക് അദ്ദേഹത്തെ പിരിയേണ്ടി വന്നു. നാട്ടിൽപ്പോയി കുറച്ചുകാലം ചികിത്സയിൽ കഴിയുകയാണ് നല്ലതെന്ന് അച്ഛനും അമ്മയും അമ്മമ്മയും അഭിപ്രായപ്പെട്ടു. എൻെറ ഭർത്താവ് എന്നെയും കുട്ടികളെയും നാട്ടിലേക്ക് അയച്ചു. എൻെറ വൃദ്ധയായ പരിചാരിക, അമ്മമ്മയോടും മുത്തശ്ശിയോടും എൻെറ ദീനത്തിൻെറ ചരിത്രം വിസ്തരിച്ചു പറഞ്ഞുകൊടുത്തു. ആ വൃദ്ധയെ അമ്മമ്മയ്ക്കു വളരെ ഇഷ്ടമായിരുന്നു.

അന്നു ഞാൻ നാലപ്പാട്ടിലല്ല, സർവോദയയെന്ന പുതിയ വീട്ടിലായിരുന്നു താമസിച്ചത്. എൻെറ ഭർത്താവിൻെറ വീട്ടിലെ പ്രസന്ന എന്ന ഒരു പെൺകുട്ടി അന്ന് എൻെറ കൂട്ടുകാരിയായി. രാവിലെ മുതൽ രാത്രി എട്ടുമണിവരെ പ്രസന്ന എൻെറ കൂടെയായിരുന്നു. പലപ്പോഴും മററു പെൺകുട്ടികളും ഞങ്ങളുടെകൂടെ ഉണ്ടായിരുന്നു. എൻെറ അനുജത്തിയുടെ ഗ്രാമഫോണിൽ റെക്കോഡുകൾ വെച്ചുകൊണ്ടും ആ പാട്ടുകൾ പഠിക്കുവാൻ ശ്രമിച്ചുകൊണ്ടും ഞങ്ങൾ മണിക്കൂറുകൾ ചെലവഴിച്ചു. വൈകുന്നേരം പാടത്തിൻെറ വരമ്പത്തു കൂടിയും തെങ്ങിൻതോപ്പുകളിൽക്കൂടിയും യാതൊരു ലക്ഷ്യവുമില്ലാതെ നടക്കുവാൻ ഞങ്ങൾ പുറപ്പെട്ടു. വേലിക്കൽ നിന്നിരുന്ന തേറിടിശ്ശിപ്പൂക്കൾ പൊട്ടിച്ചെടുത്ത് അവയുടെ ഉത്തേജിതമായ മണം ഞങ്ങൾ ആസ്വദിച്ചു. ആ ചെടിയുടെ കറുത്ത പഴങ്ങൾ ഞങ്ങൾ തിന്നു. മണലിൽ ഞങ്ങൾ ചിത്രങ്ങൾ വരച്ചു. ആദർശകാമുകന്മാരെപ്പററി സംസാരിച്ചു. ചൂടുള്ള വെണ്ണീറിൻെറ സഹായത്തോടെ ഞങ്ങൾ കൈത്തണ്ടയിലുള്ള നനുത്ത രോമങ്ങൾ പിഴുതെടുത്തു കളഞ്ഞു. കണ്ണിൽ മഷിയെഴുതി വാൽ നീട്ടി സുന്ദരികളായി.

ഒരു ദിവസം അമ്മമ്മ അല്പം മുഷിഞ്ഞ ഒരു മേൽമുണ്ടു ചുമലിലിട്ടുകൊണ്ട് സർവോദയയിൽ വന്നു. 'കമലയെ കാണാൻതന്നെ കിട്ടണില്യ. എപ്പോഴും കൂടെ സഖിമാരാണ്.' അമ്മമ്മ പറഞ്ഞു. ഒരു രാത്രി അമ്മമ്മയുടെ കൂടെ നാലപ്പാട്ടു കഴിച്ചുകൂട്ടണമെന്നും അർദ്ധരാത്രിവരെ സംസാരിച്ചു രസിക്കാമെന്നും അവർ എന്നോടു പറഞ്ഞു. ഞാൻ അന്നു രാത്രിതന്നെ നാലപ്പാട്ടേക്കു വരാമെന്ന് ഏററു. മുകളിലെ നടുവിലെ മുറിയിൽ, ജനാലപ്പടിമേൽ ഒരു വിളക്കു കത്തിച്ചുവെച്ച്, താൻ എനിക്കുവേണ്ടി കാത്തിരിക്കാമെന്ന്





അമ്മമ്മ പറഞ്ഞു. പക്ഷേ, അതു തുലാമാസമായിരുന്നു. കാററ് മഴയുടെ മുന്നറിയിപ്പു തന്നുകൊണ്ട് ഇടയ്ക്കിടയ്ക്കു ചീറിക്കൊണ്ടിരുന്നു. ഞാൻ ഊണിനുശേഷം ടോർച്ചുമെടുത്തു പുറപ്പെട്ടപ്പോൾ അച്ഛൻ പറഞ്ഞു: 'പോണ്ട.' കോണിപ്പടികൾ ഇറങ്ങാൻ തുടങ്ങിയിരുന്ന ഞാൻ നിരാശയോടെ വീണ്ടും ആ പടികൾ കയറി എൻെറ കിടപ്പറയിലേക്കു ചെന്നു. നാനൂറോളം കൊല്ലങ്ങളുടെ പഴക്കമുണ്ടായിരുന്നതും അല്പം ജീർണിച്ചതുമായ നാലപ്പാട്ടു വീട്ടിൽ ആ മഴക്കാലത്തു ഞാൻ കിടന്നുറങ്ങുന്നത് അച്ഛന് ഇഷ്ടമായില്ല. അന്നു രാത്രി രണ്ടുമണിക്കോ മറേറാ ഞാൻ ഉണർന്ന്, വരാന്തയിൽച്ചെന്നു കിഴക്കോട്ടു നോക്കി. അപ്പോഴും നാലപ്പാട്ടെ അമ്മമ്മയുടെ ജനാലപ്പടിമേൽ വെച്ച കോഴിമുട്ടവിളക്കു മങ്ങിക്കത്തിക്കൊണ്ടിരുന്നു. വാർദ്ധക്യത്തിൻെറ ഏകാന്തതയുടെ പ്രതീകമായി കാണപ്പെട്ടു ആ വിളക്ക്. ഞാൻ ബോംബെയ്ക്കു മടങ്ങുന്നതിനുമുമ്പ് ഒരിക്കലെങ്കിലും അമ്മമ്മയുടെയൊപ്പം തനിച്ചിരുന്നു സംസാരിക്കലുണ്ടായില്ല. ഒരിക്കൽ തൻെറ ശരീരത്തോടു ചേർന്നു കിടന്ന് ഉറങ്ങിയിരുന്ന പേരക്കുട്ടി വളർന്നു വളർന്ന് ഒരപരിചിതയായിയെന്ന് അമ്മമ്മയ്ക്ക് അങ്ങനെ മനസ്സിലായി. ബോംബെയ്ക്കു മടങ്ങുവാൻ യാത്ര ചോദിച്ചു. ടാക്സിയിൽ കേറുമ്പോൾ അമ്മമ്മ ചുവന്ന കണ്ണുകളുമായി പടിപ്പുരയുടെ ചവിട്ടുപടിമേൽ വന്നു നിന്നു.

'വിഷുവിനു വരണം, ട്ടോ.' അവർ പറഞ്ഞു.

ഞാൻ തലകുലുക്കി.

'വിഷുവിനു വരില്യേ?'

അവർ ചോദിച്ചു.

'വിഷുവിനു വരാം.' ഞാൻ പറഞ്ഞു. വിഷുവിനു രണ്ടാഴ്ച മുമ്പ് അവർ മരിക്കുകയുംചെയ്തു.

ബാല്യകാലം. അമ്മമ്മ. വിളക്ക്. ഇടിഞ്ഞുപൊളിയുന്ന ഒരു വീട്. വിഷു.... ഈ വാക്കുകൾ ഓരോന്നും ഇന്ന് എൻെറ ഹൃദയത്തെ മുറിപ്പെടുത്തുന്നു. പക്ഷേ, പശ്ചാത്തപിച്ചിട്ടെന്തു ഫലം? ഭൂതകാലത്തിൽ നമ്മുടെ കാലടികൾ ഉറച്ചുനിൽക്കുകയില്ല. നാം ഭാവിയുടെ ഓമനകളാണ്. മുന്നോട്ടേക്കു മാത്രം കാൽവെപ്പുകൾ വെക്കുന്ന നൃത്തമായിത്തീരണം നമ്മുടെ ജീവിതം. അതുകൊണ്ട് എൻെറ അമ്മയുടെ അമ്മേ, നിങ്ങളുടെ ചുവന്ന, ആർദ്രമായ, ഹൃദയം പഴത്തിൽനിന്ന് അതിൻെറ വിത്തെന്നപോലെ പിഴുതെടുത്ത് നിങ്ങളുടെ ചിതയിലേക്ക് ഞാൻ ഇന്ന് എറിയുന്നു. നിങ്ങൾ സ്നേഹിച്ച നാലപ്പാട്ടു വീടിൻെറ പഴക്കം തട്ടിയ അസ്ഥികൂടം ചുററികകൾകൊണ്ടു തകർക്കുകയും അതിൻെറ തറക്കല്ലുകൾ വെട്ടിയിളക്കുകയും ഞാൻ ചെയ്യുന്നു. തെക്കെ പറമ്പിൽ ശയിക്കുന്ന പ്രേതങ്ങൾ ആശാരികളുടെയും മററു പണിക്കാരുടെയും തട്ടലും മുട്ടലും കേട്ട് ഒരു നിശ്ശബ്ദരോദനം തുടങ്ങുന്നു....

ഒരു വെള്ളിയാഴ്ച രാത്രി ഏകദേശം രണ്ടു മണിക്ക് ഞാൻ അമ്മമ്മ മരിച്ചുകിടക്കുന്നതായി സ്വപ്നം കണ്ടുകൊണ്ട് ഉണർന്നു. എൻെറ ഭർത്താവ് എന്നെ സമാധാനിപ്പിക്കാനായി പറഞ്ഞു: 'സ്വപ്നത്തിൻെറ നേരെ വിപരീതമാണ് ഫലിക്കുക.' പക്ഷേ, തിങ്കളാഴ്ച എനിക്കു വിവരം കിട്ടി, അമ്മമ്മ വെള്ളിയാഴ്ച രാത്രി മരിച്ചുവെന്ന്. അമ്മമ്മ ഒരു യാഥാസ്ഥിതികയും സദാചാര

നിയമനിഷ്ഠയുമായിരുന്നു. എൻെറ ജീവിതരീതികൾ അവരെ വേദനിപ്പിക്കരുതെന്ന് ഞാൻ ആഗ്രഹിക്കാറുണ്ടായിരുന്നു. അതുകൊണ്ട് എന്നെ ലോകത്തിൽ വെച്ച് ഏററവും സ്നേഹിച്ചിരുന്ന ആ വ്യക്തിയുടെ മരണത്തിൽ ഞാൻ ഒരു നിമിഷത്തിൽ കഠിനമായി ദുഃഖിക്കുകയും, മറേറ നിമിഷത്തിൽ പുതിയ സ്വാതന്ത്ര്യലബ്ധിയിൽ സന്തോഷിക്കുകയുംചെയ്തു. ഒരാഴ്ചയ്ക്കുള്ളിൽ ഞാൻ സർവ ബാഹ്യസൗന്ദര്യങ്ങളും തികഞ്ഞ ഒരു ചെറുപ്പക്കാരനിൽ അനുരക്തയായി. ഞാൻ ജിംഖാനയിൽ നിന്നു ടെന്നീസ് പഠിച്ചു മടങ്ങുന്ന വഴിയിൽ അയാൾ എന്നെ പുഞ്ചിരിയോടെ അഭിവാദ്യംചെയ്തു.

അസ്തമിക്കാറായ സൂര്യൻ അയാളുടെ ചാരവർണമിഴികളിൽ ചെറിയ തീനാളങ്ങൾ വീഴ്ത്തി. അയാളുടെ പല്ലുകളുടെ വെണ്മയും അഴകും കവിളുകളുടെ തുടുപ്പും എന്നെ പെട്ടെന്നു നമ്രയും നിരഹങ്കാരയുമാക്കിത്തീർത്തു.

## 14

## അന്ധകാരത്തിൻെറ ആദ്യത്തെ അദ്ധ്യായം

പിന്നീട് ഞാൻ ബോംബെയ്ക്കു വന്നപ്പോൾ എൻെറ ഭർത്താവ് ഹരിനിവാസിലെ വീട് ഒരു മഹാരാഷ്ട്രക്കാരനു വിററു. വീടു മാറിയാൽ ഞങ്ങളുടെ വിവാഹജീവിതവും ഭേദപ്പെടുമെന്ന് അദ്ദേഹത്തിനു തോന്നിയിരിക്കാം. ഖാർ എന്ന നഗര പരിസരത്തിൽ ഒരു വാടകവീട്ടിൽ ഞങ്ങൾ താമസമാക്കി. അദ്ദേഹത്തിൻെറ ഏററവും പ്രിയപ്പെട്ട സ്നേഹിതൻ ഞങ്ങളുടെ അയല്ക്കാരനുമായി. ഞങ്ങളുടെകൂടെ അന്ന് ഒരു വെപ്പുകാരനും ഒരു വൃദ്ധയായ വേലക്കാരിയും ഒരു പതിനഞ്ചുകാരിയായ വേലക്കാരിയും ഉണ്ടായിരുന്നു. എല്ലാം പുതുമുഖങ്ങൾ.

എൻെറ ഭർത്താവ് അക്കാലത്ത് രാവിലെ ഒമ്പതിനോ അതിനു മുമ്പോ ഓഫീസിലേക്കു പോയാൽ മടങ്ങിയെത്തുക രാത്രി പത്തു കഴിഞ്ഞിട്ടായിരുന്നു. അതുകൊണ്ട് എൻെറ മകനെ ലാളിക്കുവാനെന്നല്ല, അവനെ പരിചയപ്പെടാൻകൂടി അദ്ദേഹത്തിന് അവസരം കിട്ടിയില്ല. രാത്രി പന്ത്രണ്ടു മണിക്കോ മറേറാ ഒരിക്കൽ അവൻ ഉറക്കെ നിലവിളിച്ചു തുടങ്ങിയപ്പോൾ എൻെറ ഭർത്താവ് കോപിഷ്ഠനായിത്തീർന്നു. അവർ തമ്മിൽ ഉണ്ടായിരുന്ന സ്നേഹക്കുറവ് എന്നെ വ്യസനിപ്പിച്ചു. എൻെറ ഭർത്താവിനു ഞായറാഴ്ചയും ഒഴിവുണ്ടായിരുന്നില്ല. Rural Credit Survey Committee-യുടെ റിപ്പോർട്ട് പുറത്തിറക്കുവാനുള്ള ശ്രമത്തിലായിരുന്നു റിസർവ് ബാങ്ക്. അതുകൊണ്ട് മൗനം ഭഞ്ജിക്കാതെ എല്ലാ രാത്രിയിലും ഞാൻ ഉറങ്ങാൻ കിടന്നു കഴിഞ്ഞാൽ എൻെറ കിടപ്പറയിൽ പ്രവേശിച്ച് എൻെറ അവമാനിതമായ ശരീരത്തെ ഉപയോഗപ്പെടുത്തുന്ന ഒരാൾ മാത്രമായിത്തീർന്നു അദ്ദേഹം. ഞാൻ രാത്രിയിൽ വളരെ നേരം കിടന്നു കരഞ്ഞു. എനിക്ക് അക്കാലത്തു സ്നേഹിതന്മാരുണ്ടായിരുന്നു. പക്ഷേ, സ്നേഹം ലഭിച്ചിരുന്നില്ല. ഈ വിവാഹം ഒരു പരാജയമാണെന്നു സമ്മതിച്ചു നാട്ടിൽ പോവാനും എനിക്കു ധൈര്യം വന്നില്ല: കാരണം,





എൻെറയും എൻെറ ഭർത്താവിൻെറയും വീടുകൾ തമ്മിലുള്ള ബന്ധത്തിനു വളരെയധികം വർഷങ്ങളുടെ പഴക്കമുണ്ടായിരുന്നു. എൻെറ അമ്മയുടെ അമ്മാവനായിരുന്ന നാരായണമേനോൻ ആദ്യമായും രണ്ടാമതായും വിവാഹം ചെയ്തത് ആ കുടുംബത്തിൽനിന്നായിരുന്നു. ആ കുടുംബത്തിലെ ഒരംഗമായിരുന്നു എൻെറ ചെറിയമ്മയുടെ ഭർത്താവ്. എൻെറ ഏററവും പ്രിയപ്പെട്ട സ്നേഹിത മാലതിക്കുട്ടിയും ആ കുടുംബത്തിലെ ഒരംഗമായിരുന്നു. മാത്രമല്ല, സമുദായത്തിലുള്ള സ്ഥാനത്തെപ്പററി സദാസമയവും ചിന്തിക്കുന്ന ഒരു മനഃസ്ഥിതിയായിരുന്നു അക്കാലത്ത് എൻെറ മാതാപിതാക്കൾക്കും നാലപ്പാട്ടെ മററുള്ളവർക്കും. വിവാഹമോചനത്തിനുശേഷം എൻെറ സ്ഥിതി തീരെ പരിതാപകരമാവുമെന്ന് എനിക്കറിയാമായിരുന്നു. ഒരു കുട്ടിയുള്ളവളും കാണാൻ സാധാരണക്കാരിയുമായ ഒരു ചെറുപ്പക്കാരിയെ പുനർ വിവാഹം ചെയ്യുവാൻ അത്ര വേഗത്തിലൊന്നും മറെറാരാൾ മുന്നോട്ടു വരികയുമില്ല. പഠിപ്പില്ലാത്തവളായ എനിക്ക് ഉദ്യോഗവും കിട്ടുകയില്ല. ഈവക ചിന്തകൾ എൻെറ ഉറക്കത്തെ നശിപ്പിച്ചു.

ഒരിക്കൽ എൻെറ ഭർത്താവ് എങ്ങോ ടൂറിനായി പോയപ്പോൾ എൻെറ മകൻ വിഷബാധയേററു മരിക്കാറായി. വേലിക്കൽ വളർന്നുനിന്നിരുന്ന ആവണക്കിൻകായ് അവൻ തിന്നുവെന്ന് അവനെ പരിചരിച്ചിരുന്ന വൃദ്ധ എന്നോടു പറഞ്ഞു. കുട്ടിയുടെ ഛർദി നിൽക്കാതെയായി. എന്നിട്ടു നീലനിറത്തിലുള്ള ചുണ്ടുകളിലൂടെ അവൻ എന്നെ വിളിച്ചു പൊട്ടിക്കരഞ്ഞു. അവൻെറ തൊലിയുടെ നീരു വററി. അവൻെറ കണ്ണുകൾക്കു കീഴിൽ ഇരുണ്ട നിഴലുകൾ വീണു. ഡോക്ടർ ആ അർദ്ധരാത്രിയിൽ എന്നെ സമാധാനിപ്പിക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. ദൈവം സഹായിക്കട്ടെ എന്ന് അയാൾ പറഞ്ഞു. ഞാൻ അടുക്കളയുടെ നിലത്തു ചെന്നുവീണ് ഗുരുവായൂരപ്പനെ വിളിച്ചു തേങ്ങി. അവൻെറ ദീനം മാററിയാൽ എൻെറ സകല ആഭരണങ്ങളും ഗുരുവായൂർക്കു കൊടുക്കാമെന്നു ഞാൻ വാഗ്ദാനം ചെയ്തു. ഭാഗ്യവശാൽ അവനെ എനിക്കു മടക്കിക്കിട്ടി. അതിനുശേഷം സാധാരണയായി ഞാൻ പണ്ടങ്ങൾ ധരിക്കാറില്ല, വിവാഹമോതിരമൊഴികെ.

അകത്തെ അന്ധകാരം നിമിത്തം എൻെറ മുഖത്തിൻെറ ചൈതന്യം തീരെ നശിച്ചു. ഒരു മുഷിഞ്ഞ സാരിയും ധരിച്ചുകൊണ്ടു ഞാൻ ആ മുറികളിൽ സദാസമയവും ഉലാത്തിക്കൊണ്ടിരുന്നു. എനിക്കു ഭ്രാന്താണെന്ന് എൻെറ ഭർത്താവു പറഞ്ഞു. 'നിനക്കെന്താണ് വേണ്ടതെന്ന് എനിക്കറിയില്ല.' അദ്ദേഹം നീരസത്തോടെ പറഞ്ഞു.

അദ്ദേഹം തൻെറ സ്നേഹിതനുമായി കൂടുതൽ അടുത്തു. അവർ അന്യോന്യം സ്നേഹപ്രകടനങ്ങൾ നടത്തുമ്പോൾ ഞാൻ ആ മുറി വിട്ടു പോന്നു. അവർ കാമുകീകാമുകന്മാരെപ്പോലെ പെരുമാറി. എൻെറ പിറന്നാൾ ആഘോഷിക്കുവാനെന്നു പറഞ്ഞ് ഒരു ദിവസം രാവിലെ—അന്നു ഞായറാഴ്ചയായിരുന്നു—അവർ എന്നെ പുറത്താക്കിയിട്ടു കിടപ്പുമുറിയിൽ കടന്നു വാതിൽ അടച്ചുപൂട്ടി. ഞാൻ കരച്ചിലൊതുക്കിക്കൊണ്ട് ഉമ്മറത്തേക്കു പോയി. എൻെറ സുന്ദരനായ മകനെ എടുത്തു പൊക്കിക്കൊണ്ട് ഞാൻ അവനെ പലവുരു ചുംബിച്ചു. എൻെറ സ്ത്രീത്വത്തോടും എനിക്ക് അവജ്ഞ തോന്നി.

എൻെറ സ്വകാര്യഭാഗം എൻെറ ആത്മാവിൻെറ മുറിവാണെന്ന്, ഒരു വ്രണം മാത്രമാണെന്ന്, ഒരു നിമിഷത്തിൽ എനിക്കു തോന്നിപ്പോയി.

ഉറങ്ങിക്കിടന്ന എൻെറ ഭർത്താവിൻെറ കാലടികളെ ആശ്ലേഷിച്ചുകൊണ്ടു ഞാൻ ഉറങ്ങാതെ കിടന്നു. അദ്ദേഹത്തിൻെറ സ്നേഹം ഒരിക്കലും എനിക്കു കിട്ടുകയില്ല എന്നു ഞാൻ വിചാരിച്ചു. ഒരു രാത്രിയിൽ ഞാൻ, ഉറങ്ങിക്കിടന്നിരുന്ന ഭർത്താവിനെയും മകനെയും വിട്ട് വീട്ടിൻെറ ടെറസ്സിലേക്കു ചെന്ന്, കീഴ്പ്പോട്ടു നോക്കി. മുററത്തും മതിലിനപ്പുറത്തുള്ള നിരത്തിലും തളംകെട്ടിയിരുന്ന നിലാവിൽ എൻെറ ചോരത്തുള്ളികൾ തെറിപ്പിച്ചുകൊണ്ട്, ആത്മഹത്യ ചെയ്യുവാൻ ഞാൻ തീരുമാനിച്ചു. ആകാശത്തിൽ ധൃതിയിൽ നീങ്ങിയിരുന്ന ചന്ദ്രബിംബം. തെരുവിൻെറ വക്കത്തെ കുപ്പത്തൊട്ടിയിൽ ഭക്ഷണത്തിനുവേണ്ടി പരതുന്ന രണ്ടു തെണ്ടിനായ്ക്കൾ. അംബേഡ്ക്കർ റോഡിൻെറ തുടക്കത്തിൽ ബസ്ഡ്രൈവർമാരുടെ വിശ്രമത്തിനുണ്ടാക്കിയ ഷെഡ്ഡിൽ നിന്നുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടും തിരിഞ്ഞു നൃത്തംചെയ്യുന്ന ഒരു ഭ്രാന്തൻ. ഞാൻ നാലടി പിന്നോക്കം വച്ചു. ആ ഭ്രാന്തൻെറ താളം പെട്ടെന്ന് എൻെറ കാലുകളെ സ്വീകരിച്ചു. ഞാൻ എൻെറ തലമുടി അഴിച്ചിട്ടു. ലോകത്തിൻെറ ഏകാന്തമായ വെൺമാടത്തിൽ ഞാൻ നൃത്തം ചെയ്യുകയാണെന്ന് എനിക്കു തോന്നിര അവസാനത്തെ മനുഷ്യൻെറ ഉന്മത്തനൃത്തം.

അന്നു ഞാൻ കോണിപ്പടികൾ ഇറങ്ങിയതും എൻെറ വീട്ടിൽ പ്രവേശിച്ചതും ഒരു സ്വപ്നാടനക്കാരിയായിട്ടായിരുന്നു. ഞാൻ ഞങ്ങളുടെ ചെറിയ സൽക്കാരമുറിയിൽ വിളക്കു കത്തിച്ചു. കടലാസുകളെടുത്ത് തെളിഞ്ഞ ഒരു ഭാവിയെപ്പററി കവിതയെഴുതുവാൻ ഞാൻ ആരംഭിച്ചു:

Wipe out of the paints unmould the clay
Let nothing remain of that yesterday....

പിറേറദിവസം രാവിലെതന്നെ ഞാൻ ആ കവിത പി.ഇ.എൻ. കാരുടെ മാസികയിലേക്ക് അയച്ചു. എൻെറ ദുഃഖം തേൻതുള്ളികളായി കടലാസിൽ ഇററിററുവീണു. എൻെറ ദുഃഖം കറുത്ത മേഘപടലങ്ങളെപ്പോലെ അന്നു മുതൽ മാസികകളിലൂടെ ഏടുകളിൽ പറന്നു നടന്നു.

എൻെറ വൃദ്ധയായ ഭൃത്യ ആ വീടിന് അരനാഴികയുടെ ചുററുവട്ടത്തിലുള്ള മലയാളികളെയെല്ലാം പരിചയപ്പെട്ടുകഴിഞ്ഞിരുന്നു. അവർ ഉച്ചനേരത്തും ഞായറാഴ്ച രാവിലെയും അവിടെയുമിവിടെയും ചെന്നു കുശലാന്വേഷണങ്ങൾ നടത്തി, പല സമ്മാനങ്ങളും നേടിക്കൊണ്ടുവന്നിരുന്നു. അവർക്കു പണവും തുണിത്തരങ്ങളും ചില അവിവാഹിതർ താമസിക്കുന്ന ടെറസ്സിൽനിന്നു കിട്ടുന്നുണ്ടെന്ന് എനിക്കു വിവരം കിട്ടി. പക്ഷേ, ശകാരിച്ചു പരിശീലിക്കാത്തവളായ എനിക്ക് അതിനെപ്പററി അവരോടു ചോദിക്കാൻ കഴിഞ്ഞിരുന്നില്ല. വല്ലതും ചോദിച്ചാൽ തികഞ്ഞ അവജ്ഞയോടെ അവർ തലവെട്ടിച്ചു പറയുമായിരുന്നു: 'കുട്ടിക്കു ഭ്രാന്താ.' ഒരിക്കൽ എൻെറ ഭർത്താവ് ഓഫീസ്കാര്യം സംബന്ധിച്ച് ഒരു സർക്കീട്ടിലായിരുന്നു. രാത്രിയിൽ ഞാൻ ഉറങ്ങിക്കിടക്കുമ്പോൾ എൻെറ വാതിൽക്കൽ ആരോ വന്നു മുട്ടി. അന്നു തലവേദനയും അല്പം പനിയുമുണ്ടായിരുന്നതുകൊണ്ടു ഞാൻ കുട്ടിയെ മറേറ കിടപ്പറയിൽ വൃദ്ധയുടെകൂടെയാണ് കിടത്തിയിരുന്നത്. അതുകൊണ്ട് അവൻ എന്നെ കാണാൻ ആവശ്യപ്പെടുന്നുണ്ടായിരിക്കുമെന്നു കരുതി ഞാൻ എഴു





ന്നേററു വാതിൽ തുറന്നു. ഇരുട്ടിൽ വൃദ്ധ നില്ക്കുന്നുണ്ടായിരുന്നു. അവരുടെ പിന്നിൽ ഒരവ്യക്ത നിഴലും: 'കുട്ട്യേ, ഇതാ വന്നിരിക്കുന്നൂ, കുട്ട്യോട് എന്തോ പറയാണ്ട്ത്രെ....' അവർ പറഞ്ഞു. 'ഈ സമയത്തോ? ഈ സമയത്ത് ആരും എന്നെ കാണാൻ വരണ്ട. നാളെ രാവിലെ പറയാം.' ഞാൻ പറഞ്ഞു. ഭയംകൊണ്ട് എൻെറ തൊണ്ട വരണ്ടുപോയി.

ആ മനുഷ്യൻ മുറിയിലേക്കു പ്രവേശിച്ചു.

'അർദ്ധരാത്രിക്കോ?' ഞാൻ ഉറക്കെ ചോദിച്ചു.

'കുട്ടി പേടിക്കണ്ട, കുട്ടീനെ ഉപദ്രവിക്കില്യ. കുട്ടിയോടുള്ള ഇഷ്ടംകൊണ്ട് വന്നതല്ലേ?' വൃദ്ധ ചോദിച്ചു. അവർ അപ്രത്യക്ഷയുമായി.

'ദയവുചെയ്ത് ഇവിടെനിന്നു പോവൂ. നാളെ രാവിലെ വരൂ.... ഇപ്പോൾ എന്തു പറയാനാണ്?' ഞാൻ പുലമ്പിക്കൊണ്ടേയിരുന്നു. എൻെറ കാൽമുട്ടുകൾ വിറച്ചു. അയാൾ എന്നെ മുറുകെ കെട്ടിപ്പിടിച്ചുകൊണ്ടു കട്ടിലിലേക്കു വീഴ്ത്തിയിട്ടു. കോൾഡ് ക്രീം പുരട്ടിയിരുന്ന എൻെറ കവിൾത്തടത്തിൽ അയാളുടെ പരുത്ത മുഖം ഉരസിക്കൊണ്ടിരുന്നു.

അയ്യോ! ദയവുചെയ്ത് ഇവിടെനിന്നു പോവൂ....' ഞാൻ പറഞ്ഞു. അയാൾ ആ ഇരുട്ടിൽ, ഇരുട്ടിലും ഇരുണ്ട ഒരു മൗനത്തിൽ എൻെറ ശരീരത്തിനു മീതെ കിടന്നു. ഏതോ മദ്യത്തിൻെറ ദുർഗ്ഗന്ധം അയാളുടെ ശ്വാസത്തിനുണ്ടായിരുന്നു. അസമ്പൂർണ്ണമായ ഒരു ബലാൽസംഗത്തിനുശേഷം അയാൾ എൻെറ കാല്ക്കൽ തളർന്നു വീണു. വേദനയും ലജ്ജയും മൂലം എൻെറ ശരീരം ചലനരഹിതമായിക്കഴിഞ്ഞിരുന്നു. അയാൾ എൻെറ കാൽവിരലുകളെ ചുംബിച്ചു. ആ ചുണ്ടുകൾ പൊള്ളുന്നതായി എനിക്കു തോന്നി. 'എനിക്കു മാപ്പു തരില്ലേ, കുട്ടീ?' അയാൾ ചോദിച്ചു.

ഞാൻ ഒന്നും പറഞ്ഞില്ല.

'ഇതിനെപ്പററി വല്ലവരോടും പറയുമോ?' അയാൾ ചോദിച്ചു.

കുറച്ചു കഴിഞ്ഞപ്പോൾ അയാൾ ഉറങ്ങി. ഞാൻ എഴുന്നേററ് എൻെറ മകൻ കിടന്നിരുന്ന മുറിയിലേക്കു ചെന്നു. അവനെ കെട്ടിപ്പിടിച്ചുകൊണ്ടു കിടക്കുമ്പോഴും എൻെറ ഹൃദയം ഉറക്കെ മിടിച്ചുകൊണ്ടിരുന്നു. അതു ചിറകുള്ള ഒരു പക്ഷിയാണെന്ന് എനിക്കു തോന്നി. പിറേറദിവസം രാവിലെ ഞാൻ ഉണർന്നപ്പോൾ രാത്രിയിൽ നടന്ന സംഭവം ഒരു ദുഃസ്വപ്നംപോലെ വിദൂരമായി തോന്നി. പക്ഷേ, ഞാൻ എൻെറ ഒഴിഞ്ഞ കിടപ്പുമുറിയിൽ ചെന്ന് അവിടെയാകെ കണ്ണോടിച്ചുകൊണ്ടുനില്ക്കുമ്പോൾ വേലക്കാരിയായ വൃദ്ധ എന്നോടു നീരസത്തോടെ ചോദിച്ചു:

'എന്താ, ഇത്രെ നോക്കണത്?'

ഞാൻ ഒന്നും പറഞ്ഞില്ല. പറഞ്ഞാലും അവർ പറയും: 'കുട്ടിക്കു ഭ്രാന്താ.'

പിറേറദിവസം രാത്രിയായപ്പോൾ ഞാൻ എൻെറ മകനെ എടുത്തുകൊണ്ടുവന്ന് കിടക്കയിൽ കിടത്തി. അക്കാലത്ത് ഞാനും അവനും കൂടി ഒരു പ്രത്യേക കളി കളിച്ചിരുന്നു. കിടക്കവിരി നിലംതൊടുന്നതു വരെ ഇറക്കിവിരിച്ച് ഞാൻ അവൻ കാണാതെ കട്ടിലിൻെറ അടിയിൽ ചെന്ന് ഒളിച്ചിരിക്കും. എന്നിട്ട് എൻെറ സ്വരം മാററിക്കൊണ്ട് ഞാൻ അവനെ വിളിക്കും:

'മോനൂ!'

ഞാൻ ശ്രീകൃഷ്ണനാണെന്നു കരുതി എൻെറ മകൻ സംസാരിച്ചു തുടങ്ങും.

'ഉണ്ണികൃഷ്ണൻ ഇന്നു കാട്ടിൽ പോയില്ലേ?'

'ബലഭദ്രൻ എവിടെ?'

പല ചോദ്യങ്ങളും അവൻ ചോദിച്ചുകൊണ്ടിരിക്കും. ഉണ്ണികൃഷ്ണനും ബലഭദ്രനും അന്നു രാവിലെമുതൽ ഭക്ഷിച്ച ആഹാരങ്ങളുടെ ഒരു പട്ടികയും കളിച്ച കളികളുടെ ഒരു സുദീർഘവിവരണവും ഞാൻ കൊടുക്കും.

ഉണ്ണികൃഷ്ണൻെറ പിന്നാലെ നടക്കുവാൻ ഒരു കുരങ്ങുമുണ്ടെന്നു ഞാൻ അവനെ ധരിപ്പിച്ചിരുന്നു.

'ഇന്നു കുരങ്ങനെ കൊണ്ടുവന്നിട്ടില്ലേ?' എൻെറ മകൻ ചോദിക്കും.

'ഇതാ, ഇവിടെത്തന്നെയുണ്ട്.' ഞാൻ പറയും. എന്നിട്ടു കുരങ്ങിൻെറ വക ചിലയ്ക്കുന്ന അഭിവാദ്യം. പലപ്പോഴും ഞാൻ ചോക്കലേററുകൾ, കളിപ്പാട്ടങ്ങൾ മുതലായവ സ്വകാര്യത്തിൽ വാങ്ങിപ്പിച്ച് അതു കട്ടിലിൻെറ അടിയിൽനിന്നു തുണിയിട്ടു മൂടിയ കൈകൊണ്ട് അവനായി ഉയർത്തിക്കാട്ടും; ശ്രീകൃഷ്ണൻെറ സമ്മാനങ്ങൾ.

'ഒരു ദിവസമെങ്കിലും പുറത്തു വന്ന് എൻെറയൊപ്പം വന്നു കളിക്കൂ.' എൻെറ മകൻ പറയും.

'ഞാൻ അടുത്തു വരാം. മോനുവിൻെറ പിറന്നാൾപാർട്ടിക്കു നിശ്ചയമായും വരാം.' ശ്രീകൃഷ്ണൻ പറയും.

ഞങ്ങളുടെ രണ്ടുപേരുടെയും യഥാർത്ഥ ജീവിതത്തിൻെറ കീഴിൽ ഒരു സമാന്തരരേഖ(Parallel)പോലെ ഇത്തരത്തിലുള്ള ഒരു സങ്കല്പ ജീവിതമുണ്ടായിരുന്നു. എൻെറ മകൻ അതുകൊണ്ട് ഹിന്ദുമതത്തിലെ ഈശ്വരന്മാരോടെന്നു മാത്രമല്ല, പാശ്ചാത്യരെഴുതിയ Fairy tales-ൽ കാണുന്ന സകല കഥാപാത്രങ്ങളോടും സമ്പർക്കം പുലർത്തിപ്പോന്നു. അവൻെറ ഓരോ ദിവസത്തിലും ഞാൻ മായയും ഇന്ദ്രജാലവും കലർത്തി. അവൻ സദാസമയത്തും ആനന്ദത്തിൻെറ പുഞ്ചിരി തൂകി. എൻെറ കാൽമുട്ടിന്മേൽ ഇരിക്കുമ്പോൾ അവൻ എൻെറ ഉണ്ണികൃഷ്ണനായിത്തീർന്നു.

## 15

## അന്ധകാരത്തിൻെറ രണ്ടാമദ്ധ്യായം

രണ്ടാമതും ഗർഭംധരിച്ചപ്പോൾ എൻെറ സ്വഭാവത്തിനു ചില മാററങ്ങൾ വന്നു. എൻെറ വിവേകത്തിൻെറ തറക്കല്ലുകൾക്കു സാവധാനത്തിൽ ഇളക്കംതട്ടിക്കൊണ്ടിരുന്നു. ഞാൻ മാംസഭുക്കായിത്തീർന്നു. പെട്ടെന്ന് കോപിക്കുവാനും പൊട്ടിക്കരയുവാനും ഞാൻ ശീലിച്ചു.

എട്ടാം മാസത്തിൽ നാലപ്പാട്ടു വന്നതിനുശേഷം എൻെറ മൗഢ്യം അമ്മമ്മയെ വ്യസനിപ്പിച്ചു. ചുവരിലെ ഏതെങ്കിലും ഒരു പുള്ളിയോ വിള്ളലോ





ഉററുനോക്കിക്കൊണ്ട് ഏകദേശം ഒരു മണിക്കൂർനേരം നിശ്ചലയായി ഇരിക്കുവാൻ എനിക്കു കഴിഞ്ഞിരുന്നു.

'കമലയുടെ ചിരിയും കളിയുമൊക്കെ എവിടെപ്പോയി?' അമ്മമ്മ ഈ ചോദ്യം ഇടയ്ക്കിടയ്ക്ക് എന്നോട് ചോദിച്ചു.

ഗർഭിണികൾക്ക് അവർ ഇച്ഛിക്കുന്ന ഭക്ഷണപദാർത്ഥങ്ങൾ കൊടുക്കണമെന്ന് അമ്മമ്മ വിശ്വസിച്ചിരുന്നു. അതുകൊണ്ടു ഞാൻ കുറച്ചു വിസ്കിയോ ബ്രാണ്ടിയോ കുടിക്കാൻ ആഗ്രഹിക്കുന്നു എന്നു പറഞ്ഞപ്പോൾ ആ നിഷേധിവസ്തുക്കളെയും വരുത്തിത്തരുവാൻ അവർ ഏർപ്പാടുചെയ്തു. എൻെറ വലിയമ്മായിയുടെ ഒരു സഹോദരൻ ഇടയ്ക്കിടയ്ക്ക് തൃശൂരിലേക്കു പോവാറുണ്ടായിരുന്നു. അദ്ദേഹം മറെറാരു ലേബൽ പതിപ്പിച്ച് ഒരു കുപ്പി ബ്രാണ്ടി തൃശൂരിൽ നിന്ന് എനിക്കായി കൊണ്ടുവന്നു. അത് എന്തു ചേർത്തിട്ടാണ് കുടിക്കേണ്ടതെന്നൊന്നും എനിക്ക് അന്ന് അറിഞ്ഞിരുന്നില്ല. അമ്മമ്മയും ആദ്യമായിട്ടായിരുന്നു ഈ ദ്രാവകം കാണുന്നത്. അവർ അടപ്പൂരി കുപ്പി ഒന്നു മണപ്പിച്ചു. എന്നിട്ടു മൂക്കു ചുളിച്ചു. അന്നു രാത്രി ഊണിനുശേഷം കുറച്ചു ചുക്കുവെള്ളത്തിൽ ചേർത്തു ഞാൻ നാലഞ്ച് ഔൺസ് ബ്രാണ്ടി കുടിച്ചു. ആദ്യത്തെ മദ്യപാനം. രാവിലെവരെ ഞാൻ ഉറക്കമൊഴിച്ചു കവിതയെഴുതുകയും ചെയ്തു. കുപ്പി അമ്മമ്മ പിന്നീട് കോണിപ്പടിയുടെ ചുവട്ടിലുള്ളതും എണ്ണക്കുപ്പികൾ വെക്കുന്നതുമായ അലമാരിക്കൂട്ടിൽ ഒളിപ്പിച്ചു വച്ചു.

അക്കാലത്തു ഞാൻ അച്ഛൻെറയും അമ്മയുടെയും ഒപ്പം നാലപ്പാട്ടു വീട്ടിന് അര ഫർലോങ് ദൂരെയുള്ള സർവോദയ എന്നു പേരുള്ള പുതിയ വീട്ടിലാണ് ജീവിച്ചിരുന്നത്. പത്താം മാസത്തിൽ ഇടയ്ക്കിടയ്ക്കു ഞാൻ ദ്രാക്ഷാരിഷ്ടം എടുത്തു കുടിച്ചുകൊണ്ടിരുന്നു. ഒരു രാത്രിയിൽ ഞാൻ ദ്രാക്ഷാരിഷ്ടം തന്ന മത്തിൽ അമ്മയുടെ മുറിയിൽ കിടന്ന് ഉറങ്ങുമ്പോൾ അവ്യക്തമായ ഒരു വേദനയോടെ ഞരങ്ങിക്കൊണ്ട് ഉണർന്നു. എൻെറ കട്ടിലിൻെറ കാൽക്കൽ, വെറും നിലത്ത് അമ്മയും അച്ഛനും എന്നെത്തന്നെ നോക്കിക്കൊണ്ട് ഇരുന്നിരുന്നു.

'എന്താ ആമീ, നിനക്കു വയ്യായ ഉണ്ടോ?' അച്ഛൻ ചോദിച്ചു: 'ഉറക്കത്തിൽ വല്ലാതെ ഞരങ്ങിയിരുന്നു.'

ഞാൻ എഴുന്നേററ് എൻെറ കിടപ്പുമുറിയിലേക്കു നടന്നു. വേദന മുറുകിവന്നു. അരമണിക്കൂറിനുള്ളിൽ, ഞാൻ എൻെറ രണ്ടാമത്തെ മകനെ പ്രസവിച്ചു. വീട്ടിലും പരിസരങ്ങളിലും എൻെറ ഉച്ചത്തിലുള്ള നിലവിളി മാറെറാലിക്കൊണ്ടു. അച്ഛൻ സിഗരററ് വലിച്ചുകൊണ്ടു മുററത്ത് അങ്ങോട്ടുമിങ്ങോട്ടും നടന്നു. കരയാതിരി മോളേ, കരയാതിരി' എന്ന് എൻെറ മിഡ്‌വൈഫ് ഇടവിടാതെ പിറുപിറുത്തു. ആദ്യത്തെ പ്രസവത്തിനും അവരായിരുന്നു എന്നെ സഹായിച്ചത്. അന്ന് ഒരു സ്ത്രീയായിക്കഴിഞ്ഞിരുന്നില്ലാത്ത എനിക്കു പ്രസവവേദനയെപ്പററി വ്യക്തമായ ധാരണയൊന്നുമുണ്ടായിരുന്നില്ല. ഗ്രാമഫോണിൽ റെക്കോർഡുകൾ മാററിമാററി വെച്ചുകൊണ്ട് വേദനയെ സംഗീതത്തിൻെറ അലകളിൽ ലയിപ്പിക്കാൻ ഞാൻ ശ്രമിച്ചുകൊണ്ടിരുന്നു. അവസാനത്തെ തീവ്രവേദന വന്നെത്തുന്നതുവരെ എൻെറ കൈയിൽ റെക്കോർഡുകളായിരുന്നു. എൻെറ ഗ്രാമഫോൺ ചലിച്ചുകൊണ്ടിരുന്നു.

രണ്ടാമത്തെ പ്രസവത്തിനുശേഷം എൻെറ പ്രസവചികിത്സ ഭർത്താവിൻെറ അമ്മയും അമ്മമ്മയുംകൂടി ഏറെറടുത്തു. ഭർത്താറിൻെറ അമ്മ ഉണ്ടാക്കിച്ച് അയയ്ക്കുന്ന കരൾസൂപ്പ്, ബ്രാണ്ടിയിൽ ചേർത്ത കോഴിമുട്ട, ചിക്കൻ ബ്രോത് മുതലായവ ഞാൻ കൃത്യം തെററാതെ കഴിച്ചുപോന്നു. രാവിലെ എന്നെ കുഴമ്പു തേപ്പിച്ചു തിരുമ്മി, പിന്നീട് പച്ചമഞ്ഞൾ അരച്ചു തേച്ച്, തെച്ചിയിലയിട്ടു തിളപ്പിച്ച വെള്ളത്തിൽ കുളിപ്പിക്കാൻ ഉണ്ണിമായമ്മ എന്ന സുമംഗലി എത്തുമായിരുന്നു. രക്തവർണമുള്ള വെള്ളത്തിൽ കുളിച്ചിട്ടോ എന്തോ എൻെറ തൊലി തുടുത്തു ചുവന്നു; എൻെറ ശരീരം കൊഴുത്തു. എന്നിട്ടും ചുവരിലെ പുള്ളികൾ എന്നെ അസ്വസ്ഥയാക്കി, രാത്രിയിൽ ഉറക്കം ചുരുങ്ങിച്ചുരുങ്ങിവന്നു.

ബോംബെയിൽ മടങ്ങിയെത്തിയപ്പോൾ എൻെറ തലച്ചോറിലെ അസ്വാസ്ഥ്യം വർദ്ധിച്ചു. വീട്ടിനു പുറത്തു കടന്ന് എങ്ങോട്ടെന്നില്ലാതെ നടക്കുവാൻ, അങ്ങനെ നടന്നു നടന്നു ലോകത്തിൻെറ മറേറ അററം കാണുവാൻ ഞാൻ ആഗ്രഹിച്ചു. നടന്നു നടന്ന് പുറപ്പെട്ടയിടത്തേക്കുതന്നെ മടങ്ങുമെന്നു ഞാൻ അന്ന് ഓർത്തില്ല. ഒരാളുടെ യഥാർത്ഥ ലോകം അയാളുടെ പുറത്തു കാണുന്ന ലോകമല്ല. അയാളുടെ അകത്തുള്ളതും തികച്ചും അനന്തവുമായ ലോകമാണ് അത്. അവനവനിൽക്കൂടി സഞ്ചരിക്കുവാൻ പുറപ്പെട്ട ഒരാൾക്കേ മനസ്സിലാവുകയുള്ളു, താനെടുത്ത പന്ഥാവിന് അററമില്ലായെന്ന്. അതു നീണ്ടുനീണ്ടു കിടക്കുന്നു. ഇതൊന്നും ഇരുപതാം വയസ്സിൽ എനിക്ക് അറിഞ്ഞുകൂടായിരുന്നു. അതുകൊണ്ട് ഞാൻ വീട്ടിൻെറ പിന്നിലെ ചുവന്ന നാടപോലെയുള്ള ചരൽത്തെരുവിൽകൂടി നടന്ന് ഡാൻഡ (Danda) എന്ന കടൽത്തീരത്തു ചെന്നെത്തി. മുക്കുവന്മാർ മടക്കിവെച്ച കറുത്ത വലക്കെട്ടിന്മേൽ ഇരുന്നുകൊണ്ട് ഞാൻ സമുദ്രത്തെ നോക്കി. അതിലെ പ്രക്ഷുബ്ധത എൻെറ ഉള്ളിലെ അവ്യക്തമായ അസ്വാസ്ഥ്യത്തെ ഇരട്ടിപ്പിച്ചു.

സ്വബോധമില്ലാത്തവളെപ്പോലെ സംസാരിക്കുന്നവളായ എന്നെ ഒരു മനഃശാസ്ത്രവിദഗ്ദ്ധനെ കാണിക്കുകയാണു നല്ലതെന്ന് എൻെറ ഭർത്താവിനോടു സ്നേഹിതന്മാർ പറഞ്ഞു. സ്വതവേ ലജ്ജാശീലയായ ഞാൻ വസ്ത്രങ്ങൾ ഊരി മുറിയിൽ നടന്നു. എന്നെ നോക്കിക്കൊണ്ട് എൻെറ വൃദ്ധയായ വേലക്കാരി പലപ്പോഴും കരഞ്ഞു.

ഒരു ദിവസം മനഃശാസ്ത്രവിദഗ്ദ്ധൻ വന്നെത്തി. അന്നു ഞാൻ ഉമ്മറത്തു രണ്ടു ചിത്രങ്ങൾ വരച്ചുവെച്ചിരുന്നു. പാമ്പുകളും ഭൂതങ്ങളും കൂടി രമിക്കുന്ന രംഗങ്ങളാണ് ഞാൻ വരച്ചിരുന്നത്. അവയെയാണ് അയാൾ ആദ്യം പരിശോധിച്ചത്. ഞാൻ എൻെറ ഡയറിയിൽ എഴുതിയ കവിതാ ശകലങ്ങളും എൻെറ ഭർത്താവ് അയാളെ കാണിച്ചു കൊടുത്തു. അയാൾ എനിക്ക് ഇടയ്ക്കിടയ്ക്ക് Bromides ഗുളികകൾ കൊടുത്തുകൊള്ളാൻ പറഞ്ഞുകൊണ്ടു യാത്രയായി. ഉടനെതന്നെ ഒരു സ്ഥലമാററം എനിക്ക് ഏർപ്പെടുത്തിക്കൊടുക്കണം എന്നും അയാൾ എൻെറ ഭർത്താവിനോടു പറഞ്ഞു. എൻെറ ഭർത്താവ് പിറേറ ദിവസംതന്നെ എന്നെ ലോണാവലയിലേക്കു കൊണ്ടുപോയി. കനത്തതും തണുപ്പിച്ചു മരവിപ്പിക്കുന്നതുമായ ഒരു മഴ അവിടെ പെയ്തുകൊണ്ടിരുന്നു. എന്നെ അദ്ദേഹം രോമക്കാലുറകളും സ്വെററും ധരിപ്പിച്ചു. എന്നിട്ടു ചൂടുള്ള





ചിക്കൻ സൂപ്പ് സ്പൂൺകൊണ്ട് എനിക്കു കോരിത്തന്നു. അതിനുശേഷം ഞങ്ങളുടെ ഹോട്ടൽമുറിയിൽ ഞാൻ അദ്ദേഹത്തിൻെറ നെഞ്ചോടമർന്നുകൊണ്ട്, മഴയുടെ താളം ശ്രദ്ധിച്ചു കിടന്നുറങ്ങി.

വീണ്ടും ബോംബെയിൽ മടങ്ങിയെത്തിയപ്പോഴേക്കും ഞാൻ താണുപോയ ഒരു സർപ്പമായിക്കഴിഞ്ഞിരുന്നു. Bromides കഴിക്കുക കാരണം എൻെറ കൈത്തലം എപ്പോഴും വിയർത്തും തണുത്തുമിരുന്നിരുന്നു. ഒരു ദിവസം ഞാൻ മുററത്ത് എൻെറ മൂത്ത മകൻെറയൊപ്പം നിന്നിരുന്നപ്പോൾ അവിഹിതസംഘത്തിൽപ്പെട്ട ഒരാൾ ആ വഴിയെ വന്ന് എന്നെ നോക്കി ചിരിച്ചു.

'നല്ല ചരക്കായിട്ടുണ്ടല്ലോ.' അയാൾ എൻെറ ശരീരത്തിൽ കണ്ണോടിച്ചുകൊണ്ടു പറഞ്ഞു.

അതു പറഞ്ഞതിനുശേഷം അയാൾ തൻെറ ചുററുപാടും കണ്ണോടിച്ചു. ആരും ഈ രംഗം കണ്ടില്ല.

ഞാനൊന്നും പറഞ്ഞില്ല.

'എന്നോടിപ്പഴും ദേഷ്യത്തിലോ?' അയാൾ ചോദിച്ചു.

'എനിക്കൊന്നുമറിയില്ല.' ഞാൻ പറഞ്ഞു.

'നിന്നെ സത്യമായും ഞാൻ സ്നേഹിക്കുന്നു.' അയാൾ പറഞ്ഞു. ഞാൻ പൊട്ടിച്ചിരിച്ചു. എൻെറ നിലയ്ക്കാത്ത ചിരികേട്ട് എൻെറ മകൻ പരിഭ്രമിച്ചു.

'ഇങ്ങനെ ചിരിക്കേണ്ട അമ്മേ....ഇങ്ങനെ ചിരിക്കേണ്ട....' അവൻ പറഞ്ഞു. എന്നെ 'സ്നേഹിച്ച' യുവാവ് ആ ബഹളത്തിൽ അപ്രത്യക്ഷനുമായി.

## 16

## ബലിമൃഗങ്ങൾ

സമുദായം അംഗീകരിച്ചിട്ടുള്ള സദാചാരനിയമങ്ങളെ ഞാൻ വകവയ്ക്കാത്തതിനു പല കാരണങ്ങളുമുണ്ട്. നശ്വരമായ മനുഷ്യശരീരമാണ് ഈ സദാചാരത്തിൻെറ അടിത്തറ. അനശ്വരമായ മനുഷ്യാത്മാവിൽ, അല്ലെങ്കിൽ അതു കണ്ടറിയുവാൻ കെല്പില്ലെങ്കിൽ മനുഷ്യമനസ്സിലെങ്കിലും കെട്ടിപ്പടുത്തതാവണം ഉത്തമവും വന്ദനീയവുമായ സദാചാരം എന്ന് ഞാൻ വിശ്വസിക്കുന്നു. സമുദായത്തെ ഒരു വിരൂപിയായ മുത്തശ്ശിയായി ഞാൻ കാണുന്നു. വിദ്വേഷം നിറഞ്ഞ മനസ്സുള്ളവരെയും നുണപറയുന്നവരെയും വഞ്ചിക്കുന്നവരെയും സ്വാർത്ഥികളെയും ഏററവും രഹസ്യമായി കൊല ചെയ്തവരെയും ഈ വൃദ്ധ ഒരു കരിമ്പടംകൊണ്ടു വാത്സല്യത്തോടെ പുതപ്പിക്കുന്നു. ഈ കരിമ്പടത്തിൻെറ രക്ഷയെ വെറുക്കുന്നവർ പുറത്തു കിടന്നു തണുത്തു വിറയ്ക്കുന്നു. നുണകൾ പറഞ്ഞും അഭിനയിച്ചും വിശ്വാസവഞ്ചന നടത്തിയും പലരെയും വെറുത്തും, ഈ സദാചാരപ്പുതപ്പിൻെറ കീഴിൽ ചൂടും സ്വസ്ഥതയുമുള്ളൊരിടം എനിക്കും സമ്പാദിക്കാമായിരുന്നു. പക്ഷേ, ഞാൻ ഒരെഴുത്തുകാരിയാവുമായിരുന്നില്ല. എൻെറ കണ്ഠത്തിൽ

തടഞ്ഞുനില്ക്കുന്ന സത്യങ്ങൾ ഒരിക്കലും വെളിച്ചം കാണുമായിരുന്നില്ല. സാഹിത്യകാരന്റെ ഒന്നാമത്തെ കടമ അവനവനെത്തന്നെ ഒരു ബലിമൃഗമാക്കുക(Guineapig)യാണ്. ജീവിതാനുഭവങ്ങളിൽനിന്ന് രക്ഷപ്പെടാൻ അയാൾ ഒരിക്കലും ശ്രമിക്കരുത്. മഞ്ഞിന്റെ തണുപ്പും തീയിന്റെ ചൂടും അയാൾ അനുഭവിക്കണം. അയാളുടെ കാലുകൾക്കു വിശ്രമമില്ല. അവ കൊലപാതകിയുടെ സങ്കേതത്തിലേക്കും അയാളെ ആനയിക്കുന്നു. അയാളുടെ ഇന്ദ്രിയങ്ങൾക്കു വിശ്രമം കമ്മിയായിരിക്കും. അയാൾ ചിരിക്കുകയും മദ്യപിക്കുകയും ഭോഗിക്കുകയും രോഗബാധിതനായി ബോധമററു കിടക്കുകയും തേങ്ങിക്കരയുകയും ചെയ്യും. മനുഷ്യജീവിതത്തിന്റെ നാനാവശങ്ങളെപ്പററി രേഖപ്പെടുത്തുകയാണ് അയാളുടെ മുഖ്യകർമ്മം. മനുഷ്യശരീരം ഒടുവിൽ തീയിന്റെയോ മൺപുഴുക്കളുടെയോ ഇരയായിത്തീരും. മനുഷ്യൻ ഭൂമിയുടെ ഇരയാണ്. ഭുമിയെ അവൻ തന്റെ മജ്ജയാൽ പോഷിപ്പിക്കുന്നു. പക്ഷേ, അവന്റെ വാക്കുകൾ അനശ്വരങ്ങളായിത്തീരാറുണ്ട്. കാലത്തിനു വിഴുങ്ങുവാൻ കഴിയാത്ത സത്യവാചകങ്ങൾ അവൻ ഇടയ്ക്ക് ഉരുവിടാറുണ്ട്.

സാഹിത്യകാരൻ ഭാവിയുമായി മോതിരം മാറി വിവാഹനിശ്ചയം കഴിച്ച ഒരു വ്യക്തിയാണ്. അയാൾ സംസാരിക്കുന്നത് നിങ്ങളോടല്ല, നിങ്ങളുടെ പിൻതലമുറക്കാരോടാണ്. ആ ബോധം തന്റെ മനസ്സിൽ ഉള്ളതുകൊണ്ടു മാത്രമാണ്, നിങ്ങളിൽച്ചിലർ എറിയുന്ന കല്ലുകൾ അയാളുടെ ശരീരത്തെ നോവിക്കുമ്പോഴും അയാൾ നിശ്ശബ്ദനാവാത്തത്.

സത്യസന്ധതയോടെ യാതൊന്നും മറച്ചുവെക്കാതെ ഇങ്ങനെ ഒരാത്മകഥ എഴുതുന്നത് ഒരു തരത്തിലുള്ള വസ്ത്രമഴിക്കലാ (Striptease)ണെന്ന് ചിലർ എന്നോടു പറഞ്ഞു. ശരിയായിരിക്കാം. എന്റെ വസ്ത്രങ്ങളും ആഭരണങ്ങളും ഞാനാദ്യമായി അഴിച്ചുവെക്കും. അതിനുശേഷം ഇളംതവിട്ടുനിറമുള്ള ഈ തൊലി ഊരുകയും എല്ലുകൾ തകർക്കുകയും ചെയ്യാൻ ഞാൻ ഉദ്ദേശിക്കുന്നു. ഒടുവിൽ എല്ലിനുമകത്ത്, മജ്ജയ്ക്കും കീഴിൽ, ആഴത്തിൽ നാലാമതൊരു ഡൈമൻഷനിൽ (പരിമാണം?) പ്രത്യേകമിരിപ്പിടമില്ലാത്തതും അനാഥവും അതിസുന്ദരവുമായ ആത്മാവിനെ നിങ്ങൾക്കു കാണുവാൻ സാധിക്കുമെന്ന് ഞാനാശിക്കുന്നു. നിറവും മിനുസവും കാന്തിയും ചൂടുമുള്ള ഈ പാഴ്തോടായ ശരീരത്തിനെ പ്രദർശിപ്പിക്കുവാനല്ല ഞാനാഗ്രഹിക്കുന്നത്. ഇതൊരു വെറും കുത്തുപാവയാണ്. ഇതിന്റെ ചലനങ്ങൾക്ക് ഒരു പാവയുടെ ചലനങ്ങളുടെ പ്രാധാന്യമേയുള്ളു. പക്ഷേ, അദൃശ്യമായ എന്റെ ആത്മാവ് നിങ്ങളോടു ചോദിക്കുന്നു എന്നെ സ്നേഹിക്കുവാൻ നിങ്ങൾക്കു സാദ്ധ്യമാവുമോ, എന്നെങ്കിലും ശരീരമെന്ന വസ്ത്രമഴിച്ചു പൂർണനഗ്നമായി നിൽക്കുന്ന എന്നെ സ്നേഹിക്കാമോ....നിങ്ങൾ തലയാട്ടുന്നു, അത് അസാദ്ധ്യമാണ്. അതിന്റെ വില അതിന്റെ വേഷഭൂഷകളുടെ വില മാത്രമാണ്. ഞങ്ങളുടെ കണ്ണിൽ തടിച്ച മുലകൾ, നിബിഡമായ മുടി, നമ്മണമുള്ള രഹസ്യരോമം.... ഇവയെല്ലാം നീക്കിയാൽ അവശേഷിക്കുന്നതു ഞങ്ങൾക്കു വേണ്ടാത്ത വസ്തുവാണ്. അത് ദൈന്യമാണ്, ആ ആത്മാവ്....എന്നിട്ടും ഞാൻ പരിശ്രമിക്കുന്നു. ഒരു വൻകാട്ടിൽ പെട്ടു പോയ വഴിപോക്കൻ ദാഹിച്ചും തളർന്നും ഒടുവിൽ ആ കാട്ടിന്റെ ഹൃദയാന്തർഭാഗത്ത് ഒരു പർണശാല കണ്ടെത്തുന്ന





തുപോലെ വിശുദ്ധമായ ഒരു കൂടിക്കാഴ്ചയായിരിക്കും വായനക്കാരനും എന്റെ ആത്മാവും തമ്മിലുള്ള സമാഗമമെന്നു ഞാൻ വിശ്വസിക്കുന്നു.

കടലിന്റെ അടുത്തു സ്ഥിതിചെയ്യുന്ന 'ധനാസ്ത്ര' എന്ന വളപ്പിൽ ഞങ്ങൾ താമസമാക്കിയത് നീലാകാശവും ചുവന്ന മുരുക്കുപൂക്കളും മഞ്ഞപ്പൂമ്പാററകളും നയനമോഹനമാക്കിത്തീർത്ത ഒരു ജൂൺമാസത്തിലായിരുന്നു. ഒന്നര ഏക്കർ ചുററളവുള്ള ആ വളപ്പിൽ കടലിനെ അഭിമുഖീകരിച്ച് രണ്ടു കൊച്ചുവീടുകളും നിരത്തിന്റെ വശത്തേക്കു തിരിഞ്ഞുകൊണ്ട് ഇടിഞ്ഞു പൊളിയാറായ ഒരു ആറുനിലക്കെട്ടിടവുമുണ്ടായിരുന്നു. ആ പഴയ വീടിന്റെയും കൊച്ചു വീടുകളുടെയും മദ്ധ്യത്തിലും, കിഴക്കെ നിരത്തിൽനിന്നു കടലിലേക്കുള്ള പടിഞ്ഞാറൻ പടിവാതിൽവരെ നീണ്ടുകിടക്കുന്ന പാതയിലും ചുവന്നുമിനുത്ത ചരലുകളായിരുന്നു. രണ്ടാമത്തെ കൊച്ചുവീട്ടിൽ എന്റെ കിടപ്പറയിൽ കിടന്നു നോവലുകൾ വായിക്കുമ്പോൾ, പടി കടന്നു വല്ലവരും നടന്നു വരുമ്പോൾ ചരൽ ഇളകുന്നത് ഞാൻ കേൾക്കാറുണ്ടായിരുന്നു. എന്റെ കിടപ്പുമുറിയുടെ പടിഞ്ഞാറെ ജനലിനു കീഴിൽ മുഴുത്തു വളർന്നു നിന്നിരുന്ന നന്ത്യാർവട്ടത്തിന്റെ പൂക്കളുടെ മണം എന്റെ മുറിയിൽ വളരെക്കാലം തങ്ങിനിന്നു.

മുററത്ത് ബാററ്മിൻറൻ കളിക്കാനൊരു പുൽത്തകിടി. മൈലാഞ്ചി മുറിച്ചു നിർത്തിയ വേലികൾ. വരിവരിയായി വളർത്തിയ കാശിത്തുമ്പകൾ. രാവിലെ പതിനൊന്നുമണിയുടെ വെളിച്ചത്തിൽ പറന്നുകളിക്കുന്ന മഞ്ഞപ്പാററകൾ. ഒരു കടുംപച്ചക്കുപ്പായം ധരിച്ചു തടിച്ചുരുണ്ട കാലുകളിൽ പാററകളെ പിടിക്കുവാൻ ഓടിനടക്കുന്ന എന്റെ രണ്ടാമത്തെ മകൻ പ്രിയദർശൻ—ആ ദിവസങ്ങളുടെ മാധുര്യം മാത്രം ഞാനിന്ന് ഓർക്കുന്നു. ചതുരത്തിലുള്ള കോലായിൽ, ബോഗൻ വില്ലയുടെയും റംകൂൺ ക്രീപ്പറുടെയും വള്ളികൾ രണ്ടു ചുവരുകളിലും തണുത്ത നിഴലുകൾ ചമച്ചു. അവിടെ ഞാനൊരു തൂക്കുവിളക്കു തൂക്കി. ഏററവും മീതെയുള്ള ചവിട്ടുപടിമേൽ ഞാൻ ഒരു സന്ധ്യയ്ക്ക് ഇരുന്നിരുന്നപ്പോൾ ചാരനിറമുള്ള കണ്ണുകളുള്ള ആ ചെറുപ്പക്കാരൻ എന്റെ കാല്ക്കൽ വന്നിരുന്നു. അയാളുടെ ചുവന്ന ചുണ്ടുകളിൽ അമർത്തിച്ചുംബിക്കുവാൻ ഞാനാഗ്രഹിച്ചു. സംസാരത്തിനിടയിൽ അയാളുടെ ചുണ്ടുകൾ വിറയ്ക്കുന്നതു ഞാൻ കണ്ടു.

'നീ എന്നോട് അനുരാഗത്തിൽപ്പെടുകയാണോ?' ഞാൻ ചിരിച്ചു കൊണ്ടു ചോദിച്ചു.

അയാൾ എന്റെ സാരിയുടെ വക്കിൽ തന്റെ മുഖം മറച്ചു. പുൽത്തകിടിയിൽ എന്റെ മക്കൾ ഓടിക്കളിച്ചുകൊണ്ടിരുന്നു. അകത്തു സല്ക്കാരമുറിയിൽ, ഒരു സോഫമേൽ ഇരുന്ന് എന്റെ ഭർത്താവ് ഫയലുകൾ പരിശോധിച്ചുകൊണ്ടിരുന്നു....

രണ്ടോ മൂന്നോ ദിവസം പനിയായി കിടന്ന എന്റെ മൂത്ത മകൻ 'മോനു' ഒരു രാവിലെ കട്ടിലിൽനിന്ന് എഴുന്നേററയുടനെ കുഴഞ്ഞ് നിലത്തു വീണു. പോളിയോ ആയിരിക്കുമെന്നു ശങ്കിച്ച് ഞാനുടനെ തന്നെ ഒരു പീഡിയാട്രീഷനെ വിളിച്ചുവരുത്തി. അധികം താമസിയാതെ ഞാൻ കുട്ടിയെയുംകൊണ്ട് നഴ്സിങ്ഹോമിൽ പോയി. പോളിയോവിന്റെ മുൻപിലത്തെ ഘട്ടമാണ്

അതെന്നു ഡോക്ടർ പറഞ്ഞു. കൈകാലുകളിൽ ചൂടേററൽ മാത്രമായിരുന്നു ചികിത്സ. ചെറിയ മകനെയും ഭർത്താവിനെയും പിരിഞ്ഞതുകൊണ്ടും ഹോസ്പിററലിലെ അസൗകര്യങ്ങൾ നിമിത്തവും ഞാൻ വളരെ ക്ഷീണിച്ചു. എൻെറ മനഃശക്തിയും ക്ഷയിച്ചു. എല്ലായ്പോഴും കരയുവാൻ ഞാൻ വെമ്പൽ കൊണ്ടു. ആറു വയസ്സായ എൻെറ മകൻ ആസ്പത്രിക്കട്ടിലിൽ കിടന്നുകൊണ്ടു പലപ്പോഴും ചോദിച്ചു:

'അമ്മ എന്തിനാ കരയണത്?'

സുന്ദരനായ എൻെറ സ്നേഹിതൻ ഒരു ദിവസം ആസ്പത്രിയിൽ വന്നെത്തി. എൻെറ മകൻ ഉറങ്ങിക്കിടക്കുകയായിരുന്നു. നന്ദിസൂചകമായി എന്തെങ്കിലും പറയുവാൻ എനിക്കു കഴിഞ്ഞില്ല. നിറഞ്ഞൊഴുകുന്ന കണ്ണുകളെ അയാൾ ചുംബിച്ചു.

'ആമീ, ഞാൻ നിന്നെ സ്നേഹിക്കുന്നു.' അയാൾ പറഞ്ഞു. ഞാൻ അയാളുടെ നെഞ്ചിൽ മുഖം മറച്ചു തേങ്ങിക്കരഞ്ഞു.

'എല്ലാം ശരിയാവും....പേടിക്കരുത്. എൻെറ ഓമനേ.' അയാൾ പിറുപിറുത്തു.

അയാൾ എൻെറ ആരായിരുന്നു? മുരുക്കുപൂവുകൾ കത്തിയെരിയുന്ന ആ വേനലിൽ, നന്ത്യാർവട്ടപ്പൂക്കൾ എൻെറ തലമുടിയിൽ ചൂടിത്തന്ന ആ ചെറുപ്പക്കാരൻ എന്നിൽനിന്ന് എന്താണ് പ്രതീക്ഷിച്ചത്? ചിലപ്പോൾ ദേഹത്തോടു ദേഹം ചേർത്ത് നനയുന്ന കണ്ണുകളോടെ നില്ക്കുമ്പോൾ ഞാൻ അയാളോടു പറഞ്ഞു:

'എന്തു വേണമെങ്കിലും ചെയ്തുകൊള്ളു. ഞാൻ നിൻേറതാണ്.'

പക്ഷേ, അയാൾ തലയാട്ടും: 'നീ എൻെറ കണ്ണിൽ ഒരു ദേവിയാണ്. നിൻെറ ശരീരവും എനിക്കു പവിത്രമാണ്. ഞാനതിനെ അപമാനിക്കയില്ല....'

ഞങ്ങൾ വെയിലിൽ ഇറങ്ങി ലക്ഷ്യമില്ലാതെ നടന്നപ്പോൾ സൂര്യൻ ആ ചാരവർണനേത്രങ്ങളെ ജ്വലിപ്പിച്ചു. ഞങ്ങൾക്കു സ്വസ്ഥരായി വിശ്രമിക്കുവാൻ ഒരിടവുമുണ്ടായിരുന്നില്ല. എങ്കിലും ആ വെയിലിൽ കൈകോർത്തു നടന്നിരുന്ന ഞങ്ങൾ ദേവലോകവാസികളായിരുന്നു. മനുഷ്യലോകത്തിൽ വഴി തെററി വന്നെത്തിയ ദൈവങ്ങൾ.

## 17

## വെള്ളിത്തളിക

ഞങ്ങൾ താമസിച്ചിരുന്ന കൊച്ചുവീട്ടിൻെറ പിന്നിൽ സ്ഥിതി ചെയ്തിരുന്ന ആറുനിലക്കെട്ടിടത്തിൻെറ പേര് 'ധനാസ്ത്ര' എന്നായിരുന്നു. വിണ്ടു പൊളിഞ്ഞ ചുവരുകളുള്ള ആ പഴയ കെട്ടിടത്തിൽ ആരും താമസിച്ചിരുന്നില്ല. അതിൻെറ അടച്ചിട്ട ജനൽവാതിൽപ്പൊളികൾ സൂര്യൻ തട്ടി വെളുക്കുമ്പോഴൊക്കെ ഞാൻ തിമിരം ബാധിച്ച കണ്ണുകളെ ഓർത്തു. ജനൽപ്പടിമേൽ അങ്ങോട്ടുമിങ്ങോട്ടും ലാത്തിയും ചിറകിട്ടടിച്ചും അമ്പലപ്രാവുകൾ





മൂളിക്കൊണ്ടിരുന്നു. ഉച്ചയുടെ നിശ്ശബ്ദതയിൽ ആ മൂളൽ കേട്ടു ഞാൻ ഉറക്കത്തിൽ നിന്നു പലപ്പോഴും ഉണർന്നിരുന്നു. ഒഴിവുദിവസങ്ങളിൽ ചരലിൽക്കൂടി നടന്നു ഞാനും എൻെറ മക്കളും ആ വീട്ടിൻെറ ഉമ്മറവാതില്ക്കലെത്താറുണ്ടായിരുന്നു. അതിൻെറ ഉള്ളിൽ സുഷുമ്നാനാളമെന്നപോലെ നിലനിന്നിരുന്ന കോണിക്കു തെക്കോട്ടും വടക്കോട്ടുമായി നൂററിയിരുപതു ചവിട്ടുപടികളുണ്ടായിരുന്നു. ഇടയ്ക്ക് ഞങ്ങൾ ആ കോണിപ്പടികൾ കയറി, അടച്ചിട്ട വാതിലുകൾ തള്ളിത്തുറന്നു. ഞങ്ങൾ അന്ധനേത്രങ്ങളോടെ ഇരുട്ടിനെ നോക്കി, ഇരുട്ടു ഞങ്ങളെ നോക്കി. പ്രേതഭൂതാദികൾ പുറത്തിറങ്ങാൻ മടിക്കുന്ന നല്ല മുഹൂർത്തങ്ങളിൽ ഞങ്ങൾ കോണിപ്പടിമേൽ ഇരുന്നു കഥകൾ പറഞ്ഞു. ധനാസ്ത്ര ഒരു യക്ഷിക്കൊട്ടാരമാണെന്നും സാധാരണ ജനങ്ങളുടെ കണ്ണുകൾക്ക് അദൃശ്യമായ ആ വർഗക്കാർ രാത്രിയിൽ ആ മുറികളിൽ വിരുന്നുകൾ കഴിക്കുകയും നൃത്തം ചെയ്യുകയും ഉണ്ടാവാറുണ്ടെന്നും ഞാൻ എൻെറ കുട്ടികളെ പറഞ്ഞു മനസ്സിലാക്കി. ഞാൻ നെയ്തുണ്ടാക്കാറുള്ള മനഃസങ്കല്പങ്ങളിൽ എൻെറ കുട്ടികൾ മാത്രമല്ല, ഞാൻ തന്നെയും കുടുങ്ങിപ്പോകാറുണ്ട്. പല രാത്രികളിലും ജനൽപ്പടിമേൽ ഇടിക്കുമ്പോൾ ആ ഇരുണ്ട കെട്ടിടത്തിനുള്ളിൽനിന്നു പാട്ടു കേൾക്കുന്നതായി എനിക്കു തോന്നാറുണ്ടായിരുന്നു. സാഹസങ്ങൾക്കുവേണ്ടി കൊതിക്കുന്ന സന്ദർഭങ്ങളിൽ ആ ആറുനിലക്കെട്ടിടം എന്നെ അതിലേക്ക് ആകർഷിച്ചു വരുത്തും. ഒരിക്കൽ ഞാൻ കോണി കയറി മൂന്നാം നിലയിലെത്തിയപ്പോൾ അകത്തെ മുറിയിൽനിന്നു പുറപ്പെട്ട ഒരു പുരുഷസ്വരംകേട്ട് അമ്പരന്നുപോയി. എന്നിട്ടും കർക്കശമായ സംഭാഷണരീതിയും ഗ്രാമ്യമായ ഭാഷയും എന്നെ ഭയപ്പെടുത്തി. എൻെറ കാലുകൾ മുന്നോട്ടു നീങ്ങി. ഭയം തട്ടിയ ഹൃദയം നെഞ്ചിനുള്ളിൽ പക്ഷിയെപ്പോലെ ചിറകിട്ടടിക്കുമ്പോൾ സാഹസത്തിൻെറ അപകട മേഖലകളിലേക്കിറങ്ങിച്ചെല്ലുവാൻ എനിക്ക് എന്തെന്നില്ലാത്ത ഒരഭിനിവേശം തോന്നിയിരുന്നു. കറുത്ത ഇരുമ്പുചെമ്പു കുടങ്ങളും കുഴലുകളും മററും പ്രതിഷ്ഠിച്ച ഒരു മുറിയെ അടുക്കളയാക്കി മാററിയിരുന്നു ചിലർ. അവർ എന്തോ പാചകം ചെയ്യുന്നതിൽ വ്യാപൃതരുമായിരുന്നു. പക്ഷേ, സ്വർണപ്പല്ലുള്ള ഒരുത്തൻ സംഭാ ഷണം നിർത്തി എന്നെ നോക്കി. ഞാൻ തല തിരിച്ചു കോണിപ്പടികൾ ഇറങ്ങി. ആ കെട്ടിടത്തിൽ കള്ളവാററു നടക്കുന്നുണ്ടെന്നു പിന്നീട് എൻെറ പാൽക്കാരൻ പറഞ്ഞു. കുട്ടികളെ ഒരിക്കലും അങ്ങോട്ടയയ്ക്കരുതെന്നും അയാൾ പറഞ്ഞു.

എൻെറ കൂടെ എൻെറ കൈകോർത്തു നടക്കാറുള്ള സ്നേഹിതൻ ആയിടയ്ക്ക് ഒരു ബാലിശമായ പ്രേമലേഖനം എനിക്കു തപാലിലയച്ചു. എനിക്കു നിന്നോടുള്ള സ്നേഹം എത്രയാണെന്ന് അറിയണമെങ്കിൽ ആകാശത്തിലെ നക്ഷത്രങ്ങളെ എണ്ണിനോക്കുക എന്നായിരുന്നു ആ കത്തിൻെറ തുടക്കം. അത് ആദ്യം വന്നു വീണത് ദാസേട്ടൻെറ കൈയിലായിരുന്നു. അതെടുത്തു വായിച്ച് അദ്ദേഹം എന്നെ വിളിച്ച് ഇതെന്തൊരു കോമാളിക്കത്താണ്, ദാസേട്ടൻ പറഞ്ഞു. നിനക്കു ബുദ്ധിയുണ്ടെന്നാണു ഞാൻ ധരിച്ചിരുന്നത്. ഇത്തരം ഒരു വിഡ്ഢിയുമായി നീ ഒരു പ്രേമബന്ധം പുലർത്തുമെന്നു ഞാൻ സ്വപ്നത്തിൽക്കൂടി കരുതിയിരുന്നില്ല.....അതു പറയു

മ്പോൾ ദാസേട്ടൻ തൻെറ കണ്ണടയൂരി മേശപ്പുറത്തു വെച്ച് തൻെറ ഇടത്തെ കൈകൊണ്ടു പുരികങ്ങളുടെ മദ്ധ്യം തിരുമ്മിക്കൊണ്ടിരുന്നു. എൻെറ മുഖ ഭാവം കണ്ണിൽ പെടാതിരിക്കാനാവാം, അദ്ദേഹം കണ്ണടയൂരിയത്. ആ ചെറിയ ദയാപ്രകടനത്തിനു ഞാൻ ഉള്ളാലെ നന്ദി പറഞ്ഞു.

'ആമിക്ക് എന്തു കാരണത്താലാണിവിടെ അതൃപ്തി തോന്നുന്നത്?' അദ്ദേഹം ചോദിച്ചു.

പ്രകാശിതമായ ആ ചോദ്യത്തിനു പിന്നിൽ, ഇരുട്ടിലെ അസ്ത്രങ്ങൾ പോലെ മൂകമായ ചില ചോദ്യങ്ങളും എൻെറ മേൽ വന്നു വീണു. ഞാൻ രണ്ടു നേരവും ഭക്ഷണം തരുന്നില്ലേ, നാണം മറയ്ക്കുവാൻ വസ്ത്രങ്ങൾ തരുന്നില്ലേ, കിടക്കാനൊരിടം തരുന്നില്ലേ, എല്ലാ രാത്രിയിലും നിനക്കു വേണമെങ്കിലും വേണ്ടെങ്കിലും ഒരു ഗൃഹസ്ഥൻേറതായ സകല ലൈംഗികബാദ്ധ്യതകളും ഞാൻ ഭംഗിയായി നിറവേററുന്നില്ലേ? ഇനിയും എന്തു വേണം ഒരു സ്ത്രീക്ക്....

എൻെറ സ്നേഹിതൻ ഭീരുവായിരുന്നു. അല്ലെങ്കിൽ, എനിക്കു വേണ്ടി ധൈര്യം പ്രകടിപ്പിക്കുന്നതിൻെറ ആവശ്യം അയാൾക്ക് അനുഭവപ്പെട്ടില്ല. വിവരമറിഞ്ഞപ്പോൾ എൻെറ തലയിൽ തൊട്ടു സന്തോഷമായിരിക്കൂ എന്നു പറഞ്ഞ് അനുഗ്രഹിച്ചുകൊണ്ട് അയാൾ യാത്രയായി. അയാളുടെ പ്രേമത്തിൻെറ ജീർണസ്വഭാവം എന്നെ ദുഃഖിപ്പിച്ചു. ഞാൻ അന്നു പ്രേമം നിറഞ്ഞൊഴുകുന്ന പൂർണകുംഭമായിരുന്നു. അതുകൊണ്ട് ആ സന്ദർഭത്തിൽ അയാളുടെ ആശീർവാദവും തിരിഞ്ഞുനടക്കലും ഭീരുത്വത്തിൻെറ പ്രകടനമായിട്ടേ ഞാൻ കണക്കാക്കിയുള്ളു. വാസ്തവത്തിൽ എന്താണു സത്യം? എൻെറ കൈവശം വാരിക്കോരിക്കൊടുക്കുവാൻ സ്നേഹമുണ്ടായിരുന്നു എന്ന പരമാർത്ഥം മാത്രമേ കണക്കിലെടുക്കേണ്ടതായിട്ടുള്ളു. ഭിക്ഷ ഭിക്ഷാപാത്രത്തെ അന്വേഷിക്കുന്നതുപോലെ എൻെറ സ്നേഹം അതിനെ ഉൾക്കൊ ള്ളിക്കുവാൻ, അതിനെ പുണർന്നു സ്വീകരിക്കുവാൻ ഒരു മനുഷ്യശരീരത്തെ തേടുകയായിരുന്നു. ആരാധനയുടെ നിമിഷത്തിൽ ഏതൊരു കല്ലും ദൈവ വിഗ്രഹമായിച്ചമയും. എൻെറ സ്വപ്ന ജലാശയങ്ങളിൽ നീലത്താമരപോലെ ഇടയ്ക്കിടയ്ക്കു പ്രത്യക്ഷപ്പെടുന്ന ഒരു പരിചിതമുഖം ഞാനെങ്ങും തേടിക്കൊണ്ടിരുന്നു. ശരീരം നശിച്ചുകഴിഞ്ഞ ഒരാളെ കൂടുതൽ പഠിച്ചു മനസ്സിലാക്കുവാനായി ഞാൻ മററു ശരീരങ്ങളുമായി അടുത്തു. എനിക്കു വഴി തെററി. പക്ഷേ, എൻെറ ലക്ഷ്യസ്ഥാനത്തിൻെറ മേൽവിലാസം ഞാനൊരിക്കലും മറന്നിട്ടില്ല.

മെയ്മാസത്തിലെ ഒരു മദ്ധ്യാഹ്നത്തിൽ എൻെറ തൂലികാമിത്രമായ ഇററലിക്കാരൻ കാർലോ കടലിൻെറ നേർക്കു തിരിഞ്ഞ പടിവാതിൽ തള്ളിത്തുറന്ന് ചരലിൽക്കൂടി നടക്കാൻ മിനക്കെടാതെ പുൽത്തകിടിയിൽ ചവിട്ടിക്കൊണ്ട് എൻെറ ഉമ്മറത്തെത്തി. തുറന്നിട്ട വാതിലിൽക്കൂടി ഞാൻ ആ പ്രൗഢിയുള്ള നടത്തം കണ്ടു. വെയിലിൽ നടന്നിട്ടും ആ മുഖം അല്പംപോലും ചുവന്നിരുന്നില്ല. വീതിയുള്ള കോളറുള്ള നീല ഷർട്ടും വെള്ളനിറമുള്ള സിൽക്കു സൂട്ടുമാണ് അയാൾ ധരിച്ചിരുന്നത്. ആലോചനകളെ മയക്കിക്കിടത്തിയ അർത്ഥചന്ദ്രാകൃതിയിലുള്ള നെററി, തവിട്ടുനിറമുള്ള കണ്ണുകൾ.





അയാൾ എൻെറ ഉമ്മറപ്പടിമേൽ വന്നു നിന്നപ്പോൾ സൂര്യൻ പിറകിലായിരുന്നതുകൊണ്ട് അയാളുടെ രൂപം ഒരു കരിങ്കൽപ്രതിമയായി ഇരുണ്ടു.

അയാൾ എൻെറ മുഖത്ത് ഉററുനോക്കിക്കൊണ്ട് എന്നെ ചുംബിച്ചു. ഉറക്കത്തിൽനിന്നുണർന്ന് ഉമ്മറത്തെത്തിയ പരിചാരിക ആ രംഗം കണ്ട് അത്ഭുതസ്തബ്ധയായി.

കാർലോ അയാളുടെ അച്ഛൻെറ സ്നേഹിതനായ ഒരു വ്യവസായിയുടെ വീട്ടിലാണ് ആദ്യം താമസിച്ചത്. പിന്നീട് അയാൾ ഒരു ഹോട്ടലിലേക്കു താമസം മാററി. അയാൾ ഹിന്ദുമതത്തെപ്പററി പഠിക്കുവാൻ ആഗ്രഹിച്ചിരുന്നു. അതുകൊണ്ട് ഒരു ബ്രാഹ്മണ ഗുരുവിൽനിന്ന് അയാൾ സംസ്കൃതം പഠിച്ചു തുടങ്ങി. അയാളുടെ അച്ഛൻ ഒരു കോടീശ്വരനായിരുന്നു. ആഗ്രഹിച്ചതെന്തും ലഭിച്ചു കൊണ്ടു വളർന്നവനായതുകൊണ്ട് കാർലോവിൻെറ സ്വഭാവത്തിൽ മാധുര്യം ജാസ്തിയായിരുന്നു. കയ്പു കലർന്ന മുഖഭാവങ്ങളോ വാക്കുകളോ അയാളിൽനിന്ന് എനിക്ക് ഒരിക്കലും നേരിടേണ്ടി വന്നിട്ടില്ല.

ഉച്ചയ്ക്കു ചെറിയ മകൻ സ്കൂൾ വിട്ടുവന്ന്, അവനു ഭക്ഷണം കൊടുത്തു കിടത്തിയുറക്കിയശേഷമേ എനിക്കു വീട്ടിൽനിന്ന് ഇറങ്ങുവാൻ കഴിഞ്ഞിരുന്നുള്ളു. അതുവരെ ഉച്ചഭക്ഷണം കഴിക്കാതെ കാർലോ എന്നെ കാത്തുകൊണ്ടു ഹോട്ടൽ ലൗഞ്ചിൽ ഇരിക്കും. രാവിലെ മുഴുവനും വെള്ളത്തിൽ നീന്തിക്കളിച്ചിട്ടും കാർലോവിൻെറ മുഖത്തിൻെറ വിളർപ്പു നീങ്ങിയില്ല. ചന്ദ്രൻെറ ഇറച്ചിപോലെ തണുത്തതാണ് അയാളുടെ ശരീരമെന്ന് എനിക്കു പലപ്പോഴും തോന്നിയിട്ടുണ്ട്.

കത്തിയും മുള്ളും ഉപയോഗിച്ചു ഭക്ഷണം കഴിക്കുവാൻ എന്നെ പഠിപ്പിച്ചത് കാർലോവാണ്. കോൺവെൻറിലെ ഒരു കന്യാസ്ത്രീ എന്നെ പഠിപ്പിച്ചതു മുള്ളിൻെറ മുനകൾ മേലോട്ടാക്കിപ്പിടിച്ചുകൊണ്ടു തിന്നുവാനായിരുന്നു. ആ തെററായ പാഠങ്ങൾ എൻെറ മനസ്സിൽ നിന്നു മായ്ക്കുവാൻ കാർലോ അദ്ധ്വാനിച്ചു. ആദ്യത്തെ തവണ നിസ്സഹായതയോടെ ഞാൻ കൈത്തലത്തിൽ മുഖം ചായ്ച്ചു കരഞ്ഞു. കാർലോ വാത്സല്യത്തോടെ എന്നെ തഴുകി. അന്നുമുതൽ അയാ ളുടെ മുറിയിലേക്കു വരുത്തിയിട്ടാണ് ഞങ്ങൾ ഭക്ഷണം കഴിച്ചത്. മേശമുറകൾ ഓരോന്നായി അയാൾ എന്നെ പഠിപ്പിച്ചു തുടങ്ങി.

കാർലോവിൻെറയൊപ്പം ചെലവഴിച്ചിരുന്ന മണിക്കൂറുകളിൽ ഞാൻ കമലയല്ലാതെയായി. ഞാൻ മറെറാരാളായി മാറി. എൻെറ ജന്മത്തിൻെറ മറെറാരിതളായി തെളിഞ്ഞുവന്നു ആ ജീവിതം. എനിക്ക് അമ്പരപ്പില്ലാതാക്കുവാൻ വേണ്ടി അയാൾ എന്നെ സീത എന്നു വിളിച്ചുതുടങ്ങി. കാർലോവിൻെറ മിത്രങ്ങൾ എന്നെ അയാളുടെ പ്രതിശ്രുത വധുവായി കണക്കാക്കി. എനിക്ക് ഭർത്താവും രണ്ടു കുട്ടികളുമുണ്ടെന്ന വാസ്തവം അയാൾ മറച്ചു വെച്ചു.

എൻെറ ശരീരത്തിനു സമൃദ്ധമായ സ്വാതന്ത്ര്യം അനുവദിച്ചു കൊടുത്തുകൊണ്ട് ഒരു നിഗൂഢരീതിയിൽ എൻെറ ഭർത്താവ് എൻെറ ആത്മാവിനെ ബന്ധനത്തിലിട്ടു. കാർലോവിൻെറയൊപ്പം നടക്കുമ്പോഴും ഞാൻ അദ്ദേഹത്തെപ്പററി ഓർത്തുകൊണ്ടി രുന്നു.....എൻെറ സംഭാഷണം പെട്ടെന്നു മുറിയുമ്പോൾ, എൻെറ മുഖം വാടിത്തുടങ്ങുമ്പോൾ കാർലോ ചോദിക്കും,

'എന്തു പററി, നിൻെറ മനസ്സിനെ എന്താണ് അലട്ടുന്നത്.....' പണ്ടൊരിക്കൽ സ്ത്രീയായ രാധയെ വിട്ട് കൃഷ്ണൻ മഥുരയിലേക്കു പോയി. അദ്ദേഹം വാക്കു പരിപാലിച്ചില്ല. അവളെ കാണുവാൻ മടങ്ങിവന്നില്ല. ത്യജിക്കപ്പെട്ട രാധയുടെ ആത്മാവാണ് ഓരോ സ്ത്രീയിലും കുടികൊള്ളു ന്നത്. മഥുരയിൽ കിരീടം ധരിച്ചു വാഴുന്ന രാജാവിനെ അന്വേഷിക്കലാണ് അവളുടെ ജീവിതം. അദ്ദേഹത്തിൽ തൻെറ സ്മരണ പുനരുജ്ജീവിപ്പിക്കുവാൻ അവൾ യത്നിച്ചു കൊണ്ടേയിരിക്കും.

മറെറാരാളുടെ വിരൽപ്പാടുകൾ പതിഞ്ഞ കൈകാലുകളോടെ ഞാൻ വീട്ടിൽ മടങ്ങിയെത്തുമ്പോൾ ദാസേട്ടൻ എന്നെ ആവേശത്തോടെ കെട്ടിപ്പു ണരും.

എൻെറ ജീവിതം രണ്ടായി പിളർന്നു. ഒന്നിനെ മാത്രം സ്വീകരിച്ചു മററ തിനെ ത്യജിക്കുവാൻ എനിക്കു ധൈര്യം വന്നില്ല. ദാസേട്ടൻ കാലടികൾക്കു താങ്ങായ ഭൂമിയായിരുന്നു. കാർലോ തലയ്ക്കു തണൽ കൊടുക്കുന്ന വൃക്ഷവും.

കടലിൻെറ വക്കത്ത് ഒരു വീടു വാടകയ്ക്കെടുത്ത് കാർലോ ഇന്ത്യയിൽ താമസമാക്കി. ഒരു കറുത്ത കാറും അയാൾ വാങ്ങി. ബാദ്ധ്യതകളുള്ള ഒരു ഗൃഹസ്ഥനെപ്പോലെ അയാൾ പെരുമാറിത്തുടങ്ങി. സ്ട്രാണ്ട് ബുക്ക്സ്ററാൾ എന്നു പേരുള്ള ഒരു പുസ്തകക്കട എൻെറ വീട്ടിനടുത്ത് ഉണ്ടായിരുന്നു. അതിൽ നിന്നു ഞങ്ങൾ വളരെയധികം പുസ്തകങ്ങൾ തിരഞ്ഞെടുത്തു. കാര്യമായിട്ടു പുസ്തകങ്ങളൊഴികെ ആ വീട്ടിൽ മറെറാന്നുമുണ്ടായിരുന്നില്ല. ഒരു കട്ടിലും കട്ടിലിനെ പ്രതിഫലിപ്പിക്കുന്ന ഒരു നിലക്കണ്ണാടിയും കിടപ്പറയിൽ ഉണ്ടായിരുന്നു. എൻെറ ആത്മാവ് എൻെറ ഭർത്താവിൻെറ കാലടികളെ മണത്തുകൊണ്ടു പരുങ്ങുന്ന ഒരു അനാഥപ്പട്ടിയല്ലായിരുന്നെങ്കിൽ ആ വേന ലിൽ കാർലോ എന്ന യുവാവിന് ഞാൻ ആ കണ്ണാടിയിൽ പ്രതിഫലിക്കുന്ന എൻെറ ശരീരത്തെ വെള്ളിത്തളികയിൽ ഇരുണ്ടു തുടുത്ത കനിയെ എന്ന പോലെ എന്നന്നേക്കുമായി കാഴ്ചവയ്ക്കുമായിരുന്നു.

## 18

## പഞ്ച്ഗിനയെന്ന സുഖവാസകേന്ദ്രം

ഒരു ഞായറാഴ്ച ദാസേട്ടൻെറ മേലുദ്യോ ഗസ്ഥൻെറ കുടുംബവും ഞങ്ങ ളും കൂടി ജുഹു കടൽത്തീരത്തേക്കു പോയി. പുറപ്പെടുമ്പോൾ കുളിക്കാ നൊന്നും പ്രോഗ്രാമിട്ടിരുന്നില്ല. അതുകൊണ്ടു നീന്തൽവേഷം ആരും കൊണ്ടു പോയില്ല. ഞങ്ങളുടെ ബന്ധുവായ ദേവേശേട്ടൻ താമസിച്ചിരുന്ന നായർവാടി എന്ന സ്ഥലം കടലിൽനിന്ന് ഒരു ഫർലോങ് മാത്രം ദൂരെയായിരുന്നു. അവിടെ എത്തി പ്രാതൽ കഴിച്ചു കുറച്ചു വിശ്രമിച്ചതിനു ശേഷം ഞങ്ങൾ കടല്ക്കര യിലേക്കു നടന്നു. വെയിലിൽ തെങ്ങുകൾക്കിടയിലൂടെ നടന്നുകൊണ്ടി രിക്കുമ്പോൾ ദാസേട്ടൻെറ മേലുദ്യോഗസ്ഥൻെറ ഏററവും ഇളയ മകൾ





മാലതി വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു: 'എനിക്കു മൂത്രമൊഴിക്കണം. എനിക്ക് ഇപ്പോൾത്തന്നെ മൂത്രമൊഴിക്കണം.'

കടൽ വെയിൽ തട്ടി ചൂടുപിടിക്കുന്നുണ്ടായിരുന്നു. ദേവേശേട്ടനും എനിക്കുമൊഴികെ മററാർക്കും നീന്തൽ അറിഞ്ഞിരുന്നില്ല. അതുകൊണ്ട് ഞങ്ങൾമാത്രം വെള്ളത്തിലിറങ്ങി. ദേവേശേട്ടൻ എൻെറ മൂത്ത മകനെ ആഴമി ല്ലാത്ത വെള്ളത്തിൽ നീന്തൽ പഠിപ്പിക്കുവാൻ തുടങ്ങി. ഞാൻ കടലിലെ തിര മാലകളെ കടന്നു ചലനമില്ലാത്ത വെള്ളത്തിൽ മലർന്നു കിടന്നു നീന്തി. കട ലിൽ വീണു മരിച്ചവരുടെ ശരീരങ്ങൾ വിളർത്തും വീർത്തും പൊങ്ങിയെത്താ റുണ്ട്. പക്ഷേ, ആത്മാക്കൾ കിളികളെപ്പോലെ കടലിൻെറ ഉള്ളറകളിലി രുന്നുകൊണ്ട് പാടിത്തുടങ്ങും. മലർന്നു നീന്തുമ്പോൾ കടലിനടിയിൽ നിന്ന് ഈ പാട്ട് അവ്യക്തമായി കേൾക്കാം. കടലിനെ ഭയപ്പെടുത്തരുത് എന്ന ഒരു സന്ദേശം ഈ പാട്ടിൽക്കൂടി നീന്തുന്നവരെയും കപ്പലോടിക്കുന്നവരെയും സമീപിക്കുന്നു. അതോടെ നീന്തുന്നവരുടെ മാംസപേശികൾക്ക് അയവു തട്ടുന്നു. അവരുടെ രക്തം ഉറങ്ങിപ്പോവുന്നു. കപ്പലുകൾ ലക്ഷ്യം തെററി പാഞ്ഞു തുടങ്ങുന്നു. കപ്പിത്താന്മാർ യാതൊന്നുമറിയാതെ മദ്യപാനികളുടെ കനത്ത നിദ്രയിൽ കുഴഞ്ഞുകിടക്കുന്നു.

ജുഹുവിൽനിന്നു മടങ്ങിയെത്തിയപ്പോൾ എൻെറ മൂത്ത മകനു പനി യുണ്ടായിരുന്നു. ആ രാത്രിയിൽ അവൻ തുടരെ ചുമച്ചുകൊണ്ടിരുന്നു. ഒരാ ഴ്ചയ്ക്കുള്ളിൽ അത് പ്ലൂറസിയായി മാറി. നെഞ്ചുവേദനയും ശ്വാസംമുട്ടലും അവന് അനുഭവപ്പെട്ടു. ഒരു രാത്രി അവന് ഓക്സിജൻ വേണ്ടിവന്നപ്പോൾ ഞങ്ങൾ ധൃതിയിൽ അവനെ ബോംബെ ഹോസ്പിററലിൽ കൊണ്ടുപോയി. അവിടെനിന്നു മടങ്ങിയത് ഒരു ഓക്സിജൻ സിലിണ്ടറുമായിട്ടാണ്. അന്നു മുതൽ എൻെറ ദിനചര്യയ്ക്കു കാര്യമായ മാററങ്ങൾ വന്നു. കുട്ടി ഇടയ്ക്കി ടയ്ക്ക് ചക്കമുളഞ്ഞിപോലെ തൊട്ടാലൊട്ടുന്ന ചുവന്ന കഫം തുപ്പിക്കൊണ്ടി രുന്നു. അത് ഒപ്പിയെടുക്കുന്ന തുണികൾ തിരുമ്മിവെളുപ്പിക്കലും അവന് സൂപ്പുകൾ ഉണ്ടാക്കി കുടിപ്പിക്കലും, ശ്വാസംമുട്ടുമ്പോഴൊക്കെ ഓക്സിജൻ ട്യൂബുകൾ മൂക്കിൽ തിരുകിവെക്കലും മററുമായി എൻെറ ഒടുങ്ങാത്ത പരിപാടികൾ. ഞങ്ങളുടെ വീട്ടിൻെറ അടുത്തുണ്ടായിരുന്ന കൊലാബാ ബുക്സ്റേറാറിൽനിന്ന് അവനു വായിക്കാനായി ഞാൻ ദിവസേന രണ്ടോ മൂന്നോ ചിത്രപുസ്തകങ്ങൾ വാങ്ങി. ശ്വാസം മുട്ടുന്ന വേളയിലും അവൻെറ കണ്ണുകൾ പുസ്തകത്തിൽത്തന്നെ തങ്ങിനിന്നു. രോഗികൾക്കു സാധാരണ വന്നെത്താറുള്ള മൗഢ്യം കുട്ടിയിൽ ഒരിക്കലും ഞാൻ കണ്ടില്ല. പക്ഷേ, എൻെറ നടത്തം സാവധാനത്തിലായി. ഉറക്കത്തിൽ കൂട്ടിക്കുഴച്ചവയായി എൻെറ ചലനങ്ങൾ. രാത്രി ഉറങ്ങിപ്പോവാതിരിക്കാൻ വേണ്ടി ഞാൻ തുടരെ കാപ്പി കുടിച്ചുകൊണ്ടിരുന്നു. ഞാൻ ഉറങ്ങുന്ന വേളയിൽ അവനു ശ്വാസം മുട്ടൽ തുടങ്ങിയേക്കാമെന്ന വിചാരം എന്നെ എല്ലായ്പോഴും അസ്വസ്ഥ യാക്കി.

എൻെറ വിദേശീയനായ സ്നേഹിതൻ കഴിഞ്ഞ ജന്മത്തിലെ ഒരു രൂപ മെന്നതുപോലെ അവ്യക്തനായി. അയാൾ ഒരിക്കൽ എന്നെ കാണാൻ വന്ന പ്പോൾ ഞാൻ കുളിമുറിയിൽ വാഷ്ബേസിൻെറ മുമ്പിൽ നിന്നുകൊണ്ട് കുട്ടി

ഛർദിച്ചു കേടുവരുത്തിയ ഒരു തുണി തിരുമ്മി വെളുപ്പിക്കുകയായിരുന്നു. നീ ഇനി ഒരിക്കലും എൻെറ അടുത്തേക്കു മടങ്ങിവരില്ലേ എന്ന് അയാൾ ചോദിച്ചതായി എനിക്കു തോന്നി. പക്ഷേ, കുളിമുറിയുടെ ഉമ്മറപ്പടിമേൽ നിന്നിരുന്ന കാർലോവിൻെറ ചുണ്ടുകൾ ഇളകിയതേയില്ല. പുറംകൈകൊണ്ട് എൻെറ കണ്ണുനീർ തുടച്ചുകൊണ്ട് ഞാൻ തുണി അലക്കിക്കൊണ്ടിരുന്നു. എനിക്കും ഒന്നും പറയുവാൻ കഴിഞ്ഞില്ല.

കുട്ടിയുടെ ദീനം സുഖപ്പെട്ടതോടെ ഞാൻ കാർലോവിനെ മറേറതെങ്കിലും സ്ത്രീയെ വിവാഹം ചെയ്യുവാൻ നിർബന്ധിച്ചുതുടങ്ങി. എൻെറ അനുജത്തിയെ കിട്ടിയാൽ താൻ വിവാഹം ചെയ്തുകൊള്ളാമെന്ന് അയാൾ പറഞ്ഞു. പക്ഷേ, ഇക്കാര്യം എനിക്ക് അസാദ്ധ്യമായിത്തോന്നി. അവൾ ഒരു സ്കൂൾ വിദ്യാർത്ഥിനിയായിരുന്നു.

കാർലോവിനെപ്പോലെയുള്ള ഒരു ധനികൻെറ ലോകത്തിൽ ഒരു ഹ്രസ്വമായ പര്യടനം നടത്തുവാൻ മാത്രമേ ഞാൻ ഉദ്ദേശിച്ചിരുന്നുള്ളു. ഒരിക്കലെങ്കിലും ഞാൻ അയാളോടു 'ഞാൻ നിന്നെ സ്നേഹിക്കുന്നു' എന്നു പറഞ്ഞിട്ടില്ല. ജീവിതം മുഷിഞ്ഞുതുടങ്ങുമ്പോൾ ഒരു സ്വപ്നലോകത്തിൽ പോയിതെല്ലിട വിശ്രമിക്കുന്നതുപോലെയായിരുന്നു അയാളുടെ അടുത്തേക്കുള്ള യാത്ര. എന്നിട്ട് ഒരു സെപ്തംബർ മാസത്തിൽ മഴ ചാറുന്ന ഒരു മദ്ധ്യാഹ്നത്തിൽ എന്നോടൊന്നിച്ച് നടന്നുകൊണ്ട് അയാൾ എൻെറ അപരാധങ്ങൾ എണ്ണിയെണ്ണി അവതരിപ്പിച്ചുകൊണ്ടിരുന്നു. നാലപ്പാട്ടു വീട്ടിലേക്ക് എന്തുകൊണ്ടു തന്നെ കൊണ്ടുപോയില്ല.

നീർമാതളപ്പൂക്കൾ എന്തുകൊണ്ടു തനിക്കു കാണിച്ചു കൊടുത്തില്ല?

ദാസേട്ടനെ ഉപേക്ഷിക്കുവാൻ സാദ്ധ്യമല്ല എന്നു നിശ്ചയമുണ്ടായിട്ടും എന്തുകൊണ്ടു തൻെറയൊന്നിച്ച് ഇത്രയനവധി മണിക്കൂറുകൾ ചെലവഴിച്ചു? അന്യായം, തികച്ചും അന്യായം. കാർലോ പറഞ്ഞു. അയാളുടെ തലമുടിയിഴകളിൽക്കൂടി തണുത്ത പടിഞ്ഞാറൻ കാററു ചീറിപ്പാഞ്ഞു —മഴ നനഞ്ഞു ഞാൻ വിറയ്ക്കുന്നുണ്ടായിരുന്നു. ഞാൻ അയാളുടെ കൂടെ നടക്കുവാനിറങ്ങിയപ്പോൾ മഴയുടെ ലക്ഷണമൊന്നും ആകാശത്തിലുണ്ടായിരുന്നില്ല.

'എനിക്കു നിശ്ചയമായും പനി വരും, ഈ മഴയത്തു നടക്കുന്നതുകൊണ്ട്.' ഞാൻ പറഞ്ഞു.

'നിനക്കു പനി വരണം. നീ പനി പിടിച്ചു മരിക്കണം.' കാർലോ പറഞ്ഞു.

ആ കൊല്ലത്തെ നവംബറിൽ ദാസേട്ടൻ ഞങ്ങളെ പഞ്ച്ഗിനിയിലേക്ക് ഒരു മാസത്തെ താമസത്തിനുവേണ്ടി കൊണ്ടുപോയി. മലയുടെ കയററത്തിൽ സ്ഥിതിചെയ്തിരുന്ന പ്രോസ്പെക്ട് ഹോട്ടലിലായിരുന്നു ഞങ്ങൾ താമസിച്ചത്.ഹോട്ടലിൻെറ മുൻവശത്തു മുററത്തു ചൂരൽ കസാലമേൽ ഇരുന്നുകൊണ്ടു ഞാൻ താഴ്വരകളിൽ നിന്നുയരുന്ന കാളവണ്ടിച്ചക്രങ്ങളുടെ ശബ്ദവും കുട്ടികളുടെ പൊട്ടിച്ചിരിയും കേട്ടു. Birch എന്ന ഉയരമുള്ള മരങ്ങൾ അവിടവിടെയായി വളർന്നുനിന്നിരുന്നു. ഇടത്തുഭാഗത്ത്, കുററിക്കാടായിരുന്നു. ഉണങ്ങിയ ചുള്ളിക്കൊമ്പുകളും ഇലകളും ചവിട്ടിക്കൊണ്ടു ഞാൻ ലക്ഷ്യമില്ലാത്ത മട്ടിൽ നടന്നു. എനിക്കു പേരറിയാൻ വയ്യാത്ത പല കാട്ടുപൂക്കളും അവിടെ വളർന്നുനിന്നിരുന്നു. അവ തണ്ടോടെ പറിച്ചെടുത്തുകൊണ്ടുവന്നു ഞാൻ അവയെ തല കീഴ്പോട്ടാക്കിക്കൊണ്ട് ഇരുട്ടുള്ള അലമാരിയിൽ കെട്ടിത്തൂക്കിയിട്ടു. ഒരു മാസം കഴിഞ്ഞു ഞങ്ങൾ അവിടം വിട്ടപ്പോഴും ആ പൂക്കളുടെ കടുംനിറങ്ങൾ മങ്ങിയിരുന്നില്ല.

ആ ഹോട്ടലിൻെറ ചുവരുകൾക്ക് എല്ലായ്പോഴും ഒരു നനവുണ്ടായിരുന്നു. ചുവരിന്മേലും തിണ്ണമേലും തോടില്ലാത്ത ഒരുതരം ഒച്ചു പററിപ്പിടിച്ചിരുന്നു. അവയെ കണ്ടതിനുശേഷം ഞാൻ അവിടെ ഉണ്ടാക്കിയിരുന്ന സൂപ്പു കഴിച്ചതേയില്ല.

എൻെറ രണ്ടു മക്കളും ചുവന്ന രോമക്കുപ്പായങ്ങൾ ധരിച്ച് ദാസേട്ടൻെറയൊന്നിച്ചു പുറത്തിറങ്ങുമ്പോൾ ഞാൻ ഹോട്ടലിലേക്കുള്ള കയററത്തിൽ ഇരിക്കും. എൻെറ മൂത്തമകൻ കുതിരപ്പുറത്തു കയറി അങ്ങാടിപ്രദേശത്തും മററും സഞ്ചരിക്കും. അങ്ങനെയുള്ള ഒരു സവാരിക്ക് അന്നു നാലണ മാത്രമായിരുന്നു കൂലി.

ഹോട്ടലിൽ ഞാൻ തനിച്ചാവുമ്പോൾ പിന്നിലെ ഒരു മുറിയിൽ താമസിക്കുന്നവനും കിറുക്കനുമായ ഒരു പാർസി ചെറുപ്പക്കാരൻ എൻെറ അടുത്തേക്കു വരാറുണ്ടായിരുന്നു. 'എനിക്കു നഖം വെട്ടിത്തരണം.' അയാൾ പറഞ്ഞു. അയാളുടെ ചെളി നിറഞ്ഞ നഖങ്ങൾ ഞാൻ കത്തിരികൊണ്ടു മുറിച്ചു വൃത്തിയാക്കിക്കൊടുത്തു. അതിനെപ്പററി ദാസേട്ടനോടു പറഞ്ഞപ്പോൾ അദ്ദേഹം എന്നെ ദേഷ്യപ്പെട്ടു. എല്ലാവരോടും അടുക്കുന്ന ഈ സ്വഭാവം മൂലം ഞാൻ ഒരിക്കൽ അപകടത്തിൽപ്പെടുമെന്ന് ദാസേട്ടൻ പറഞ്ഞു.

വേറെ ഒരു മുറിയിൽ തൊണ്ണൂറിലധികം പ്രായമായ ഒരു വൃദ്ധനായിരുന്നു താമസം. അദ്ദേഹത്തിൻെറ പേരും ജീവചരിത്രക്കുറിപ്പുകളും ഒരു കടലാസിൽ എഴുതി കൂട്ടിലിട്ട് ആരോ ആ ചുവരിൽ തൂക്കിയിരുന്നു. അദ്ദേഹത്തിൻെറ ഓർമശക്തി തീരെ നശിച്ചിരുന്നതുകൊണ്ട്, ഇതെല്ലാം വേണ്ടിവന്നു. ഞാൻ ഇടയ്ക്കിടെ അദ്ദേഹത്തിൻെറ അടുത്തു ചെന്നിരിക്കാറുണ്ടായിരുന്നു. ചുക്കിച്ചുളിഞ്ഞ മുഖത്തെ രണ്ടു കറുത്ത വിള്ളലുകളായിരുന്നു അദ്ദേഹത്തിൻെറ കണ്ണുകൾ. പക്ഷേ, എന്നെ നോക്കിക്കൊണ്ടിരിക്കുമ്പോൾ അവയ്ക്കു ജീവൻ വെക്കുന്നുവെന്ന് എനിക്കു തോന്നി. ഒരു ദിവസം ഞാൻ അദ്ദേഹത്തിൻെറ കൈ നിവർത്തി അതിൽ ഒരു ചോക്കലേററ് കഷണം വെച്ചുകൊടുത്തു. അത് ആ ചുവന്ന മുഷ്ടിയിൽപ്പെട്ടു ഞെരിഞ്ഞു. അതു തിന്നുവാൻ അദ്ദേഹം മിനക്കെട്ടില്ല. അദ്ദേഹത്തെ പരിചരിച്ചിരുന്ന നേപ്പാൾകാരൻ അതു കണ്ടിട്ട് ഉറക്കെ പൊട്ടിച്ചിരിച്ചു.

സന്ധ്യയ്ക്ക് ആകാശം തുടുക്കുമ്പോൾ എൻെറ മക്കൾ കഥ കേൾക്കാനായി എൻെറ അടുത്തേക്ക് ഓടിവരും. കുതിരകളുടെയും കാക്കക ളുടെയും മററുമായി പല കഥകളും ഞാൻ അന്ന് ഉണ്ടാക്കിപ്പറഞ്ഞു. 'മനുഷ്യരെപ്പററിയുള്ള കഥകൾ വേണ്ട' എൻെറ മൂത്ത മകൻ പറഞ്ഞു: 'മനുഷ്യരെപ്പററിയുള്ള കഥകൾ എനിക്കു കേൾക്കുകയേ വേണ്ട.'

രാവിലെയായാൽ ഉയർന്നുപോവുന്ന മഞ്ഞിന്റെയുള്ളിൽക്കൂടി പല കച്ചവടക്കാരും ആ ഹോട്ടലിന്റെ മുററത്തെത്താറുണ്ടായിരുന്നു. സാലോൻകെ എന്ന ചെരുപ്പുകുത്തി സാമ്പാ എന്ന മൃഗത്തിന്റെ മഞ്ഞത്തോൽ കൊണ്ടു കുട്ടികൾക്കു ഷൂസുകൾ ഉണ്ടാക്കിത്തന്നു. റാസ്പ്ബെറികൾ പരന്ന കൊട്ടകളിൽ ഇലക്കിടക്കയിൽ നിക്ഷേപിച്ചുകൊണ്ട് ചില സ്ത്രീകൾ വന്നെത്തിയിരുന്നു. പിശകാൻ മിനക്കെടാതെ ഞങ്ങൾ കൊടുത്ത നാണ്യങ്ങൾ വാങ്ങിക്കൊണ്ട് അവർ മടങ്ങിപ്പോകും. താഴ്വരകളിലേക്ക് ഇറങ്ങിയിറങ്ങിച്ചെല്ലുമ്പോൾ മലഞ്ചെരിവുകളിൽ വളർന്നുനില്ക്കുന്ന മുൾച്ചെടിയും അതിന്റെ ചുവന്ന പഴങ്ങളും കാണാം. തനിയെ നടക്കുവാനാണു ഞാൻ ഇഷ്ടപ്പെട്ടത്. ഓരോ മനോഹര കാഴ്ചയ്ക്കും മുമ്പിൽ എന്റെ നടത്തം നിലയ്ക്കുമായിരുന്നു. കണ്ടും കേട്ടും കൊണ്ടുള്ള എന്റെ നടത്തത്തിൽ പങ്കുകൊള്ളുവാൻ ഉള്ള ക്ഷമ ദാസേട്ടന് ഉണ്ടായിരുന്നില്ല. പക്ഷേ, ഒരു ദിവസം ഞങ്ങൾ രണ്ടുപേരുംകൂടി അങ്ങാടിപ്രദേശത്തു കൂടി നടന്നു. നായിന്റെ മുഖത്തിന്റെ ആകൃതിയിലുള്ള പിടിവെച്ച രണ്ടു വടികൾ ഞങ്ങൾ വാങ്ങി, എന്റെ അച്ഛനു സമ്മാനിക്കാനായി. അച്ഛനുവേണ്ടി സാലോൻകെ രണ്ടു ഡാസർഷൂസുകളും ഉണ്ടാക്കിത്തന്നു. കോഴിക്കോട്ടു നിന്നു പലരുടെയും ഓർഡറുകൾ വരുമെന്ന് അയാൾ പ്രതീക്ഷിച്ചു. അതുകൊണ്ടു വരയിട്ട കടലാസിൽ അയാൾ തന്റെ മേൽവിലാസം വെടിപ്പായി എഴുതിത്തന്നു. ആ കടലാസ് കുറേക്കാലം ഞങ്ങളുടെ ഷൂപോളീഷ് വെക്കുന്ന കാർഡ്ബോർഡ്പെട്ടിയിൽ കിടന്നിരുന്നു. ഒരു രാത്രിയിൽ ഏതോ യക്ഷി വന്ന് ആ മേൽവിലാസം കട്ടെടുത്തു....

പഞ്ച്ഗിനിയിൽ നിന്ന് ഞങ്ങൾ നാട്ടിലേക്കു പോയി. തണുപ്പും തണുപ്പുകാലത്തെ വെയിലും തട്ടി ഞങ്ങളുടെ മുഖങ്ങളും കൈകാലുകളും കടുംതവിട്ടുനിറം സമ്പാദിച്ചുവച്ചിരുന്നു. കവിളുകൾ പരു പരുത്തു. പക്ഷേ, കണ്ണുകളിൽ ഞങ്ങൾ നോക്കിക്കണ്ട സ്വർണാസ്തമനങ്ങൾ തിളക്കങ്ങളായി മായാതെ കിടന്നു. നിങ്ങളെല്ലാവരും നല്ല ആരോഗ്യമുള്ളവരായിരിക്കുന്നു. എന്റെ അച്ഛൻ ചിരിച്ചുകൊണ്ടു പറഞ്ഞു. എന്റെ അമ്മ അല്പം കുനിഞ്ഞ് എന്റെ രണ്ടാമത്തെ മകനെ വാത്സല്യത്തോടെ തഴുകി.

നാട്ടിൽ അമ്മയും അച്ഛനും താമസിച്ചിരുന്ന സർവോദയ എന്ന വീട്ടിനു ചുററും അച്ഛൻ പല പൂക്കളും നട്ടുവളർത്തിയിരുന്നു; ബോഗൻവില്ലകളുടെ ഒരു പടിവാതിലും അച്ഛൻ നിർമിച്ചിരുന്നു. എന്റെ അച്ഛൻ തന്റെ ആത്മാവു മുഴുവൻ ലയിപ്പിച്ചു ചെയ്യുന്ന ഒരേയൊരു ജോലി തോട്ടപ്പണിയാണ്. മണ്ണിൽനിന്ന് ഇന്ദ്രജാലം പോലെ താൻ ആവിർഭവിപ്പിച്ച പൂക്കളുടെ മൃദുമേനി തൊട്ടുകൊണ്ട് തോട്ടത്തിൽ തെല്ലൊരാശ്ചര്യമുഖഭാവത്തോടെ അച്ഛൻ നില്ക്കുന്നതു ഞാൻ എന്റെ കിടപ്പറയിൽനിന്നു നോക്കിക്കാണാറുണ്ടായിരുന്നു.



# 19

## സൗന്ദര്യമെന്ന ഋതുകാലം

സൗന്ദര്യം എത്രയോ ഹ്രസ്വമായ ഒരു ഋതുകാലമാണ്. ഞങ്ങളുടെ ഒരു കുടുംബസ്നേഹിതനും ബുദ്ധിജീവിയുമായ റാം ദേശ്മുഖ് ഒരിക്കൽ ഞങ്ങളോട് ഒരു കഥ പറഞ്ഞുതന്നു. അദ്ദേഹം സാധാരണയായി രാവിലെ യൂണിവേഴ്സിററി തോട്ടത്തിൽ നടക്കാൻ ചെല്ലാറുണ്ടായിരുന്നു. ഒരു ദിവസം അവിടെ ചെന്നപ്പോൾ തലേന്നാൾ യാതൊരു മുന്നറിയിപ്പും തരാതിരുന്ന ഒരു മരം പെട്ടെന്നു പൂത്തുനില്ക്കുന്നതായി കണ്ടു. ഓരോ കൊമ്പിലും വലിയ പൂക്കുലകൾ. ഓരോ പൂക്കുലകളിലും മൂളുന്ന വണ്ടുകൾ. വിദൂരമായ ഒരു ഗ്രാമോത്സവത്തിന്റെ മർമരം കേൾക്കുന്നതുപോലെയാണ് ദേശ്മുഖിന് ആ മുഴക്കം അനുഭവപ്പെട്ടത്. ഒരു കല്യാണോത്സവം അല്ലെങ്കിൽ വർണശബളമായ ഒരു ക്ഷേത്രോത്സവം. അദ്ദേഹം നിർന്നിമേഷനായി ആ കാഴ്ച നോക്കിക്കൊണ്ടുനിന്നു. പിറേറന്നാൾ രാവിലെ ആ മനോഹര ദൃശ്യം കാണിക്കുവാനായി രണ്ടു സ്നേഹിതന്മാരെ അദ്ദേഹം ആ തോട്ടത്തിലേക്ക് ആനയിച്ചു. എങ്ങും നിശ്ശബ്ദത. പൂക്കൾ കൊഴിഞ്ഞുകഴിഞ്ഞിരുന്നു. മരണത്തിനു സാക്ഷി വഹിച്ചുകഴിഞ്ഞു മൂകയായിപ്പോയ മരംമാത്രം അവശേഷിച്ചു. എന്റെ ജീവിതത്തിൽ യൗവനവും സൗന്ദര്യവും ഒത്തുചേർന്നിരുന്ന ദിവസങ്ങളെപ്പററി എഴുതുവാൻ ശ്രമിക്കുമ്പോൾ ഞാൻ ആ മരത്തെ ഓർത്തുപോവുന്നു. കാരണം, ആ വസന്തോത്സവം എത്രയോ ഹ്രസ്വമായിരുന്നു. ഒട്ടും ക്ഷീണിക്കാതെ വെയിലിലും മഴയത്തും ഞാൻ നടന്നു. പൂക്കളുടെയും പുരുഷന്റെയും മണം വഹിച്ചിരുന്ന ശരീരം അതിന്റേതായ ഒരു പ്രത്യേകതാളം കണ്ടെത്തി. അർത്ഥം വ്യാഖ്യാനിച്ചെടുക്കുവാൻ സാദ്ധ്യമല്ലാത്ത ഒരു പൊട്ടിച്ചിരി എന്റെ സിരകളിൽക്കൂടി നീങ്ങിക്കളിച്ചു.

രാത്രിയിൽ കിടക്കാനൊരുങ്ങുമ്പോൾ ഞാൻ ചീപ്പെടുത്തു മുടി ചീകാറുണ്ടായിരുന്നു. മുടിയിൽ നിന്നു വൈദ്യുത സ്ഫുലിംഗങ്ങൾ തെറിക്കുന്നതു നോക്കി ഒരിക്കൽ എന്റെ ഭർത്താവ് കിടക്കയിൽ ചെരിഞ്ഞുകിടന്നുകൊണ്ടു മന്ദഹസിച്ചു.

ആ കാലം പെട്ടെന്നു നീങ്ങിപ്പോയി. എന്റെ യൗവനം നിലക്കണ്ണാടിയിൽ മഞ്ഞയിലകൾപോലെ കൊഴിഞ്ഞുവീഴുന്നതുമാത്രം ഞാൻ നോക്കിക്കണ്ടു.

ഈയിടെ ഹൃദ്രോഗം ബാധിച്ചു ഞാൻ കിടന്നിരുന്ന ആസ്പത്രിയിൽ Intensive Cardiac Care Unit എന്ന ഒരു വിഭാഗമുണ്ട്. അവിടെ, തട്ടിൽനിന്ന് തൂങ്ങുന്ന വിളക്കുകൾ മത്സ്യക്കണ്ണുകൾപോലെയാണ്. അവയ്ക്ക് ഇമകളില്ല. ശ്രമവുമില്ല. മരുഭൂമിയിലെ മരുപ്പച്ചയിൽ തെല്ലൊന്ന് വിശ്രമിക്കുവാൻ വന്നെത്തി അവനവന്റെ വെള്ള ടെന്റുകളിൽ കിടക്കുന്ന യാത്രക്കാരെപ്പോലെ രോഗികൾ വെളുത്ത മറശ്ശീലകൾക്കിടയിൽ കിടക്കുന്നു. തട്ടിലെ വിളക്കുകൾ അവിടെ ചുളിവുകൾ വീണ മുഖങ്ങളെ മാത്രം കാണുന്നു. രാവും പകലും അവ കത്തിക്കൊണ്ടിരിക്കുന്നു. ചുവരുകൾക്കപ്പുറത്തു പകൽനിരത്തിലേക്ക് ജനങ്ങളുടെയൊപ്പം ഒഴുകിവരുന്നതോ ജനലിനടുത്തു രാത്രി വന്നു മുട്ടുന്നതോ അവ കാണുന്നില്ല.

ഉറക്കമരുന്നു കഴിച്ചിട്ടും കണ്ണുകൾ തുറന്നുകൊണ്ടു രോഗികൾ കിടക്കുന്നു. മരണഭീതിയെ കീഴടക്കുവാൻ ആ ഗുളിക അശക്തമാണ്. അതുകൊണ്ടു തല മൂടിയിടാതെ ആരാച്ചാരുടെ മഴുവും കാത്തുകൊണ്ട് ആ പാവങ്ങൾ മലർന്നുകിടക്കുന്നു. കഴുത്തിനു കീഴോട്ടുള്ള ഭാഗങ്ങൾ ഉറങ്ങുകയും ചെയ്യുന്നു.

ചില ദിവസങ്ങളിൽ അർദ്ധരാത്രി നേരത്ത് ഏതെങ്കിലും ഒരു രോഗിക്ക് കഠിനമായ ശ്വാസംമുട്ടൽ അനുഭവപ്പെടുന്നു. അയാൾ തൊടാൻ വരുന്ന നേഴ്സിനെ ക്ഷോഭത്തോടെ കൈകൊണ്ടു തട്ടുന്നു. അയാളുടെ ശരീരം വിയർപ്പിൽ കുളിക്കുന്നു. അപ്പോൾ ഉറക്കത്തിൻെറയും സ്വപ്നങ്ങളുടെയും അഗാധതയിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ച ഹൃദ്രോഗവിദഗ്ദ്ധൻ അവിടെ വന്നെത്തുന്നു. എല്ലാ രോഗിയുടെയും അരികിൽ അയാളുടെ ഹൃദയമിടിപ്പിനെ വർദ്ധിപ്പിച്ചു മുഴക്കുന്ന ഒരു തരം ക്ലോക്കുണ്ടായിരിക്കും. ആ മിടിപ്പു ശ്രദ്ധിച്ചുകൊണ്ടു കിടക്കുന്ന രോഗികൾ ഡോക്ടറുടെ കാൽവെപ്പുകൾ കേൾക്കും. ആ വെളുത്ത സ്ക്രീനുകളിൽ, ഭീമമായ നിഴൽ ധൃതിയിൽ നീങ്ങുന്നതും അവർ കാണും.

രോഗിയുടെ അടുത്ത് ഇരിക്കുമ്പോൾ, ഡോക്ടറുടെ ചുവന്ന കരയുള്ള കണ്ണുകളിലും തടിച്ച ചുമലുകളിലും കാൽമുട്ടുകളിലും മണത്തു നോക്കി ഒരു അനാഥപ്പശുവെന്നപോലെ നിദ്ര സാവധാനത്തിൽ മുഖം തിരിച്ച്, ആ സ്ഥലം വിടുന്നു.

മിക്ക രോഗികളും രാവിലെ നാലു മണിക്ക് അല്പം മുമ്പാണ് മരിക്കുക. ഒരു മരണം നടന്നുകഴിഞ്ഞാൽ പുറത്തെ ഇടനാഴിയിൽ വണ്ടിച്ചക്രങ്ങളുടെ ഉരുളിച്ച കേൾക്കാം. ടെലഫോൺ പൊന്തിക്കുമ്പോ ഴുള്ള മണിനാദവും താഴ്ന്ന സ്വരത്തിലുള്ള സംഭാഷണവും കേൾക്കാം. കാരണം, മിക്ക രോഗികളുടെയും അരികിൽ ബന്ധുക്കളുണ്ടായിരിക്കയില്ല. തനിച്ചു പോവേണ്ട ആ യാത്രയ്ക്കു പുറപ്പെട്ടുനില്ക്കുന്നവരുടെയും ബന്ധുക്കളുടെയും ഇടയിൽ മാനസികമായ ഒരു വിടവ് സ്വാഭാവികമായും വന്നെത്തുന്നു. ഞായറാഴ്ച മദ്ധ്യാഹ്നത്തിൽ സന്ദർശകർ വന്നു നിറയുമ്പോൾ ഹോസ്പിററലിലെ മററു വാർഡുകളിലൊക്കെ വർണപ്പൊലിമ വന്നെത്തുകയായി. ചെറിയ കുട്ടികളെ രോഗികളുടെ അടുത്തു കൊണ്ടുപോയി അവരുടെ മാതാപിതാക്കന്മാർ ഒരു കൃത്രിമ ഉത്സാഹത്തോടെ പറയും:

'മുത്തച്ഛൻ ദീവാളിക്കു വീട്ടില് വരണം എന്നു പറയ് മക്കളേ.'

കുട്ടി വീട്ടിൽ പറയാറുള്ള നേരമ്പോക്കുകൾ അവിടെ വിവരിക്കപ്പെടും. വളരെ പ്രയാസപ്പെട്ട് ഒരു പുഞ്ചിരി, രോഗി തൻെറ മുഖത്തേക്കു വരുത്തും. ചിലപ്പോൾ രോഗി തികച്ചും ഒരന്യനെപ്പോലെ അതൊന്നും ശ്രദ്ധിക്കാതെ കണ്ണുകളടച്ചു കിടക്കും. മരണം അടുത്തുവെന്ന ബോധം കിട്ടിക്കഴിഞ്ഞ മനുഷ്യൻെറ ഏകാന്തത കനത്തതാണ്. അതിനെ ഭേദിക്കുവാൻ ഒരു പേരക്കുട്ടിയുടെ മധുരപ്പുലമ്പലിനും സാദ്ധ്യമല്ല.

രോഗം അല്പം സുഖപ്പെട്ടുകഴിഞ്ഞ രോഗികളെ സ്പെഷ്യൽ വാർഡുകളിലേക്കും മററും പിന്നീടു കൊണ്ടുപോവും. അവിടെ നിന്നു വൈകുന്നേ





രത്തെ ചായ കഴിഞ്ഞാൽ, ചിലരെ വരാന്തയിലെ ചാരുബഞ്ചിൽ നേഴ്സുമാർ കൊണ്ടുവന്ന് ഇരുത്തും. അവരുടെ ഭാവിയെപ്പററി അവർക്കെന്നല്ല, ഡോക്ടർമാർക്കും യാതൊരു പിടിയുമുണ്ടായിരിക്കില്ല, രോഗം പെട്ടെന്നു മൂർച്ഛിച്ചേക്കാം. അല്ലെങ്കിൽ രണ്ടോ മൂന്നോ മാസം കഴിഞ്ഞാൽ അവർക്കു വീട്ടിലേക്കു പോവാം. ഒരു ഭാഗ്യപരീക്ഷയ്ക്കു നറുക്കെടുത്തു പ്രതീക്ഷയോടെ കഴിയുന്നവരാണു ചിലർ. ഞാൻ ആ വിഭാഗത്തിലായി. എന്നെ ശ്യാമള എന്നു പേരുള്ള സ്പെഷ്യൽനേഴ്സ് ദിവസേന wheel chairൽഇരുത്തി ആ വരാന്തയിൽക്കൂടി ഉരുട്ടിക്കൊണ്ടുപോയി, ലിഫ്ടിൽ താഴത്തിറക്കി ഒന്നാം നിലയിലെ ശ്രീകൃഷ്ണ ക്ഷേത്രത്തിലേക്കു കൊണ്ടുപോയിരുന്നു. അങ്ങനെ വരാന്തയിലെ രോഗികളുടെ മുഖങ്ങൾ എനിക്കു പരിചിത ദൃശ്യങ്ങളായിത്തീർന്നിരുന്നു. താരതമ്യേന പ്രായം കുറഞ്ഞവളായതുകൊണ്ട് എൻെറ ദുർദശയിൽ സഹതാപം പ്രദർശിപ്പിക്കുവാൻ ഡോക്ടർമാരും നേഴ്സുമാരും മാത്രമല്ല, എൻെറ സഹവർത്തികളായ രോഗികളും തയ്യാറായിരുന്നു.

ശരീരത്തിൻേറതായ ഒരു വിധിയും മനസ്സിൻേറതായ ഒരു വിധിയും ഉണ്ടെന്ന് എനിക്ക് ഈയിടെയായി തോന്നാറുണ്ട്. പൂർണമായും ജീവിക്കുവാൻ ഭാഗ്യം കിട്ടിക്കഴിഞ്ഞാൽ എനിക്ക് മരണത്തെ ഭയമില്ല. സാധിക്കാത്ത ആഗ്രഹങ്ങളും ഞാൻ ഓർക്കുന്നില്ല; എന്നെ രണ്ടാമത്തെ ശസ്ത്രക്രിയയ്ക്കു വേണ്ടി ഒരുക്കിക്കൊണ്ടിരിക്കുമ്പോൾ ജ്ഞാനിയും സ്നേഹഹൃദയയുമായ എൻെറ അനുജത്തി എന്നെ തൊട്ടുകൊണ്ട് ദുർഗാ കവചം എന്ന സ്തോത്രം ചൊല്ലി.

'മരണത്തിൽനിന്നു രക്ഷപ്പെടുത്തണേ എന്നല്ല ഞാൻ പ്രാർത്ഥിക്കുന്നത്.' അവൾ പറഞ്ഞു: 'മരണത്തിലും കാത്തുരക്ഷിക്കണേ എന്നു മാത്രമാണ്.' എന്തുകൊണ്ടോ ആ വാക്കുകൾ എനിക്കു പൂർണ സമാധാനം തന്നു. ആത്മാവിൻെറ മനോഹരമായ സാമ്രാജ്യത്തിൽ നിന്നും പുറംതള്ളപ്പെട്ട് വീണ്ടും ശരീരത്തിൻെറ ഭാരവും പേറിക്കൊണ്ടു ഞാൻ വീട്ടിലേക്കു യാത്രയായി.

ഞാൻ ശൂന്യദൃഷ്ടികളോടെ നിരന്നിരിക്കുന്ന രോഗികളോടു യാത്ര പറഞ്ഞു. അവരിലാരും അപ്പോൾ എന്നോടു സംസാരിച്ചില്ല. ഞാൻ അവരെ വഞ്ചിച്ചുവോ? അവരെ പിന്നിട്ടു ഞാൻ ശരീരത്തിൻേറതായ ലോകത്തിലേക്കു മടങ്ങിപ്പോവുകയായിരുന്നു. എൻെറ ഹൃദയത്തിൽ വേദന തളം കെട്ടി നിന്നു. സന്തോഷമെന്താണ്? ദുഃഖമെന്താണ്? ആർക്കറിയാം? എൻെറ അനുജത്തി എൻെറ ആത്മാവിനു പകരം എൻെറ കീറലും പോറലും തട്ടിയ ശരീരത്തെ ദുർഗയ്ക്ക് അർപ്പിച്ചിരുന്നുവെങ്കിൽ അർത്ഥരഹിതമായ ഈ മടക്കയാത്ര എനിക്ക് ഉണ്ടാവുമായിരുന്നില്ല. ഇനി എനിക്കു രക്ഷയില്ല. അടുത്തൊന്നും മുക്തിയില്ല. വീണ്ടും തുടങ്ങും, ഉത്സവം.... സംഗീതസാന്ദ്രമായ വസന്തമേള....

## 20

# ഞാൻ സ്നേഹിക്കുന്ന ബോംബെ

കഴിഞ്ഞ മാസത്തിൽ ബംഗ്ലാദേശിൻെറ മുക്തിക്കു വേണ്ടിയുള്ള യുദ്ധം നടന്നുകൊണ്ടിരുന്നപ്പോഴാണ് എനിക്ക് ബോംബെ നഗരത്തോടുള്ള സ്നേഹത്തെപ്പററി ഞാനാദ്യമായി ബോധവതിയായത്. ഒരു സന്ധ്യയ്ക്ക് ഏർറേഡ് സൈറൺ മുഴങ്ങിയപ്പോൾ ഞാൻ ഞങ്ങളുടെ ടെറസ്സിൽ നില്ക്കുകയായിരുന്നു. അവിടെ നിന്നുകൊണ്ട് പടിഞ്ഞാട്ടു നോക്കിയാൽ അറബിക്കടൽ കാണാം. പാക്കിസ്ഥാനി വിമാനങ്ങൾ വരികയാണെങ്കിൽ ആ വഴിയാണ് വരിക എന്ന് ഞങ്ങളുടെ സ്നേഹിതന്മാർ പറഞ്ഞിരുന്നു. സൈറൺ കേട്ടാലുടനെ ആറുനിലക്കെട്ടിടത്തിലുള്ളവരെല്ലാവരും ധൃതിയിൽ താഴത്തേക്കു ചെന്നു കോണിച്ചുവട്ടിലെ ഇരുട്ടിൽ അഭയം തേടണമെന്നും പറഞ്ഞുകൊണ്ട് ഒരു നിർദേശകടലാസ് ഞങ്ങൾക്കു കിട്ടിയിരുന്നു. ഒരു ബോംബ് വീഴുകയാണെങ്കിൽ ഏതു നിലയിൽ നില്ക്കുന്ന മനുഷ്യനും രക്ഷയില്ല. പിന്നെ കോണിച്ചുവട്ടിൽ പെരുച്ചാഴിക്കുഞ്ഞുങ്ങളെപ്പോലെ ഇരുട്ടിൽ ചൂളിക്കൊണ്ട് മരിക്കുന്നതിലും ഭേദം, അവനവൻെറ വീട്ടിൽവെച്ചു ശാന്തിയോടെ മരിക്കുന്നതായിരിക്കും എന്ന് എനിക്കു തോന്നി. സൈറൺ കേട്ടതിനുശേഷം നാലോ അഞ്ചോ മിനിററുകൾക്കു നഗരം ശാന്തമായിരുന്നു. എല്ലായിടത്തും നനഞ്ഞ അന്ധകാരം. അന്ന് നക്ഷത്രങ്ങളും പുറത്തു കണ്ടില്ല. പിന്നീട് വടക്കേ ചക്രവാളരേഖയിൽ നിന്നു നാലു ചുവന്ന വെളിച്ചങ്ങൾ ഉയരുന്നതു ഞാൻ കണ്ടു. അവയ്ക്കു പിന്നിൽ ഒരു മനോഹര ഫോർമേഷനിൽ വീണ്ടും ചുവന്ന വെളിച്ചങ്ങൾ. പാക്കിസ്ഥാനി വിമാനങ്ങൾ വരുന്നു എന്ന് ഞാൻ അകത്തുപോയി മററുള്ളവരോടു പറഞ്ഞു. ഞങ്ങളുടെ വീട് ഡോക്ക്ഡിൻെറ അടുത്താണ്. അതുകൊണ്ട് ആദ്യം ബോംബെ റിയുക ഈ പരിസരത്തിലാവണമല്ലോ. എൻെറ രണ്ടാമത്തെ മകനും ദാസേട്ടനും കുറച്ചു പരിഭ്രമമുണ്ടായി. ഒരു നിമിഷത്തിനുള്ളിൽ ബോംബു പൊട്ടുന്നതുപോലെയുള്ള പൊട്ടിത്തെറികൾ ഞങ്ങൾ കേട്ടുതുടങ്ങി.

ഞങ്ങളുടെ സൽക്കാരമുറിയിൽ ഒരു മൂലയിൽ സിദ്ധിവിനായകൻെറ ഒരോട്ടുപ്രതിമ പ്രതിഷ്ഠിച്ചിട്ടുണ്ട്. അതിൻെറ മുമ്പിലുള്ള വിളക്ക് ഞാൻ കത്തിച്ചുവെച്ചു. അന്നു രാവിലെ ഞാൻ ആ പ്രതിമയിൽ കുങ്കുമാഭിഷേകം ചെയ്തിരുന്നു. വിളക്കിൻെറ മങ്ങിയ വെളിച്ചത്തിൽ ഗണപതി രക്തത്തിൽ ക്കുളിച്ച് വ്രണിതഗാത്രനായി ഇരിക്കുന്നതുപോലെ കാണപ്പെട്ടു.

സൈറൺ കേൾക്കുമ്പോൾ ബോംബെ ഒരു ശിശുവാണെന്നും അതു ഭയചകിതനായി തേങ്ങുകയാണെന്നും തോന്നും. ഒരിക്കൽ കേട്ടാൽ മറക്കാൻ വയ്യാത്തതാണ് ആ ദീനരോദനം. ഞാൻ വിളക്ക് ഗണപതിക്കു നേർക്ക് ഉയർത്തി പ്രാർത്ഥിക്കുമ്പോൾ എൻെറ മനസ്സിൽ മുഴുവനും ബോംബെയായിരുന്നു. പ്രിയപ്പെട്ട ഈ നഗരത്തിനു ദുർമരണം സംഭവിക്കാതിരിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിച്ചു. ചെറിയ കുട്ടികളെ എണ്ണ തേച്ചു തിരുമ്മി കുളിപ്പിക്കുമ്പോൾ പണ്ടുള്ളവർ പാടാറുണ്ടായിരുന്നു: കുഞ്ഞിക്കാല് വളര് വളര്, കുഞ്ഞിക്കൈ വളര് വളര്. അതുപോലെ മൃദുലവചനങ്ങളോടെ ഞാൻ ബോംബെ നഗരത്തെ ശുഭാശംസകളാൽ അഭിഷേകം ചെയ്തു. നിൻെറ





കമ്പോളങ്ങളിൽ നിത്യനൂതനവിഭവങ്ങൾ വന്നു നിറയട്ടെ. നിൻെറ ദേവാലയങ്ങളുടെ ഓട്ടുമണികളെ സമ്പന്നഭക്തന്മാർ നിത്യേന പലതവണയും ശബ്ദിപ്പിക്കട്ടെ. നിൻെറ വേശ്യകൾ തടിച്ചുമിനുത്ത് ആരോഗ്യവതികളായി നിലനിൽക്കട്ടെ, നിൻെറ ഉദ്യാനങ്ങളിൽ കുട്ടികളുടെ അല്ലൽ തട്ടാത്ത പൊട്ടിച്ചിരി മുഴങ്ങട്ടെ. നിൻെറ മെറീൻഡ്രൈവിൽ കടൽവക്കത്തു കടലിനെ തീരെ നോക്കാതെ അഹംഭാവത്തോടെ തലയുയർത്തി നടക്കുന്ന സുന്ദരികളുടെ സൗന്ദര്യം വർദ്ധിച്ചു വർദ്ധിച്ചു വരട്ടെ.

എനിക്കു ചെറുപ്പമായിരുന്നപ്പോൾ, കരൾരോഗവും ഹൃദ്രോഗവും എൻെറ ശരീരത്തെ തളർത്തിയതിന് എത്രയോ മുമ്പ് ഞാൻ ഈ നഗരത്തെ ഇത്ര സ്നേഹിച്ചിരുന്നില്ല. ജീവിതം അവസാനിക്കാത്ത ഒരു നാടകമായി അന്ന് എനിക്ക് തോന്നി. അന്ന് തിരശ്ശീല പൊങ്ങിക്കഴിഞ്ഞിട്ടേയുണ്ടായിരുന്നുള്ളൂ.

1965-ൽ ഫിലിപ്പിൻസിൽനിന്ന് ഒരാൾ ഇന്ത്യയിൽ മൂന്നു മാസത്തെ പരിശീലനത്തിനു വന്നിരുന്നു. അയാളുടെ പിതാമഹന്മാർ സ്പെയിനിൽനിന്നുള്ളവരായിരുന്നു. അതുകൊണ്ടു ശൃംഗാരം അയാളുടെ രക്തത്തിൽ കലർന്നു കിടന്നിരുന്നു. ഞാനും ദാസേട്ടനും അയാളും കൂടി പല സായാഹ്നങ്ങളും ചെലവഴിച്ചു. സിനിമയ്ക്കു പോവുമ്പോൾ അയാൾ എൻെറ തലമുടിയിൽ അഞ്ചോ ആറോ മുല്ലപ്പൂക്കൾ ചൂടിക്കാറുണ്ടായിരുന്നു. എൻെറ വധുവാണ് നീ, അയാൾ പിറുപിറുത്തു. സിനിമയുടെ ഇരുട്ടിലും എൻെറ കാതിൽ അയാൾ പലതും മന്ത്രിച്ചുകൊണ്ടിരുന്നു. സിനിമയ്ക്കുശേഷം ഞങ്ങൾ ഒരു ഭക്ഷണശാലയിൽ പോയി; ഡാൻസറിയാത്ത എന്നെ അയാൾ ഡാൻസ് പഠിപ്പിക്കുവാൻ ശ്രമിച്ചു. അയാൾ താൻ ഫിലിപ്പിൻസിലെ പേരു കേട്ട ഒരു ഡാൻസറാണെന്ന് ഞങ്ങളോടു പറഞ്ഞു. അയാൾ കരഞ്ഞുകൊണ്ടു യാത്ര പറഞ്ഞപ്പോൾ എനിക്കും കരച്ചിൽ വന്നു. ഒരു പച്ചപ്പട്ടുസാൽവ അയാൾ എനിക്കു സമ്മാനിച്ചു. എൻെറ കഴുത്തിൽ കിടന്നിരുന്ന പുലിനഖമോതിരം ഞാൻ അയാൾക്കു സമ്മാനിച്ചു. അയാൾ ബോംബെയിലുണ്ടായിരുന്ന മൂന്നു മാസക്കാലം എനിക്ക് ആഹ്ലാദപൂർണമായിത്തോന്നി. അയാൾ പോയതിൻെറ പിറേറദിവസം എൻെറ സ്നേഹിത പത്മ ചില അച്ചാറുകളുമായി എൻെറ വീട്ടിൽ വന്നു. ഞങ്ങൾ റൊട്ടിയും അച്ചാറും കഴിച്ചുകൊണ്ടിരുന്നപ്പോൾ ഞാൻ എൻെറ ഫിലിപ്പിനോ സ്നേഹിതനെപ്പററി അവളോടു പറഞ്ഞു. ഇനി അയാളില്ലാത്ത ജീവിതം ദുസ്സഹമായിത്തീരുമെന്നു ഞാൻ പറഞ്ഞു. എൻെറ കരച്ചിൽ അവസാനിക്കുന്നതുവരെ പത്മ ഒന്നും സംസാരിച്ചില്ല. ആറു മാസം കഴിഞ്ഞാൽ അയാളെ നീ മറക്കുമെന്ന് പത്മ എന്നോടു പറഞ്ഞു. നീ അങ്ങനെയാണ് എൻെറ ആമീ.... നിനക്കു മറെറാരാളോടായിത്തീരും സ്നേഹം.

രണ്ടുമാസം കഴിഞ്ഞപ്പോൾ ഞാൻ അയാൾക്കു കത്തെഴുതലും നിർത്തി. പത്മയ്ക്ക് എന്നെ നല്ലപോലെ അറിയാമായിരുന്നു.

ആയിടയ്ക്ക് എൻെറ ഭർത്താവിനെ അദ്ദേഹത്തിൻെറ മേലുദ്യോഗസ്ഥൻ കൽക്കത്തയ്ക്കു ട്രാൻസ്ഫർ ചെയ്തു. കൽക്കത്തയിൽ വെച്ചു ഞങ്ങളുമായി കൂടുതൽ അടുക്കുവാൻ സൗകര്യം കിട്ടുമെന്നു കരുതിയാണ് അദ്ദേഹം അതു ചെയ്തത്. കൽക്കത്തയ്ക്കു പോവാൻ എനിക്കോ ദാസേട്ടനോ തീരെ ഉത്സാഹം തോന്നിയില്ല. കുട്ടികൾക്കും അവരുടെ സതീർത്ഥ്യരെ പിരിയുന്നതിനു

വല്ലാത്ത വൈമനസ്യം തോന്നിയിരുന്നു. എന്റെകൂടെ രണ്ടു കൊല്ലങ്ങളായി താമസിച്ച് എം.ഡി.ക്കു പഠിച്ചിരുന്ന അനുജനെ ബോംബെയിൽ തനിച്ചാക്കി പോവുന്നതിൽ ഞാൻ അത്യധികം വ്യസനിച്ചു. അനിയന്റെ ആരോഗ്യം മഹാമോശമായിരുന്നു. വണ്ടിയിൽനിന്നുകൊണ്ട് അവനോടു യാത്ര പറഞ്ഞപ്പോൾ എന്റെ ഹൃദയം തകരുന്നതായി എനിക്കു തോന്നി.

കൽക്കത്തയ്ക്കു പോവുന്നതിനുമുമ്പ് ഞങ്ങളുടെ ബന്ധത്തിൽപ്പെട്ട ഒരു ചെറുപ്പക്കാരൻ എനിക്കു ചില താക്കീതുകൾ നൽകി. അവിടെ ഞങ്ങൾക്കു പല ബന്ധുക്കളുമുണ്ടായിരുന്നു. അവരുടെയിടയിൽവെച്ചു ഞാൻ ഹൃദയം തുറന്ന് ഒരിക്കലും സംസാരിച്ചുപോവരുതെന്നും എല്ലായ്പോഴും ജാഗ്രത പാലിക്കണമെന്നും അയാൾ പറഞ്ഞു. 'ഇല്ലെങ്കിൽ നിന്നെ ചതിക്കുഴിയിൽ വീഴ്ത്തും.' ഞാൻ തെല്ലൊരു അമ്പരപ്പോടെയാണ് കൽക്കത്തയിൽ വന്നിറങ്ങിയത്. കൽക്കത്ത ക്രമേണ എനിക്കൊരു നരകമായി രൂപാന്തരപ്പെട്ടു.

## 21

## സദാചാരം, പുനർജന്മം...

സദാചാരമെന്നു നമ്മുടെയിടയിൽ വ്യവഹരിക്കപ്പെടുന്നതിനെ അവഗണിക്കാനും ആദരിക്കാതിരിക്കാനും ഞാൻ തീരുമാനിച്ചതിനൊരു കാരണമുണ്ട്. അതിന്റെ അസ്ഥിവാരം ചീഞ്ഞളിഞ്ഞുപോവുന്ന ശരീരമാണ്. യഥാർത്ഥ സദാചാരത്തിന്നാധാരം മനുഷ്യമനസ്സാവണം. സമുദായത്തെയും അതിന്റെ സദാചാരത്തെയും ഞാൻ വികൃതരൂപികളായിക്കാണുന്നു. സമുദായമെന്ന കള്ളമുത്തശ്ശി ഉണ്ടാക്കിനിർത്തിയ കശാപ്പുശാലയാണ് സദാചാരം. സത്യത്തെ ഭയക്കുന്നവരെയും കള്ളം പറയുന്നവരെയും ചതിക്കുന്നവരെയും ഗർഭമലസിക്കുന്നവരെയും കള്ളച്ചിരി പൊഴിക്കുന്നവരെയും കള്ളക്കരച്ചിൽ കരയുന്നവരെയും മുത്തശ്ശിയമ്മ രാത്രിയിൽ തന്റെ കരിമ്പടംകൊണ്ടു പുതപ്പിച്ച്, കാത്തുരക്ഷിക്കുന്നു. മനസ്സിന്റെ ചൈതന്യം അറിഞ്ഞിരിക്കുന്നവരും ശരീരത്തിന്റെ നശ്വരതയും നിസ്സാരതയും മനസ്സിലാക്കിയവരുമായ സത്യാന്വേഷികൾ കരിമ്പടത്തിന്റെ സംരക്ഷണത്തിനു പുറത്തു കിടന്ന് തണുത്തു വിറയ്ക്കുന്നു. സമുദായമുത്തശ്ശി ഈ കാഴ്ച കണ്ട് പൊട്ടിച്ചിരിക്കുന്നു.

ആത്മാവിന് അതിന്റെ മനുഷ്യശരീരത്തിനെ സംബന്ധിച്ച അഭിലാഷങ്ങൾ നിലനിർത്തുന്ന കാലത്തോളം തുടരെ മനുഷ്യജന്മം എടുക്കേണ്ടിവരുമെന്ന് ഞാൻ വിശ്വസിക്കുന്നു. കഴിയുന്നത്ര മനുഷ്യജന്മങ്ങൾ, ജീവിതാനുഭവങ്ങൾ എന്റെ ഈ ജന്മത്തിൽ നിറയ്ക്കുവാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്, ഈ ശ്രമം കുറെയൊക്കെ വിജയിച്ചിട്ടുമുണ്ട്. പല ജന്മങ്ങൾക്കുവേണ്ടി വെച്ചിരുന്ന ആനന്ദാനുഭവങ്ങളും വേദനകളും യാതനകളും ഭാവങ്ങളും എല്ലാം ഞാൻ അനുഭവിച്ചുകഴിഞ്ഞു. മൂന്നോ നാലോ മാസക്കാലം ഞാൻ ഒരു പ്രത്യേക വ്യക്തിയായി ജീവിക്കും. എന്റെ മുഖച്ഛായകൂടി അക്കാലത്ത് പണ്ടത്തേതിൽ നിന്നു വ്യത്യസ്തമാവും. ഇത് എന്റെ ഫോട്ടോകളിൽനിന്ന്





ആർക്കും മനസ്സിലാക്കാം. നിറം മാറും. ദീനങ്ങൾകൂടി വ്യത്യസ്തമായിത്തീരുന്നു. ഇത് ഒരു പരീക്ഷണമായിരുന്നു. ദാരിദ്ര്യവും ഐശ്വര്യവും എല്ലാം ഞാൻ അനുഭവിച്ചുകഴിഞ്ഞു. പലരാലും സ്നേഹിക്കപ്പെട്ടുകഴിഞ്ഞു. പക്ഷേ, ശരീരങ്ങൾ വ്യത്യസ്തങ്ങളെങ്കിലും എന്നെ വിളിക്കുന്ന ഓമനപ്പേരുകൾ വ്യത്യസ്തങ്ങളെങ്കിലും ഞാൻ എന്നും ഈശ്വരനിലും അന്ത്യമായ മോക്ഷത്തിലും വിശ്വസിച്ചു. ഞാൻ ഇനി മരിച്ചുപോയാൽ എനിക്കു മറെറാരു ജന്മമുണ്ടാകില്ല. കാരണം, എന്റെ ആശകൾ സകലതും സഫലീകരിച്ചിരിക്കുന്നു. എനിക്ക് അനുഭവിക്കാൻ പുതുതായി യാതൊന്നുമില്ല.

ഞാൻ ലളിതാദേവിയിൽ വിശ്വസിക്കുന്നു. കണ്ണടച്ചു ശിശു അമ്മയെ എന്നപോലെ ഞാൻ ഭഗവതിയിൽ വിശ്വസിക്കുന്നു. ഞാൻ ലളിതയെ എന്റെ മൂത്ത സഹോദരിയെപ്പോലെ സ്നേഹിക്കുന്നു. എവിടെത്തന്നെ പോവുമ്പോഴും എന്റെകൂടെ അവൾ നടക്കുന്നതായി എനിക്കു തോന്നുന്നു. എന്റെ കുപ്രസിദ്ധനായ കാമുകന്റെ വീട്ടിലേക്ക് ആ കെട്ടിടത്തിലെ ശബ്ദമുണ്ടാക്കുന്ന ലിഫ്ട് കയറിച്ചെല്ലുമ്പോൾ അവൾ എന്റെ പിന്നിൽ നിന്നു ചിരിക്കുന്നു. ഇതാണു നിന്റെ വിധി. അവൾ പിറുപിറുക്കുന്നു, മനുഷ്യന്റെ വിധിയെപ്പററി അവൾ നേരമ്പോക്കുകൾ പറഞ്ഞ് എന്നെ ചിരിപ്പിക്കുന്നു. കഴിഞ്ഞ മാസം രണ്ടു ശസ്ത്രക്രിയകൾക്കുവേണ്ടി എന്നെ അടിവയറിന്റെ രോമം വടിച്ചു മരുന്നുപുരട്ടി നിർവീര്യമാക്കപ്പെട്ട എന്റെ നഗ്നശരീരത്തിൽ ഒരു ഈജിപ്ഷ്യൻ മമ്മിയെപ്പോലെ വെളുത്ത ബാൻഡേജുകൾ കെട്ടി, ട്രോളിയിൽ ഉന്തിക്കൊണ്ടു പോയപ്പോഴും അവൾ എന്നെ സ്പർശിച്ചു. എന്നെ ഒരുക്കുമ്പോൾ എന്റെ ജ്ഞാനിയും സച്ചരിതയുമായ അനുജത്തി സുലോചന എന്റെ നെററി തൊട്ടുകൊണ്ട് ദുർഗാകവചം എന്ന വിശിഷ്ട സ്തോത്രം—ചൊല്ലിത്തീർത്തു. എന്നിട്ട് അവൾ പറഞ്ഞു, എന്നെ മരിക്കാനനുവദിക്കരുത് എന്നൊന്നും ഞാൻ പ്രാർത്ഥിച്ചില്ല എന്ന്. ജീവിതത്തിലും അഥവാ മരിച്ചെങ്കിൽ മരണത്തിലും എന്നെ രക്ഷിക്കണമെന്നു മാത്രം അവൾ പ്രാർത്ഥിച്ചുവത്രെ. അവളുടെ വാക്കുകൾ കേട്ട് തികഞ്ഞ മനസ്സമാധാനത്തോടെ ഞാൻ കണ്ണുകളടച്ചു. ഓപ്പറേഷനു മുമ്പ് എന്റെ കൈയിൽ ബോധം കെടുത്തുവാനായി സോഡിയം പെൻറതോൾ കുത്തിവെച്ചപ്പോൾ ഞാൻ ബോധം മറയുന്നതിനു മുമ്പുള്ള കാൽ നിമിഷത്തിൽ ഹ ഹ ഹ ഹ ഹ ഹ ഹ എന്ന ഒരു സന്തോഷച്ചിരി കേട്ടു. ആ നേർത്തുവന്ന ചിരിയിൽ ഞാൻ മരിച്ചുപോയി. ആ ചിരിയുടെ ഉടമസ്ഥ എനിക്കു പ്രിയപ്പെട്ടവളായ ദുർഗയാണെന്ന് എനിക്കു മനസ്സിലായി. രണ്ടാമത്തെ ശസ്ത്രക്രിയയുടെ തുന്നൽ അവസാനിക്കുന്നതിനു മുമ്പ് എനിക്കു ബോധംവന്നു. ഇടത്തെ മൂക്കിൽ ഉണ്ടായിരുന്ന ഓക്സിജൻ ട്യൂബ് വഴുതിവീഴാറായിരുന്നുവെന്നു തോന്നുന്നു. എന്റെ കഴുത്തിൽ മണ്ണുപോലെ പരുത്ത കരങ്ങൾകൊണ്ട് ഒരാൾ ഞെക്കുന്നതായി എനിക്കു തോന്നി. എന്റെ ഡോക്ടർ അനുജത്തിയും സർജന്മാരും ഇതൊന്നും അറിയാതെ എന്റെ വയററത്തെ തുന്നലിന്റെ ഗുണം മാത്രം നോക്കുകയായിരുന്നു. അവരുടെ വാക്കുകൾ പച്ചവെള്ളത്തു ള്ളികൾപോലെ എന്റെ പ്രജ്ഞയിൽ വീണു. ഞാൻ ചുണ്ടു കളിളക്കാൻ ശ്രമിച്ചു. കഴിഞ്ഞില്ല.

ഓക്സിജൻ എന്നു പറയുവാൻ ഞാൻ ശ്രമിച്ചു, സാദ്ധ്യമായില്ല. പക്ഷേ,

എൻെറ ഒരു കൈവിരൽ പൊങ്ങി. അതു കണ്ടപ്പോൾ ഉടനെ അവർ എന്നെ പരിചരിച്ച് എൻെറ ശ്വാസംമുട്ടൽ ഭേദപ്പെടുത്തി.

ജീവനോടെയുള്ള ആ മടക്കം ഒരു ആൻറിക്ലൈമാക്സായി എനിക്കു തോന്നി. എന്തെന്നാൽ ഞാൻ മരണത്തിനു സന്നദ്ധയായിരുന്നു.

എനിക്കു സ്വതന്ത്രയാവാൻ കഴിയുമ്പോൾ, ഈ കൂരയല്ല മറിച്ച്, ഈ ദിവ്യപ്രപഞ്ചമാകെ എൻെറ വീടാക്കാൻ കഴിയുമ്പോൾ, എൻെറ ശരീരത്തിൻെറ സങ്കുചിതത്വത്തിലേക്കു മടങ്ങിവരാൻ ഞാൻ ആഗ്രഹിച്ചില്ല.

## 22

## കൽക്കത്ത

കൽക്കത്ത ഇരുപതു വയസ്സിനും എൺപതിനും മദ്ധ്യത്തിലുള്ള കുട്ടികളുടെ ഒരു വിഹാരരംഗമാണ്. അവിടെ തണുപ്പുകാലം കോക്ടെയിൽ സീസൺ (Cocktail Season) ആണ്. കോക്ടെയിൽ പാർട്ടികളിൽ സാധാരണയായി പങ്കെടുക്കുന്നവർ വ്യവസായികളും വിദേശീയക്കമ്പനികളിൽ ഉയർന്ന ഉദ്യോഗം നേടിയെടുത്ത സമർത്ഥരും ഒരിക്കലും സ്വന്തം പൈസ കൊടുത്തു വിദേശമദ്യങ്ങൾ വാങ്ങുവാൻ കഴിവില്ലാത്തവരായ ഗവൺമെൻറുദ്യോഗസ്ഥരുമാണ്. അവരുടെ വിഡ്ഢികളായ ഭാര്യമാരെയും ഈ വിരുന്നുകളിലേക്ക് വലിച്ചിഴയ്ക്കുന്നതു കാണാം. തൻെറ ഭാര്യയുടെ ആകാരസൗഷ്ഠവവും സംഭാഷണചാതുര്യവും ധനികരായ അതിഥികളുടെ മുമ്പിൽ പ്രദർശിപ്പിക്കുവാൻ പാവപ്പെട്ട ഗവൺമെൻറുദ്യോഗസ്ഥൻ സദാ ശ്രമിച്ചുകൊണ്ടിരിക്കും. ധനികർക്ക് ഇത്തരം ശ്രമങ്ങൾ രുചിപ്പെടുകയും ചെയ്യും. അവർ ചോരയും നീരും വററാത്ത ഗവൺമെൻറുഭാര്യമാരുടെ അടുത്തു ചേർന്നിരുന്നുകൊണ്ട് അവരെ വിദേശമദ്യങ്ങൾ കുടിക്കുവാൻ പഠിപ്പിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യും. 'ഒരു ഷെറി കുടിച്ചപ്പോഴേക്കും നിങ്ങളുടെ കണ്ണുകൾ നക്ഷത്രങ്ങൾ പോലെ തിളങ്ങിത്തുടങ്ങി,' അവർ പറയും: 'ഒന്നുകൂടി കുടിക്കൂ. ആ കവിളുകളുടെ രക്തച്ഛവി ഒന്നുകൂടി വർദ്ധിക്കട്ടെ. എൻെറ കണ്ണുകൾക്ക് ഒരു ഉത്സവം ഒരുക്കിത്തരിക.' ഗവൺമെൻറു ഭാര്യ തൻെറ ഭർത്താവിൻെറ നേർക്ക് കണ്ണുകളെ പായിക്കും. ഭർത്താവ് മറേറതോ മൂലയിൽ വ്യവസായികളോടു സൗഹാർദത്തോടെ ജാപ്പാനിലെ സുന്ദരികളെപ്പററി വിവരിക്കുകയാവും. അല്ലെങ്കിൽ ബാറിൻെറ അടുത്ത്, ചട്ടിയിൽവെച്ച ചെടികളുടെ അപൂർണമായ മറവിൽ ഇരുന്നു കൊണ്ട് തൻെറ ഗ്ലാസ്സിലേക്കു വീണ്ടും ഒരു ഡബിൾപെഗ് വിസ്കിയൊഴിക്കുകയാവും. അയാളുടെ ആർത്തിയും കൗശലവും ഭാര്യയെ മടുപ്പിക്കും. അവളും കുടിച്ചുതുടങ്ങും. വീണ്ടും വീണ്ടും കുടിക്കും. ഒടുവിൽ ഛർദിക്കുവാനായി അവൾ ആതിഥേയരുടെ കുളിമുറിയിൽ വന്നെത്തും. ഛർദിക്കുമ്പോൾ അവളുടെ പുറം തലോടുവാനും പിന്നീട് മുഖം കഴുകിക്കുവാനും അവളെ പല വിധത്തിലും ആശ്വസിപ്പിക്കു വാനും ആതിഥേയനോ ഏതെങ്കിലുമൊരതിഥിയോ തയ്യാറാവും. അവളുടെ ഭർത്താവ് അപ്പോഴേക്കും





ഒരു സോഫയിൽ കണ്ണുകളുമടച്ചു കിടക്കുകയാവും; മദ്യം നേടിക്കൊടുക്കുന്ന ഒരു കൃത്രിമനിദ്രയിൽ അയാൾ മയങ്ങുന്നുണ്ടാവും. അയാളെ എഴുന്നേല്പിച്ചു വീട്ടിലേക്കു കൊണ്ടുപോവാൻ ഒരു പട്ടാളംതന്നെ വേണം. അതുകൊണ്ട്, കുടിച്ചും ഛർദിച്ചും ശുശ്രൂഷിക്കുന്ന കൈകളുടെ മർദനമേററും തളർന്ന സ്ത്രീ കണ്ണുനീരൊലിപ്പിച്ചുകൊണ്ടും ഒരിടത്ത് ഇരിക്കും. അപ്പോൾ അവളെ കെട്ടിപ്പിടിക്കാനും ചുംബിക്കാനും ആശ്വസിപ്പിക്കാനും പുരുഷന്മാർ ശ്രമിച്ചു കൊണ്ടേയിരിക്കും.

അല്പം വഷളായ ഇത്തരം കുട്ടിക്കളിയാണ് കല്ക്കത്തയിൽ സാധാരണയായി നടക്കുന്നത്. ഇതിൽ പങ്കെടുക്കുന്നവർ സദാ സമയവും നുണ പറഞ്ഞുകൊണ്ടിരിക്കും. നുണ പറഞ്ഞു ശീലിച്ചതുകൊണ്ട് അവർ മനഃപൂർവമല്ലെങ്കിലും മററുള്ളവരെ വഞ്ചിക്കും. ഈ സൊസൈററിയിൽ ആദ്യമായി പ്രവേശിക്കുന്നവരെ തരംകിട്ടുമ്പോഴൊക്കെ പരിഹസിക്കും. എന്നോടു സ്നേഹം നടിച്ചവർതന്നെയാണ് പിന്നീട് എന്നെപ്പററി അപവാദങ്ങൾ പറഞ്ഞു പരത്തിയത്. എനിക്കു മനുഷ്യനിലുണ്ടായിരുന്ന വിശ്വാസം ആദ്യമായി തകർന്നത് കൽക്കത്തയിൽ വെച്ചാണ്.

ഞങ്ങളുടെ അയൽക്കാരനായി ഒരു മാന്യവയോധികനുണ്ടായിരുന്നു. അദ്ദേഹത്തിൻെറ വീട്ടിൽ വൈകുന്നേരം ഞാനും എൻെറ ഭർത്താവും പോവാറുണ്ടായിരുന്നു. അവിടെവെച്ച് ഞങ്ങൾ ഉരുളൻകിഴങ്ങും അവിലും ചേർത്ത ഉപ്പുമാവു കഴിക്കുകയും കൂവളക്കായയുടെ സുഗന്ധിയായ നീരു കുടിക്കുകയും ചെയ്തു. എന്നെ സംസ്കൃതം പഠിപ്പിക്കുവാൻ അദ്ദേഹം ശ്രമിച്ചു. എൻെറ വലത്തേ കാലിന് ഒരുതരം വാതം വന്നു പെട്ടപ്പോൾ അദ്ദേഹം ദിവസേന എൻെറ വീട്ടിലേക്കു വന്നിരുന്നു. എൻെറ കാല് ഉഴിഞ്ഞുകൊണ്ട് അദ്ദേഹം ഞങ്ങളുടെയൊപ്പം കുറെനേരം ചെലവഴിക്കും. അദ്ദേഹം എന്നെ ഗായത്രിയെന്നോ ചെറിയ കുട്ടി (Little one) യെന്നോ മാത്രമേ വിളിച്ചിരുന്നുള്ളു. ഞങ്ങളുടെ ചർച്ചകൾ അധികവും പുരാണങ്ങളിലെ കഥാപാത്രങ്ങളെക്കുറിച്ചായിരുന്നു. എൻെറ ബന്ധുക്കളിൽ ചിലർ അദ്ദേഹവും ഞാനും തമ്മിൽ ഒരവിഹിതബന്ധമുണ്ടെന്നു നുണ പറഞ്ഞുപരത്തിയപ്പോൾ എനിക്ക് അവരോടു തോന്നിയ വെറുപ്പ് അദ്ദേഹത്തോടും അകാരണമായി തോന്നിപ്പോയി. അതിനുശേഷം ഞാൻ അദ്ദേഹത്തിൽനിന്ന് അകലുവാൻ ശ്രമിച്ചു. അദ്ദേഹം വരുന്നുണ്ടെന്നു കണ്ടാൽ ഞാൻ എൻെറ സ്നേഹിതന്മാരുടെ വീടുകളിൽ പോയി ഒളിക്കും. അദ്ദേഹം വല്ല പൂക്കളോ പുസ്തകങ്ങളോ എൻെറ കൈയിൽ വെച്ചുതരുമ്പോൾ ആ സ്പർശം എന്നെ മടുപ്പിച്ചു. ഒരിക്കൽ പൂമാലകൾ വാങ്ങിക്കൊണ്ടുവന്നു ഞാൻതന്നെ വരച്ച എൻെറ ചിത്രത്തിൽ (Self portrait) അദ്ദേഹം ചാർത്തി.

'എൻെറ ചെറിയ കുട്ടീ, നിനക്കെന്താണ് എന്നോടിത്ര കോപം?' അദ്ദേഹം തുടരെത്തുടരെ എന്നോടു ചോദിച്ചുകൊണ്ടിരുന്നു.

'നിനക്കെന്താണ് ഇദ്ദേഹത്തോട് ഇത്ര അവജ്ഞ?' എൻെറ ഭർത്താവ് എന്നോടു ചോദിച്ചു. അതിനും ഞാൻ ഉത്തരം പറഞ്ഞില്ല. അക്കാലത്തു ഞാൻ സാധാരണയായി ഒരു കറുത്ത ഷർട്ടും വലിയ പൂക്കളുള്ള ലുങ്കികളുമാണ് ധരിച്ചിരുന്നത്. മുഖത്ത് പൗഡർ പൂശുകയോ ആഭരണങ്ങൾ ധരിക്കു

കയോ സുഗന്ധദ്രവ്യങ്ങൾ പൂശുകയോ ഒന്നും ഞാൻ അന്നു ചെയ്തിരുന്നില്ല. വിലപിടിച്ച വസ്ത്രങ്ങൾ ധരിക്കുവാനുള്ള ധനപ്രാപ്തിയും ഞങ്ങൾക്കുണ്ടായിരുന്നില്ല. അതുകൊണ്ട് മൂന്നോ നാലോ ഷർട്ടുകളും നാലു ലുങ്കികളും കൊണ്ട് തൃപ്തിപ്പെട്ട് കിട്ടുന്ന പണംകൊണ്ട് പുസ്തകങ്ങൾമാത്രം വാങ്ങി സന്തോഷത്തോടെ കഴിയുകയായിരുന്നു ഞാൻ. പാർട്ടികൾക്കു ധരിക്കാൻ പഴയ നാലു പട്ടുസാരികളുണ്ടായിരുന്നു. കല്യാണത്തിനു ചിലർ സമ്മാനിച്ചവ. ഒരേ സാരിതന്നെ എല്ലാ പാർട്ടിക്കും ഉപയോഗിച്ചാൽ ഞാൻ സ്ത്രീകളുടെ കണ്ണുകളിൽ അപഹാസ്യയാവുമെന്ന് ഞാൻ അറിഞ്ഞിരുന്നില്ല. അറിഞ്ഞപ്പോഴും, ഞാനതത്ര ഗൗരവത്തിലെടുത്തില്ല. അവരൊക്കെ തങ്ങളുടെ പുതുപട്ടുകൾ പ്രദർശിപ്പിച്ചു സുന്ദരികളായി ഇരുന്നപ്പോൾ പഴകി കീറിത്തുടങ്ങിയ സാരി ഉടുത്തുനിന്നിരുന്ന എന്റെ ചുററും അവരുടെ പുരുഷന്മാർ പ്രദക്ഷിണംവെച്ചുകൊണ്ടിരുന്നു. എനിക്ക് എന്നും കാണികളുണ്ടായിരുന്നു, എന്റെ സംഭാഷണത്തിന് എന്നും ശ്രോതാക്കളുണ്ടായിരുന്നു, എന്റെ തപാൽപ്പെട്ടിയിൽ പ്രേമലേഖനങ്ങളുമുണ്ടായിരുന്നു. എന്നിട്ടും ഞാൻ കല്ക്കത്തയെ ഭയന്നു. അവിടെനിന്ന് രക്ഷപ്പെടുവാൻ ഞാൻ എല്ലായ്പോഴും ആഗ്രഹിച്ചുകൊണ്ടിരുന്നു.

## 23

## മദ്യപാനം

എന്റെ അച്ഛൻ മദ്യപാനശീലത്തെ വെറുത്തു. ഒരിക്കലും മദ്യങ്ങൾ വീട്ടിൽ പ്രവേശിപ്പിക്കരുത് എന്ന് അദ്ദേഹം പലപ്പോഴും എന്നോടു പറഞ്ഞിരുന്നു. എന്റെ മനസ്സിന്റെ അടിത്തൂണുകളിൽ കൊത്തിവെച്ചിരുന്ന ധർമ്മോപദേശങ്ങളെ ഓരോന്നോരോന്നായി ഗംഗയിൽനിന്നു ചീറിയടിക്കുന്ന കാററുകൾ കരണ്ടുതിന്നു. ഈ അമ്മയുടെയും ഈ അച്ഛന്റെയും മകളായ നീ ഇവർ ഒരിക്കലും ചെയ്യാൻ തുനിയാത്ത കർമ്മങ്ങൾക്ക് എന്തുകൊണ്ടു തുനിയുന്നു എന്ന ഒരു ചോദ്യം സമുദായം എന്നോടു ചോദിച്ചിരിക്കാം. എനിക്ക് അച്ഛനായും അമ്മയായും വർത്തിച്ച പുസ്തകസാമ്രാജ്യത്തെ അവർ കണക്കിലെടുക്കുന്നില്ല. സാഹിത്യമായിരുന്നു എന്റെ വളർത്തമ്മ; എന്റെ വളർത്തച്ഛനും. പുസ്തകങ്ങൾ അവിശ്രമം എന്നോട് ഉപദേശിച്ചുകൊണ്ടിരുന്നു. മരിച്ചുപോയവരുടെ നാക്ക് എന്നെ പശുക്കുട്ടിയെന്നപോലെ നക്കിത്തുടച്ചു മിനുക്കി, ലോകത്തിന്റെ ബലിപീഠത്തിൽ ഒരു കാണിക്കയായി സമർപ്പിച്ചു.

എന്റെ വീട്ടിൽ ഒരു പൂജയും നടന്നിരുന്നില്ല. അക്കാലത്ത് എന്റെ ചുണ്ടിൽ ഈശ്വരന്റെ മനോഹരനാമവും വിരിഞ്ഞില്ല. ദാസേട്ടൻ മിക്ക ദിവസവും കൽക്കത്തെയ്ക്കു പുറത്ത് എവിടെയെങ്കിലും സർക്കീട്ടിലായിരുന്നു. അദ്ദേഹം വീട്ടിലുള്ളപ്പോഴും ഞങ്ങൾ തമ്മിൽ മാനസികമായി യാതൊരു സമ്പർക്കവും ഉണ്ടായിരുന്നില്ല. എന്റെ മനസ്സിലെ കുഴപ്പങ്ങളെപ്പററി ഞാൻ





സംസാരിച്ചാൽ അദ്ദേഹം ഉടനെ വിഷയം മാററിക്കൊണ്ടു കടന്നുപോവും. അദ്ദേഹത്തിന്റെ മേലുദ്യോഗസ്ഥൻ ഇടയ്ക്കിടയ്ക്ക് ബോംബെയിൽനിന്നു വരാറുണ്ടായിരുന്നു. സഹൃദയനും സൽസ്വഭാവിയുമായിരുന്ന ആ മദ്ധ്യവയസ്കൻ ഒരിക്കൽ എന്റെ കൈവിരലുകൾ തലോടിക്കൊണ്ടു ചോദിച്ചു: 'നിനക്കെന്താണിത്ര ദുഃഖം?' ആ ചോദ്യം എന്നെ അത്ഭുതപ്പെടുത്തി.

കാരണം, ഞാനെന്റെ ദുഃഖത്തെ അവ്യക്തമാക്കി വളർത്തിക്കഴിഞ്ഞിരുന്നു. എല്ലായ്പോഴും ചിരിക്കാനും ആഹ്ലാദചിഹ്നങ്ങൾ എന്റെ മുഖത്ത് എടുത്തണിയുവാനും ഞാൻ അന്നു പഠിച്ചുവെച്ചിരുന്നു. എന്റെയുള്ളിലേക്കു സഹതാപം നിറഞ്ഞ കണ്ണുകളോടെ അദ്ദേഹം ചുഴിഞ്ഞു നോക്കിയപ്പോൾ ഞാൻ പൊട്ടിക്കരഞ്ഞു. അദ്ദേഹം എന്നെ ആശ്ലേഷിച്ച് എന്റെ കണ്ണുനീർ തന്റെ തുവാലകൊണ്ടു തുടച്ചു.

ഒരു ദിവസം എന്റെ ഏകാന്തത എനിക്കു സഹിക്കാൻ വയ്യാതായപ്പോൾ ഞാൻ കാർലോവിന് ഒരു കത്തെഴുതി. എനിക്ക് ഈ ജീവിതം തുടർന്നുപോവാൻ ആഗ്രഹമില്ല എന്നു ഞാനെഴുതി. അതിനു മറുപടി വന്നില്ല. കാർലോ എന്നെ മറന്നുപോയി, ഇല്ലെങ്കിൽ ഗൃഹസ്ഥാശ്രമത്തിൽ കഴിയുന്ന അയാൾക്ക് എന്റെ കത്തും ഒരു ശല്യമായിത്തോന്നിയിരിക്കാം എന്നു ഞാൻ വിചാരിച്ചു. പക്ഷേ, ഒരു ദിവസം രാവിലെ ദാസേട്ടൻ ഓഫീസിലേക്കും എന്റെ മക്കൾ സ്കൂളിലേക്കും പൊയ്ക്കഴിഞ്ഞപ്പോൾ എന്റെ വേലക്കാരൻ എന്നെ വന്നു വിളിച്ചു: 'ഒരു സായ്പു വന്നിട്ടുണ്ട്' അയാൾ പറഞ്ഞു. ഇരുട്ടു നിറഞ്ഞ സല്ക്കാരമുറിയിൽ പഴക്കം തട്ടിയ സോഫമേൽ ഒരു നീല ഷർട്ടു ധരിച്ചുകൊണ്ട് കാർലോ ഇരിക്കുന്നുണ്ടായിരുന്നു. വേലക്കാരൻ കർട്ടന്റെ പിന്നിൽ ഒളിഞ്ഞുനിൽക്കുന്നുണ്ടെന്നു ഞങ്ങൾക്കു രണ്ടുപേർക്കും മനസ്സിലായി. അതുകൊണ്ടു സോഫമേൽ നിന്നു പെട്ടെന്ന് എഴുന്നേററ കാർലോവിന് അഭിമുഖമായി ഒന്നും സംസാരിക്കാതെ വെറുതെ നില്ക്കുവാൻ മാത്രമേ എനിക്കു സാധിച്ചുള്ളു. കുറച്ചുനേരം കഴിഞ്ഞപ്പോൾ ഞാൻ പറഞ്ഞു:

'ഇവിടെ ഞങ്ങൾക്ക് ഒരു ടേബിൾടെന്നീസ് മേശയുണ്ട്. വരാന്തയിലേക്കു വരൂ, ഞാൻ കാണിച്ചുതരാം.'

ഞങ്ങൾ ടേബിൾടെന്നീസ് കളിച്ചുതുടങ്ങി. പക്ഷേ, എന്റെ കളി വളരെ മോശമായിരുന്നു. അതുകൊണ്ടു മടുപ്പോടെ കാർലോ പറഞ്ഞു: 'ഇനി കളിക്കേണ്ട, ഇവിടെ എന്റെ അടുത്ത് ഇരിക്കൂ.'

വരാന്തയുടെ തിണ്ണമേൽ ഞങ്ങൾ ഇരുന്നു.

'എത്ര ദിവസം ഇന്ത്യയിൽ താമസമുണ്ടാവും?' ഞാൻ ചോദിച്ചു.

'ഈ ചോദ്യത്തിന്റെ ഉത്തരം നിനക്കു മാത്രമറിയാം.' അയാൾ പറഞ്ഞു.

അയാളുടെ ചുണ്ടുകൾക്കു പണ്ടു കാണാത്ത ഒരു വിളർപ്പു വന്നു കഴിഞ്ഞിരുന്നു. ശരീരവും മെലിഞ്ഞിരുന്നു.

'നീ തടിച്ചിരിക്കുന്നു. നിറവും ഇരുണ്ടിരിക്കുന്നു. നീ കാഴ്ചയിൽ ഒരു ജിപ്സിയെപ്പോലെയിരിക്കുന്നു.' കാർലോ പറഞ്ഞു.

ആ ആഴ്ചയിൽ പേരുകേട്ട ഒരെഴുത്തുകാരൻ കൽക്കത്തയിൽ വന്നെത്തി. അയാൾ ഉച്ചഭക്ഷണം എന്റെ വീട്ടിലാണ് കഴിച്ചത്. അയാൾക്ക് ഇന്ത്യയിൽ കിട്ടുന്ന വെള്ളം കുടിക്കുവാൻ ഭയമുണ്ടായിരുന്നു. അതുകൊണ്ട് അയാൾ

വളരെയധികം ബിയർ കുടിച്ചുകൊണ്ടിരുന്നു. സന്ധ്യയ്ക്ക് അയാളെയും എന്നെയും ഒരിടത്തേക്കു കോക്ക് ടേൽന് വിളിച്ചിരുന്നു. അങ്ങോട്ടു പോവുമ്പോൾത്തന്നെ എൻെറ കണ്ണുകൾ ചുവന്നിരുന്നു. ഉച്ചയ്ക്കു വിശ്രമം കിട്ടാത്തതുകൊണ്ടും ഊണിനുമുമ്പു ബിയർ കുടിച്ചതുകൊണ്ടും എനിക്കു പനി പിടിച്ചതുപോലെ തോന്നിയിരുന്നു. സന്ധ്യയ്ക്ക്, പുൽത്തകിടിയിലിരുന്നുകൊണ്ട് ഞാൻ വീണ്ടും കുടിച്ചു. എൻെറ ഒരു ബന്ധു അടുത്തു വന്നിരുന്നുകൊണ്ട് പിറുപിറുത്തു: ഏടത്തിയമ്മേ, കുടിക്കൂ, ഏടത്തിയമ്മേ. നിയന്ത്രണം വിട്ടു കരകളെ തകർക്കുന്ന നദിയായിത്തീർന്നു ഞാൻ. എൻെറ കണ്ണുകൾ തീപ്പന്തങ്ങളെപ്പോലെ ജ്വലിക്കുന്നുവെന്നും എൻെറ സിരകളിൽ ഒരു ചിരി ഒരു സന്ധ്യാനൗകയെന്നപോലെ നീങ്ങുന്നുവെന്നും എനിക്കു തോന്നി. ഒടുവിൽ എല്ലാവരോടും യാത്ര പറഞ്ഞു കാറിൽ കയറിയപ്പോൾ അവശേഷിച്ച വിവേകം എന്നോടു മന്ത്രിച്ചു: 'നീ ഈ രൂപത്തിൽ വീട്ടിലേക്കു മടങ്ങി കുട്ടികളെ പരിഭ്രമിപ്പിക്കരുത്.' അതുകൊണ്ട് കാർലോ താമസിച്ചിരുന്ന ഹോട്ടലിലേക്കു പോവാൻ ഞാൻ ഡ്രൈവറോടു പറഞ്ഞു. ഞങ്ങളുടെ ഡ്രൈവർ റംസാൻ അറുപതു കഴിഞ്ഞ ഒരാളായിരുന്നു. അദ്ദേഹത്തിൻെറ മുഖം വാടി. ഹോട്ടലിലെത്തിയപ്പോൾ എൻെറ കൈകാലുകൾക്കു ശക്തി ക്ഷയിച്ചുതുടങ്ങുന്നതായി എനിക്കനുഭവപ്പെട്ടു. ലിഫ്ടിലെ കണ്ണാടിയിൽ ഒരു ചുവന്ന ഗ്രഹണച്ചന്ദ്രനെപ്പോലെ എൻെറ മുഖം നിഴലിച്ചുകണ്ടപ്പോൾ ഞാൻ ലജ്ജിച്ചു തലതാഴ്ത്തി. കാർലോ പൈജാമ ധരിച്ച് ഉറങ്ങാൻ തയ്യാറായിരിക്കയായിരുന്നു. വാതിൽ തുറന്നപ്പോൾ എൻെറ മുഖം കണ്ട് അയാൾ അത്ഭുതപ്പെട്ടു.

'എന്തുപററി സീത?' അയാൾ ചോദിച്ചു. ഞാൻ കട്ടിലിലേക്ക് ആശയോടെ നോക്കി. 'എനിക്കു വിശ്രമിക്കണം.' ഞാൻ പറഞ്ഞു. പക്ഷേ, ഞാൻ താമസിയാതെ നിലത്തെ പരവതാനിയിൽ കുഴഞ്ഞു വീണു.

പിന്നീട് കണ്ണു മിഴിച്ചപ്പോൾ ഞാൻ കിടക്കയിലായിരുന്നു. എൻെറ നെററിമേൽ യോദിക്കൊളോൺ നനച്ച തൂവാല വെയ്ക്കുകയായിരുന്നു കാർലോ.

'നിനക്ക് ഇപ്പോൾ കുറച്ചു ഭേദം തോന്നുന്നുണ്ടോ?' അയാൾ ചോദിച്ചു.

'ഓ.... കാർലോ, ഓ.... കാർലോ.' ഞാൻ അയാളുടെ കൈവിരലുകളെ മുറുക്കിപ്പിടിച്ചുകൊണ്ടു തേങ്ങി.

'എഴുന്നേൽക്കു ഓമനേ,' അയാൾ പറഞ്ഞു: 'എഴുന്നേററു സാരി ധരിക്കൂ. എന്നിട്ട് ഞാൻ നിന്നെ വീട്ടിലേക്കു കൊണ്ടുപോവാം. നിൻെറ ഡ്രൈവർ ചുവട്ടിൽ കാത്തുനില്ക്കുന്നുണ്ട്.'

എൻെറ സാരി ഒരു കസാലമേൽ മടക്കിവെച്ചിരുന്നു. ഞാൻ എഴുന്നേററുനിന്നു സാരിയുടുത്തു. എന്നിട്ട് കുളിമുറിയിൽ പോയി മുഖം കഴുകി ടാൽക്കം പൗഡർ പൂശി പുറത്തുവന്നു.

കാർലോ മുറി പൂട്ടി എൻെറ കൈപിടിച്ചു പുറത്തു കടന്നു.

'ആരാണു നിന്നെ ഇതൊക്കെ ചെയ്യിക്കുന്നത്?' കാർലോ ചോദിച്ചു.

ഹോട്ടലിൻെറ ബേസ്മെൻറിൽനിന്ന് ഒരു പെട്ടി ചോക്കലേററ് വാങ്ങി കാർലോ എൻെറ കൈയിൽ തന്നു: 'ഇതു കുട്ടികൾക്കു കൊടുക്കൂ' അയാൾ പറഞ്ഞു: 'അവർ നിന്നെ കാണാതെ ഭയന്നിരിക്കണം.'





വീട്ടിലെത്തിയപ്പോൾ പതിനൊന്നുമണിയായിരുന്നു. കുട്ടികൾ ഉറങ്ങിക്കിടന്നിരുന്നു. എനിക്കു പിന്നീട് ഉറക്കം വന്നില്ല. ഞാൻ വരാന്തയിലെ അഴിയും ചാരിക്കൊണ്ട് വളരെ നേരം ആ തണുത്ത തിണ്ണമേൽ ഇരുന്നു. ആകാശത്തിൽ ഒരൊററ നക്ഷത്രവുമുണ്ടായിരുന്നില്ല.

## 24

## ചൈനീസ് ചായ

ഞങ്ങളുടെ സുഹൃദ്വലയത്തിൽപ്പെട്ട ഒരു ധനശാസ്ത്രവിദഗ്ദ്ധൻ അക്കാലത്ത് എൻെറ സാമീപ്യം ഇഷ്ടപ്പെട്ടിരുന്നു. പക്ഷേ, അസൂയാലുവായ ഒരു പ്രേമഭാജനം അദ്ദേഹത്തിന് കൽക്കത്തയിലുണ്ടായിരുന്നു. അതുകൊണ്ട് തൻെറ സ്വാധീനശക്തി ഉപയോഗപ്പെടുത്തി അദ്ദേഹം ദാസേട്ടനെ ഡൽഹിയിലേക്കു മാററി. തൻെറ ഭാവി മെച്ചപ്പെടുമെന്നു മാത്രമേ ദാസേട്ടൻ ആ ഘട്ടത്തിൽ കരുതിയുള്ളു. കല്ക്കത്തയിലെ വീട്ടിലെ വിശാലങ്ങളായ മുറികളിൽ ജീവിച്ചു പരിചയിച്ച ഞങ്ങൾക്ക് ഡൽഹിയിലെ താമസസ്ഥലം ഒരു കാരാഗൃഹമായി തോന്നി. രാവിലെ ഒരു മണിക്കൂർനേരം മാത്രം പൈപ്പുകളിൽ വെള്ളം ഒഴുകി. അതിനുശേഷം ഒരൊററത്തുള്ളി വെള്ളമില്ല. എന്നും കുളിച്ചുശീലിച്ചിരുന്ന എൻെറ തലമുടിയുടെ തിളക്കം മങ്ങി. എനിക്കു പെട്ടെന്നു കരച്ചിൽ വന്നുകൊണ്ടിരുന്നു. ഞങ്ങളുടെ വീട്ടുസാമാനങ്ങൾ ഡൽഹിയിലേക്ക് എത്തിയതു പകുതിയും പൊട്ടിയും പൊളിഞ്ഞുമാണ്. കൊല്ലത്തിൻെറ അവസാനഭാഗത്തിൽ കുട്ടികളെ സ്കൂളിൽ ചേർക്കുവാനും ഞങ്ങൾക്കു പലരുടെ മുമ്പിലും തല കുനിക്കേണ്ടിവന്നു.

ഡൽഹിയിലെത്തിയിട്ട് ഒരാഴ്ചയാവുമ്പോൾ എനിക്കൊരു കമ്പി കിട്ടി. അച്ഛന് ഒരു heart attack ഉണ്ടായെന്നും ഞാൻ ഉടനെ കോഴിക്കോട്ടേക്കു ചെല്ലണമെന്നുമായിരുന്നു അതിൻെറ സന്ദേശം. അച്ഛൻ എൻെറ സുരക്ഷിതത്വത്തിൻെറ അടിത്തൂണായിരുന്നു. എന്തു പററിയാലും അച്ഛൻെറയടുത്തു ചെല്ലുമ്പോൾ അവിടെ എനിക്കൊരഭയം കിട്ടുമെന്നു ഞാൻ വിശ്വസിച്ചിരുന്നു. ഞാൻ പിറേറദിവസം വിമാനം കയറി മദിരാശിയിൽ എത്തിയപ്പോൾത്തന്നെ നേരം ഇരുട്ടിയിരുന്നു. ടാക്സി പിടിച്ചു ധൃതിയിൽ റെയിൽവേസ്റേറഷനിലെത്തിയപ്പോൾ പ്ലാററ്ഫോമിൽ രണ്ടാംവിസിലും കാത്തു വണ്ടി തയ്യാറായി നില്ക്കുകയായിരുന്നു. പ്ലാററ്ഫോം ടിക്കററ് മാത്രം മേടിച്ചു ഞാൻ ഓടിച്ചെന്നു വണ്ടിയിൽ കയറി.

പിറേറദിവസം രാവിലെ വീട്ടിലെത്തിയപ്പോൾ മുകളിലെ ഇടനാഴിയിൽ അച്ഛൻ മയങ്ങിക്കിടക്കുകയായിരുന്നു. എന്നെ കണ്ടപ്പോൾ അച്ഛൻ കരഞ്ഞു. ജീവൻ കൊടുത്തും അച്ഛനെ മരണത്തിൽനിന്നു രക്ഷിക്കണമെന്നു ഞാൻ നിശ്ചയിച്ചു.

അന്ന് അച്ഛൻെറ നാലു മക്കളും കോഴിക്കോട്ടായിരുന്നു. എൻെറ ജ്യേഷ്ഠനും അനുജനും ജോലിയുണ്ടായിരുന്നു. അനുജത്തി പഠിക്കുകയായി

രുന്നു. അമ്മയാണെങ്കിൽ സംഭ്രമംകൊണ്ടു ക്ഷീണിതയായി കാണപ്പെട്ടു. അതുകൊണ്ട് അച്ഛനു ദീനം മാറുന്നതുവരെ അവിടെ താമസിക്കുവാനും അദ്ദേഹത്തെ ശുശ്രൂഷിക്കുവാനും ഞാൻ തീരുമാനിച്ചു.

ഇടനാഴിക്കപ്പുറം ഒരു ടെറസ്സായിരുന്നു. അവിടെ വരിവരിയായി മെത്തകൾ വിരിച്ചു ഞങ്ങളെല്ലാവരും കിടന്നു. അച്ഛൻെറ കട്ടിലിനു താഴെ, നിലത്ത് ഒരു മെത്ത വിരിച്ച് അമ്മയോ ഞാനോ കിടന്നു. ജീവിതത്തിൽ ആദ്യമായി ഞാൻ ആ കിടപ്പിൽ കുടുംബസ്നേഹമെന്ന വാക്കിൻെറ അർത്ഥം മനസ്സിലാക്കി. അച്ഛൻെറയുമമ്മയുടെയും മക്കളായി ജനിച്ചുവെങ്കിലും ഞങ്ങൾ എല്ലാവരും ഒരിക്കലും ഒന്നിച്ചു താമസിച്ചിട്ടുണ്ടായിരുന്നില്ല. അത് ആദ്യമായി അച്ഛനു ദീനം പിടിപെട്ടപ്പോഴാണുണ്ടായത്. അച്ഛനു രാത്രികളിൽ ഞങ്ങളുടെ സംഭാഷണം ശ്രദ്ധിച്ചുകൊണ്ടു കിടക്കുമ്പോൾ വളരെ ആനന്ദം തോന്നിയിരിക്കണം. എന്തെന്നാൽ അദ്ദേഹത്തിനു വേഗത്തിൽ ദീനം സുഖപ്പെട്ടു. ഒരു മാസം കഴിഞ്ഞപ്പോൾ ഞാൻ ഡൽഹിക്കു മടങ്ങി.

ഡിഫെൻസ് കോളനിയിലുണ്ടായിരുന്ന വീട്ടിൽനിന്നു ഞങ്ങൾ വെള്ളം അന്വേഷിച്ച് ലജ്പത് നഗറിൽ എത്തി. വളരെ ഇടുങ്ങിയ മുറികളുള്ള ഒരു വീടായിരുന്നു ഞങ്ങൾക്കു കിട്ടിയത്. വീട്ടിനു മുമ്പിൽ എരുമകളുടെ മേച്ചിൽസ്ഥലമായിരുന്നു. അതിനു പിന്നിൽ പാവങ്ങളുടെ കുടിലുകൾ. നീരും തിളക്കവുമുള്ള വലിയ ഈച്ചകൾ പകൽസമയത്തൊക്കെ അവിടെയെല്ലാം മൂളിക്കൊണ്ടു പറന്നിരുന്നു.

അവിടെവച്ച് എൻെറ മകൻ മോനുവിനു ടൈഫോയ്ഡ് പിടിപെട്ടു. ശവങ്ങളെ ആ കുടിലുകളിൽനിന്നു കയററുകട്ടിലിൽ കിടത്തി ഇറക്കിക്കൊണ്ടുപോവുന്നത് ഞാൻ ഉമ്മറത്ത് ഇരുന്നു കാണാറുണ്ടായിരുന്നു. 'ഇവിടെ താമസിച്ചാൽ ഞാൻ മരിക്കും അമ്മേ.' മോനു ഒരിക്കൽ പറഞ്ഞു. ഞാൻ ആ വീടിനെ അന്നുമുതൽ വെറുത്തു തുടങ്ങി.

ഒരു ദിവസം വൈകുന്നേരം ഞാൻ ദാസേട്ടനെ ഓഫീസിൽനിന്നു വീട്ടിലേക്കു കൊണ്ടുവരാനായി കാറിൽ പോയിരുന്നു. സാധാരണ ആറിനായിരുന്നു ഞാൻ അവിടെ എത്തിയിരുന്നത്. അന്ന് അഞ്ചിനുതന്നെ ഞാൻ ഓഫീസിലെത്തി. ഞങ്ങൾക്ക് പണ്ടു പരിചയമുണ്ടായിരുന്ന ഡോക്ടർ കൃഷ്ണസ്വാമി അപ്പോൾ ദാസേട്ടൻെറ മുറിയിലേക്കു കടന്നുവന്നു. 'ഹലോ മിസ്സിസ് ദാസ്, എങ്ങനെയുണ്ട്?' അദ്ദേഹം ചോദിച്ചു.

'അവൾക്ക് ഇപ്പോഴത്തെ വീടിനെപ്പററി വലിയ അതൃപ്തി.' ദാസേട്ടൻ പറഞ്ഞു.

ഞാൻ മുഖം മറച്ചു പൊട്ടിക്കരഞ്ഞു. എൻെറ ഞരമ്പുകൾ ആകെ തളർന്നുകഴിഞ്ഞിരുന്നു. ഉടനെതന്നെ ഡോക്ടർ കൃഷ്ണസ്വാമി തൻെറ ഒരു സ്നേഹിതന് ഫോൺചെയ്ത് ഞങ്ങൾക്കു താമസിക്കുവാനായി ഒരു വീടു കണ്ടുപിടിച്ചുതന്നു. ഞാൻ ആഹ്ലാദഭരിതയായി വീട്ടിലേക്കു മടങ്ങി.

അന്ന് ഇടയ്ക്കിടയ്ക്കു ഞങ്ങളെ സന്ദർശിക്കാറുള്ള ഒരു സുഹൃത്ത്, വി.കെ.എൻ. എന്നു പേരുള്ള സുപ്രസിദ്ധ നോവലിസ്ററായിരുന്നു. ഇടയ്ക്കു നാലുമണിക്കോ മറെറാ വാതില്ക്കൽ ഒരു തട്ടും 'വി.കെ. എൻ.കുട്ടി' എന്നൊരു വിളിച്ചുപറയലും ഞങ്ങൾ കേട്ടിരുന്നു. രണ്ടു കട്ടിലിട്ടുകഴിഞ്ഞപ്പോൾ





നടക്കാനുംകൂടി സ്ഥലമില്ലാതായ മുറിയിൽത്തന്നെ ഞങ്ങൾ അദ്ദേഹത്തെ സ്വീകരിക്കും. ഒരു കട്ടിലിൽ മോനു രോഗബാധിതനായി കിടന്നു. വി. കെ. എൻ. രുചിയേറിയ ഭക്ഷണപദാർത്ഥങ്ങളെപ്പററിയാണ് അധികവും സംസാരിച്ചിരുന്നത്. അദ്ദേഹത്തിൻെറ സംഭാഷണം എല്ലായ്പോഴും എൻെറ മക്കളെ രസിപ്പിച്ചു.

വി.കെ.എൻ. വീടു മാറുന്നതിൽ ഞങ്ങളെ സഹായിക്കാനെത്തി. സൗത്ത് എക്സ്റെറൻഷൻ എന്ന സ്ഥലത്തായിരുന്നു വീട്. വീട്ടുടമസ്ഥൻ താഴത്തെ നിലയിൽ താമസിച്ചിരുന്നു. ഞങ്ങളുടെ വീടിൻെറ തുടക്കം പൂത്ത റങ്കൂൺ ക്രീപ്പർ പൊതിഞ്ഞ ഒരു കോണിയായിരുന്നു. മുകളിലെത്തിയാൽ തെരുവിലേക്കു നോക്കുന്ന ഒരു വരാന്ത, അതിനു പിന്നിൽ ഓഫീസ് മുറി, സൽക്കാരമുറി, രണ്ടു കിടപ്പുമുറികൾ. അടുക്കളയും. അടുക്കളയുടെ മുമ്പിലുള്ള വരാന്തയിൽ ഞങ്ങൾ മേശയും കസാലകളുമിട്ട് അതു ഭക്ഷണമുറിയാക്കി, സ്ഥലം പോരാത്തതുകൊണ്ട്. ഞാൻ സാധിക്കുമ്പോഴൊക്കെ വീട്ടിൽ നിന്നു പുറത്തു കടന്നു നടന്നുകൊണ്ടിരുന്നു. ഞങ്ങളുടെ വീട്ടിൻെറ അര ഫർലോങ് അകലെ 'ലാകംബാനാ' എന്നു പേരുള്ള ഒരു ഭക്ഷണശാലയുണ്ടായിരുന്നു. ഒരു മരത്തിൻെറ ചുററും മേശകളും കസാലകളുമിട്ട്, ചുമരുംവെച്ച്, ഒരു പർണശാലപോലെ തണലും ഭംഗിയുമുള്ള ഒരിടം. അവിടെ ഞാനും മക്കളും പലപ്പോഴും പോയി. എൻെറ മൂത്ത മകൻ സസ്യഭുക്കായിരുന്നു. പക്ഷേ, രണ്ടാമത്തെ മകനു കോഴിയിറച്ചി ഇഷ്ടമായിരുന്നു. ലാകംബാനായിൽവെച്ച് ഞങ്ങൾ വെജിററബിൾ ബിരിയാണിയും പൊരിച്ച കോഴിയും പാൽക്കട്ടിയും പട്ടാണിപ്പയറും കൂട്ടിയുണ്ടാക്കിയ മസാലക്കറിയും ഐസ്ക്രീമും കഴിച്ചു. ഓരോ തവണയും അവിടെ നിന്ന് ആഹാരം കഴിച്ചതിനുശേഷം ഞങ്ങൾ മൂന്നുപേരും കൈകോർത്തുകൊണ്ടു പുതുതായി വന്ന പീടികകളുടെ പ്രദർശന ജനവാതിലുകൾ നോക്കിക്കൊണ്ടു സാവധാനത്തിൽ വീട്ടിലേക്കു മടങ്ങി. ഞങ്ങൾ കണ്ട വസ്തുക്കളെയെല്ലാം എൻെറ രണ്ടാമത്തെ മകൻ പ്രിയദർശന് ബോധിച്ചു. എനിക്ക് ഇതൊക്കെ എപ്പോഴാണ് വാങ്ങിത്തരിക? അവൻ ചോദിച്ചു.

ഞാൻ അന്നു സാധാരണയായി കവിതകൾ പ്രസിദ്ധപ്പെടുത്താറുണ്ടായിരുന്നു. വിദേശത്തുനിന്ന് ഒരു കവിതാസമ്മാനവും എനിക്ക് ആയിടയ്ക്കു കിട്ടിക്കഴിഞ്ഞിരുന്നു. അതിനാൽ സംസ്കൃതചിത്തരാണെന്നു സ്വയം അഭിമാനിക്കുന്ന പല ചെറുപ്പക്കാരും എന്നെ പരിചയപ്പെടുവാൻ ഉത്സാഹം പ്രകടിപ്പിച്ചു. വിദേശീയ സിനിമകളുടെ ഒരു പ്രദർശനം നടന്നുകൊണ്ടിരിക്കുമ്പോൾ അവരിലോരോരുത്തരും എന്നെ ഓരോ ദിവസം തങ്ങളുടെ ഭാര്യയെന്ന വ്യാജേന അകത്തു കടത്തി പടം കാണിച്ചുതന്നു. ഓരോ ദിവസവും ഓരോ ആകൃതിയിൽ ഞാൻ സിനിമയ്ക്കു പോയി. പ്രച്ഛന്ന വേഷധാരണം ഞാൻ കുട്ടിക്കാലംമുതൽക്കേ ഇഷ്ടപ്പെട്ടിരുന്ന ഒരു വിനോദമായിരുന്നു.

അന്ന് എനിക്കു വളരെ ചുരുക്കം സാരികളേ ഉണ്ടായിരുന്നുള്ളു. വേഷം അല്പം മുഷിഞ്ഞതാണെന്നു തോന്നുമ്പോൾ ഞാൻ കവിളുകൾ തിരുമ്മിച്ചുവപ്പിക്കും. അതോടെ എൻെറ ആത്മവിശ്വാസം വർദ്ധിക്കുകയുംചെയ്യും. എൻെറ പ്രിയപ്പെട്ട സുഹൃത്തായ പോൾ എന്നെ ആദ്യമായി ഒരു വൈകുന്നേരം

സ്കൂട്ടർറിക്ഷയിൽ കയററി. ഞങ്ങൾ ആദ്യം 'ലാബൈനീം' എന്ന ഭക്ഷണ ശാലയിൽ പോയി. മെഴുകുതിരിയുടെ നേർത്ത വെളിച്ചത്തിൽ ഇരുന്നുകൊണ്ട് ചൈനീസ് ചായയും ചീസ് സാൻറ്വിച്ചും കഴിച്ചു. ചൈനീസ് ചായ കുടിച്ചു ശീലമുണ്ടെന്ന് അഭിനയിച്ചുകൊണ്ടാണ് ഞാനതിന് ഓർഡർ കൊടുത്തത്. ഞാൻ വാസ്തവത്തിൽ അത് ആദ്യമായി കുടിക്കുകയായിരുന്നു. അതിന്റെ പച്ചവെള്ളസ്വാദ് എന്നെ നിരാശപ്പെടുത്തി. ഞാനാദ്യമാണ് ഇതൊക്കെ കുടിക്കുന്നത്. ഞാൻ പോളിനോടു പറഞ്ഞു. എന്റെ ചുളുങ്ങിയ മുഖം കണ്ട് പോൾ ചിരിച്ചു. ഇതിലും നല്ലത് ആപ്പിൾനീരായിരുന്നു. ഞാൻ പറഞ്ഞു. ഞങ്ങൾ രണ്ടു കുപ്പി ആപ്പിൾനീരു വാങ്ങിക്കൊണ്ട് ഒരു സ്കൂട്ടർ റിക്ഷയിൽ കയറി. ഞങ്ങൾ കുപ്പിയെടുത്തു മോന്തുന്നതു കണ്ട് ഡ്രൈവർ നീരസത്തോടെ പറഞ്ഞു: 'ഇതിന്റെയുള്ളിൽ വെച്ചു മദ്യം കുടിക്കരുത്. പോലീസ് എന്നെയാണു പിടിക്കുക.'

'മദ്യമോ?' പോൾ ചോദിച്ചു. കുറച്ചു സ്വാദു നോക്കൂ സഹോദരാ, ഇതു വെറും ആപ്പിൾ ജൂസാണ്.'

ഡൽഹിയിലെ മിക്ക നിരത്തുകളുടെ വക്കത്തും സുഗന്ധികളായ മരങ്ങൾ വളർന്നുനില്ക്കുന്നതു കാണാം. സന്ധ്യയ്ക്കുതോട്ടിവർഗക്കാർ വീണു കിടക്കുന്ന ഇലകൾ അടിച്ചു വാരിക്കൂട്ടി ചെറിയ തീക്കുണ്ഡങ്ങളുണ്ടാക്കിയിരുന്നു. ഉണങ്ങിയ ഇലകളുടെ ആ ധൂമപടലത്തിൽക്കൂടി, ആ കനത്ത സുഗന്ധത്തിൽക്കൂടി, ഞങ്ങൾ ചിരിച്ചുകൊണ്ടു സവാരിചെയ്തു. ഒടുവിൽ വൈകി ജോലിയെടുത്തുകൊണ്ടിരുന്ന ദാസേട്ടന്റെ ഓഫീസ് മുറിയിലെത്തിയപ്പോൾ അദ്ദേഹം പറഞ്ഞു:

'നീ ഇന്ന് എത്ര സന്തോഷവതിയായിരിക്കുന്നു, ആമീ!'

പോൾ ലജ്ജിച്ചു തല താഴ്ത്തി.

## 25

## ഉയിർത്തെഴുന്നേറ്റ പക്ഷി

ഞാൻ ശ്രീ വി.കെ. കൃഷ്ണമേനോനെ ആദ്യമായി പരിചയപ്പെട്ടത് ഡൽഹിയിൽവെച്ചായിരുന്നു. അദ്ദേഹത്തിന്റെ അനുയായികൾ നടത്തിക്കൊണ്ടിരുന്ന 'സെൻചുറി' എന്ന വാരികയിൽ ആയിടയ്ക്ക് ഞാൻ കവിതകളും ലേഖനങ്ങളും പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നു. സെൻചുറിയുടെ പ്രത്യേക നമ്പറുകളിൽ എഴുതുവാനുള്ള അഭ്യർത്ഥനകൾ എനിക്ക് ഇടയ്ക്കിടയ്ക്കു കിട്ടാറുണ്ടായിരുന്നു. ഞാൻ ഒരു ദിവസം കൃഷ്ണമേനോനെ ചെന്നു കാണുവാൻ തീരുമാനിച്ചിരുന്നു. അപ്പോഴാണ് അദ്ദേഹത്തിന്റെ പരിചിത വൃത്തത്തിൽപ്പെട്ട ഒരാളെന്നു സ്വയം പ്രഖ്യാപിക്കാറുള്ള ഒരു ഇരുപത്തിമൂന്നുവയസ്സുകാരൻ എന്നോട് പറഞ്ഞത്:

'നിങ്ങൾ കാണാൻ വരുന്നുവെന്നു കേട്ടപ്പോൾ മേനോൻ ചോദിച്ചു:





'ആരാണ് ഈ കമലാദാസ്? ഞാനെന്തിന് ഈ എഴുത്തുകാരെയെല്ലാം കാണണം?'

കൃഷ്ണമേനോന്റെ അസഹനീയമായ ദുരഭിമാനത്തെപ്പററി പല കഥകളും അന്നു ഡൽഹിയിൽ പ്രചരിച്ചിരുന്നു. അതുകൊണ്ട് ഈ കഥ ഞാൻ വിശ്വസിച്ചുവെന്നു മാത്രമല്ല, മേനോനെ അന്നുമുതൽ കഠിനമായി വെറുക്കുവാൻ ഒരു ശ്രമവും നടത്തി. ആ ശ്രമം ഫലിച്ചില്ല.

ഏതായാലും ഞാൻ അദ്ദേഹത്തെ കാണുവാൻ പോകില്ലെന്നു തീരുമാനിച്ചു. പിന്നീടു ഞാൻ രോഗിണിയായി വെല്ലിങ്ടൺ ഹോസ്പിററലിൽ കിടക്കുമ്പോൾ കൃഷ്ണമേനോൻ എന്നെ കാണുവാൻ വന്നു. ഡൽഹിയിൽ ഞങ്ങളുടെ സുഹൃദ്വലയത്തിൽ പല പ്രതിഭാശാലികളുമുണ്ടായിരുന്നു. ഞങ്ങളുടെ ചർച്ച വാൾപ്പയററുപോലെയായി എല്ലാ അവസരത്തിലും രൂപാന്തരപ്പെട്ടു. പേരുകേട്ട പത്രപ്രവർത്തകരും കവികളും ധനശാസ്ത്രവിദഗ്ദ്ധരും കലാകാരന്മാരും ഞങ്ങളുടെ മിത്രങ്ങളായിത്തീർന്നു. ലോകത്തിന്റെ മദ്ധ്യം ഡൽഹിയിലാണെന്നു ഞങ്ങൾക്കു തോന്നി. ലോകം നടു കുഴിഞ്ഞ ഒരു പാത്രമാണെന്നും ഡൽഹി അതിന്റെ മദ്ധ്യമാണെന്നും കനമേറിയ കരുക്കളെല്ലാം ആ കുഴിയിൽ വന്നടിയുന്നുവെന്നും എനിക്കു തോന്നി. ലോകം അരങ്ങായും എന്റെ പരിചിതരൂപങ്ങളെല്ലാം ഓരോ കഥാപാത്രങ്ങളായും എന്റെ കണ്ണിൽ രൂപാന്തരപ്പെട്ടു. പ്ലോട്ട് കനത്തുകനത്തു വന്നു. ജീവിതത്തിന്റെ പശ്ചാത്തലസംഗീതം പെട്ടെന്ന് ഉച്ചത്തിലായി....

1965 ഏപ്രിൽ മാസത്തിൽ മൂന്നാമത്തെ പ്രസവത്തിനായി ഞാൻ കോഴിക്കോട്ടേക്കു പോയി. എന്റെ മക്കളെയും ദാസേട്ടനെയും പിരിഞ്ഞിരിക്കുന്നതുകൊണ്ട് എന്റെ ഹൃദയം പ്രക്ഷുബ്ധമായിരുന്നു. ഡൽഹിയും കോഴിക്കോടും രണ്ടു വ്യത്യസ്ത ഗ്രഹങ്ങളായിരുന്നു. ഡൽഹിയിൽ എന്റെ വാക്കുകൾക്ക് എല്ലായ്പോഴും ഒരു 'ഓഡിയൻസ്' ഉണ്ടായിരുന്നു. എന്റെ വ്യക്തിത്വത്തിന് എന്നും അംഗീകാരം ലഭിച്ചിരുന്നു. കേരളത്തിൽ സ്ത്രീയുടെ വാക്കുകൾ പുരുഷന്മാർ ശ്രദ്ധിക്കുകയില്ല. മററു സ്ത്രീകളുമായി പ്രസവവേദനയെപ്പററിയും സ്വർണ്ണാഭരണങ്ങളെപ്പററിയും മററുള്ളവരുടെ ദുർനടപടിയെപ്പററിയും സംസാരിച്ച് സംസാരിച്ച് എന്റെ മനസ്സു മുഷിഞ്ഞു. എന്റെ ബുദ്ധിശക്തിക്കു തുരുമ്പു പിടിച്ചു. രാവിലെ എഴുന്നേല്ക്കുമ്പോൾത്തന്നെ എന്റെ കണ്ണുകൾ അകാരണമായി നിറഞ്ഞൊഴുകി. നൈവേദ്യവും സ്നേഹാഭിഷേകവും മററും ലഭിച്ചുകൊണ്ടിരുന്ന ഒരു ദേവതയെപ്പോലെയായിരുന്നു ഞാൻ. എന്റെ ക്ഷേത്രത്തിൽ കഴകം നിന്നു. ഭക്തർ പ്രവേശിക്കാതെയായി. ഏകാകിനിയായ വിഗ്രഹത്തിന്റെ ഹൃദയം കണ്ണുനീരിൽ കുതിർന്നു.

ഒരു ദിവസം രാവിലെ നാലുമണിക്കു ഞാൻ വേദനയോടെ ഉണർന്നു. ജനലിനപ്പുറത്ത് ആകാശം തെളിയുന്നുണ്ടായിരുന്നു. മഴക്കാലം വന്നെത്തുന്നുവെന്ന മൃദുസന്ദേശത്തോടെ തണുത്ത കാററുകൾ വീശിക്കൊണ്ടിരുന്നു.

ഞങ്ങളുടെ കുടുംബസ്നേഹിതയായ ഡോക്ടർ വിമല എന്നെ അവരുടെ കാറിൽ കയററി അഞ്ചുമണിക്കു മുമ്പു ഹോസ്പിററലിലേക്കു കൊണ്ടുപോയി.

പ്രസവവേദനയെ ലഘൂകരിക്കാനായി ഞാൻ ഗായത്രിമന്ത്രം ഉരുവിട്ടു കൊണ്ടിരുന്നു. സൂര്യൻ വളർന്നു വളർന്ന് എന്നെ സ്വർണ്ണവായിലെടുത്തു റിഴുങ്ങുന്നുവെന്ന് എനിക്കു തോന്നി.

എനിക്കു നിലവിളികൂട്ടാൻ സമയം കിട്ടിയതേയില്ല. സൂര്യനെ സ്മരിച്ചു കിടക്കുമ്പോൾ എൻെറ ഇടത്തേ തുടയിൽക്കൂടി ഉരസിക്കൊണ്ട് എൻെറ മൂന്നാമത്തെ മകൻ ജനിച്ചു. അവൻ ഉറക്കെ നിലവിളിച്ചു.

'നല്ല ഭംഗിയുള്ള ഒരു കൊച്ചുമകൻ.' വിമല പറഞ്ഞു.

എൻെറ അമ്മ അവനെ എടുത്തുപൊക്കി, എൻെറ മാറിടത്തിൽ കിടത്തി. ഞാൻ അവനെ ചുംബിച്ച് അനുഗ്രഹിച്ചു. എന്നിട്ട് അവൻെറ കാതിൽ 'ജയ സൂര്യ', 'ജയസൂര്യ', 'ജയസൂര്യ' എന്ന് ഉരുവിട്ടു. അതായിരുന്നു അവൻെറ നാമകരണ മുഹൂർത്തം.

അവന് എട്ടുറാത്തൽ തൂക്കമുണ്ടായിരുന്നു. ഒരു ദൈവപുത്രൻെറ അസാമാന്യസൗന്ദര്യവുമുണ്ടായിരുന്നു. നിധി കിട്ടിയ ദരിദ്രനെപ്പോലെ പിന്നീടു ഞാൻ അവൻെറ അടുത്തുനിന്നു നീങ്ങാതായി. എൻെറ ശരീരം ക്ഷീണിച്ച് ഉറക്കമില്ലാതെ കണ്ണുകൾ കുണ്ടിലാഴ്ന്നുപോയി. ഞാൻ ഒരു നിധി കാക്കുന്ന ഭൂതം മാത്രമായിത്തീർന്നു.

ഡൽഹിയിൽ മടങ്ങിയെത്തിയതിനുശേഷം എൻെറ ആരോഗ്യം ക്രമേണ തകർന്നുകൊണ്ടിരുന്നു. എൻെറ വയറിൻെറ വലതുഭാഗത്ത് എല്ലായ്പോഴും ഒരു വേദന അനുഭവപ്പെട്ടു. രാത്രി മുഴുവൻ ഞാൻ കിടന്നു ചുമച്ചു. ഇടയ്ക്കിടയ്ക്കു ഞാൻ ഛർദിച്ചു. പുറത്തു പോവാനോ സിനിമ കാണാനോ ആഹ്ളാദിക്കാനോ എനിക്കു തീരെ ആഗ്രഹം തോന്നിയില്ല. ഞാൻ സുഹൃത്തുക്കളിൽ നിന്ന് അകന്നുമാറിക്കൊണ്ടിരുന്നു. എൻെറ സന്തതസഹചാരിയായ ഒരു യുവാവ് എന്നോടു ചോദിച്ചു :

'എന്നെ കണ്ടുകൂടാതെയായോ?'

'എനിക്ക് ആരേയും കാണണ്ട.' ഞാൻ പറഞ്ഞു. അപ്പോഴും എൻെറ വലത്തേ കൈ എൻെറ ശിശുവിൻെറ മൂർദ്ധാവിൽ തലോടിക്കൊണ്ടിരുന്നു.

'നിന്നോടുള്ള സ്നേഹം കാരണം എന്നെ പ്രേമിച്ചിരുന്ന പെൺകുട്ടിയെ ഞാൻ കരയിപ്പിച്ചു പറഞ്ഞയച്ചു. അതുകൊണ്ടാണു ഞാനിതനുഭവിക്കുന്നത്.' അയാൾ എന്നോടു പറഞ്ഞു.

അയാൾ ചുമരും ചാരി, കോണിപ്പടികളിറങ്ങുവാൻ പുറപ്പെട്ടുകൊണ്ടു നില്ക്കുകയായിരുന്നു. അയാളുടെ കണ്ണുനീർ കണ്ടിട്ടും ഞാൻ എഴുന്നേററില്ല.

'നിൻെറ ഹൃദയം ഇത്ര കഠിനമായത് എങ്ങനെ?' അയാൾ തേങ്ങലോടെ ചോദിച്ചു. അപ്പോഴും ഞാൻ എൻെറ മകൻെറ മൂർദ്ധാവിൽ വാത്സല്യത്തോടെ തടവിക്കൊണ്ടിരുന്നു.

ഇടയ്ക്ക് ലോറൻസ് ബാൻറിൽമൻ എന്ന കവി അവിടെ വരാറുണ്ടായിരുന്നു. അയാളും ഞാനും കൂടി ചെറിയ ഗ്ലാസിൽ ദ്രാക്ഷാരിഷ്ടം കണക്കിലധികം കുടിച്ചു.

'മാധവീ, ആ കേരളാ വൈൻ എടുക്കൂ—' അയാൾ പറയാറുണ്ടായിരുന്നു.

ക്രമേണ എൻെറ ദീനം വർദ്ധിച്ചുവന്നു. എൻെറ തൂക്കം കുറഞ്ഞു.





എൻെറ നിറം കറുത്തു. ഒടുവിൽ ഞാൻ വെല്ലിങ്ടൺ ഹോസ്പിററലിൽ മരണത്തെ കാത്തുകിടക്കുന്ന ഒരു രോഗിണിയായി മാറി. ഈ ലോക ത്തിൽവെച്ച് ഏററവും സ്നേഹമയിയായ ഒരു പെൺകുട്ടി ഭാഗ്യവശാൽ അക്കാലത്ത് എൻെറ മിത്രമായിരുന്നു. തവിട്ടുനിറത്തിലുള്ള നീണ്ട മുടിയും നിഷ്കളങ്കതയുള്ള പുഞ്ചിരിയുമുള്ള ഷെർലി. എന്നെ കട്ടിലിൽ കിടത്തി ക്കൊണ്ട് എൻെറ തലമുടി അവൾ സോപ്പിട്ടു കഴുകി തുവർത്തി. ദീനം പിടിച്ചു മൊളിഞ്ഞു വെറുങ്ങലിച്ച എൻെറ കാൽവിരലുകളിൽ കോൾഡ്ക്രീം പുരട്ടി അവൾ തിരുമ്മി.

എൻെറ മുറിയുടെ ജനലിൽക്കൂടി നോക്കിയാൽ ശവങ്ങളുടെ നിക്ഷേപസ്ഥലമായ Morgue ആയിരുന്നു പ്രധാന ദൃശ്യം. ഷെർലി അതിലേക്കു നോക്കിക്കൊണ്ടുനില്ക്കുമ്പോഴൊക്കെ ഞാൻ ചോദിച്ചു:

'ഷെർലി, എന്താണു നോക്കുന്നത്?'

'ഒന്നുമില്ല, ആളുകളെ നോക്കുകയാണ്. ആമി ഉറങ്ങിക്കോളൂ.' ഷെർലി പറഞ്ഞു.

ഇടയ്ക്കിടയ്ക്കു പുറത്തെ മുററത്തുനിന്നു ശവമിറക്കുന്ന സന്ദർഭങ്ങളിൽ ഉച്ചത്തിലുള്ള പൊട്ടിക്കരച്ചിൽ ഉയർന്നിരുന്നു. അപ്പോഴും ഷെർലി എന്നോടു പറയും: 'അത് ഒരു കുട്ടി വേദനകൊണ്ടു നിലവിളിക്കുകയാണ്. ആ കുട്ടിയുടെ മുറിവു ഡോക്ടർ തുണിവെച്ചു കെട്ടുകയാണ്. ആമി ഉറങ്ങിക്കൊള്ളൂ.'

'ഞാൻ മരിക്കുമോ?' ഞാൻ ഷെർലിയോടു ചോദിച്ചു: 'ഷെർലിക്ക് എന്താണു തോന്നുന്നത്? സത്യം പറയൂ.'

'ആമി മരിക്കില്ല. മരിക്കാനാണു യോഗമെങ്കിൽ ഇത്ര ഭംഗിയുള്ള ഒരു കുട്ടിയെ ദൈവം ആമിക്കു തരുമായിരുന്നില്ല.' ഷെർലി പറഞ്ഞു.

എൻെറ കുട്ടി നടന്നു കളിക്കുന്നതു കാണുവാനെങ്കിലും എനിക്കു ഭാഗ്യമുണ്ടാവണമെന്ന് ഞാൻ ആശിച്ചു. ഓരോ ശ്വാസോച്ഛ്വാസത്തിലും ഞാൻ ഭഗവാൻെറ തിരുനാമം ഉച്ചരിച്ചു.

അങ്ങനെ രോഗം അകാലവൃദ്ധയാക്കി മാററിക്കഴിഞ്ഞിരുന്ന എന്നെ കാണുവാനായി കൃഷ്ണമേനോൻ വന്നു. വെറുപ്പ് എന്ന വാക്കുതന്നെ ആ ഘട്ടത്തിൽ അർത്ഥരഹിതമായിക്കഴിഞ്ഞിരുന്നു.

മനുഷ്യരൂപം കൈവെടിഞ്ഞ് ഒരു ജീർണിച്ച പക്ഷിയെപ്പോലെയായിത്തീർന്നിരുന്നു എൻെറ ശരീരം. കരിവാളിച്ച്, മൊളി വീണു പരുത്ത എൻെറ ശരീരം. എൻെറ സ്വരവും നേർത്തുകഴിഞ്ഞിരുന്നു. ഷെർലിയുടെ ഭർത്താവിൻെറ ജ്യേഷ്ഠൻ എന്നെ പുതപ്പിൽ പൊതിഞ്ഞ് വാരിയെടുത്ത് കോണിപ്പടികൾ കയററി, കിടക്കയിൽ കൊണ്ടുചെന്നു കിടത്തി. എൻെറ ശിശു എന്നെ കണ്ടപ്പോൾ ഭയന്നു കരഞ്ഞു.

എൻെറ രണ്ടാമത്തെ മകൻ കടുകെണ്ണയെടുത്ത് എൻെറ കാലിൻെറ തൊലി തിരുമ്മി മിനുസപ്പെടുത്തുവാൻ ശ്രമിച്ചു.

എനിക്കും പൂച്ചയെപ്പോലെ ഒൻപതു ജന്മങ്ങളുണ്ട്. തീയിൽ വീണു ചാമ്പലായതിനുശേഷം വീണ്ടും നവജീവനോടെയും കാന്തിയോടെയും ആവിർഭവിക്കുന്ന ഫീനിക്സ് എന്ന ഐതിഹാസികപ്പറവയെപ്പോലെ

ഞാൻ വീണ്ടും ചാമ്പലിൽനിന്ന് ഉയിർത്തെഴുന്നേററു. ജീവിതത്തിൻെറ ലഹരിയിൽ ഞാൻ വീണ്ടും ഉന്മത്തയായി. ഭഗവാൻെറ നാമങ്ങൾ ഉച്ചരിച്ചിരുന്ന ചുണ്ടുകളിൽ ഞാൻ ഇളം ചുവപ്പുചായം തേച്ചു. വാക്കുകൾ പെറുക്കിയെടുക്കാൻ വയ്യാത്ത പ്രേമഗാനങ്ങൾ നിലാവുള്ള രാത്രികളിൽ അവ ആലപിച്ചു.

## 26

## അന്ന

ഹോസ്പിററലിൽ നിന്നു മടങ്ങിയിട്ട് അധികം താമസിയാതെ ഞങ്ങൾ മാൻനഗറിലുള്ള ഒരു വീട്ടിലേക്കു താമസം മാററി. വേനലിൽ ഡൽഹിയുടെ ഉഷ്ണം ഭയാനകമാണ്. പക്ഷേ, ഞങ്ങളുടെ പുതിയ വീട്ടിൽ സല്ക്കാരമുറിയിൽ ഘടിപ്പിച്ചിരുന്ന വലിയ desert cooler കിടപ്പുമുറികളെയും തണുപ്പിച്ചുകൊണ്ടിരുന്നു. അതിൻെറ ചക്രം തിരിയുന്നതോടൊപ്പം സിമൻറുതൊട്ടിയിലുള്ള വെള്ളം ഇരച്ചു പൊന്തുന്നതും ചീറുന്നതും ശ്രദ്ധിച്ചുകൊണ്ടു ഞങ്ങൾ ഉറങ്ങുവാൻ കിടന്നു. വേനലിലും ഞങ്ങൾക്ക് രോമപ്പുതപ്പുകൾ ഉപയോഗിക്കേണ്ടിവന്നു.

സൗത്ത് എക്സ്ററൻഷനിലെ വീടു വിട്ടതുകൊണ്ട് ഞങ്ങൾക്ക് പ്രിയപ്പെട്ടവരായ പലരുടെയും സാമീപ്യം നഷ്ടപ്പെട്ടു. ഇവരിൽ ഒന്നാമനായിരുന്നു, അയൽക്കാരനായ പ്രൊഫസർ താപ്പർ. അദ്ദേഹം സന്ധ്യാനേരത്തു ഞങ്ങളുടെ ഇടുങ്ങിയ വരാന്തയിൽ വന്നിരുന്നുകൊണ്ട് രാജ്യതന്ത്രത്തെപ്പററി സംസാരിക്കാറുണ്ടായിരുന്നു. അപ്പോഴെല്ലാം പൂർണനഗ്നനായ എൻെറ മകൻ ജയസുര്യ അദ്ദേഹത്തിൻെറ നെഞ്ഞത്ത് ഒരു തപാൽമുദ്രയെന്നപോലെ പററിക്കിടക്കുകയും ചെയ്തിരുന്നു. രണ്ടാമതു ഞങ്ങളുടെ വീട്ടുടമസ്ഥയായിരുന്ന സുകൃതാദേവി. സ്നേഹശാലിനിയായ ഒരു ജ്യേഷ്ഠത്തിയെപ്പോലെയായിരുന്നു അവർ എന്നോടെന്നും പെരുമാറിയിരുന്നത്.

മാൻനഗറിൽ താമസിച്ചുതുടങ്ങിയപ്പോൾ എൻെറ ജീവിതം ആനന്ദകരമായി. ഞങ്ങളുടെ വീട്ടിൻെറ മുൻവശത്ത് ഒരു പുൽത്തകിടിയും പൂച്ചെടികളുമുണ്ടായിരുന്നു. വീടു കടന്ന്, നിരത്തും കടന്നാൽ മനോഹരമായ ലോദി ഗാർഡനിലെത്താം. ഇബ്രാഹിം ലോദിയുടെയും സിക്കന്തർ ലോദിയുടെയും ശവകുടീരങ്ങൾക്കു പുറമെ അവിടെ ഒരു ചെറിയ ജലാശയവും പല ഫലവൃക്ഷങ്ങളുമുണ്ടായിരുന്നു. ഞാനും എൻെറ കുട്ടികളും പലപ്പോഴും അവിടെപ്പോയി വൃക്ഷത്തണലിൽ വിശ്രമിച്ചു. എൻെറ മകൻ പ്രിയദർശൻ വീണുകിടക്കുന്ന ചുവന്ന കായ്കൾ പെറുക്കി തൻെറ കീശകളിൽ നിക്ഷേപിച്ചു.

എൻെറ ഉത്തമ സ്നേഹിതനായ കാർലോ ആയിടയ്ക്ക് ഡൽഹി സന്ദർശിച്ചു. ടിബററുകാർ പിച്ചളസാമാനങ്ങളും മണിമാലകളും നിരത്തിവെച്ചു വിററിരുന്ന ഫുട്പാത്തിൻെറ പിന്നിലായിരുന്നു അയാൾ താമസിച്ച ഹോട്ടൽ.





മതിലിനടുത്തു നീണ്ട മരങ്ങൾ കാവല്ക്കാരെപ്പോലെ നിന്നിരുന്നു. ആ ഹോട്ടലിലാണ് ഞങ്ങളുടെ മററു ചില സ്നേഹിതന്മാർ ഇടയ്ക്കിടയ്ക്ക് ഡൽഹി സന്ദർശിക്കുമ്പോൾ താമസിച്ചിരുന്നത്. അതുകൊണ്ട് അവിടെ ഭക്ഷണത്തിനു പോവുന്നത് ആരുടെ ക്ഷണം സ്വീകരിച്ചാണെന്നു വീട്ടിൽ ആർക്കും നിശ്ചിതമായി പറയാൻ കഴിഞ്ഞിരുന്നില്ല. അമ്പത്തഞ്ചു വയസ്സു കഴിഞ്ഞ ആരുടെയൊപ്പവും ഭക്ഷണം കഴിക്കുവാൻ ദാസേട്ടൻ എനിക്കു സമ്മതം തന്നിരുന്നു. പക്ഷേ, ഞാൻ നാല്പതു കഴിയാത്ത എൻെറ സ്നേഹിതൻെറ മുറിയിലേക്കുമാത്രം ജീവിതത്തെപ്പററിയുള്ള പല ആവലാതികളുമായി കടന്നുചെന്നു.

'എനിക്കു മടുത്തു....' ഞാനൊരിക്കൽ പറഞ്ഞു: 'എൻെറ പരിശുദ്ധിയാകെ ഞാൻ കളഞ്ഞുകുളിച്ചു.' കാർലോ എൻെറ മുഖം തൻെറ കൈത്തലങ്ങളിൽ വിശ്രമിപ്പിച്ചുകൊണ്ടു മന്ദഹസിച്ചു.

'എൻെറ വിഡ്ഢിയായ ഓമനേ,' അയാൾ പറഞ്ഞു: 'പരിശുദ്ധി ജനിക്കുമ്പോൾ ആരുടെയുമൊപ്പം വന്നെത്തുന്നതോ പിന്നീടു പൊക്കിൾക്കൊടി പോലെ നഷ്ടപ്പെടാൻ കഴിയുന്നതോ അല്ല. പരിശുദ്ധി ഒരാൾക്കു താൻ ജീവിക്കുന്നതോടൊപ്പം സമ്പാദിക്കുവാൻ കഴിയുന്ന ഒരു മാനസിക സൗന്ദര്യമാണ്. നീ പരിശുദ്ധിയെ വീണ്ടും വീണ്ടും പെറുക്കിയെടുത്തുകൂട്ടുന്നു. നീ ഈവിധമല്ലായിരുന്നുവെങ്കിൽ ഞാൻ നിന്നെത്തേടി ഇവിടെ വരുമായിരുന്നോ?'

കാർലോ എടുത്ത ഫ്ളാററിൻെറ വലിയ വരാന്തയിൽ ഒരു നീണ്ട സോഫയിൽ അയാളുടെ ശരീരത്തിൽ ചാഞ്ഞുകിടന്നുകൊണ്ട് ഞാൻ ആ മദ്ധ്യാഹ്നത്തിൽ ഉറങ്ങി. അക്കാലത്ത് അയാളുടെ വിയർപ്പിൻെറ ഗന്ധകമണം എൻെറ വസ്ത്രങ്ങളിൽ തങ്ങിനിന്നിരുന്നു. എന്നിട്ടും ഞങ്ങൾ തമ്മിൽ കാമത്തിൻേറതായ യാതൊരു ബന്ധവും ഉദ്ഭവിച്ചില്ല. കാർലോ കാഷായവേഷത്തിൽ ചാരുരൂപനായി ശോഭിക്കുമെന്ന് എനിക്കു പലപ്പോഴും തോന്നിയിട്ടുണ്ട്. കാരണം, കാർലോ മുക്കാലും ആത്മാവാണ്. ആത്മീയവിഷയങ്ങളിൽ അതീവതല്പരനാണ്. സ്ത്രീ അമ്മയുടെ രൂപത്തിൽ കാണുന്നവനാണ്. എന്നിട്ടും ഞാൻ തിരഞ്ഞുകൊണ്ടേയിരുന്നു. എൻെറ ആദർശകാമുകനെ, മഥുരയിൽ പോയി രാധയെ വിസ്മരിച്ച ക്രൂരഹൃദയനെ. പുരുഷ ഹൃദയത്തിൽ ലയിച്ചുകിടക്കുന്ന ക്രൂരതയെയാണ് ഞാൻ വാസ്തവത്തിൽ തേടിയിരുന്നത്. ഇല്ലെങ്കിൽ, സർവസ്വാതന്ത്ര്യവുമനുവദിച്ചുതന്ന ദാസേട്ടൻെറയും ബുദ്ധിശാലിയും മദ്ധ്യവയസ്കനുമായ മറെറാരാരാധകൻെറയും എൻെറ ആത്മാവോടടുത്തു വർത്തിച്ചിരുന്ന കാർലോവിൻെറയും കൈകൾ തട്ടിനീക്കി ഞാനെന്തിനു ലോകത്തിൻെറ സകല മൂലകളിലും സ്നേഹത്തിനുവേണ്ടി പരതിക്കൊണ്ടേയിരുന്നു? എൻെറ അഹന്തയുടെ മരണത്തെയാണ് നിഗൂഢമായ രീതിയിൽ ഞാൻ കാംക്ഷിച്ചത്. എൻെറ കഴുത്തിൽ മഴു വീഴ്ത്തുവാൻ തയ്യാറുള്ള ആരാച്ചാരെയാണു ഞാൻ അന്വേഷിച്ചുകൊണ്ടിരുന്നത്. ഇത് എന്നെ സ്നേഹിച്ചിരുന്നവർക്കു മനസ്സിലായില്ല.

എന്നെ സ്നേഹിച്ചിരുന്ന ധനശാസ്ത്രവിദഗ്ദ്ധൻ പറഞ്ഞു:

'ആമീ, കുറച്ചു ജിൻ കുടിക്കൂ. നിൻെറ നാഡികൾക്ക് തളർച്ച കിട്ടട്ടെ.'

പക്ഷേ, രോഗത്തിനുശേഷം എൻെറ ലിവർ ആകെ തകരാറായിക്കഴിഞ്ഞിരുന്നു. അതുകൊണ്ടു മദ്യം ഞാൻ തികച്ചും വർജിച്ചു. ഞാൻ മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും ഉലാത്തി. 'കൂട്ടിൽപെട്ട മെരുപ്പൂച്ചയെപ്പോലെയാണ് നീ.' അദ്ദേഹം പറഞ്ഞു.

' നീ എല്ലായ്പോഴും അസ്വസ്ഥയാണ്.' ദാസേട്ടൻ പറഞ്ഞു.

'എൻെറ കൂടെ വരൂ.' കാർലോ പറഞ്ഞു: 'നിന്നെ മനസ്സിലാക്കാൻ എനിക്കു മാത്രമേ കഴിവുള്ളു.'

അക്കാലത്ത് എനിക്ക് ആർത്തവസമയത്തു നിയന്ത്രിക്കാൻ വയ്യാത്ത രക്തസ്രാവം തുടങ്ങി. ചില ദിവസങ്ങളിൽ രാവിലെ ഞാൻ കിടക്കയിൽനിന്ന് എഴുന്നേല്ക്കുമ്പോൾ കിടക്കവിരി രക്തത്തിൽ കുളിച്ചിരിക്കും. ദാസേട്ടൻ പലപ്പോഴും അതെടുത്ത് മററാരും കാണാതിരിക്കുവാൻ സ്വയം തിരുമ്മി വെളുപ്പിച്ചു. എൻെറ ചുണ്ടുകൾ വിളർത്തു വന്നു.

ഒരു ദിവസം രാവിലെ പുല്ത്തകിടിയിൽ കമിഴ്ന്നു കിടന്നുകൊണ്ടു സംസാരിക്കുമ്പോൾ എൻെറ മൂത്തമകൻ മോനു എന്നോടു പറഞ്ഞു:

'അമ്മേ, എനിക്ക് ഒരു ഗേൾഫ്രണ്ടിനെ ആവശ്യമുണ്ട്. ബുദ്ധിയും സൗന്ദര്യവുമുള്ള ഒരു പെൺകുട്ടി. ഒരു പെൺകുട്ടിയുടെ കൂടെ നടക്കുവാൻ എനിക്ക് ഈയിടെയായി ആഗ്രഹംതോന്നുന്നു. ഇത് ഈ പ്രായത്തിൽ സ്വാഭാവികമാണോ? എന്തായാലും അമ്മ എനിക്ക് അങ്ങനെയുള്ള ഒരു പെൺകുട്ടിയെ കണ്ടുപിടിച്ചുതരണം.'

അവൻെറ അഭ്യർത്ഥന എന്നെ അത്ഭുതപ്പെടുത്തിയില്ല. അവൻ യാതൊന്നും എന്നിൽനിന്നു മറച്ചുവെച്ചിരുന്നില്ല. ഞങ്ങൾ തമ്മിൽ വളരെയധികം പ്രായവ്യത്യാസവുമുണ്ടായിരുന്നില്ല.

'എന്താണു നിൻെറ കണ്ണിൽ സൗന്ദര്യം?' ഞാൻ ചോദിച്ചു.

'സ്വർണ്ണനിറത്തിലുള്ള മുടി, ചുവന്ന ചുണ്ടുകൾ, കൊഴുത്ത ദേഹം.' അവൻ പറഞ്ഞു.

പിറേറദിവസം എൻെറ പ്രാർത്ഥനകളുടെ ഫലമെന്നപോലെ എൻെറ വാതിൽക്കൽ ചന്ദ്രൻെറ നിറമുള്ള തലമുടിയും ചാരനിറത്തിലുള്ള മിഴികളും ധരിച്ച ഒരു പെൺകുട്ടി പ്രത്യക്ഷയായി. എൻെറ വീട്ടിൽ ഇടയ്ക്കു വരാറുള്ള ഒരു കോളേജ് വിദ്യാർത്ഥിനിയാണ് ഈ നവാഗതയെ എനിക്കു പരിചയപ്പെടുത്തിയത്.

'ഇതാണ് ജർമനിയിൽ നിന്നു വന്നിരിക്കുന്ന അന്ന.'

അന്നയുടെ കൂടെ അവളെ പരിചയപ്പെടുത്തിയവൾ കൂടാതെ നാലു വിദ്യാർത്ഥിനികളുണ്ടായിരുന്നു. ഞാനും ദാസേട്ടനും ബോംബെയിൽ നിന്നു വന്ന ഒരു കുടുംബസ്നേഹിതൻെറ ക്ഷണം സ്വീകരിച്ച് അന്നത്തെ ഉച്ചയൂണിനുവേണ്ടി അശോകാ ഹോട്ടലിലേക്കു പുറപ്പെടുകയായിരുന്നു. അതുകൊണ്ടു ഞാൻ ആ പെൺകുട്ടികളെ സല്ക്കരിക്കുന്ന ചുമതല എൻെറ മൂത്ത മകനെ ഏല്പിച്ചു യാത്രയായി.

ഞങ്ങൾ മൂന്നു മണിക്കു മടങ്ങിയെത്തിയപ്പോഴും അവരെല്ലാവരും ഭക്ഷണമേശയ്ക്കു ചുററും ഇരുന്ന് വെണ്ണ തേച്ച റൊട്ടിയും പച്ചക്കറിയും ചോറും





കറികളും കഴിക്കുകയായിരുന്നു. അന്ന എൻെറ മകൻെറ അടുത്താണ് ഇരുന്നിരുന്നത്.

പിറേറദിവസം മുതൽ അവൾ ഞങ്ങളുടെ വീട്ടിൽ ദിവസേന വന്നെത്തുന്ന ഒരതിഥിയായി. മോനുവിന് ഒഴിവുകാലം തുടങ്ങിയിരുന്നു. അതുകൊണ്ടു രാവിലെ പത്തുമണിക്കു ശേഷം ഒരു പച്ച രോമക്കുപ്പായം ധരിച്ച് അവനും ഒരു പച്ച രോമക്കുപ്പായം ധരിച്ച് അന്നയും ഒന്നിച്ചു നടക്കുവാനിറങ്ങി. ഡൽഹിയിൽ ശൈത്യകാലത്തിൻെറ വെയിൽ അതീവമൃദുലമാണ്. അതിൽ ഇറങ്ങിനടക്കുന്നതു ഞങ്ങൾക്കെല്ലാവർക്കും ഇഷ്ടമായിരുന്നു. ഞങ്ങളുടെ വീടിൻെറ ഇടതുവശത്ത് അര ഫർലോങ് അകലെ ഖാൻമാർക്കററ് എന്ന ഒരു വ്യാപാരസ്ഥലമുണ്ടായിരുന്നു. അവിടേക്കു ഞാൻ എൻെറ ചെറിയ കുട്ടിയെ എടുത്തുകൊണ്ടു നടക്കാറുണ്ടായിരുന്നു. ചിലപ്പോൾ അവൻ പുല്ലിൽക്കൂടി ചിരിച്ചുകൊണ്ട് ഓടും. ഓട്ടം നിർത്തിയാലുടനെ ബാലൻസ് നഷ്ടപ്പെട്ട് വീഴുകയും ചെയ്യും. ഖാൻമാർക്കററിൽ നിന്നു ഞാനും എൻെറ കുട്ടികളും ദിവസേന ഐസ്ക്രീം മേടിച്ചു തിന്നു. വീട്ടിൽ എത്ര ഐസ്ക്രീം ഉണ്ടാക്കി വെച്ചാലും കുട്ടികൾക്കു വടിയിൽ ബന്ധിച്ച ഐസ്ക്രീം നക്കിത്തിന്നാനായിരുന്നു താല്പര്യം. ഖാൻമാർക്കററിൽ എനിക്കേററവും പ്രിയപ്പെട്ട ഒരു പീടിക ഫക്കീർചന്ദ്സ് എന്നു പേരുള്ള പുസ്തകക്കടയായിരുന്നു. അവിടെ ചെന്നു നിന്നു പുസ്തകങ്ങളുടെ പേജുകൾ മറിച്ചുകൊണ്ട് സൽസ്വഭാവിയായ ഉടമസ്ഥനോടു സംസാരിക്കുക എനിക്കു വിശ്രമം നല്കുന്ന ഒരു വിനോദമായിത്തീർന്നു. ഒരിക്കൽ എൻെറ അച്ഛൻ ഞങ്ങളെ സന്ദർശിച്ച കാലത്ത് അദ്ദേഹം ഒരു വടി (walking stick) വേണമെന്ന് എന്നോട് പറഞ്ഞു. ഞാൻ ഖാൻമാർക്കററിലെ സകല പീടികകളിലും കയറിയിറങ്ങി. എന്നിട്ട് എൻെറ പ്രശ്നം ഫക്കീർ ചന്ദ്സിലെ സ്നേഹിതനോടു പറഞ്ഞപ്പോൾ അദ്ദേഹം തൻെറ വീട്ടിൽനിന്ന് ഒരു വടി ഉടനെ എടുത്തുകൊണ്ടുവന്ന് എനിക്കു സമ്മാനിച്ചു.

ഉച്ചഭക്ഷണത്തിനുശേഷം അന്നയും മോനുവും ടെറസ്സിൽ പോയി ഇരിക്കാറുണ്ടായിരുന്നു; നാലു മണിക്കു ഞാൻ ചായ തയ്യാറാക്കി അവരെ വിളിച്ചുവരുത്തുന്നതുവരെ. അന്ന ചില കുടുംബസുഹൃത്തുക്കളുടെയൊപ്പം ഒരാഴ്ച കല്ക്കത്തയ്ക്കു പോവുകയാണെന്നു കേട്ടപ്പോൾ മോനുവും കല്ക്കത്തയ്ക്കു പോവാൻ ശാഠ്യം പിടിച്ചുതുടങ്ങി. ദാസേട്ടന് ഈ സ്നേഹബന്ധം തീരെ ഇഷ്ടപ്പെട്ടില്ല. 'നീ കുട്ടികളെ കേടുവരുത്തുകയാണ്.' അദ്ദേഹം എന്നോടു പറഞ്ഞു: 'മറേറതു പതിനാറു വയസ്സുകാരനാണു പരസ്യമായി ഇങ്ങനെ ഒരു അനുരാഗം കൊണ്ടുനടക്കുക? നീയാണ് ഇതിനൊക്കെ പ്രോത്സാഹനം നല്കുന്നത്.'

കല്ക്കത്തയിലേക്കു പോകരുതെന്ന് ദാസേട്ടൻ തീർത്തു പറഞ്ഞു. അതിനുള്ള പണം താൻ തരികയില്ലെന്നും. പക്ഷേ, മോനു തൻെറ പഴയ കഥാപുസ്തകങ്ങളെടുത്തുകൊണ്ടുപോയി വിററ് ടിക്കററു വാങ്ങുവാനുള്ള പണം ഉണ്ടാക്കി. മനുഷ്യജീവിതം യാതന നിറഞ്ഞതാണെന്നും അതിൽ ഇത്തരം ചില മനോഹാരിതകൾ മാത്രമേ വിലമതിക്കാത്ത സ്മരണകളായി നിലനില്ക്കുകയുള്ളുവെന്നും ഞാൻ ദാസേട്ടനോടു പറഞ്ഞു. കല്ക്കത്തയ്ക്കുള്ള വണ്ടിയിൽ മോനു ഒരു തിരക്കുള്ള മൂന്നാം ക്ലാസിൽ കയറിയിരുന്നുകൊണ്ടു

സന്തോഷത്തോടെ യാത്രയായി. അന്ന അപ്പോഴേക്കും വിമാന ത്തിൽ പൊയ്ക്കഴിഞ്ഞിരുന്നു.

മോനു കിടക്കയോ പുതപ്പോ കൊണ്ടുപോയിരുന്നില്ല. തണുപ്പു സഹിക്കാൻ വയ്യാതെ ഒരു സിഗരററ് വാങ്ങി വലിച്ചു കൊണ്ടിരുന്നുവെന്ന് അവൻ പിന്നീട് എന്നോട് പറഞ്ഞു. സ്നേഹത്തെ കഠിന തപസ്സായി കണക്കാക്കുന്ന എനിക്ക് ആ നിമിഷത്തിൽ അവനെപ്പററി അഭിമാനം തോന്നി.

മോനുവിൻെറയും അന്നയുടെയും കൂട്ടുകെട്ട് വേഗം അവസാനിച്ചു. അന്ന ജർമനിയിലേക്കു തൻെറ പഠിപ്പു തുടരുവാനായി യാത്രയായി.

താമസിയാതെ, ദാസേട്ടന് ബോംബെയ്ക്കു മാററം കിട്ടി. ഒരു മാസം നാട്ടിൽ വിശ്രമിച്ചിട്ടു ഞങ്ങൾ ബോംബെയിൽ കഡെൽറോഡിൽ ഞങ്ങൾക്കായി ബേങ്കുകാർ ഒരുക്കിവെച്ച വീട്ടിലേക്കു വന്നെത്തി. വീടിൻെറ സർവ ജനൽവാതിലുകളും തകർന്നിരുന്നു. അതുകൊണ്ടു കടലിൽ നിന്നടിക്കുന്ന കനത്ത കാററുകൾ ഞങ്ങളുടെ കിടക്കവിരികളെ പൊക്കി. മേശപ്പുറത്തു വെച്ച സാധനങ്ങളെ തട്ടിയിട്ടു. കുട്ടിയെ ഭയപ്പെടുത്തി കരയിപ്പിച്ചു.

എൻെറ ആരോഗ്യം തീരെ നശിച്ചിരുന്നു ആ കാലത്ത്. അതുകൊണ്ടു ഞാൻ അയല്ക്കാരെ സന്ദർശിക്കുകയോ ഷോപ്പിങ്ങിനു പോവുകയോ ചെയ്തില്ല. എൻെറ കുട്ടിയെ കാൽമുട്ടുകളിൽ വെച്ചുകൊണ്ടു ഞാൻ ആലോചനകളിൽ മുഴുകി സമയം നീക്കിക്കൊണ്ടിരുന്നു. രാത്രിയിൽ കടലിൻെറ അലർച്ച എൻെറ നിദ്രയെ നിശ്ശേഷം ദൂരീകരിച്ചു. പനിപിടിച്ചവളെപ്പോലെ അസ്വസ്ഥയായിത്തീർന്നു ഞാൻ ആ വീട്ടിൽ. രാത്രിയിൽ ഞാൻ കവിതകളെഴുതി. രാവിലെ അഞ്ചുമണിക്കു പാൽക്കാരൻെറ സൈക്കിളിൻെറ മണിയടി പടിവാതിൽക്കൽ മുഴങ്ങിയപ്പോൾ ഞാൻ കടലാസ് മാററിവെച്ച് ദാസേട്ടൻെറ അടുത്തേക്കു ചെന്നു. എന്നിട്ടും എനിക്ക് ഉറക്കം വന്നില്ല. എനിക്കു ചിത്തഭ്രമം വന്നു പിടിപെടുമെന്നു ഞാൻ ഭയന്നു.

ഞങ്ങളുടെ വീടിൻെറ മുററം അവസാനിക്കുന്നത് ഒരു കൽമതിലിലായിരുന്നു. അതിന്മേൽ വേലിയേററം വരുമ്പോൾ കനത്ത തിരമാലകൾ വന്നടിക്കാറുണ്ടായിരുന്നു. കടൽ ശാന്തമാവുമ്പോൾ മതിലിനപ്പുറത്തു നനഞ്ഞ പൂഴിമണ്ണാണ്. അവിടെ സന്ധ്യാനേരത്ത് കാമുകീകാമുകന്മാർ ഇണ ചേർന്നു. തെമ്മാടികൾ അവരെ നോക്കി പരിഹാസസ്വരങ്ങൾ പുറപ്പെടുവിച്ചു. മദ്യപാനികൾ പകൽവെളിച്ചത്തിൽ, കടൽത്തീരത്തിലുള്ള മരച്ചുവട്ടിൽ ബോധമററു കിടന്നുറങ്ങി. കുറേ വാരകൾക്കകലെ സാധുക്കളെ ദഹിപ്പിക്കുന്ന ചുടലക്കാടായിരുന്നു. അവിടേക്കു വില കുറഞ്ഞ മഞ്ഞപ്പൂക്കളണിയിച്ച് കയററുകട്ടിലിൽ കിടത്തിയ ദരിദ്രശവങ്ങളെ ബന്ധുക്കൾ താങ്ങിപ്പിടിച്ചു കൊണ്ടുപോവുന്നതു ഞാൻ പലപ്പോഴും നോക്കിക്കണ്ടു. പൂഴിയിൽ നടക്കുമ്പോൾ ആ മെലിഞ്ഞ കാലുകളുടെ താളം ഇടയ്ക്കിടയ്ക്ക് തെററിക്കൊണ്ടിരുന്നു.

ആ വേനലിൽ മരണത്തിൻെറ മണം പൊട്ടിയ ജനൽപ്പാളികളിലൂടെ ഞങ്ങളുടെ കിടപ്പുമുറിയിലേക്കു വന്നെത്തിയിരുന്നു.



# 27

## ജന്മങ്ങൾ എന്ന കണ്ണാടികൾ

മൂന്നു മാസത്തോളം ഞങ്ങൾ കഡെൽ റോഡിലുള്ള വീട്ടിൽ താമസിച്ചു. പിന്നീടു പട്ടണത്തിൻെറ നടുക്ക് സചിവാലയത്തിൻെറ പിന്നിൽ സ്ഥിതി ചെയ്യുന്ന ഒരു ഏഴുനില കെട്ടിടത്തിലേക്കു താമസം മാററി. ഞങ്ങളുടെ അയൽക്കാർ ചിന്താമൻ ദേശ്മുഖിൻെറ അനുജനും ഭാര്യയും, ശ്രീ എം. ജി. മേനോനും ഭാര്യയുമായിരുന്നു. പകലൊക്കെ മേനോൻെറ ഭാര്യ വത്സലയുടെകൂടെയും സന്ധ്യയ്ക്ക് ദേശ്മുഖിൻെറയും ഭാര്യയുടെയും കൂടെയും സംസാരിച്ചും ചിരിച്ചുംകൊണ്ടു ഞാൻ ദിവസങ്ങൾ തള്ളിനീക്കിക്കൊണ്ടിരുന്നു. വത്സല എല്ലാ ആഴ്ചയിലും മഹാലക്ഷ്മിയുടെ ക്ഷേത്രത്തിൽ പോവാറുണ്ടായിരുന്നു. ഒരിക്കലെങ്കിലും എനിക്ക് വത്സലയെ അനുഗമിക്കുവാൻ മനസ്സുവന്നില്ല. അന്നൊന്നും ഭക്തിക്കായി ഞാൻ സമയം നീക്കിവെച്ചിരുന്നുമില്ല. ഈശ്വരനും ഒരു അന്ധവിശ്വാസം മാത്രമാണെന്നു പ്രഖ്യാപിക്കുന്ന ഒരുതരം പുരോഗമനവാദികളായിരുന്നു അന്ന് എൻെറ മിത്രങ്ങളിൽ മുക്കാലും പേർ.

ആയിടയ്ക്കു ഞാൻ പനിപിടിച്ചു കിടപ്പിലായി. പനി തുടങ്ങിയത് ഒക്ടോബർ 4-ാം തീയതിയായിരുന്നു. അന്നു ഞങ്ങൾ വളരെയധികം ആദരിച്ചിരുന്ന ഒരു മിത്രത്തിൻെറ 60-ാം പിറന്നാളായിരുന്നു. അദ്ദേഹത്തിനു ദീർഘായുസ്സു നേർന്നുകൊണ്ട് നമുക്കല്പം കുടിക്കാം എന്ന് ദേശ്മുഖ് പറഞ്ഞു. ഞാനൊന്നും കുടിക്കുന്നില്ല എന്നു തീരുമാനിച്ചിരുന്നു. കുടിച്ചാൽ കരളിൻെറ ദീനം മൂർച്ഛിക്കുമെന്ന് എനിക്കു തോന്നിയിരുന്നു. എന്നിട്ടും മററുള്ളവർ നിർബന്ധിച്ച് ഒരു ജിംലെററ് എന്നെക്കൊണ്ടു കുടിപ്പിച്ചു. താമസിയാതെ എനിക്ക് ഒരു തലതിരിച്ചിൽ അനുഭവപ്പെട്ടു. ഞാൻ വീട്ടിലേക്കു മടങ്ങി ഉറങ്ങുവാൻ കിടന്നു. അർദ്ധരാത്രിക്ക് എൻെറ കലശലായ പനിയും അർത്ഥരഹിതങ്ങളായ ജല്പനങ്ങളും ദാസേട്ടനെ ഭയപ്പെടുത്തി. ഉടനെതന്നെ ഡോക്ടർ വന്ന് എനിക്ക് ഒരു പെൻസിലിൻ കുത്തിവെച്ചു. പനി എന്നെ വിട്ടു മാറിയില്ല. പിറേറദിവസം ഞാൻ പുതിയ പുസ്തകങ്ങൾ വിതറിയിട്ട കിടക്കയിൽ കിടന്നുകൊണ്ട് അതിഥികളെ സ്വീകരിച്ചു. കവിയായ നിസ്സിം എസ്കീൽ എൻെറ മുറിയിൽ ഇരുന്നുകൊണ്ടു പുസ്തകങ്ങൾ വായിച്ചുകൊണ്ടിരുന്നു. എനിക്കു ഭൃത്യൻ കൊണ്ടുവന്ന മുസമ്പിനീരിൻെറ പകുതി നിസ്സിം കുടിച്ചു. പത്തു ദിവസം കഴിഞ്ഞപ്പോൾ എന്നെ ഡോക്ടർമാർ ആസ്പത്രിയിലേക്കു കൊണ്ടുപോയി. എൻെറ മസ്തിഷ്കത്തിനുള്ളിൽ ഒരു തീപ്പന്തം കത്തിച്ചു വെച്ചിട്ടുണ്ടെന്ന് അന്ന് എനിക്കു തോന്നി. എൻെറ കണ്ണുകൾ പനികൊണ്ടു ജ്വലിച്ചു. ഇനി വീട്ടിലേക്കു മടങ്ങുവാൻ സാധിക്കുമോ എന്ന ഒരു ചോദ്യം എൻെറ നാവിൽ തങ്ങി നിന്നു. എൻെറ മക്കളുടെ കണ്ണുനീർ യാത്രയ്ക്കൊരുങ്ങിയ എൻെറ ധൈര്യത്തെ കെടുത്തിക്കളഞ്ഞു.

എൻെറ അനുജൻ ഡോക്ടർ ശ്യാംസുന്ദറും അനുജത്തി ഡോ. സുലോചനയും ലീവെടുത്ത് ബോംബെയ്ക്കു വന്നു. എൻെറ സ്നേഹിത വത്സല എന്നും രാവിലെ എൻെറയടുത്ത് ഇരുന്നുകൊണ്ട് നാമങ്ങൾ ചൊല്ലി. ഞാൻ ഗുരുവായൂരപ്പനെ മനസ്സിൽ കണ്ടുകൊണ്ടു കണ്ണുനീരൊഴുക്കി. മരണത്തെ

ഞാൻ ഭയപ്പെട്ടു. വീണ്ടും ഈ ലോകത്തിൽത്തന്നെ ഒരു കാലാവധി അനുവദിച്ചുകിട്ടുവാൻവേണ്ടി ഞാൻ ദൈവത്തോടു കെഞ്ചി. ശസ്ത്രക്രിയ കൂടാതെ തന്നെ ഞാൻ രോഗവിമുക്തയായി ആസ്പത്രി വിട്ടു.

എൻെറ അനുജത്തി എനിക്ക് ലളിതാസഹസ്രനാമം പഠിപ്പിച്ചുതന്നു. എന്നും രാവിലെ കുളി കഴിഞ്ഞാലുടനെ ഞാൻ കിടക്കയിൽ മലർന്നുകിടന്നുകൊണ്ട് അതു ചൊല്ലി. എനിക്ക് അക്കാലത്തനുഭവപ്പെട്ടിരുന്ന ക്ഷീണം ഭയങ്കരമായിരുന്നു. സ്വന്തമായി തലമുടി ചീകുവാനും കൂടി എനിക്കു കരുത്തുണ്ടായിരുന്നില്ല. ലളിതയെ ഒരു ജ്യേഷ്ഠത്തിയെന്നപോലെ ഞാൻ കണക്കാക്കി. എല്ലായ്പോഴും അവൾ എൻെറ സമീപത്തുണ്ടായിരിക്കുമെന്നു ഞാൻ വിശ്വസിച്ചു. ഹിന്ദുമതത്തിൽ പൂർണവിശ്വാസമുള്ള ഒരാൾക്ക് അനാഥത്വം വന്നുപെടുകയില്ല. കാരണം, അയാൾ എന്നും ഒരു കൂട്ടുകുടുംബത്തിലാണു ജീവിക്കുന്നത്. ശിവൻ, പാർവതി, ഗണപതി, സുബ്രഹ്മണ്യൻ, കൃഷ്ണൻ, ഭഗവതി, ബ്രഹ്മാവ്, സരസ്വതി.... അങ്ങനെ നീണ്ടുനീണ്ടുപോകുന്ന ആ പട്ടികയിൽനിന്ന് അയാൾക്കു ജ്യേഷ്ഠന്മാരെയും അമ്മാമന്മാരെയും അമ്മമാരെയും ജ്യേഷ്ഠത്തിമാരെയും ദത്തെടുക്കാം. ലളിത എൻെറ സന്തതസഹചാരിണിയായിത്തീർന്നപ്പോൾ എനിക്ക് ആത്മവിശ്വാസം വർദ്ധിച്ചു. നടക്കാൻ പോവുമ്പോഴും എൻെറ പിന്നിൽ അവളുടെ സാരിയുടെ ഉലച്ചിൽ ഞാൻ കേട്ടു. അവളുടെ ചിരി ചെറിയ അലകളായി എന്നെ പൊതിഞ്ഞു.

അക്കാലത്ത് ധനികനും പ്രമാണിയുമായ ഒരാളെ ഞാൻ ഇടയ്ക്കു സന്ദർശിക്കാറുണ്ടായിരുന്നു. അദ്ദേഹത്തെ ഞാൻ രാജാവ് എന്നു വിളിക്കട്ടെ. രാജാവ് എന്നാൽ, ഒരു പ്രത്യേക മനഃസ്ഥിതിയാണ്. അതല്ലാതെ അദ്ദേഹത്തിൻെറ തലയിൽ കിരീടമോ അദ്ദേഹത്തിനു സ്വന്തമായി ഒരു രാജ്യമോ ഉണ്ടായിരുന്നില്ല. നെററിയിൽ പുരികങ്ങൾക്കു നടുവിൽ ഒരു കുറി പച്ചകുത്തിയിരുന്നു. പച്ചക്കുറിയുള്ളതും ഐശ്വര്യമുള്ളതുമായ ആ മുഖം എൻെറ മനസ്സിനെ സദാസമയവും അലട്ടിക്കൊണ്ടിരുന്നു.

രാജാവും ഞാനുമായിട്ടുള്ള ബന്ധം എന്നു തുടങ്ങി എന്നു ചോദിച്ചാൽ അതിനു ശരിയായ ഉത്തരം പറയുവാൻ ഞാൻ അശക്തയാവും. കാരണം, രാജാവിനെ അന്വേഷിച്ചുകൊണ്ടാണ് ഞാൻ പല നഗരങ്ങളിലും വഴിതെററി ചെന്നെത്തിയത്.

അദ്ദേഹത്തിൻെറ ശരീരം താളമായിരുന്നു. എൻേറതു ലയവും. ഒഴുകി വന്നു സമുദ്രത്തിൽ ലയിച്ച നദിയെ പിന്നീടെങ്ങനെ ആ നീലിമയിൽ നിന്നു വേർപെടുത്തും. അതു സാദ്ധ്യമല്ല. ശാന്തി ലഭിച്ച എന്നെ രാജാവിൻെറ മാർവിടത്തിൽ നിന്നു പറിച്ചെടുത്തു മാററുവാൻ ആർക്കും കഴിഞ്ഞില്ല. പക്ഷേ, ചിലപ്പോൾ അദ്ദേഹം പറയും: 'എഴുന്നേല്ക്കൂ ഓമനേ, എനിക്ക് ഏഴരയ്ക്ക് ഒരു സ്ഥലത്ത് എത്തേണ്ട ആവശ്യമുണ്ട്.'

ചിലപ്പോൾ അദ്ദേഹം തൻെറ കാറിൽത്തന്നെ എന്നെ വീട്ടിൽ കൊണ്ടു വന്നാക്കും. പക്ഷേ, തൻെറ അയൽക്കാർ എന്നെ കാണാതിരിക്കുവാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. ഇത് അർത്ഥശൂന്യമായ ഒരു പ്രവൃത്തിയായി ഞാൻ കണക്കാക്കി. യഥാർത്ഥത്തിൽ ഞാനായിരുന്നുവല്ലോ അദ്ദേഹത്തിൻെറ സ്ത്രീ. അനവധി ജന്മങ്ങൾ അദ്ദേഹത്തിനെ തേടി അലഞ്ഞ കാമുകി.





അദ്ദേഹത്തെ സമീപിച്ചപ്പോൾ ഞാൻ എന്നും അഭിമാനിയായിത്തീർന്നു, പതിവ്രതയായിത്തീർന്നു. ജന്മസാഫല്യം നേടിയവളായി.

ഒരിക്കൽ ആ കെട്ടിടത്തിൻെറ അടുത്തു മതിലും ചാരിക്കൊണ്ട് ഇരുന്നിരുന്ന ഒരു വൃദ്ധ എന്നോടു പറഞ്ഞു:

'മേംസാഹിബ്, നിങ്ങൾ അങ്ങോട്ടു പോവരുത്, അവിടെ പോവുന്നത് അപകടമാണ്.' രാജാവിന് നിർദ്ധനരുടെ ഇടയിൽ യാതൊരു സത്പേരുമുണ്ടായിരുന്നില്ല. പക്ഷേ, അദ്ദേഹത്തിൻെറ മുമ്പിൽ ചെന്നുനിന്ന് അദ്ദേഹത്തെ വിമർശിക്കുവാൻ ഒരാൾക്കും ധൈര്യം വന്നില്ല.

ആഴ്ചയിൽ ഒന്നോ രണ്ടോ തവണ ഒരു വധുവിൻെറ വേഷഭൂഷാദികളോടെ ഞാൻ അദ്ദേഹത്തെ കാണുവാൻ ചെന്നു. വിശ്രമമുറിയിലെ വാതിലടയുമ്പോൾ അദ്ദേഹം ദാഹിക്കുന്ന ചുണ്ടുകളോടെ എന്നെ തുരുതുരെ ചുംബിച്ചു. ആ മുറിയിൽ തൂക്കിയിരുന്ന അനേകം കണ്ണാടികളിൽ ഞങ്ങളുടെ ചുംബനം പ്രതിഫലിച്ചു.